2021-22 വർഷം കോവിഡ് പ്രതിസന്ധി രൂക്ഷമായ മാസങ്ങളിലൊഴികെയായി ജീവനക്കാരുടെ ഏഴ് പ്രതിമാസ യോഗങ്ങൾ വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട് .രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. 2020-21 വർഷത്തെ സ്ഥിരനിക്ഷേപരജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി പുതുക്കൽ പരിശോധിക്കാൻ ഓഡിറ്റിൽ പ്രയാസം നേരിടുന്നു. പ്രതിമാസവരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ഓഡിറ്റിന്റെ ഭാഗമായി 123 ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയതിൽ 46 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ഓഡിറ്റ് അന്വേഷണങ്ങൾക്ക് യഥാസമയം രേഖകളും മറുപടിയും ലഭ്യമാക്കിയിരുന്നുവെങ്കിൽ പല പരാമർശങ്ങളും തടസ്സങ്ങളും ഓഡിറ്റ് വേളയിൽ തന്നെ പരിശോധിച്ച് തീർപ്പാക്കാമായിരുന്നു. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ കൂടി ഉൾപ്പെടുന്ന പദ്ധതി നിർവ്വഹണ സംവിധാനത്തിന്റെ ഏകോപനം ഉറപ്പ് വരുത്തുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല.

ഘടകസ്ഥാപനമായ ഫാമുകളിൽ നിന്നും വരവുകൾ യഥാസമയം ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതും നിലവിൽ ആയതിനുള്ള പ്രായോഗികവിഷമതകൾ പരിഹരിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള പാലയാട് കോക്കനട്ട് നഴ്സറിയിൽ ജില്ലാ പഞ്ചായത്തിലേക്കും സർക്കാറിലേക്കും ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാകാത്തതിനാൽ കോടിക്കണക്കിന് രൂപ ഫാമിന്റെ അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുകയാണ്. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മുഴുവൻ ഫാമുകളിലും വരവ് സംബന്ധമായി ഡിമാന്റ് – കലക്ഷൻ- ബാലൻസ് വ്യക്തമാക്കുന്ന പത്രിക തയ്യാറാക്കി സൂക്ഷിക്കുവാനും, സ്ഥാപനത്തിന്റെ ഓരോവർഷത്തെയും വരവു ചെലവുപത്രിക സാമ്പത്തികവർഷാവസാനം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാനും നിർദേശം നൽകേണ്ടതാണ്.

ജില്ലാ മൃഗസംരക്ഷണ ആശുപത്രിക്ക് ലാബ്, എക്സ്- റേ ചാർജിനത്തിൽ രശീതി വഴി ലഭ്യമാകുന്ന തുകയിൽ നിന്നും ടെക്നീഷ്യൻമാരുടെ വേതനം കഴിച്ച സംഖ്യ മാത്രമാണ് ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നത്. നേരിട്ടുള്ള ധനവിനിയോഗം ശരിയായ നടപടിക്രമമല്ല. ജില്ലാ മൃഗസംരക്ഷണ ആശുപത്രിയുടെ ഭാഗമായി പ്രവർത്തനമാരംഭിച്ചതും ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വരേണ്ടതുമായ ന്യായവില മെഡിക്കൽ സ്റ്റോറിന്റെ വരുമാനം സ്റ്റോർ പ്രവർത്തനമാരംഭിച്ച് മൂന്ന് വർഷം പിന്നിട്ടിട്ടും ജില്ലാ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ബൈലോ പ്രകാരം വ്യവസ്ഥ ചെയ്ത സ്റ്റോറിന്റെ സമയബന്ധിതമായ മേൽനോട്ട പരിശോധനയും നടക്കുന്നില്ല.ഇക്കാര്യങ്ങൾ പരിശോധിച്ച് സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 22.09.2021 മുതൽ 23.10.2021 വരെ | 2019-20 & 2020-21 | 18.03.2022 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2021 മുതൽ 12.03.2021 വരെ | 01.04.2018 മുതൽ 31.01.2021 വരെ | 13.08.2021 |

## 1-9 ജില്ലാ വെറ്റിനറി കേന്ദ്രം- ന്യായവില വെറ്റിനറി മെഡിക്കൽസ്റ്റോർ- നടത്തിപ്പിലെ അപാകങ്ങൾ -

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 28-02-2019 ലെ 14/2019(8) നമ്പർ ഭരണസമിതി തീരുമാനപ്രകാരം ബൈലോ അംഗീകരിച്ച് കൊണ്ട് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ജില്ലാ മൃഗാശുപത്രി കോമ്പൗണ്ടിൽ പ്രവർത്തനമാരഭിച്ച മൃഗസംരക്ഷണ മേഖലയിലെ മരുന്ന് വിൽപന കേന്ദ്രമാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത് ന്യായവില വെറ്റിനറി മെഡിക്കൽ സ്റ്റോർ. 1-4-2019 മുതലുള്ള മെഡിക്കൽ ഷോപ്പിന്റെ വരവാണ് പരിശോധനക്കായി ഹാജരാക്കിയത് (രശീതി നമ്പർ 1027തീയതി 01-4-2019 മുതലുള്ള രശീതികൾ) 1 മുതൽ 1026 വരെയുള്ള രശീതികൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത രശീതികൾ പ്രകാരമുള്ള വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിച്ചുറപ്പ് വരുത്താനായിട്ടില്ല. മെഡിക്കൽ ഷോപ്പിന്റെ വരുമാനം ന്യായവില മെഡിക്കൽ സ്റ്റോറിന്റെ പേരിൽ, അതിനായി രൂപീകരിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയുടെ ചെയർമാൻ(ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്),കൺവീനർ(ചീഫ് വെറ്റിനറി ഓഫീസർ)എന്നിവരുടെ പേരിൽ കാനറ ബാങ്ക് കണ്ണൂർ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിലെ 4263201000185 എന്ന സംയുക്ത അക്കൗണ്ടിലാണ് തുക നിക്ഷേപിക്കുന്നത്. അക്കൗണ്ടിലെ വരവ് ചെലവ് പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1)മരുന്ന് വാങ്ങിക്കലും മറ്റ് അനുബന്ധച്ചെലവുകളും ഉൾപ്പെടെ മെഡിക്കൽ സ്റ്റോറിന്റെ ചെലവുകൾ പരിശോധിക്കുന്നതിന്, തുക പിൻവലിച്ചതിന്റെയും ചെലവഴിച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) സാമ്പത്തികവർഷം അവസാനിച്ച് 30 ദിവസത്തിനകം വരവ് ചെലവ് കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത് ജില്ലാ പഞ്ചായത്തിന് സമർപ്പിക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം അറ്റാദായം ജില്ലാ പഞ്ചായത്തിൽ അടവാക്കേണ്ടതുമാണെന്ന് ബൈലോയിൽ വ്യക്തമാക്കുന്നുണ്ട്. (ഖ21,22)ആയതിന് പുറമെ 27-8-20, 13-7-21 തീയതികളിലെ മാനേജ്മെന്റ് കമ്മിറ്റി യോഗത്തിലും അറ്റാദായം മൂന്ന് മാസത്തിൽ ഒരിക്കൽ ജില്ലാ പഞ്ചായത്തിൽ അടക്കാൻ തീരുമാനിച്ചിട്ടുമുണ്ട്. എന്നാൽ മെഡിക്കൽ സ്റ്റോർ രൂപീകരിച്ചത് മുതൽ ഇതുവരെയും സ്റ്റോറിന്റെ വരുമാനത്തിൽ നിന്നും തുകയൊന്നുംതന്നെ ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

3) പാപ്പിനിശ്ശേരി എബിസി കേന്ദ്രം കരാർ ജീവനക്കാരുടെ ശമ്പളം നൽകാനായി 18-9-20ന് സംയുക്ത അക്കൗണ്ടിൽ നിന്നും ചെക്ക് നമ്പർ 2900834513566 പ്രകാരം ₹4,16,566 യും ചെക്ക് നമ്പർ 290083452157/ 13-11-2020പ്രകാരം ₹4,16,284 യും പാപ്പിനിശ്ശേരി എ.ബി.സി. കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.എന്നാൽ മേൽ തുകകൾ നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. ₹8,32,850 ക്രമീകരിച്ച്, വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

4)വെറ്റിനറി മെഡിക്കൽ സ്റ്റോറിന്റെ നിയന്ത്രണത്തിനും നടത്തിപ്പിനുമായി രൂപീകരിച്ച മാനേജ്മെന്റ് കമ്മിറ്റി മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്നും രണ്ട് യോഗങ്ങൾക്കിടയിലെ ഇടവേള പരമാവധി 45 ദിവസമായിരിക്കണമെന്നും ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും രൂപീകരിച്ചതു മുതൽ നാളിതുവരെയായി 5 പ്രാവശ്യം മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. (13-12-19, 27-8-20, 14-9-20, 11-11-20, 13-7-21 എന്നീ തീയതികളിൽ.)

5)ബൈലോ വ്യവസ്ഥ (8) പ്രകാരം അതത് ദിവസത്തെ വിറ്റ് വരവ് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറർ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യാതെ 2-3 ദിവസം കൂടുമ്പോഴാണ് തുക ബാങ്കിൽ നിക്ഷേപിക്കുന്നത് .

6)സ്റ്റോറിന്റെ അക്കൗണ്ട് ഇടപാടുകളും രജിസ്റ്ററുകളും വർഷത്തിൽ രണ്ട് തവണയെങ്കിലും ജില്ലാ പഞ്ചായത്ത് മേൽനോട്ടപരിശോധന നടത്തണമെന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും (ഖ-19) ആയത് നടപ്പിലാക്കിയിട്ടില്ല.

7)ടെക്നിക്കൽ കമ്മിറ്റി മരുന്നുകളുടെ അർദ്ധവാർഷിക സ്റ്റോക്ക് പരിശോധന നടത്തണമെന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും (ഖ-20), അപ്രകാരമുള്ള പരിശോധനാറിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-10 കെട്ടിട വാടകയിനത്തിൽ ഭീമമായ കുടിശ്ശിക

കണ്ണൂർ ജില്ലാ പഞ്ചായത്ത് 31-03-2021 വരെ വാടകയ്ക്ക് /ലീസിന് നൽകിയ കെട്ടിടങ്ങളുടെ വാടകയിനത്തിൽ ₹27,46,958 പിരിഞ്ഞുകിട്ടാനുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കേണ്ട മാസവാടക നിരക്ക് (₹) | ആകെ കുടിശ്ശിക (₹) | കുടിശ്ശികയുടെ വിവരം |
|---|---|---|---|---|
| 1 | എസ് ബി ഐ, കണ്ണൂർ | (A)₹ 1,46,723 + GST<br>(1-04-2015 മുതൽക്കുള്ള നിരക്ക്)<br>(B),₹ 1,83,404 + GST<br>(1-04-2020 മുതലുള്ള നിരക്ക്) | ₹ 16,50,634 | ഒക്ടോബർ 2015 മുതൽ ജൂലൈ 2016 വരെയുള്ള തുക ₹14,67,230<br>മാർച്ച് 2021 ലെ തുക ₹ 1,83,404/- |
| 2 | കഫേശ്രീ | A)₹35,505 + GST<br>(1-06-2015 മുതലുള്ള നിരക്ക്)<br>(B),₹ 44,381 + GST<br>(1-07-2020 മുതലുള്ള നിരക്ക് | ₹5,05,944 | മെയ് 2019 മുതൽ ജൂലൈ2019 വരെയുള്ള തുക (@35,505 X3=₹1,06,515) ജൂലൈ2020മുതൽ മാർച്ച് 2021 വരെയുള്ള തുക (@44,381x9=₹3,99,429) |
| 3 | അക്വാഗ്രീൻ (എടക്കാട് ,കണ്ണൂർ സിറ്റി മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം | ₹27,220+ GST<br>(1-04-2020 മുതലുള്ള നിരക്ക്) | ₹1,90,540 | സെപ്റ്റംബർ 2020 മുതൽ മാർച്ച് 2021വരെയുള്ള തുക (27,220x7=₹1,90,540) |
| | ചട്ടുകപ്പാറ വനിതാ വ്യവസായ എസ്റ്റേറ്റിലെ കെട്ടിട മുറികൾ | | | |
| 4 | കെട്ടിട നം. MP X11-37,H ,C | 11,760 + GST | ₹35,280 | ജനവരി 2021 മുതൽ മാർച്ച് 2021 വരെയുള്ള തുക ( ₹11,760x3=₹35,280) |
| 5 | കെട്ടിട നം. MP X11-38 ,A ,I | 11,760 + GST | ₹35,280 | - ടി- |
| 6 | കെട്ടിട നം. MP X11-37 B (നം.6) | 5,880+ GST | ₹70,560 | 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുക |

| | | | | |
|---|---|---|---|---|
| | | | | ₹11,760 (5,880x2), 2020 ജൂൺ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ തുക ₹58,800 (5,880x10) |
| 7 | കെട്ടിട നം. MP X11-37,E ,F | 11,760+ GST | ₹11,760 | 2021 മാർച്ച് മാസം |
| 8 | കെട്ടിട നം. MP X11-38 ,നം.1,4 | 11,760+ GST | ₹1,99,920 | 2020 സെപ്റ്റംബർ മുതൽ മാർച്ച് 2020 വരെ ₹82,320 (11,760 X 7)<br>2020 ജൂൺ മുതൽ മാർച്ച് 2021 വരെ ₹1,17,600 (11,760x10) |
| 9 | കെട്ടിട നം. MP X11- 13 | 5,880+ GST | 47,040 | 2020 ഓഗസ്റ്റ് മുതൽ മാർച്ച് 2021 വരെ ₹47,040 (5880x8) |
| ആകെ | | | ₹27,46,958 | |

വാടകയിനത്തിലെ കുടിശ്ശിക പിഴപ്പലിശ സഹിതം പിരിച്ചെടുക്കാനുള്ള സത്വര നടപടികൾ കൈകൊള്ളുന്നതിനായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. കൂടാതെ ജി എസ് ടി ഇനത്തിലുള്ള തുകയും ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-11 ആട് വളർത്തൽ മിനിഫാം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹4,50,000/-തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണവകുപ്പ് |
| പ്രോജക്ട് നമ്പർ, പേര് | 720/21 -ആട് വളർത്തൽ മിനി ഫാം |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) ₹22,50,000<br>മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനം ₹22,50,000<br>ഗുണഭോക്തൃവിഹിതം ₹45,00,000 |
| ചെലവ് | ₹9,37,500 |
| ബിൽ നമ്പർ , തീയതി | 1657-22/3/21 ₹12500<br>1654- 22/3/21 ₹37,500<br>1655 -22/3/21 ₹50,000<br>1656-22/3/21 ₹50,000<br>1835-26/3/21 ₹25,000<br>1837-26/3/21 ₹75,000 |

| | |
|---|---|
| | 1833-26/3/21 ₹12,500<br>1831-26/3/21 ₹1,12,500<br>1832-26/3/21 ₹50,000<br>1829-26/3/21 ₹1,00,000<br>1830-26/3/21 ₹1,50,000<br>1834- 26/3/21 ₹25,000<br>1836-26/3/21 ₹25,000<br>2051 -29/3/21 ₹25,000<br>2052-29/3/21 ₹12,500<br>2053-29/3/21 ₹25,000<br>2055-29/3/21 ₹50,000<br>2054 -29/3/21 ₹37500<br>2056-29/3/21 ₹25,000<br>2057-29/3/21 ₹37,500 |

6 വീതം ആടുകളെ വളർത്തുന്ന 250 മിനി ആടുഫാമുകൾ ആരംഭിക്കാൻ ഒരു യൂണിറ്റിന് ₹50,000 നിരക്കിൽ 50% ഗുണഭോക്തൃവിഹിതം, 25% ജില്ലാപഞ്ചായത്ത് വിഹിതം, 25% ഗ്രാമപഞ്ചായത്ത് വിഹിതം എന്നിങ്ങനെ ആണ് ഈ പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നത്.ഇത് പ്രകാരം ജില്ലയിലെ 16 ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയുന്ന നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്.

കുറുമാത്തൂർ ₹1,00,000/-

ചെങ്ങളായി ₹62,500/-

കൊളച്ചേരി ₹1,50,000/-

പടിയൂർകല്ല്യാട് ₹50,000/-

കീഴല്ലൂർ ₹50,000/-

നടുവിൽ ₹1,25,000/-

ധർമ്മടം ₹25,000/-

കൂടാളി ₹50,000/-

ചെറുകുന്ന് ₹25,000/-

രാമന്തളി ₹25,000/-

കണ്ണപുരം ₹75,000/-

മൊകേരി ₹25,000/-

കടമ്പൂർ ₹25,000/-

തൃപ്പങ്ങോട്ടൂർ ₹37,500/-

കേളകം ₹50,000/-

കതിരൂർ ₹62,500/-

ഇപ്രകാരം തുക അനുവദിച്ചതിൽ കുറുമാത്തൂർ, ചെങ്ങളായി, പടിയൂർകല്ല്യാട്, കീഴല്ലൂർ, ധർമ്മടം, ചെറുകുന്ന്, രാമന്തളി, കണ്ണപുരം, മൊകേരി, കേളകം എന്നീ ഗ്രാമപഞ്ചായത്തുകൾ മാത്രമേ വിനിയോഗസാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളൂ.

1) ബാക്കിയുള്ള ആറ് ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) തുക അനുവദിച്ച 75 ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ ,യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(57/24-3-22)ത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി

ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കാത്ത ആറ് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച സംഖ്യ ₹4,50,000 (കതിരൂർ-₹62,500/+ തൃപ്പങ്ങോട്ടൂർ-₹37,500/+ കടമ്പൂർ-₹25,000/+കുടാളി-₹50,000/+നടുവിൽ-₹1,25,000+കൊളച്ചേരി-₹1,50,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണപരിപാടി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -₹13,40,598 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണവകുപ്പ് |
| പ്രോജക്ട് നമ്പർ, പേര് | 449/21 -തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം ) ₹20,00,000 |
| ചെലവ് | ₹13,40,598 |
| ബിൽനമ്പർ/തീയതി, തുക | 1/27-1-21 -₹1,83,100<br>2/27-1-21 ₹1,83,100<br>3/31-3-21 ₹39,500<br>4/31-3-21 ₹12,566<br>5/31-3-21 ₹2,04,700<br>6/31-3-21 ₹1,99,300<br>7/31-3-21 ₹2,06,500<br>8/31-3-21 ₹1,90,300<br>9/31-3-21 ₹25,911<br>10/31-3-21 ₹19,484<br>11/31-3-21 ₹10,127<br>12/31-3-21 ₹66,010 |

പാപ്പിനിശ്ശേരി എ.ബി.സി. കേന്ദ്രത്തിൽ വെച്ച് കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി എ.ബി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് പിടിക്കുന്ന തെരുവ് നായ്ക്കളുടെ വന്ധ്യംകരണം നടത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കരാർ അടിസ്ഥാനത്തിൽ നിയമിച്ച വെറ്റിനറി ഡോക്ടർ, ഡോഗ്ക്യാച്ചർമാർ ,സാനിറ്ററി വർക്കർ എന്നിവരുടെ വേതനവും മരുന്ന്, മറ്റ് ചെലവുകൾ, വാഹനവാടക എന്നിവയുമാണ് പദ്ധതിയിലെ ചെലവുകൾ.

ജൂലായ് മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ ചെലവിനത്തിലാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഓരോ മാസവും എ .ബി .സി .പദ്ധതി പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയതിന്റെ മാസം തിരിച്ചുള്ള പ്രോഗ്രസ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

2) കരാർ അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുടെ ഹാജർപത്രിക സമർപ്പിച്ചിട്ടില്ല.

3) അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം വാഹനത്തിന് 50 കിലോമീറ്റർ വരെ ₹1,800 യും തുടർന്നുള്ള ഓരോ കിലോമീറ്ററിനും ₹35 എന്നുമാണ് നിശ്ചയിച്ചിരുന്നത്. ഡ്രൈവർക്ക് വേതനം നൽകിയത് സംബന്ധിച്ച്, ഏതൊക്കെ ദിവസങ്ങളിൽ യാത്ര ചെയ്തു എന്നും എത്ര കിലോമീറ്റർ യാത്ര ചെയ്തു എന്നും തെളിയിക്കുന്ന ട്രിപ്പ് ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) പതിമൂന്നാംപദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11 ൽ നായ്ക്കളുടെ തീറ്റ,ട്രാൻസ്പോർട്ടേഷൻ ചാർജ് മുതലായവയ്ക്ക് നായ ഒന്നിന് ₹200, ശസ്ത്രക്രിയക്കാവശ്യമായ മരുന്ന് ,മറ്റ് സാധനങ്ങൾ എന്നിവയ്ക്ക് നായ ഒന്നിന് ₹600 വെച്ചും മാത്രമേ ചെലവഴിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ എ ബി സി കേന്ദ്രത്തിൽ ശസ്ത്രക്രിയക്കായി ഓരോ മാസവും കൊണ്ടുവന്ന നായ്ക്കളുടെ റിപ്പോർട്ട് ഇല്ലാതെ തുക ചെലവഴിക്കുന്നതിന് പാലിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമല്ല.

5) പദ്ധതിക്കായി ₹66,010 യുടെ മരുന്നുകൾ ഇംഗ്ലീഷ് ഫാർമയിൽ നിന്ന് വാങ്ങിയിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (56/24-3-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹13,40,598 തടസ്സപ്പെടുത്തുന്നു.

## 1-13 സ്കൂൾ പൗൾട്രി ക്ലബ് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -₹ 1,45,600 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ് |
| പ്രോജക്ട് നമ്പർ, പേര് | 622/21 -സ്കൂൾ പൗൾട്രി ക്ലബ് -(സ്പിൽ ഓവർ) |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) ₹8,57,500+<br>ഗ്രാമപഞ്ചായത്ത് വിഹിതം- ₹ 10,07,500 = ₹ 18,65,000 |
| ചെലവ് | ₹ 1,45,600 |
| ബിൽ നമ്പർ , തീയതി | 2019-20ലെ ചെലവ്<br>919/28-1-2020 ₹48,750<br>920/28-1-2020 ₹ 20,000<br>927/29-1-2020 ₹32,500<br>949/ 1-2-2020 ₹32,500<br>973/4-2-2020 ₹ 16,250 |
| | 2020-21 ലെ ചെലവ്<br>482/9-6-2020 ₹ 80,600<br>484/9-6-2020 ₹65,000 |

ജില്ലാതല വിദഗ്ദ സമിതി അംഗീകരിച്ച നൂതന പ്രോജക്ടായാണ് ഈ പദ്ധതി നടപ്പാക്കിയത് . ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും കൂടി സംയുക്തമായി നിർവ്വഹണം നടത്തുന്ന ഈ പദ്ധതിയിലൂടെ ജില്ലയിലെ 25സ്കൂളുകളിലെ പൗൾട്രി ക്ലബ് അംഗങ്ങളായ 5000 വിദ്യാർത്ഥികൾക്ക് രണ്ട് മാസം പ്രായമായ 5 വീതം മുട്ടക്കോഴിക്കുഞ്ഞുങ്ങൾ, ₹100 വില വരുന്ന തീറ്റ എന്നിവ നൽകി മുട്ടയുൽപാദനം വർദ്ധിപ്പിക്കൽ, വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണം എന്നിവയാണ് ലക്ഷ്യമിട്ടിരുന്നത്. 2019-20 വർഷത്തെ തുടർപദ്ധതിയായിട്ടാണ് നടപ്പാക്കിയത്.പദ്ധതിക്കായി 20-21 വർഷം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ₹8,57,500 ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ₹10,07,500 വും കൂടി ₹18,65,000 അടങ്കൽ തുകയായി വകയിരുത്തി.

കല്ല്യാശ്ശേരി, എരമംകുറ്റൂർ,വേങ്ങാട്, എരഞ്ഞോളി, ആലക്കോട്, കുഞ്ഞിമംഗലം, ഇരിക്കൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 2019-20,2020-21 വർഷങ്ങളിലായി യഥാക്രമം ₹48,750, ₹20,000, ₹32,500, ₹32,500, ₹65,000, ₹80,600,₹16,250 യാണ് (ആകെ₹2,95,600/-രൂപ)നൽകിയത്. ഇതിൽ കുഞ്ഞിമംഗലം, ആലക്കോട് ഗ്രാമപഞ്ചായത്തുകളുടെ വിഹിതമിനത്തിൽ ₹1,45,600 രൂപ നൽകിയത് 2020-21 വർഷമാണ് . പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1) പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രത്തിൽ കല്ല്യാശ്ശേരിഗ്രാമപഞ്ചായത്ത്,ഇരിക്കൂർ ഗ്രാമപഞ്ചായത്ത് എന്നിവ മാത്രമേ ഏതൊക്കെ സ്കൂളുകളിലെ പൗൾട്രി ക്ലബ് അംഗങ്ങൾക്കാണ് കോഴിയും തീറ്റയും നൽകിയത് എന്ന് വ്യക്തമാക്കിയിട്ടുള്ളൂ. വിഹിതം നൽകിയത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം എല്ലാ ഗ്രാമ പഞ്ചായത്തുകളും ഹാജരാക്കിയിട്ടുണ്ടെങ്കിലും,ആയത് ഏതൊക്കെ സ്കൂളിലെ പൗൾട്രി ക്ലബ് അംഗങ്ങൾക്കാണ് നൽകിയത് എന്ന് വ്യക്തമാക്കിയിട്ടില്ല.

2) പൗൾട്രി ക്ലബ് അംഗങ്ങൾക്ക് കോഴിക്കുഞ്ഞുങ്ങൾ, തീറ്റ എന്നിവ വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ₹110 വിലയുള്ള 5 കോഴിക്കുഞ്ഞുങ്ങളും, ₹100 വിലയുള്ള കോഴിത്തീറ്റയുമാണ് സബ്സിഡി ഇനത്തിൽ നൽകിയിട്ടുള്ളത്. ഇത് പ്രകാരം കല്ല്യാശ്ശേരി-150, കുഞ്ഞിമംഗലം-248, ഇരിക്കൂർ-50, ആലക്കോട്-200,

എരഞ്ഞോളി,വേങ്ങാട് എന്നീ ഗ്രാമ പഞ്ചായത്തുകൾ 100 വീതം കുട്ടികൾക്കുമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.എരമംകുറ്റൂർ ഗ്രാമപഞ്ചായത്തിന് ₹20,000 നൽകിയത് എത്ര കോഴിക്കുഞ്ഞ് വിതരണത്തിന് വേണ്ടിയാണെന്ന് വ്യക്തമല്ല.

3)നൂതനപ്രോജക്റ്റിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ, പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരമുള്ള മോണിറ്ററിംഗ് സമിതിയുടെ (മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനം,സ്കൂൾ-പിടിഎ എന്നിവരുടെ പ്രതിനിധികൾ) റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) ജില്ലയിലെ 5000 കുട്ടികൾക്ക് മുട്ടക്കോഴി വിതരണത്തിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയിൽ കേവലം ആയിരത്തിൽ താഴെ പേർക്ക് മാത്രമേ വിതരണം ചെയ്തു കാണുന്നുള്ളൂ. പദ്ധതി പൂർണ്ണമായും ലക്ഷ്യപ്രാപ്തി നേടാത്തത് ആസൂത്രണത്തിന്റെ പോരായ്മയായി കാണുന്നു. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (75/31-3-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ 2020-21 വർഷത്തെ ചെലവ് തുക ₹ 1,45,600തടസ്സപ്പെടുത്തുന്നു.

## 1-14 കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ<br>ജില്ലാ മൃഗസംരക്ഷണവകുപ്പ് |
| പ്രോജക്റ്റ് നമ്പർ, പേര് | 718/21 -കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം )₹3125000<br>മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനം ₹3125000<br>ഗുണഭോക്തൃ വിഹിതം ₹625000 |
| ചെലവ് | ₹8,31,250 |
| ബിൽ നമ്പർ , തീയതി | 1825 /26/3/21 ₹93,750<br>1824 / 26/3/21 ₹37,500<br>1826 / 26/3/21 ₹1,50,000<br>1827 / 26/3/21 ₹3,12,500<br>1828 / 26/3/21 ₹ 1,25,000<br>2058 / 29/3/21 ₹50,000<br>2059 / 29/3/21 ₹62,500 |

ജില്ലയിലെ നാല് മുതൽ ആറ് മാസം വരെ പ്രായമുള്ള 500 കന്നുകുട്ടികളെ ശാസ്ത്രീയമായി തീറ്റ കൊടുത്ത് വളർത്തി മെച്ചപ്പെട്ട കറവപ്പശുക്കളാക്കിയെടുക്കലാണ് പ്രോജക്റ്റ് ലക്ഷ്യം. കന്നുകുട്ടികളെ തെരഞ്ഞെടുത്ത് രജിസ്റ്റർ ചെയ്തു രണ്ടര വയസ്സുവരെയോ, ആദ്യപ്രസവം വരെയോ, ഏതാണോ ആദ്യം അതുവരെ വളർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്നതിൽ വിഭാവനം ചെയ്തിട്ടുള്ളത് . ആകെ തീറ്റ ചെലവ് ഒരു കന്നുകുട്ടിക്ക് ₹25000 മുള്ളതിൽ ജില്ലാ പഞ്ചായത്ത് വിഹിതം ₹6250 വും ഗ്രാമ പഞ്ചായത്ത് വിഹിതം ₹6250 വും ഗുണഭോക്തൃ വിഹിതം ₹12500 യുമാണ് വകയിരുത്തിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ച അലോട്ട്മെന്റ് പ്രകാരം താഴെ പറയുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്

അഴിക്കോട് -₹93750

മലപ്പട്ടം - ₹187500

മുണ്ടേരി- ₹312500

കല്ല്യാശ്ശേരി - ₹125000

കടമ്പൂർ - ₹50000

എരഞ്ഞോളി - ₹62500

ഇപ്രകാരം തുക നൽകിയതിൽ അഴിക്കോട്, എരഞ്ഞോളി, മുണ്ടേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലായി ആകെ 75 കന്നുകുട്ടികളെ പരിപാലനത്തിനായി ഉപയോഗപ്പെടുത്തി എന്ന് കാണിക്കുന്ന വിനയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടുണ്ട്. മലപ്പട്ടം, കടമ്പൂർ, കല്ല്യാശ്ശേരി എന്നീ പഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ജില്ലയിലെ 500 കന്നുകുട്ടികളുടെ പരിപാലനത്തിനായി രൂപീകരിച്ച പദ്ധതി കേവലം 133 കന്നുകുട്ടികളുടെ പരിപാലനത്തിനായി ആറ് ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം വിഹിതം നൽകും രീതിയിൽ പരിമിതപ്പെടാനിടയായതിന് കാരണം വ്യക്തമാക്കേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(58/24-3-22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ആധുനിക അറവുശാല നിർമ്മാണം പ്രാരംഭച്ചെലവുകൾ -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ -₹1,99,425 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 1012/21 |
| പ്രോജക്ടിന്റെ പേര് | കിഫ്ബി പദ്ധതി പ്രകാരം ചട്ടുകപ്പാറയിൽ നിർമ്മിക്കുന്ന<br>ആധുനിക അറവുശാലനിർമ്മാണം പ്രാരംഭച്ചെലവുകൾ |
| അടങ്കൽ | തനത്ഫണ്ട് ₹15,56,816 |
| ചെലവ് | ₹1,99,425 |
| വൗച്ചർനമ്പർ, തീയതി | 22000807 / 23-11-2020 ₹190<br>22001190 /5-3-2021 ₹ 199235 |

'ചട്ടുകപ്പാറയിൽ നിർമ്മിക്കുന്ന ആധുനിക അറവുശാലനിർമ്മാണം പ്രാരംഭച്ചെലവുകൾ' എന്ന പദ്ധതി പ്രകാരം അറവുശാലയുടെ ഡ്രോയിങ്ങ് & പ്രിന്റിംഗ് ചാർജിനത്തിൽ ₹1,85,075 യും പ്രിന്റിങ്ങ്ചാർജ്, സബ്മിഷൻ ഓഫ് ഡ്രോയിങ്ങ് ഫോർ ടൗൺ പ്ലാനിംഗ് , പൊല്യൂഷൻ കൺട്രോൾ ബോർഡ് , ഫയർ &റസ്ക്യൂഡിപ്പാർട്ട്മെന്റ് ഇനത്തിൽ ₹14,160 യും ഫയർ &റസ്ക്യൂ ഡിപ്പാർട്ട്മെന്റിന് അധികമായി അടക്കാനുള്ള ₹190 യും ചേർത്ത് ആകെ ₹1,99,425/- 2020-21 വർഷം ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ അടവാക്കിയ ₹4,20,023 യും ഫയർഎൻ.ഒ.സിക്കായി അടവാക്കിയ ₹23,160രൂപയുമടക്കം2017-18 മുതൽ 2019-20 വരെയായി ₹7,56,183 ചെലവഴിച്ചിട്ടുണ്ട് . ഇപ്രകാരം ആകെ ₹9,55,608 രൂപ 31-3-2021 വരെയായി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട് .പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പൊല്യൂഷൻകൺട്രോൾബോർഡ്,ഫയർ&റസ്ക്യൂ ഡിപ്പാർട്ട്മെന്റ് എന്നിവയുടെ അനുമതിക്കായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും അത് കൈപ്പറ്റിയതിന്റെ രേഖകളും അനുമതിപത്രങ്ങൾ ലഭ്യമായതിന്റെ വിവരങ്ങളും ലഭ്യമല്ല.

2) ഡ്രോയിങ്ങ് & പ്രിന്റിംഗ് ചാർജിനത്തിൽ നൽകിയ 1,85,075രൂപ ഗവൺമെന്റ് അംഗീകൃത നിരക്കിനനുസൃതമാണെന്ന് ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമാക്കിയിട്ടില്ല.രജിസ്റ്റേർഡ് ഇഞ്ചിനീയേഴ്സ്&സൂപ്പർവൈസേഴ്സ്ഫെഡറേഷൻ (RENSFED)എന്ന സംഘടനയുടെ റേറ്റ്ചാർട്ട് പ്രകാരമുള്ള തുക അതേപടി അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.അറവ് ശാലയുടെ തയ്യാറാക്കിയ പ്ലാൻ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) പ്രസ്തുത തുക സൻമ കെ.പി, രജിസ്റ്റേഡ് സിവിൽ എഞ്ചിനീയർക്കാണ് നൽകുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക കൺസൽട്ടന്റായ ഡോക്ടർ പി.വി. മോഹനന്റെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തത്.

4)ജില്ലാപഞ്ചായത്തിൽ യോഗ്യതയുള്ള എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്താമെന്നിരിക്കെ ഒരു പ്രൈവറ്റ്

ഏജൻസിക്ക് പ്ലാൻ തയ്യാറാക്കുന്നതിന് പ്രതിഫലം നൽകിയതിൻെറ മാനദണ്ഡം/സാധൂകരിക്കുന്ന ഗവ.ഉത്തരവ്/ സർക്കുലർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5)വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 30.10.20 ലെ 31/20(16) നമ്പർ തീരുമാനപ്രകാരം തുക അനുവദിക്കാനാവില്ലെന്ന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

6) തനത്ഫണ്ടിലെ ചെലവുതുക കിഫ്ബിയിൽ നിന്നും പിന്നീട് ലഭ്യമാകുമെന്ന് ഫയലിൽ നോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. തുക ലഭ്യമായ വിവരം ലഭ്യമാക്കിയിട്ടില്ല.

7)കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 173പട്ടിക V പ്രകാരം അറവുശാലകളുടെ നിർമ്മാണവും നടത്തിപ്പും ജില്ലാപഞ്ചായത്തിൻെറ ചുമതലയിൽ പെട്ടതല്ല.

ഇക്കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(98/20-5-22/2020-21)ക്ക് ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിനനുസൃതമായാണ് തുക കൺസൾട്ടന്റിന് അനുവദിച്ചതെന്നും കിഫ്ബി മാനദണ്ഡപ്രകാരമാണ് കൺസൾട്ടന്റിനെ നിയമിച്ചതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ,അറവുശാലയുടെ ഡ്രോയിങ്ങ് & പ്രിന്റിംഗ് ചാർജിനത്തിലെ ₹1,85,075 യും പ്രിന്റിങ്ങ്ചാർജ്, സബ്മിഷൻ ഓഫ് ഡ്രോയിങ്ങ് ഫോർ ടൗൺ പ്ലാനിംഗ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്,ഫയർ&റസ്ക്യൂഡിപ്പാർട്ട്മെന്റ് ഇനത്തിലെ ₹14,160 യും ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് കൈമാറിയ വിവരം ലഭ്യമാക്കാഞ്ഞതിനാൽ പ്രസ്തുത ചെലവിൻെറ കൃത്യത ഓഡിറ്റിൽ പരിശോധിച്ചുറപ്പുവരുത്തുവാനായിട്ടില്ല. പദ്ധതിക്കായി നാളിതുവരെ ₹9,55,608 ചെലവാക്കിയിട്ടുണ്ടെങ്കിലും ഇനിയും അറവുശാല നിർമ്മാണപ്രവൃത്തി തുടങ്ങിയിട്ടില്ല. എൻക്വയറിയിൽ പരാമർശിച്ച മറ്റ് അപാകങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ 20-21 വർഷത്തെ ചെലവ് ₹1,99,425 തടസ്സപ്പെടുത്തുന്നു.

## 1-16 'അഴുക്കിൽ നിന്ന് അഴകിലേക്ക്' പദ്ധതി -6 ലക്ഷത്തോളം രൂപ ചെലവഴിച്ചു;തുടർപ്രവർത്തനമില്ല.

| | |
|---|---|
| പ്രോജക്ട് നം. | : 634/21 |
| നിർവഹണം | : ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ |
| അടങ്കൽ | : ₹7,65,087 (വികസന ഫണ്ട്) |
| ചെലവ് | : ₹1,05,394 |
| ബിൽ നമ്പർ | : 1/28.7.2020(₹26,631/-)<br>2/18.01.2021 (₹20850/-)<br>3/18.01.2021 (₹57913/-) |

ജില്ലാ പഞ്ചായത്ത്, ജില്ലാ മണ്ണുസംരക്ഷണ ഓഫീസറെ നിർവഹണ ഉദ്യോഗസ്ഥനാക്കി കണ്ണൂർ ജില്ലയിലെ പുഴ സംരക്ഷണത്തിനായി ആവിഷ്കരിച്ച പ്രോജക്ടാണ് 'അഴുക്കിൽ നിന്ന് അഴകിലേക്ക്'.

വിവിധ ഗ്രാമപഞ്ചായത്തുകളിലൂടെ ഒഴുകുന്ന 9 നദീതടങ്ങളുടെ നീർവാർച്ചാപ്രദേശങ്ങളെ മാലിന്യമുക്തമാക്കാൻ ജനപങ്കാളിത്തത്തോടെയുള്ള പുഴ സംരക്ഷണവും ആയതിന് വിവിധ തലത്തിലുള്ള ബോധവല്ക്കരണവുമാണ് പ്രോജക്ട് ലക്ഷ്യം. 2017-18 ൽ ₹2,33,986 യും 2019-20 ൽ ₹2,34,913 യും 2020-21 ൽ ₹1,05,394 യുമുൾപ്പെടെ ₹5,74,293 ഇക്കാലയളവിൽ ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2017-18 ൽ ബോധവല്ക്കരണമുൾപ്പെടെ പ്രാരംഭ ചെലവുകളും 2019-20 ൽ കണ്ടൽ ചെടി വാങ്ങിയ ഇനത്തിലുള്ള ചെലവുമായിരുന്നു നിർവഹിക്കപ്പെട്ടത്. 2020-21 ൽ അഞ്ചരക്കണ്ടിപ്പുഴ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ₹78,763 യും പരിശീലനയിനത്തിൽ ₹26,631 യുമാണ് ചെലവഴിച്ചത്.

അനിയന്ത്രിത മലിനീകരണത്താൽ പുഴകൾതന്നെ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജലസ്രോതസുകളെ മാലിന്യമുക്തമാക്കി പ്രകൃതിയോട് ചേർത്തുനിർത്തുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച സർക്കാർ മാർഗനിർദ്ദേശ പ്രകാരം(സ.ഉ. (എം എസ്)22/18 – തസ്വഭവ. തീയതി 14.02.2018, ഖണ്ഡിക 6-5-5) മണ്ണ്/ജല സംരക്ഷണത്തിനായി 'സുജലം' പദ്ധതിയിൽപ്പെടുത്തി നദി, ജലാശയങ്ങൾ തുടങ്ങിയവ ശുചീകരിക്കാവുന്നതാണ്. എന്നാൽ ആയത് ജില്ലാ പഞ്ചായത്തിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതിയായി നടപ്പാക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയത് സംയുക്ത പദ്ധതിയായിട്ടല്ല. ചെലവുകൾ മുഴുവൻ ജില്ലാ പഞ്ചായത്താണ് വഹിച്ചിട്ടുള്ളത്.

2) ₹2,19,557 ചെലവഴിച്ച് (പ്രോജക്ട് നം. 630/20, 2019-20) വാങ്ങിയ കണ്ടൽച്ചെടികൾ പുഴ സംരക്ഷണത്തിനായി

നട്ടുവളർത്തിയതായി വ്യക്തമാക്കുന്ന രേഖകളോ ഏതേതു പുഴയോരങ്ങളിലാണ് നട്ടതെന്നോ ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമല്ല.

3) പദ്ധതി നിർവഹണം സംബന്ധിച്ച മാർഗരേഖയിൽ രാമച്ചം ഉൾപ്പെടെയുള്ള ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയത് പാലിച്ചുകാണുന്നില്ല.

4) 2020-21 ൽ ₹78,763 [ബിൽ- 2/18.01.21 (₹20,580/-) + ബിൽ- 3/18.01.21 (₹57,913/-)] ചെലവഴിച്ച് തയ്യാറാക്കിയ അഞ്ചരക്കണ്ടിപ്പുഴ പഠന റിപ്പോർട്ടിന്റെ കണ്ടെത്തലുകളേയും പരിഹാര നിർദ്ദേശങ്ങളെയും അടിസ്ഥാനമാക്കി പുഴ സംരക്ഷണത്തിനായി തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടില്ല. ജലാശയ പരിപാലന സമിതി, ജലാശയ ശുചിത്വപരിപാലന മോണിറ്ററിംഗ് കമ്മിറ്റി ഇവ രൂപീകരിക്കപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(31/21-3-2022), അഞ്ചരക്കണ്ടിപ്പുഴ പഠനറിപ്പോർട്ടിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അഞ്ചരക്കണ്ടിപ്പുഴ സംരക്ഷണത്തിനായുള്ള വിശദ പദ്ധതിരേഖ തയ്യാറാക്കുന്നതിന് കേരള സർക്കാറിൻെറ ഗവേഷണ സ്ഥാപനമായ CWRDM നെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കണ്ണൂർ നഗരസഞ്ചയപദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേല്പരാമർശിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-17 പലിശ സബ്സിഡി നൽകിയതിലെ അപാകങ്ങൾ ₹1,16,291 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മാനേജർ, (ഡിസ്ക്രിക്ട് ഇന്റസ്ട്രീസ് സെന്റർ) |
| പ്രോജക്ടിന്റെ നമ്പരും,പേരും | 275/21, (സംരഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും) |
| അടങ്കൽ | ₹2,00,000(വികസന ഫണ്ട്) |
| ചെലവ് | ₹ 2,00,000 |
| ബിൽ നമ്പർ, തീയ്യതി, തുക | 20190152020001373395/26.03.2021 ₹2,00,000 |

സംരഭകത്വപ്രോത്സാഹനത്തിന് ഗ്രൂപ്പ് സംരഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ടും, മുമ്പ് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുള്ള ഗ്രൂപ്പ് സംരഭങ്ങൾക്ക് പലിശ സബ്സിഡിയും നൽകുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. 2018-19ൽ (ബിൽ നമ്പർ-18190152020001382767/15.03.2019) നാച്ചുറൽ ഫുഡ് പ്രോഡക്ട്സ്, പെരുമാച്ചേരി, പി ഒ കൊളച്ചേരി, കണ്ണൂർ എന്ന സ്ഥാപനത്തിന് 'സമൃദ്ധി നിറവ്' പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ടായി ₹5,00,000 അനുവദിച്ചിട്ടുണ്ട്. അഞ്ച് വനിതകൾ ഉൾപ്പെടുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം 17.08.2018 ൽ ആരംഭിച്ചതാണ്. യൂണിറ്റ് ഉത്പാദിപ്പിക്കുന്ന പ്രധാന ഉത്പന്നം അവൽ ആണ്. ഇതിന് പുറമെ മഞ്ഞൾപൊടി, മുളക്പൊടി, മല്ലിപ്പൊടി, ഗോതമ്പ്പൊടി, കുരുമുളക്പൊടി എന്നിവയും ഉൽപാദിപ്പിക്കുന്നുണ്ട്. സ്ഥാപനത്തിന് മുല്ലക്കൊടി സർവീസ് സഹകരണബാങ്കിൽ നിന്നും 11 ലക്ഷം രൂപയുടെ ലോൺ അനുവദിച്ചിട്ടുണ്ട്. 9% പലിശ നിരക്കിൽ അഞ്ച് വർഷത്തേക്കാണ് വായ്പ അനുവദിച്ചിരിക്കുന്നത്. ഈ സ്ഥാപനത്തിന് 2020-21 വർഷത്തിൽ പലിശ സബ്സിഡിയായി മുകളിൽ പരാമർശിച്ച ബിൽ പ്രകാരം ₹2,00,000 അനുവദിച്ചിട്ടുണ്ട്.

ഈ പ്രോജക്ടിന്റെ പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.സംരഭകത്വ രജിസ്റ്റർ പ്രകാരം വാർഷികമായി കണക്കാക്കുന്ന പലിശക്ക് ആവശ്യമായി വരുന്ന തുക തുടർന്നുള്ള ഓരോ വാർഷിക പദ്ധതിയിലും പ്രോജക്ടായി അംഗീകരിച്ചാണ് പലിശ സബ്സിഡി കണക്കാക്കുന്നതെന്ന് സ. ഉ (കൈ) നം 22/2018/തസ്വഭവ, തീയ്യതി 14.02.2018 ലെ ഖണ്ഡിക 21.3 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാച്ചുറൽ ഫുഡ് പ്രോഡക്ടസ് എന്ന സ്ഥാപനത്തിന് 2020-21 ൽ പലിശ സബ്സിഡിയിനത്തിൽ നൽകിയ ₹2,00,000 എങ്ങനെയാണ് കണക്കാക്കിയത് എന്ന് വ്യക്തമല്ല.

2.സംരഭത്തിലൂടെ ഉദ്ദിഷ്ടപ്രവർത്തനവും ഫലവും ഉണ്ടായിട്ടുണ്ടെന്ന് രേഖകളുടെയും നേരിട്ടുള്ള പരിശോധനയിലൂടെയും ബോധ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥൻ ശുപാർശ നൽകി ഭരണസമിതി ശുപാർശ ചെയ്താൽ മാത്രമാണ് ഓരോ വർഷവും പലിശ സബ്സിഡി നൽകേണ്ടത്. ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

3.സംരഭം ആരംഭിച്ച് ഒരുവർഷം കഴിയുന്ന മുറയ്ക്ക് റിവോൾവിംഗ് ഫണ്ട് തവണതുകയും ബാങ്ക് വായ്പാ തവണ തുകയും കുടിശ്ശികയില്ലാതെ ക്രമമായി തിരിച്ചടച്ചവർക്ക് കണക്ക് പ്രകാരം സംരഭകർ ധനകാര്യസ്ഥാപനത്തിൽ ഒടുക്കിയ എല്ലാപലിശതുകയും സംരഭകരുടെ വായ്പാ അക്കൗണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഇതുപ്രകാരം നാച്ചുറൽ ഫുഡ്

പ്രോഡക്ട്സ് , പെരുമാച്ചേരി, പി ഒ കൊളച്ചേരി എന്ന സ്ഥാപനം മുല്ലക്കൊടി സർവീസ് സഹകരണ റൂറൽ ബാങ്കിൽ നിന്നും സ്വീകരിച്ച വായ്പാതുകയുടെ 2019-20 ൽ അടവാക്കിയ പലിശ തുകയാണ് 2020-21ൽ സബ്സിഡി ഇനത്തിൽ ആകെ അനുവദിക്കാവുന്നത്. പലിശ സംബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റും, വായ്പാ തിരിച്ചടവ് രേഖകളും പരിശോധിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥൻ പലിശ സബ്സിഡി അനുവദിച്ചിരിക്കുന്നത് .

4.റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല.താൽകാലികമായ പലിശരഹിത പ്രോത്സാഹനം മാത്രമാണ്. റിവോൾവിംഗ് ഫണ്ട് തിരിച്ചടക്കേണ്ടത് ഈ ആവശ്യത്തിനായി നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കാണ്. ഇപ്രകാരം റീപ്ലേസ്മെന്റ് ഫണ്ടിൽ വരുന്ന തുകയും അടുത്ത വർഷം തദ്ദേശഭരണ സ്ഥാപനം വകയിരുത്തുന്ന തുകയും ചേർന്നതായിരിക്കും വരും വർഷത്തെ റിവോൾവിംഗ് ഫണ്ട്. ഇങ്ങനെ റിവോൾവിംഗ് ഫണ്ട് തിരിച്ചടവിൽ നിന്നും ലഭിക്കുന്ന തുകയുപയോഗിച്ച് മറ്റു ഗുണഭോക്താക്കൾക്ക് ഫണ്ട് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽ പ്രതിപാദിച്ചവയ്ക്ക് മറുപടി ലഭ്യമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ ( 48/21.03.2022) ത്തിന് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ലോക്ക്ഡൗൺ കാലഘട്ടത്തിൽ അടച്ചിട്ടതിനെ തുടർന്ന് യൂണിറ്റിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്ഥാപനത്തിന്റെ നിലനിൽപിനെ ബാധിക്കുന്നതിനാൽ സാമ്പത്തിക സഹായം ആവശ്യമായി വന്നപ്പോഴാണ് തുക അനുവദിച്ചതെന്നാണ് അറിയിച്ചത്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.കൂടാതെ മുല്ലക്കൊടി കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 01.04.2019 മുതൽ 31.03.2020 വരെ പലിശയിനത്തിൽ ആകെ ₹83,709/- മാത്രമാണ് ഈടാക്കിയിട്ടുള്ളതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും സ്ഥാപനത്തിന് ₹1,16,291/- അധികം നൽകിയിട്ടുണ്ടെന്ന് വ്യക്തമാവുന്നു.

പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ സബ്സിഡി നൽകുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഇത് സുസ്ഥിരമായ വികസനത്തിന് കാര്യക്ഷമമായ പിന്തുണ നൽകുന്നതായി കാണുന്നില്ല എന്ന സാഹചര്യത്തിന്റെ അടിസ്ഥാനത്തിലാണ് യുവസംരംഭകരുടെ കൂട്ടായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് റിവോൾവിംഗ് ഫണ്ടും ധനകാര്യസ്ഥാപനവായ്പകളുടെ പലിശ സബ്സിഡിയും അനുവദിക്കുന്നത്. ഇത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കുള്ള സബ്സിഡി മാർഗരേഖ സ. ഉ (കൈ) നം 22/2018/തസ്വഭവ, തീയ്യതി 14.02.2018 പ്രകാരം സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാതെയാണ് പലിശ സബ്സിഡി അനുവദിച്ചിട്ടുള്ളതെന്ന് പരിശോധനയിൽ വ്യക്തമായതിനാൽ സബ്സിഡിയിനത്തിൽ അധികം നൽകിയ ₹1,16,291 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയതിലെ അപാകങ്ങൾ ചെലവ് തുക ₹70,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ- | ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് |
| പ്രോജക്ട് - | 531/21, (ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്) |
| അടങ്കൽ | -₹ 70,00,000(വികസന ഫണ്ട്) |
| ചെലവ്- | ₹70,00,000 |
| ബിൽ നമ്പർ/തുക | - 39/11.04.2020 ₹56,00,000<br>- 41/11.04.2020 ₹14,00,000 |

മേൽ പ്രോജക്ടിന്റെ പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1.ഒരു ഗുണഭോക്താവിന് കറവപ്പശുവിനെ വാങ്ങാൻ ₹40,000 ക്രമത്തിൽ ധനസഹായം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. നിർവഹണഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ വികസന ഫണ്ടിൽ നിന്നും ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിലേക്ക് നൽകിയ തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.യോഗ്യരായ അപേക്ഷകരിൽ നിന്നും നിർദിഷ്ട പദ്ധതിയുടെ യോഗ്യത/മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്തൃപട്ടിക തയ്യാറാക്കി ധനസഹായം അനുവദിക്കേണ്ടതാണ്. വർഗഗുണമുള്ളതും ഉത്പാദനശേഷി കൂടിയതുമായ ഇനം പശുക്കളെ സംസ്ഥാനത്തിന് പുറത്തുനിന്നും ഗുണഭോക്താക്കൾ വാങ്ങേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഗുണഭോക്താക്കൾ പശുവിനെ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. നിർദിഷ്ട തുക നൽകുന്ന തീയ്യതി മുതൽ ഗുണഭോക്താവിൽ നിന്നും ഓരോ മാസവും നിശ്ചിത തുക വച്ച് പാൽ വിലയിൽ കുറവു വരുത്തുകയോ ക്യാഷായി അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് സംബന്ധിച്ച രേഖകൾ/പാൽവിലയിൽ കുറവു ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനക്ക്

ലഭ്യമാക്കിയിട്ടില്ല.

4. തിരിച്ചടവ് തുകയും തവണയും എല്ലാവർക്കും ഒന്നായിരിക്കുന്നതാണ് നല്ലതെന്ന് മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പ്രതിമാസം ₹8000 വീതമാണ് തിരിച്ചടവെങ്കിൽ 5പേരിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് ഓരോ ഗുണഭോക്താക്കൾക്ക് വീതം തുടർന്നുള്ള ഓരോമാസവും നൽകാവുന്നതാണ്. ഓരോ സാമ്പത്തിക വർഷവും ഇപ്രകാരം നൽകാവുന്ന എണ്ണം കണക്കാക്കി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് നൽകണം. ഇത് ഭൗതിക നേട്ടമായി കണക്കാക്കണം. ഇത്തരത്തിൽ തിരിച്ചടവിൽ നിന്നും ലഭിക്കുന്ന തുകയുപയോഗിച്ച് മറ്റു ഗുണഭോക്താക്കൾക്ക് ഫണ്ട് നൽകിയതിന്റെയും അവർ പശുക്കളെ വാങ്ങിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5.റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ,തിരിച്ചടവ് അക്കൗണ്ടിന്റെ ബാങ്ക്പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6.ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഈ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തി-49/21.03.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക കൈമാറിയതിന്റെയും അവർ പശുവിനെ വാങ്ങിയതിന്റെയും രേഖകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് തുക ₹70,00,000 തടസ്സപ്പെടുത്തുന്നു.

## 1-19 ലൈവ് ഫിഷ് മാർക്കറ്റുകൾ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല ചെലവ് തുക 1,33,835 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കണ്ണൂർ |
| പ്രോജക്റ്റ് നമ്പർ | 181/21 |
| പ്രോജക്ടിന്റെ പേര് | ലൈവ് ഫിഷ് മാർക്കറ്റുകൾ |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം ) ₹4,50,000 രൂപ |
| ചെലവ് | ₹1,33,835 രൂപ |
| ബിൽ നമ്പർ, തീയതി | 3/20-21 /31/3/21 ₹133835 |

ലൈവ് ഫിഷ് മാർക്കറ്റുകൾ എന്നപദ്ധതി നടത്തിപ്പിൽ മാങ്ങാട്ടിടം മത്സ്യകർഷക ഗ്രൂപ്പിന് ₹1,33,835 സബ്സിഡി നൽകിയിട്ടുണ്ട് . പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട് .

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ലൈവ് ഫിഷ് മാർക്കറ്റുകൾ തുടങ്ങുന്നതിന് യൂണിറ്റ് വില പരമാവധി പരിധി മൂന്ന് ലക്ഷം രൂപ നിശ്ചയിച്ച് പരമാവധി 50% പൊതു വിഭാഗത്തിനും 75% പട്ടികജാതി/പട്ടികവർഗ വിഭാഗത്തിനും സബ്സിഡി നൽകാവുന്നതാണ് . ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ സർട്ടിഫൈചെയ്യണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് റിപ്പോർട്ട്, തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ സർട്ടിഫൈ ചെയ്ത പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. മാങ്ങാട്ടിടം മത്സ്യകർഷക ഗ്രൂപ്പ് സമർപ്പിച്ച ചെലവ് രേഖകളുടെ മാത്രം അടിസ്ഥാനത്തിൽ 50% സബ്സിഡി നൽകുകയാണ് ചെയ്തത് . അപാകങ്ങൾക്ക് മറുപടി നൽകേണ്ടതും പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് , നിലവിലെ സ്ഥിതി, ഗ്രൂപ്പിന്റെ വരവുചെലവുകണക്കുകൾ/മിനുട്സ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 60/ 24-3-2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ഭാഗമായി 22.04.2022 ന് സ്ഥലപരിശോധന നടത്തിയതിൽ, നിലവിൽ ലൈവ് ഫിഷ് മാർക്കറ്റിൽ മത്സ്യ വിപണനം നടത്തുന്നില്ല എന്നും സ്റ്റിക്കർ കട്ടിംഗ് പ്രവൃത്തി ആണ് നടത്തുന്നത് എന്നും വ്യക്തമായി . പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക ₹1,33,835 തടസ്സപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യം കൈവരിക്കാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-20 സുഭിക്ഷ കേരളം പദ്ധതി -കുളങ്ങളിൽ കരിമീൻ കൃഷി-ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല:-ചെലവ് തുക ₹1,38,981 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്. |
| പ്രോജക്റ്റ് നമ്പർ, പേര് | 715/21 ,കുളങ്ങളിൽ കരിമീൻ കൃഷി |

| | |
|---|---|
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം ) ₹1,40,000 |
| ചെലവ് | ₹1,38,981 |
| ബിൽ നമ്പർ, തീയതി | 2189/31-3-21 ₹19,424<br>2190/31-3-21 ₹ 16,712<br>2202 /31-3-21 ₹58,567<br>2020/29-3-21 ₹18,146<br>2208 /31-3-21 ₹26,132 |

സുഭിക്ഷകേരളം പദ്ധതി പ്രകാരം കുളങ്ങളിൽ കരിമീൻകൃഷിക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകുക എന്ന രീതിയിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത് . ഇത് പ്രകാരം യൂണിറ്റ് കോസ്റ്റ് ₹1,50,000 നിരക്കിൽ പൊതു വിഭാഗത്തിന് 40% സബ്സിഡി നിരക്കിൽ പരമാവധി ₹60,000 വരെ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സബ്സിഡി നൽകാവുന്നതാണ് . ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ₹20,000 വരെ സബ്സിഡി നൽകാവുന്നതാണ് . സുലേഖ ചെലവ് പത്രിക പ്രകാരം ₹1,38,981 സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ടെങ്കിലും പരിശോധനക്ക് ഹാജരാക്കിയ ബില്ലുകൾ പ്രകാരം താഴെ പറയുന്ന ഗ്രാമ പഞ്ചായത്തുകളിലെ അഞ്ച് ഗുണഭോക്താക്കൾക്കായി ₹62,268 ചെലവഴിച്ചതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ .

| ഗ്രാമ പഞ്ചായത്തിന്റെ പേര് | നൽകിയ സബ്സിഡി (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കുഞ്ഞിമംഗലം | 16,712 | 1 |
| ഏഴോം | 19,424 | 2 |
| ധർമ്മടം | 26,132 | 2 |

1) ഗുണഭോക്താക്കൾക്ക് ₹62,268 സബ്സിഡി നൽകിയത് ക്രമപ്രകാരമാണോ എന്ന് പരിശോധിക്കുന്നതിനുള്ള ചെലവ് രേഖകൾ, വിനിയോഗസാക്ഷ്യപത്രം ഇവ ഹാജരാക്കിയിട്ടില്ല.

2) ₹1,38,981 ചെലവഴിച്ചതിൽ ₹62,268 കഴിച്ച് ബാക്കിതുകയുടെ ചെലവ് സംബന്ധിച്ച രേഖകൾ, വിനിയോഗസാക്ഷ്യപത്രം ഇവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (74/26-3-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകങ്ങളാൽ ചെലവ് തുക ₹1,38,981 തടസ്സപ്പെടുത്തുന്നു.

## 1-21 സുഭിക്ഷ കേരളം പദ്ധതി- ബയോഫ്ലോക് - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല:- ₹19,62,855 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ | 714/21 |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ ബയോഫ്ലോക് |
| അടങ്കൽ | വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )₹31,28,000 |
| ചെലവ് | ₹ 19,62,855 |
| ബിൽ നമ്പർ, തീയതി | 2160,2161.2162,2167,2168,2166,2171,2179,2177<br>2181,2182,2180.2185,2187,2188,2191,2192,2193,2194,<br>2195,2196,2197,2198,2199,2200,2201,2203,2204,2206,2205<br>2210,2211,2212,2213 തീയ്യതി 31-03-21 ആകെ ₹19,62,855 |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം വീട്ടുവളപ്പിൽ ബയോഫ്ലോക് എന്ന ഗ്രാമ പഞ്ചായത്ത് പ്രോജക്ടിന് ജില്ലാ പഞ്ചായത്ത് വിഹിതം നൽകുക എന്ന രീതിയിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇത് പദ്ധതി പ്രകാരം യൂണിറ്റ് കോസ്റ്റ് ₹1,38,000 തോതിൽ പൊതു വിഭാഗത്തിന് 40% സബ്സിഡി നിരക്കിൽ പരമാവധി ₹55,200 വരെ വകുപ്പിന്റെയും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം ചേർത്ത് സബ്സിഡി നൽകാവുന്നതാണ് . ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ₹18,400 വരെ സബ്സിഡി നൽകാവുന്നതാണ് . സുലേഖ ചെലവ് പത്രിക പ്രകാരം ₹19,62,855 സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ടെങ്കിലും പരിശോധനക്ക് ഹാജരാക്കിയ ബില്ലുകൾ പ്രകാരം താഴെ പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ₹14,09,207/- 2020-21 വർഷവും ₹93,691/- 2021-22 വർഷവും ചെലവഴിച്ചതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ .

| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നൽകിയ സബ്സിഡി(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| പയ്യന്നൂർ നഗരസഭ | 1,03,577 | 4 |
| പയ്യന്നൂർനഗരസഭ | 1,08,351 | 5 |
| പയ്യന്നൂർനഗരസഭ | 34,184 | 3 |
| ചെറുതാഴം ഗ്രാമപഞ്ചായത്ത് | 15,910 | 1 |
| ചെറുതാഴം ഗ്രാമപഞ്ചായത്ത് | 1,15,910 | 8 |
| ചെറുപുഴ ഗ്രാമപഞ്ചായത്ത് | 50,109 | 3 |
| ചെറുപുഴ ഗ്രാമപഞ്ചായത്ത് | 16,922 | 1 |
| കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് | 88,156 | 5 |
| കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | 26,406 | 2 |
| ചിറക്കൽ ഗ്രാമപഞ്ചായത്ത് | 16,382 | 1 |
| തളിപ്പറമ്പ് നഗരസഭ | 26,662 | 1 |
| പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് | 77,684 | 5 |
| കണ്ണപുരം ഗ്രാമപഞ്ചായത്ത് | 22,940 | 2 |
| അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് | 24,003 | 2 |
| പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | 69,798 | 4 |
| ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | 32,092 | 2 |
| മുണ്ടേരി ഗ്രാമപഞ്ചായത്ത് | 49,487 | 3 |
| കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് | 51,783 | 3 |
| ഏഴോം ഗ്രാമപഞ്ചായത്ത് | 59,503 | 4 |
| കൊളച്ചേരി ഗ്രാമപഞ്ചായത്ത് | 14,197 | 1 |
| കൊളച്ചേരി ഗ്രാമപഞ്ചായത്ത് | 40,242 | 3 |

| | | |
|---|---|---|
| മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | 46,088 | 3 |
| ചെങ്ങളായി ഗ്രാമപഞ്ചായത്ത് | 17,735 | 1 |
| കണ്ണൂർ കോർപ്പറേഷൻ | 45,310 | 2 |
| നാറാത്ത് ഗ്രാമപഞ്ചായത്ത് | 52,980 | 3 |
| ധർമ്മടം ഗ്രാമപഞ്ചായത്ത് | 34,049 | 2 |
| ചൊക്ലി ഗ്രാമപഞ്ചായത്ത് | 55,200 | 3 |
| എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | 66,206 | 4 |
| കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് | 72,239 | 4 |
| കോട്ടയം ഗ്രാമപഞ്ചായത്ത് | 18,233 | 1 |
| പിണറായി ഗ്രാമപഞ്ചായത്ത് | 36,800 | 2 |
| ധർമ്മടം ഗ്രാമപഞ്ചായത്ത് | 13,760 | 1 |

1) ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയത് ക്രമപ്രകാരമാണോ എന്ന് പരിശോധിക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ₹19,62,855 ചെലവഴിച്ചതിൽ ₹14,09,207 കഴിച്ച് 2020-21 വർഷം ചെലവഴിച്ച ബാക്കി തുകയുടെ (₹ 5,53,648) ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

3)തലശ്ശേരി ബ്ലോക്ക് തലത്തിലെ പഞ്ചായത്തുകളിൽ ഫിഷറീസ് ഇൻസ്പെക്ടർ നൽകിയ രേഖകൾപ്രകാരം ചെലവഴിക്കാതെ കാണിച്ച ₹1,85,813 സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

4) ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം പയ്യന്നൂർ മുനിസിപ്പാലിറ്റി (7പേർ), തളിപ്പറമ്പ് മുനിസിപ്പാലിറ്റി (1 ഗുണഭോക്താവ് )കണ്ണൂർ കോർപ്പറേഷൻ (2പേർ) എന്നിവിടങ്ങളിലായി ഗുണഭോക്താവിന് പരമാവധി ജില്ലാ പഞ്ചായത്ത് വിഹിതം എന്ന നിലയിൽ നൽകാവുന്ന ₹18,400 എന്നതിൽ കവിഞ്ഞ് സബ്സിഡി നൽകിയതായി കാണുന്നു.സബ്സിഡി അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5)ഗ്രാമപഞ്ചായത്തിന് വിഹിതം നൽകുവാനാണ് ഈ പ്രോജക്ട് രൂപീകരിച്ചത്. സുഭിക്ഷകേരളം പദ്ധതി സബ്സിഡിമാനദണ്ഡങ്ങൾ (സ.ഉ(സാധാ)1009/2020 തസ്വഭവ തീയ്യതി 29.05.2020 ഖണ്ഡിക 4-5 ) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടിന് ജില്ലാപഞ്ചായത്ത് വിഹിതം നൽകാവുന്നതാണെന്ന് മാത്രമേ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ആയത് പാലിക്കാതെ മേൽപ്രകാരം നഗരസഭകൾക്ക് വിഹിതം നൽകിയത് സാധൂകരിക്കുന്ന ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ (76/ 26-3-22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹ 19,62,855 തടസ്സപ്പെടുത്തുന്നു.

## 1-22 സുഭിക്ഷകേരളം പദ്ധതി -വീട്ടുവളപ്പിൽ മത്സ്യക്കൃഷി - ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല -ചെലവ് തുക₹17,80,071 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ, പേര് | 713/21 ,വീട്ടുവളപ്പിൽ മത്സ്യകൃഷി |
| അടങ്കൽ | വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>₹22,96,000 |
| ചെലവ് | ₹17,80,071 |

| | |
|---|---|
| ബിൽ നമ്പർ, തീയതി | 2151,2152.2153,2154,2155,2157,2158,2163,2164,2165,2169,2170<br>2172,2173,2174,2175,2176,2183,2184,2186,2207,2209.<br>തീയ്യതി 31-03-21 ആകെ ₹17,80,071 |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം വീട്ടുവളപ്പിൽ മത്സ്യകൃഷി എന്ന ഗ്രാമ പഞ്ചായത്ത് പ്രോജക്ടിന് വിഹിതം നൽകുക എന്നരീതിയിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത് . ഇത് പ്രകാരം യൂണിറ്റ് കോസ്റ്റ് ₹1,23,000 നിരക്കിൽ പൊതു വിഭാഗത്തിന് 40% സബ്സിഡി നിരക്കിൽ പരമാവധി ₹49,200 വരെ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം ചേർത്ത് സബ്സിഡി നൽകാവുന്നതാണ് . ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ₹16,400 വരെ സബ്സിഡി നൽകാവുന്നതാണ്. സൂലേഖ ചെലവ് പത്രിക പ്രകാരം ₹17,80,071 സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 2020-21 വർഷം ₹14,15,357 ചെലവഴിച്ചതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ .

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | നൽകിയ സബ്സിഡി (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| ഏഴോം ഗ്രാമപഞ്ചായത്ത് | 1,03,579 | 7 |
| പയ്യന്നൂർ മുൻസിപ്പാലിറ്റി | 10,490 | 1 |
| പയ്യന്നൂർ മുൻസിപ്പാലിറ്റി | 1,73,495 | 8 |
| കടന്നൂർ ഗ്രാമപഞ്ചായത്ത് | 43,617 | 3 |
| പെരളശ്ശേരി ഗ്രാമപഞ്ചായത്ത് | 74,975 | 5 |
| ചെമ്പിലോട്ഗ്രാമപഞ്ചായത്ത് | 1,20,426 | 8 |
| മുണ്ടേരി ഗ്രാമപഞ്ചായത്ത് | 59,882 | 4 |
| ആന്തൂർ മുൻസിപ്പാലിറ്റി | 92,807 | 4 |
| പയ്യാവൂർ ഗ്രാമപഞ്ചായത്ത് | 1,79,618 | 15 |
| എരുവേശ്ശി ഗ്രാമപഞ്ചായത്ത് | 85,844 | 8 |
| പരിയാരം ഗ്രാമപഞ്ചായത്ത് | 1,86,692 | 7 |
| നാറാത്ത് ഗ്രാമപഞ്ചായത്ത് | 19,274 | 2 |
| ധർമ്മടം ഗ്രാമപഞ്ചായത്ത് | 16,153 | 1 |
| ചൊക്ലി ഗ്രാമപഞ്ചായത്ത് | 21,400 | 2 |
| എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | 10,8184 | 8 |
| കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് | 59,569 | 4 |
| പിണറായി ഗ്രാമപഞ്ചായത്ത് | 11,073 | 1 |
| കോട്ടയം ഗ്രാമപഞ്ചായത്ത് | 48,279 | 3 |
| ആകെ | 14,15,357 | |

1) ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയത് ക്രമപ്രകാരമാണോ എന്ന് പരിശോധിക്കുന്നതിന് ഗുണഭോക്താക്കളുടെ ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

2) പരിയാരം ഗ്രാമപഞ്ചായത്ത് (7പേർ), ആന്തൂർ മുൻസിപ്പാലിറ്റി (4 പേർ) എന്നിവിടങ്ങളിൽ ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡിതുകയായ ₹16,400ൽ അധികമായി തുക നൽകിയതായി കാണുന്നു. സബ്സിഡി അധികമായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല

3) ₹17,80,071 ചെലവഴിച്ചതിൽ ₹14,15,357 കഴിച്ച് ബാക്കി തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

4) തലശ്ശേരി ബ്ലോക്ക് തലത്തിലെ പഞ്ചായത്തുകളിൽ ഫിഷറീസ് ഇൻസ്പെക്ടർ നൽകിയ രേഖകൾപ്രകാരം ചെലവഴിക്കാതെ കാണിച്ച ₹2,64,658 സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

5)ഗ്രാമപഞ്ചായത്തിന് വിഹിതം നൽകുവാനാണ് ഈ പ്രോജക്ട് രൂപീകരിച്ചത്. സുഭിക്ഷകേരളം പദ്ധതി സബ്സിഡിമാനദണ്ഡങ്ങൾ (സ.ഉ(സാധാ)1009/2020 തസ്വഭവ തീയ്യതി 29.05.2020 ഖണ്ഡിക 4-5) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടിന് ജില്ലാപഞ്ചായത്ത് വിഹിതം നൽകാവുന്നതാണെന്ന് മാത്രമേ വ്യവസ്ഥ ചെയ്തിട്ടുള്ളൂ.

ആയത് പാലിക്കാതെ മേൽപ്രകാരം നഗരസഭകൾക്ക് വിഹിതം നൽകിയത് സാധൂകരിക്കുന്ന ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 59/24-3-22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹17,80,071 തടസ്സപ്പെടുത്തുന്നു.

## 1-23 എസ് ടി കോളനികളിലെ വയോജനങ്ങൾക്ക് ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് -രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക ₹1,32,241തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ മെഡിക്കൽ ഓഫീസർ,<br>ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ |
| പ്രോജക്ട് നമ്പർ | 553/21 |
| പ്രോജക്ടിന്റെ പേര് | എസ് ടി കോളനികളിലെ വയോജനങ്ങൾക്ക് ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് - |
| അടങ്കൽ | വികസനഫണ്ട് (ടി എസ് പി )-₹3,00,000 |
| ചെലവ് | ₹1,32,241 |
| ബിൽ നമ്പർ, തീയതി | ബിൽ നമ്പർ 1/ തീയ്യതി.8/5/2020- ₹75,637<br>ബിൽ നമ്പർ 2/തീയ്യതി. 8/5/20 - ₹56,604 |

മേൽ പദ്ധതി പ്രകാരം ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ എസ് ടി കോളനികളിൽ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തുകയാണ് ലക്ഷ്യമിട്ടിരുന്നത്. 2019-20ൽ ആരംഭിച്ച പദ്ധതിയിൽ ഐ ടി ഡി പി പ്രോജക്ട് ഓഫീസർ നൽകിയ ലിസ്റ്റ് അനുസരിച്ച് താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിലെ എസ് ടി വയോജനങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

കോളയാട്- 233

പേരാവൂർ- 57

മാലൂർ- 32

കണിച്ചാർ - 35

കേളകം - 69

കൊട്ടിയൂർ- 99

മുഴക്കുന്ന്- 47

തില്ലങ്കേരി -64

ആറളം - 58

പയ്യാവൂർ- 60

പടിയൂർ- 17

ചെറുപുഴ- 35

മേൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകളിൽ കൊട്ടിയൂർ, കണിച്ചാർ, ആറളം, കേളകം, മുഴക്കുന്ന്, പേരാവൂർ, ചെറുപുഴ, തില്ലങ്കേരി, പടിയൂർ, മാലൂർ, പയ്യാവൂർ, കോളയാട് എന്നീ പഞ്ചായത്തുകളിലെ വിവിധ എസ് ടി കോളനികളിൽ മെഡിക്കൽ ക്യാമ്പ് നടത്തുകയും ആയതിന് മരുന്ന വാങ്ങുന്നതിനായി ₹17,00,000 2019-20 വർഷവും ക്യാമ്പിന്റെ അനുബന്ധച്ചെലവുകൾക്കുള്ള തുക ₹1,32,241 സ്പിൽ ഓവർ പദ്ധതിയായി 2020-21 വർഷവുമാണ് ചെലവഴിച്ചത്. മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുമായി ബന്ധപ്പെട്ട് 12 ഗ്രാമപഞ്ചായത്തുകളിലെ എസ്.ടി കോളനികളിൽ ക്യാമ്പ് നടത്തിയതിൽ എത്ര വയോജനങ്ങൾ പങ്കെടുത്തു എന്നതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. 17 ലക്ഷം രൂപയ്ക്ക് ആയുർവ്വേദമരുന്ന് വാങ്ങിയതിൽ ക്യാമ്പിൽ മരുന്ന് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. മേൽ പദ്ധതി എസ് ടി വിഭാഗത്തിൽപെട്ട എത്ര വയോജനങ്ങൾക്ക് പ്രയോജനപ്പെട്ടു എന്നതിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമല്ല.

പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (62/21-3-22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹1,32,241 തടസ്സപ്പെടുത്തുന്നു.

## 1-24 സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിന് തുക അനുവദിച്ചതിലെ അപാകങ്ങൾ - ചെലവുതുക ₹20,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം |
| പ്രോജക്ട് | 1024/21, ഗവൺമെന്റ് സെൻട്രൽ യു. പി. സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന് ധനസഹായം |
| അടങ്കൽ | ₹20,00,000 (വികസന ഫണ്ട്) |
| ചെലവ് | ₹20,00,000 |
| ബിൽനമ്പർ | 11/2021 തീയ്യതി. 25.05.2020 |

ഗവൺമെന്റ് സെൻട്രൽ യു പി സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിന് ധനസഹായം അനുവദിക്കുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ട് നമ്പർ 181/20 കുഞ്ഞിമംഗലം ജി.സി.യു.പി. സ്കൂളിന് സ്ഥലം വാങ്ങൽ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതം ₹10,00,000 വും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹5,00,000 വും, ജില്ലാപഞ്ചായത്ത് വിഹിതം ₹20,00,000 വും സ്കൂൾ വികസന സമിതിയുടെ സംഭാവന ₹56,80,000 വും ഉൾപ്പെടെ ആകെ ₹91,80,000 യാണ് വകയിരുത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിട്ടുള്ള ₹20,00,000 കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പയ്യന്നൂർ സബ്ട്രഷറിയിലെ STSB Joint Venture A/c 799011400000992 ലേക്ക് അനുവദിച്ചുതരണമെന്ന് കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12.12.2019 ലെ എ3-833/19 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 20ലക്ഷം രൂപ മുകളിൽ പരാമർശിച്ച വിശദാംശങ്ങൾ പ്രകാരം നൽകിയിട്ടുള്ളത്.

പഞ്ചായത്തുകളിൽ കളിസ്ഥലം നിർമിക്കുന്നതിന് സർക്കാർ മുന്തിയപരിഗണന നൽകുന്നതിനാലും ബഹു.ബാലാവകാശ കമ്മീഷൻ ലഹരി പദാർത്ഥങ്ങൾക്ക് കുട്ടികൾ അടിമകളാകുന്നതിൽ നിന്നു തടയാൻ മുൻകരുതൽ എന്ന നിലയിൽ വിദ്യാലയങ്ങളിൽ കളിസ്ഥലം ഉണ്ടാക്കുന്നതിന് അടിയന്തിര നടപടികൾ എടുക്കണമെന്ന് നിർദേശിച്ചതിനാലും

സ്ഥലപരിമിതി അനുഭവിക്കുന്നതും പഞ്ചായത്തിലെ ഏക ഗവൺമെന്റ് യു പിസ്കൂളായതിനാലും സ്കൂളിന്റെ കിഴക്കേ അതിരിനോട് ചേർന്നുള്ള എം കെ സഹദേവൻ എന്നവരുടെ ഉടമസ്ഥതയിലുള്ള റീസർവ്വേ 200/13,200/14 എന്നിവയിൽപെട്ട 25.5 സെന്റ് സ്ഥലം ഉഭയകക്ഷി ധാരണപ്രകാരം ഏറ്റെടുക്കുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്.സ്ഥലത്തിന്റെ വാല്യേഷൻ അനുസരിച്ച് തുക നൽകുന്നതിനാണ് പ്രോജക്ടിൽ അംഗീകാരം ലഭിച്ചിരിക്കുന്നത്.

മേൽ പ്രോജക്ടിന്റെ പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തുക അനുവദിക്കുന്നതിന് ആധാരമായ റിക്വിസിഷൻ രേഖകൾ, അലോട്ട്മെന്റ് രേഖകൾ, ട്രഷറി ബിൽ, ട്രഷറി അക്നോളജ്മെന്റ് റസീറ്റ് എന്നിവയോ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ STSB അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവയോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമല്ല.

2. സ്കൂളിനാവശ്യമായതും എം കെ സഹദേവൻ എന്നവരുടെ ഉടമസ്ഥതയിലുള്ളതുമായ റീസർവ്വേ 200/13, 200/14 എന്നിവയിൽപെട്ട 25.5 സെന്റ് സ്ഥലത്തിന്റെ വാല്യേഷൻ നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചതിന്റെയും പ്രസ്തുത സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലേക്ക് വാങ്ങിയതിന്റെയും അതിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഭൂനികുതി അടവാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. സ്ഥലം വാങ്ങുന്നതിന് മുമ്പായി പ്രസ്തുത ഭൂമി യു.പി. സ്കൂൾ വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് കളിസ്ഥലമായി ഉപയോഗിക്കാൻ സാധിക്കുന്നതാണെന്ന് തെളിയിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിയതിന്റെ രേഖകളോ, ഈ ആവശ്യത്തിന് അനുയോജ്യമാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. സ്ഥലം നിലവിൽ ഗവൺമെന്റ് സെൻട്രൽ യു പി സ്കൂളിലെ കുട്ടികൾക്ക് ഉപയോഗപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഈ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങളും ലഭ്യമല്ല. ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (41/21.03.2022) ത്തിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ₹20,00,000 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കാൻസർ ,പാലിയേറ്റീവ് കെയർ മരുന്ന് മുഴുവനും ലഭിച്ചില്ല - ചെലവുതുകയിൽ ₹44,504 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) |
| പ്രോജക്റ്റ് | 477/21, ജില്ലാ ആശുപത്രിയിൽ ക്യാൻസർ മരുന്ന്, പാലിയേറ്റീവ് കെയർ മരുന്ന്, പരിചരണ സാമഗ്രികൾ എന്നിവ വാങ്ങൽ |
| അടങ്കൽ | ₹30,00,000 വികസന ഫണ്ട് |
| ചെലവ് | ₹30,00,000 |
| ബിൽനമ്പർ,തീയതി | 20190152011300894946/06.01.2021 ₹15,00,000<br>20190152011300894951/06.01.2021 ₹15,00,000 |

മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് നമ്പർ 4195/05.01.2021, 4146/01.01.2021 എന്നിവ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി ₹30,00,000 വികസന ഫണ്ടിൽ നിന്നും മുൻകൂറായി ഒടുക്കിയിട്ടുണ്ട്. മുൻകൂർ തുക നൽകുന്നതിന് മുമ്പ് ലഭിച്ച മരുന്നുകളുടെ ഇൻവോയ്സാണ് (Previous Purchase) പ്രോജക്ടിന്റെ കൂടെ ഹാജരാക്കിയിരിക്കുന്നത്. മുഴുവൻ മരുന്നുകളും ലഭ്യമായിട്ടുണ്ടോ എന്ന് ഇൻവോയ്സുകൾ സഹിതം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നമ്പർ-45/18.03.2022)ത്തിന്

ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ച വിവരങ്ങൾ പരിഗണിച്ചതിൽ, ഒടുക്കിയ മുൻകൂർ തുകയുടെ മരുന്നുകൾ മുഴുവനായും ജില്ലാ ആശുപത്രിയിൽ ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

ക്യാൻസർ മരുന്ന് വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ₹15,00,000 കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്നുമുള്ള പ്രൊഫോർമ ഇൻവോയ്സ് നം.4195/05.01.2021 പ്രകാരം മുൻകൂറായി ഒടുക്കുകയും കാരുണ്യ, കോഴിക്കോട് ശാഖയിൽ നിന്നും ₹14,78,986 യുടെ മരുന്നുകൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

പാലിയേറ്റീവ് കെയർ മരുന്നു വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും ലഭിച്ച 15 ലക്ഷം രൂപ പ്രൊഫോർമ ഇൻവോയ്സ് നം.4146/01.01.2021 പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപറേഷനിൽ മുൻകൂറായി ഒടുക്കുകയും കാരുണ്യ, കോഴിക്കോട് ശാഖയിൽ നിന്നും ₹14,76,510 യുടെ മരുന്നുകൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഇൻവോയ്സുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

ക്യാൻസർ മരുന്നു വാങ്ങുന്നതിന് നൽകിയ തുകയിൽ നിന്നും ₹21,014 യുടെ മരുന്നുകളും, പാലിയേറ്റീവ് കെയർ മരുന്നുകൾക്കായി നൽകിയ തുകയിൽ നിന്നും ₹23,490 യുടെ മരുന്നുകളും ഉൾപ്പെടെ ആകെ ₹44504 യുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ ₹44,504 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ്-മോട്ടിവേഷൻ ക്ലാസ്സുകൾ നൽകൽ - പദ്ധതിനടത്തിപ്പിലെ അപാകങ്ങൾ-ചെലവ് തുക₹3,81,824 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (ഐറ്റിഡിപി) |
| പ്രോജക്ട് നമ്പർ | 549/21 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകൽ |
| അടങ്കൽ | ₹ 3,81,824 വികസന ഫണ്ട് (ടി എസ് പി) |
| ചെലവ് | ₹ 3,81,824 |
| ബിൽ നമ്പർ, തീയതി | 1/20-21 തീയതി- 23-4-2020 |

ജില്ലയിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസവർഷത്തിൽ നാല് തവണ രണ്ട് മണിക്കൂർ വീതം വ്യക്തിത്വ വികസനം, നേതൃത്വപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുന്നതിനും ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ, പ്ലസ് ടുവിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസവർഷത്തിൽ നാല് തവണ കരിയർ ഗൈഡൻസ് ക്ലാസുകൾ നൽകുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

12-01-2020ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിലും 18-01-2020, 01-02-2020 തീയതികളിൽ ഡി.പി.സി. ഹാളിലും 29-01-2020ന് ആറളം ഫാം സ്കൂളിൽ വെച്ചുമാണ് മോട്ടിവേഷൻ/കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നടന്നത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക - 8.5 പ്രകാരം പരിശീലനത്തിന് മാത്രമായി പ്രോജക്ട് പാടുള്ളതല്ല എന്നും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വികസന പ്രോജക്ട് പ്രകാരം പരിശീലനം ആകാവുന്നതാണ് എന്നും പരിശീലനാർത്ഥിക്ക് യാത്രാബത്ത, സ്റ്റൈപ്പന്റ് അനുവദനീയമല്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് വിരുദ്ധമായി യാത്രാബത്ത നൽകിയതിന് ആധാരമായ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2) യാത്രാബത്ത ഇനത്തിൽ, പ്രൊമോട്ടർമാർക്ക് വാഹനവാടക നൽകിയ തുകക്ക് ആധാരമായ ട്രിപ്പ് ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. യാത്രബത്ത നൽകിയതിന് പ്രൊമോട്ടർമാർ നൽകിയ അപേക്ഷയാണ് അടിസ്ഥാനരേഖയായി സൂക്ഷിച്ചിട്ടുള്ളത്. തുക കൈപ്പറ്റിയതിന്റെ രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.22 പ്രകാരം ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപെട്ടവർക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നൽകാമെങ്കിലും ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകുന്നത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് തുക ചെലവഴിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

4) പരിശീലകന് ഹോണറേറിയം ഇനത്തിൽ ഒരു ദിവസം ₹10,000 യാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം നിരക്ക് നിശ്ചയിച്ചതിൻെറ മാനദണ്ഡം/ഉത്തരവ്, പരിശീലകനെ തെരഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ ഇവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) 29-01-2020, 01-02-2020 തീയതികളിൽ പരിശീലനത്തിന് ഹോണറേറിയം കൈപ്പറ്റിയതിന്റെ രശീതി മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. 12-01-2020, 18-01-2020 തീയതികളിൽ പരിശീലനത്തിന് ഹോണറേറിയം കൈപ്പറ്റിയതിന്റെ രശീതികൾ ലഭ്യമാക്കിയിട്ടില്ല.

6) പരിശീലകന്റെ അക്കൗണ്ട് മുഖാന്തിരം തുക നൽകാതെ സൈറ്റ് മാനേജർ, ആറളം ഫാം, സീനിയർ ക്ലാർക്ക്, ഐ ടി ഡി പി എന്നിവരുടെ അക്കൗണ്ടുകളിലേക്കാണ് നാല് ദിവസത്തെ ഹോണറേറിയം തുക ആയ ₹40,000 നൽകിയിട്ടുള്ളത്. ₹1000 ക്ക് മുകളിലുള്ള തുകകൾ ബന്ധപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യണം എന്ന ഉത്തരവ് നിലനിൽക്കെ ഭക്ഷണം, ബുക്ക് സ്റ്റാളിലേക്കുള്ള തുക എന്നിവ ഒഴികെയുള്ള തുകകൾ ക്ലാർക്കിന്റെ/സൈറ്റ് മാനേജറുടെ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത ശേഷം ബന്ധപ്പെട്ട വ്യക്തികൾക്ക് കാഷ് ആയി നൽകുകയാണ് ചെയ്തത്.ഇത് സർക്കാർ ഉത്തരവിൻെറ ലംഘനമാണ്.

7) 18-01-2020ൻെറ ക്ലാസിന് ഭക്ഷണയിനത്തിൽ ചെലവ് രേഖപ്പെടുത്തിയ ₹47,250യുടെ ഇൻവോയ്സ് (ബദരിയ, കക്കാട്) ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8) ഒരു വർഷക്കാലയളവിലായി നാലു തവണ നടത്താൻ വിഭാവനം ചെയ്ത പദ്ധതി ഒറ്റമാസക്കാലയളവ് കൊണ്ട് തന്നെ നിർവ്വഹിക്കുകയാണുണ്ടായത്.

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (86/12-5-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക ₹3,81,824 തടസ്സപ്പെടുത്തുന്നു.

## 1-27 ഗവ:മോഡൽ റസിഡൻഷ്യൽ സ്കൂളിന്ഫർണിച്ചർ വിതരണം -വിതരണരേഖകൾ ലഭ്യമല്ല- ചെലവ് തുക₹28,97,127 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (ഐറ്റിഡിപി ) |
| പ്രോജക്ട് നമ്പർ | 679/21 |
| പ്രോജക്ടിന്റെ പേര് | ഗവ:മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഫർണിച്ചർ വിതരണം |
| അടങ്കൽ | ₹29,00,000 വികസന ഫണ്ട് (ടി എസ് പി ) |
| ചെലവ് | ₹28,97,127 |
| ബിൽ നമ്പർ, തീയതി | 12/20-21 തീയതി 25-5-2020 ₹20,65,109<br>13/20-21 തീയതി 25-5-2020 ₹8,32,018 |

പട്ടികവർഗ്ഗവിദ്യാർത്ഥികൾ കൂട്ടതലായി താമസിച്ച് പഠിക്കുന്ന പട്ടുവം ഗവ.മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് 191 കട്ടിൽ, 191 കിടക്ക, 15 മേശ, 31 കസേര, 3 അലമാര എന്നിവ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതനുസരിച്ച് ബിൽ നമ്പർ 12 പ്രകാരം 191 കട്ടിൽ, 15 മേശ, 16 കസേര, അലമാര (വലുത്)-1, അലമാര (ചെറുത്)-1 എന്നിവയും ബിൽ നമ്പർ 13 പ്രകാരം 191 കിടക്ക, 15 അലമാര എന്നിവയും റബ്കോ, കണ്ണൂരിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും സ്കൂൾ അധികൃതർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങാൻ സർക്കാർ അനുമതി ലഭ്യമായത് സ.ഉ.(സാധാ)നമ്പർ 1979/2020/തസ്വഭവ തീയതി 21-10-2020 പ്രകാരമാണ്. എന്നാൽ അനുമതി ലഭ്യമാവുന്നതിന് മുമ്പേ മാർച്ച് 2020ലെ ഇൻവോയ്സ് പ്രകാരം സാധനങ്ങൾ വാങ്ങുകയും മേയ് 2020ൽ സാധനത്തിന്റെ വില, ബിൽ മാറി നൽകുകയും ചെയ്തിട്ടുണ്ട്. അനുമതി ലഭ്യമാവുന്നതിന് മുമ്പാണ് പദ്ധതി നടപ്പാക്കിയത്.

3) CBEC സർക്കുലർ നമ്പർ 65/39/2018-DOR തീയതി 14-9-2018 പ്രകാരം ₹2,50,000ക്ക് മുകളിലുള്ള ബില്ലിൽ നിന്നും 2% ടി ഡി എസ് ഈടാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും ടിഡിഎസ് കുറവ് ചെയ്തതായി കാണുന്നില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 85/11-5-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹28,97,127 തടസ്സപ്പെടുത്തുന്നു.

## 1-28 ആറളം ഫാം സ്കൂളിൽ ഫർണിച്ചർ വിതരണം ചെയ്യൽ -ബില്ലിൽ നിന്നും ടി ഡി എസ്

ഈടാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (ഐ.റ്റി.ഡി.പി ) |
| പ്രോജക്ട് നമ്പർ | 673/21 |
| പ്രോജക്ടിന്റെ പേര് | ആറളം ഫാം സ്കൂളിന് ഫർണിച്ചർ വിതരണം |
| അടങ്കൽ | ₹13,60,979 വികസനഫണ്ട് (ടി എസ് പി ) |
| ചെലവ് | ₹13,59,825 |
| ബിൽ നമ്പർ, തീയതി | 11/20-21 - 25-5-2020 |

സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ₹13,59,825ക്ക് ആറളം ഫാം സ്കൂളിലേക്ക് 51 ബെഞ്ച്, 51 ഡെസ്ക്, 5 മേശ, 5 അലമാര എന്നിവ റബ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. 2020 ഫിബ്രവരിയിലെ ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾക്ക് മെയ് 2020 ൽ ബിൽ മാറി തുക നൽകുകയാണ് ചെയ്തത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകം കാണുന്നു.

1) CBEC സർക്കുലർ നമ്പർ 65/39/2018-DOR തീയതി 14-9-2018 പ്രകാരം ₹2,50,000ന് മുകളിലുള്ള ബില്ലിൽ നിന്നും 2% ടിഡിഎസ് ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും ടി ഡി എസ് കുറവ് ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 92/17-5-22/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 പട്ടികവർഗ്ഗ തെയ്യം കലാകാരൻമാരുടെ ഗ്രൂപ്പുകൾക്ക് അണിയല നിർമ്മാണ പരിശീലനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ-; ചെലവ് തുക ₹1,27,550 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (ഐറ്റിഡിപി ) |
| പ്രോജക്ട് നമ്പർ | 475/21 |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ ഗ്രൂപ്പുകൾക്ക് അണിയല നിർമ്മാണ പരിശീലനം |
| അടങ്കൽ | ₹3,00,000 വികസന ഫണ്ട് (ടി എസ് പി) |
| ചെലവ് | ₹ 1,27,550 |
| ബിൽ റഫറൻസ് നമ്പർ, തീയതി | 20190152025901426175 തീയതി 29-3-2021 |

ഈ പ്രോജക്ടിൽ, പട്ടികവർഗ്ഗ കലാകാരൻമാരുടെ ഗ്രൂപ്പുകൾക്ക് അണിയല നിർമ്മാണ പരിശീലനം നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിനായി അപേക്ഷ ക്ഷണിച്ചപ്പോൾ പൊൻകുറിത്തെയ്യം കലായൂണിറ്റ്, പാലയാട്; കലാഗ്രാമം അണിയല യൂണിറ്റ്, വാതിൽമട എന്നിവരുടെ അപേക്ഷകൾ ലഭ്യമായി. ഈ ഗ്രൂപ്പുകളിൽ പെട്ട 20 പേർക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. 03-03-2021 മുതൽ 06-03-2021 വരെയും 08-03-2021 മുതൽ 10-03-2021 വരെയും 15-03-2021 മുതൽ 17-03-2021 വരെയുമാണ് പരിശീലനം നടന്നത്. പരിശീലനത്തിൽ 13 പേരാണ് പങ്കെടുത്തത്. അണിയല നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനുള്ള തുക, ഫാക്കൽറ്റിമാരുടെ ഹോണറേറിയം, സ്പോർട്സ് കൗൺസിൽ ഹാൾ വാടക, ഭക്ഷണച്ചെലവ് എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ഭക്ഷണച്ചെലവിനത്തിൽ ₹19,550യുടെയും സ്പോർട്സ് കൗൺസിൽ ഹാൾ വാടക ₹18,000യുടെയും വൗച്ചറുകൾ, തുക കൈപ്പറ്റിയതിന്റെ രശീതി എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) അണിയല നിർമ്മാണ പരിശീലനം നേടിയ 13 കലാകാരൻമാരിൽ, ഗംഗാധരൻ ഇ.കെ എന്നവരുടെ ജാതി സർട്ടിഫിക്കറ്റ് മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. മറ്റ് കലാകാരൻമാർ പട്ടികവർഗ്ഗത്തിൽ പെടുന്നവർ ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയ സുധിൻകുമാർ എം.വി, സന്നിധ് കെ.വി എന്നിവർ പരിശീലനത്തിൽ പങ്കെടുത്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 84/09-5-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹1,27,550 തടസ്സപ്പെടുത്തുന്നു.

## 1-30 പട്ടികവർഗ്ഗയുവജനഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ - ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല,അനുബന്ധ രേഖകൾ ഹാജരാക്കിയില്ല ₹95,625 നിരാകരിക്കുന്നു -₹18,16,875 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (ഐറ്റിഡിപി ) |
| പ്രോജക്ട് നമ്പർ | 551/20 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ | വികസനഫണ്ട് (ടിഎസ്പി) ₹ 19,12,500 |
| ചെലവ് | ₹19,12,500/- |
| ബിൽ നമ്പർ, തീയതി | 2/20-21 -23-4-20 ₹2,12,500<br>3/20-21 -23-4-20 ₹2,12,500<br>4/20-21 - 23-4-20 ₹2,12,500<br>5/20-21 -23-4-20 ₹2,12,500<br>6/20-21 -23-4-20 ₹2,12,500<br>7/20-21 -23-4-20 ₹2,12,500<br>8/20-21 - 23-4-20 ₹2,12,500<br>9/20-21 - 23-4-20 ₹2,12,500<br>10/20-21 - 23-4-20 ₹2,12,500 |

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 9 വാദ്യമേള സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 2019-20ൽ ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം ഒരു വാദ്യോപകരണസംഘത്തിന് 5 മണിച്ചെണ്ട, 5 താളച്ചെണ്ട, 5 മണിത്താളം എന്നിവ വീതമാണ് വിതരണം ചെയ്തിട്ടുള്ളത് . ഗ്രൂപ്പുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി 9 ഗ്രൂപ്പുകളെ തെരഞ്ഞെടുത്താണ് ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. വാദ്യോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ലഭ്യമായ ഏകടെണ്ടർ-ശ്രീപൂക്കോത്ത് കൊട്ടാരം വാദ്യസംഘം, പൂക്കോത്ത് തെരു-അംഗീകരിക്കുകയാണുണ്ടായത്. കൈരളിവാദ്യ സംഘം-കാർത്തികപുരം, കനലാട്ടം കലാസമിതി വാദ്യസംഘം-നടുവിൽ, സ്വരലയവാദ്യസംഘം-നടുവിൽ, ശ്രീകരിമണൽ ചാമുണ്ഡേശ്വരിവാദ്യ സംഘം-കരിമണൽ, സൗപർണ്ണിക വാദ്യസംഘം-ഉദയഗിരി, സങ്കീർത്തന വാദ്യസംഘം-നടുവിൽ, ചെമ്പടവാദ്യസംഘം-ചെമ്പന്തൊട്ടി, തേജസ്വിനിവാദ്യസംഘം-പ്രാപ്പൊയിൽ, നവജ്യോതിവാദ്യസംഘം-നടുവിൽ എന്നിവർക്കാണ് വാദ്യോപകരണങ്ങൾ നൽകിയത്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1) ആദ്യടെണ്ടറിൽ, ഏകടെണ്ടർ മാത്രം ലഭ്യമാകുമ്പോൾ ഏകടെണ്ടർ പരിഗണിക്കേണ്ടതില്ലെന്നും സമർപ്പണ കാലയളവ് ദീർഘിപ്പിക്കുകയോ, പുനർടെണ്ടർ നടത്തുകയോ ചെയ്യേണ്ടതാണെന്നുമുള്ള സ്റ്റോർപർച്ചേസ് വകുപ്പിന്റെ മാർഗ്ഗനിർദ്ദേശം (സർക്കുലർ 2508/ബി.2/2013 തീയതി 28.10.2013) പാലിക്കപ്പെട്ടിട്ടില്ല. ഏകടെണ്ടർ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു ന്യായീകരണക്കുറിപ്പ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണെന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിച്ചിട്ടില്ല.

2) മൂന്ന് ടെണ്ടർ ഫോറങ്ങൾ വിതരണം ചെയ്തതിന്റെ വിലയായ ₹14,238 ജില്ലാ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3) ശ്രീ പൂക്കോത്ത് കൊട്ടാരംവാദ്യസംഘത്തിൽ നിന്ന് വാദ്യോപകരണങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സ്, തുക മാറിയതിന്റെ ട്രഷറി ബില്ലിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

4) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ-7.2.15 പ്രകാരം എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രസ്തുത പദ്ധതി നടപ്പാക്കാമെന്നും എസ്.സി, എസ്.ടി. യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണെന്നും ആയതിന് 5% ഗുണഭോക്തൃ വിഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

5) ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് മൂന്ന് വർഷത്തിന് ശേഷമേ ആനുകൂല്യം നൽകാവൂവെന്നും മേൽ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ ജില്ലാ പഞ്ചായത്തിൽ നിന്നോ, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 99/13-5-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ തുക ശേഖരിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച ₹95,625 നിരാകരിക്കുന്നു. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹18,16,875 തടസ്സപ്പെടുത്തുന്നു.

## 1-31 പട്ടികവർഗ്ഗ ഗ്രൂപ്പുകൾക്ക് വാദ്യോപകരണ വിതരണം-ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല,അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല- ₹40,200 നിരാകരിക്കുന്നു. ₹7,63,800 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (ഐറ്റിഡിപി) |
| പ്രോജക്ട് നമ്പർ | 465/21 |
| പ്രോജക്ടിൻെറ പേര് | പട്ടിക വർഗ്ഗ ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ | വികസനഫണ്ട് (ടിഎസ് പി)<br>₹ 10,00,000/- |
| ചെലവ് | ₹ 8,04,000/- |
| ബിൽ നമ്പർ, തീയതി | 16/20-21-31-3-21 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗത്തിൽപ്പെട്ട ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചതിനെ തുടർന്ന് 13 അപേക്ഷകൾ ലഭ്യമായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി റാങ്ക് പട്ടിക തയ്യാറാക്കി. വാദ്യോപകരണങ്ങൾ വിതരണം ചെയ്യാനായി ടെണ്ടർ ക്ഷണിച്ചതിൽ, ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത സുവർണരാഗം മ്യൂസിക്കൽസ്, കൽപ്പറ്റ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇവരിൽ നിന്നും 24 ചെണ്ട, 24 വീക്ക്ചെണ്ട, 24 ഇലത്താളം എന്നിവ ₹8,04,000ക്ക് വാങ്ങിച്ച് റാങ്ക് ലിസ്റ്റിൽ ആദ്യ നാല് സ്ഥാനത്ത് വന്ന ആശ്രയ വാദ്യസംഘം, കുണ്ടേൻകാവ് വാദ്യസംഘം, ദേവീകൃപ വാദ്യസംഘം, ആഞ്ജനേയ വാദ്യസംഘം എന്നീ ഗ്രൂപ്പുകൾക്ക് 6 ചെണ്ട, 6 വീക്ക്ചെണ്ട, 6 ഇലത്താളം എന്നിവ വീതം വിതരണം ചെയ്യുകയും ചെയ്തു. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ-7.2.15 പ്രകാരം എല്ലാ തലത്തിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രസ്തുത പദ്ധതി പ്രകാരം എസ്.സി, എസ്.ടി യുവജന ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. ആയതിന് വിലയുടെ 5% ഗുണഭോക്തൃ വിഹിതം ഈടാക്കണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (93/17-5-22) മറുപടി ലഭ്യമാക്കിയിട്ടുമില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് വഴി വികസന ഫണ്ടിൽ ₹40,200 (8,04,000x5%)യുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. ₹40,200/- ഓഡിറ്റിൽ നിരാകരിക്കുന്നു.

2) ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക്, ആനുകൂല്യം ലഭിച്ച് മൂന്ന് വർഷത്തിന് ശേഷമേ ആനുകൂല്യം നൽകാവൂ എന്നും മേൽ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ ജില്ലാപഞ്ചായത്തിൽ നിന്നോ, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയിൽ ₹7,63,800 (8,04,000-40,200) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 വയോജന വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണവും അടിസ്ഥാനസൗകര്യവികസനവും -ഗ്രാമ

പഞ്ചായത്തുകൾക്ക് ധനസഹായം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക ₹3,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കണ്ണൂർ |
| പ്രോജക്ട് നമ്പർ, പേര് | 455/21, വയോജന വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണവും അടിസ്ഥാനസൗകര്യ വികസനവും-ഗ്രാമ പഞ്ചായത്തുകൾക്ക് ധനസഹായം |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) ₹20,00,000 |
| ചെലവ് | ₹4,24,045 |
| അലോട്ട്മെന്റ് നമ്പർ, തീയതി | 1057 തീയതി 8/01/2021- ₹1,24,045<br>2208 തീയതി 29/03/2021- ₹3,00,000 |

വയോജന വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണവും അടിസ്ഥാനസൗകര്യവികസനവും - എന്ന പദ്ധതി പ്രകാരം വയോജന വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി 10 ലക്ഷം രൂപയും അടിസ്ഥാനസൗകര്യവികസനത്തിനായി 10 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. 22-1-21ന് നടന്ന ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കൂടി ധനസഹായം നൽകാം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി പദ്ധതി ഭേദഗതി ചെയ്തിരുന്നു. പദ്ധതി സംബന്ധിച്ച ഫയലിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തിന്/ബ്ലോക്ക് പഞ്ചായത്തിനാണ് ധനസഹായം നൽകിയിട്ടുള്ളത് എന്നത് വ്യക്തമല്ല. കണ്ണപുരം ഗ്രാമപഞ്ചായത്തിന് 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പകൽ വീട് – അടിസ്ഥാനസൗകര്യം എന്ന പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് നൽകിയ വിഹിതം ₹1,24,045 ചെലവഴിച്ചതായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ചെലവിനത്തിൽ ശേഷിക്കുന്ന ₹3,00,000 ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയത് എന്നതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിവരം, തുക നൽകിയതിന്റെ ബിൽ നമ്പർ/അലോട്ട്മെന്റ് നമ്പർ ഇവ വിനിയോഗസാക്ഷ്യപത്രം സഹിതം ഓഡിറ്റിന് ഹാജരാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറി (നം.54/24.03.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക ₹3,00,000 തടസ്സപ്പെടുത്തുന്നു.

1-33 'ആരൂഢം' പദ്ധതി -ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല-₹40,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| പ്രോജക്ട് നമ്പർ | 1019/21 |
| പ്രോജക്ടിന്റെ പേര് | ആരൂഢം ഒന്നാം നില നിർമ്മാണം |
| അടങ്കൽ | ₹85,00,000 – വികസന ഫണ്ട്<br>₹5,00,000 – ഗ്രാമ പഞ്ചായത്ത് വിഹിതം<br>ആകെ –₹90,00,000 |
| ചെലവ് | ₹35,00,000+₹5,00,000= ₹40,00,000 |
| ബിൽ നമ്പർ, തീയതി | 4/20-21- 17/7/2020 –₹35,00,000<br>ചെക്ക് നമ്പർ 2982302 -8/7/2020 – ₹5,00,000 |

കുട്ടികളിൽ മാനസികാരോഗ്യവും ശാസ്ത്രാവബോധവും കാർഷികസംസ്കൃതിയും വളർത്തിയെടുക്കാനുള്ള സംവിധാനങ്ങളും സൗകര്യങ്ങളും ഒരുക്കുക എന്ന ലക്ഷ്യത്തോടെ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ ചട്ടുകപ്പാറ എന്ന സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 'ആരൂഢം പൈതൃക ഗ്രാമ' ത്തിന് വേണ്ടിയുള്ള കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണത്തിനാണ് ഈ പ്രോജക്ട്. 2017-18ൽ ആരംഭിച്ച ഈ ബഹുവർഷ പദ്ധതിക്ക് 2 കോടി രൂപയാണ് അടങ്കൽ വകയിരുത്തിയത്. പദ്ധതി നടപ്പാക്കുന്നത് അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്ര മുഖേനയാണ്. നിർമ്മിതി കേന്ദ്രയുമായി 26-2-2018 ൽ ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പ്രകാരം പന്ത്രണ്ട് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കും എന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്.

തുടർന്ന് മൊബിലൈസേഷൻ അഡ്വാൻസായി എസ്റ്റിമേറ്റ് കോസ്റ്റിന്റെ 20% –₹40,00,000 - 2017-18 സാമ്പത്തിക വർഷവും, തുടർന്ന് വിനിയോഗ സാക്ഷ്യപത്രത്തിൻെറ അടിസ്ഥാനത്തിൽ 20% വീതം രണ്ട് ഗഡുക്കളായി 2018-19 വർഷം ₹80,00,000വും നിർമ്മിതികേന്ദ്രക്ക് നൽകിയിട്ടുണ്ട്. തുടർന്ന് ₹1,20,00,000 വിനിയോഗിച്ച എന്നുള്ള

സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, 35 ലക്ഷം രൂപ വികസന ഫണ്ടും 5 ലക്ഷം രൂപ ഗ്രാമ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ ₹40,00,000 ഈ സാമ്പത്തികവർഷവും നൽകിയിട്ടുണ്ട്. തുക നൽകുമ്പോൾ മുൻപ് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. പ്രവൃത്തി ഏത് ഘട്ടം വരെ പൂർത്തീകരിച്ചു എന്ന് കാണിക്കുന്ന എം ബുക്ക്, വർക്ക് ബില്ലുകൾ എന്നിവ പരിശോധിക്കാതെയാണ് രണ്ട്, മൂന്ന്, നാല് ഗഡുക്കൾ നൽകിയത്. മാത്രമല്ല 2018-19ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 2020-21 സാമ്പത്തികവർഷവും പൂർത്തീകരിക്കാതെ സ്പിൽ ഓവറായി തുടരുകയാണ്. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് താഴെ ചേർത്ത കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1) തദ്ദേശ സ്വയംഭരണ വകുപ്പ് (ഡി ബി) പ്രിൻസിപ്പൽ സെക്രട്ടറിയുടെ 5/1/2015ലെ നമ്പർ 58385/ഡി.ബി1/14/ തസ്വഭവ കത്തിൽ ആരുദ്ധം ശിശു പരിപാലന-ശിശു വികസന പ്രോജക്ട് ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരാത്തതാണെന്നും എന്നാൽ പദ്ധതിക്കായി നാളിതുവരെ 23.80 ലക്ഷം രൂപ ചെലവിട്ട സാഹചര്യത്തിൽ ആയത് ഉപേക്ഷിക്കാവുന്നതല്ലായെന്നതിനാൽ മേലിൽ ആസൂത്രണ മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള പദ്ധതികൾ മാത്രമേ ഏറ്റെടുക്കാവൂ എന്ന നിബന്ധനയോടെ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകിയിരുന്നു. മുൻവർഷങ്ങളിൽ 23.80 ലക്ഷം രൂപ ചെലവഴിച്ച് നടത്തിയ പ്രവൃത്തികൾ ഏതെന്നും അതിന്റെ തുടർച്ചയായി സ്ഥലപരിശോധന നടത്തിയാണോ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമല്ല. പ്രസ്തുത വിവരങ്ങൾ സ്ഥല പരിശോധന റിപ്പോർട്ട് സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) നിർവ്വഹണ ഏജൻസിയുമായി വെച്ച കരാർ ഉടമ്പടി പ്രകാരം 25-2-2019നുള്ളിൽ പൂർത്തീകരിക്കേണ്ടതാണെങ്കിലും 2020-21 വർഷവും പദ്ധതി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തിയുടെ നാളിതുവരെയുള്ള നിർവ്വഹണം സംബന്ധിച്ച ബില്ലുകൾ, അളവ് പുസ്തകം, മോണിറ്ററിങ് റിപ്പോർട്ട് എന്നിവ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതും പദ്ധതി പൂർത്തീകരണ കാലതാമസം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

3) ഫയൽ പരിശോധനയിൽ, ഗ്രാമപഞ്ചായത്ത് വിഹിതമായ ₹5,00,000/- 2020-21 വർഷം ചെലവഴിച്ചതായി കാണുന്നു. എന്നാൽ ചെലവ്പത്രിക (സൂലേഖ)യിൽ ടി ചെലവ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

മേൽ കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ 73/2020-21/26-3-2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹40,00,000 തടസ്സപ്പെടുത്തുന്നു. ഇതിനകം ലക്ഷങ്ങൾ ചെലവഴിച്ച 'ആരുദ്ധം' പദ്ധതി വർഷങ്ങളായിട്ടും പ്രാവർത്തികമാക്കിയിട്ടില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 തോട്ടട ബ്ലൈൻഡ് സ്ഥാപനത്തിൽ കമ്പ്യൂട്ടർ, തൊഴിൽ പരിശീലനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹1,91,250 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| പ്രോജക്ട് നമ്പർ | 554/21 |
| പ്രോജക്ടിന്റെ പേര് | തോട്ടട ബ്ലൈൻഡ് സ്ഥാപനത്തിൽ കമ്പ്യൂട്ടർ, തൊഴിൽ പരിശീലനം |
| അടങ്കൽ | ₹3,54,453 വികസന ഫണ്ട് |
| ചെലവ് | ₹1,91,250 |
| ബിൽ നമ്പർ, തീയതി | 1/20-21 തീയതി 6-5-2020 – ₹1,57,050<br>2/20-21 തീയതി 5-6-2020 – ₹34,200 |

തോട്ടട ബ്ലൈൻഡ് സ്ഥാപനത്തിൽ കമ്പ്യൂട്ടർ, തൊഴിൽ പരിശീലനത്തിനായി 2019-20ൽ രൂപീകരിച്ച പദ്ധതിയുടെ തുടർച്ചയാണ് (സ്പിൽ ഓവർ) ഈ പ്രോജക്ട്. പരിശീലനാർത്ഥികൾക്കും കമ്പ്യൂട്ടർ, ചോക്ക് നിർമ്മാണ പരിശീലകർക്കും 2019 ഒക്ടോബർ മാസം മുതൽ 2020 ഫിബ്രവരി മാസം വരെയുള്ള ടിഎയും ചോക്ക് പൗഡർ ഇറക്കിയ വകയിൽ പെർഫക്ട് ജിപ്സം എന്ന സ്ഥാപനത്തിന് നൽകാനുള്ള തുകയും ആണ് ബിൽ നമ്പർ ഒന്ന് പ്രകാരം നൽകിയിട്ടുള്ളത്. ബിൽ നമ്പർ രണ്ട് പ്രകാരം ഹോണറേറിയം, ടിഎ ഇനത്തിലാണ് തുക ചെലവഴിച്ചിട്ടുള്ളതെങ്കിലും ഏത് മാസത്തേതാണെന്ന് വ്യക്തമല്ല. മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട്, ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) കാഴ്ചവൈകല്യമുള്ള വ്യക്തികൾക്ക് കമ്പ്യൂട്ടർ,ചോക്ക് നിർമ്മാണം തൊഴിൽ പരിശീലനമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പരിശീലനാർത്ഥികൾ 40% എങ്കിലും കാഴ്ചവൈകല്യം ഉള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2) സമർപ്പിച്ച ഹാജർ സ്റ്റേറ്റ്മെന്റ് പ്രകാരം 21/10/2019 മുതൽ 31/1/2021 കാലയളവിലാണ് കമ്പ്യൂട്ടർ പരിശീലനം, ചോക്ക് നിർമ്മാണ പരിശീലനം എന്നീ പരിശീലന പരിപാടികൾ നടന്നത്. കമ്പ്യൂട്ടർ പരിശീലകരായ വൈഷ്ണവ്, രസ്ന എന്നിവർക്കും ചോക്ക് നിർമ്മാണപരിശീലനം നൽകിയ ലീന അശോക് എന്നവർക്കും ദിവസം ₹600 വീതം ഹോണറേറിയവും; കമ്പ്യൂട്ടർ പരിശീലനാർത്ഥികളായ രമിത്, പ്രവീൺ, കലേഷ്, അഫ്സൽ, മിൻസില്ലാത്ത്, ശ്രീജ എന്നിവർക്കും ചോക്ക് നിർമ്മാണ പരിശീലനത്തിന് പങ്കെടുത്തതിന് കനകൻ, ജ്യോതികുമാർ, ജലീൽ, മുഹമ്മദ് അലി, പ്രീതു എന്നിവർക്കും ദിവസം ₹200 വീതവും ടിഎ നൽകിയിട്ടുണ്ട്.

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പരിശീലനത്തിന്റെ ഹാജർ പത്രികയിൽ ഉൾപ്പെടാത്ത നെഹല, ഇക്ബാൽ, രാജീവൻ, അശ്വതി, റജിനാൽഡ് എം.എസ്. എന്നവർക്കും ടിഎ ഇനത്തിൽ രണ്ട് ബില്ലുകളിലായി യഥാക്രമം ₹2,800+₹400, ₹3,000+₹200, ₹600+₹400, ₹4,000, ₹2,200 എന്നിങ്ങനെ ടിഎ നൽകിയതായി കാണുന്നു. പരിശീലനത്തിൽ പങ്കെടുത്തതായി രേഖകൾ ഇല്ലാത്ത ഇവർക്ക് ടി എ നൽകിയതിന്റെ ആധികാരികത വ്യക്തമല്ല.

3) താഴെ പറയുന്നവർക്ക് അറ്റൻഡൻസ് പ്രകാരം നൽകാവുന്ന ടിഎ/ഹോണറേറിയത്തിലും അധികമായി തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | അറ്റൻഡൻസ് പ്രകാരം നൽകേണ്ട തുക | നൽകിയ തുക (₹) |
|---|---|---|
| മുഹമ്മദ് അലി | 23x200=4600 | ₹9,000 |
| രസ്ന | 27x600= 16200 | ₹20,400 |
| അബ്ദുൾ ജലീൽ | 19x200=3800 | ₹8,800 |
| ജോതി കുമാർ | 20x200=4000 | ₹8,400 |
| പ്രീതു | 8x200=1600 | ₹5,000 |
| ലീന | 25x600= 15000 | ₹31,800 |
| കനകൻ | 23x200=4600 | ₹8,600 |

ഹാജർ പത്രിക പ്രകാരം നൽകേണ്ടതിലും അധികം തുക നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതി പ്രകാരം വിഭാവനം ചെയ്ത പരിശീലന കാലയളവ് എത്രയെന്നും ഈ കാലയളവ് പൂർണ്ണമായും പരിശീലനം നൽകിയിട്ടുണ്ടോ എന്നതും; ഓരോ കോഴ്സിൽ എത്ര പേർക്ക് വീതം പരിശീലനം നൽകി എന്നതും, പരിശീലകരെ തിരഞ്ഞെടുത്തതെങ്ങിനെയെന്നും വ്യക്തമാക്കിയിട്ടില്ല.

5) പതിമൂന്നാം പദ്ധതി സബ്സിഡിമാർഗ്ഗരേഖ സ.ഉ(കൈ)22/2018/തസ്വഭവ തീയതി 14-2-2018 - പരിശീലന പരിപാടികൾക്ക് നിയന്ത്രണം - ഖണ്ഡിക 8.5ൽ പരിശീലനത്തിന് മാത്രമായി പ്രോജക്ടുകൾ പാടുള്ളതല്ല എന്നും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വികസന പ്രോജക്ടുകൾ പ്രകാരം പരിശീലനം ആകാവുന്നതാണ് എന്നും പരിശീലനാർത്ഥികൾക്ക് യാത്രപ്പടിയും സ്റ്റൈപ്പന്റും അനുവദനീയമല്ല എന്നും, കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതല്ല എന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പരിശീലനത്തിന് മാത്രമായി പദ്ധതി നടപ്പാക്കുകയും കമ്പ്യൂട്ടർ പരിശീലനം നടത്തുകയും പരിശീലനാർത്ഥികൾക്ക് യാത്രപ്പടി നൽകിയതും സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 71/26-3-2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹1,91,250 തടസ്സപ്പെടുത്തുന്നു.

## 1-35 ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ വിവിധ പദ്ധതികൾ :-നിർവ്വഹണ വിവരവും ചെലവു രേഖകളും ലഭ്യമാക്കിയില്ല - ₹ 1,01,77,878 തടസ്സപ്പെടുത്തുന്നു.

2020-21 വർഷം നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികളിൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് അനുസരിച്ച് താഴെ പറയും പ്രകാരം ചെലവുള്ളതായി കാണുന്നു. എന്നാൽ ഈ പദ്ധതികളുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖയും (പ്രോജക്ട് റിപ്പോർട്ട്, ചെലവ് സംബന്ധിച്ച ബില്ലുകൾ, വൗച്ചറുകൾ, ഫയലുകൾ) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ജില്ലാ സാമൂഹ്യനീതി ഓഫീസർ | റിമാർക്സ് |
|---|---|---|---|
| പദ്ധതിയുടെ പേര്, നമ്പർ, | അടങ്കൽ ഫണ്ട് (₹) | ചെലവ് (₹) | ബിൽ നമ്പർ /തീയതി(ACR പ്രകാരം) |

| | | | |
|---|---|---|---|
| ബഡ്സ് സ്കൂളുകൾക്ക് ധനസഹായം-<br>451/21 | വികസന ഫണ്ട്<br>(പൊതു വിഭാഗം)<br>₹50,00,000 | വികസന ഫണ്ട്<br>(പൊതു വിഭാഗം)<br>₹49,22,408 | 960/7-1-21<br>₹91,391<br>1014/11-1-21<br>₹3,24,000<br>1067/12-1-21<br>₹69,400<br>1080/13-1-21<br>₹1,82,650<br>1170/20-1-21<br>₹91,140<br>1267/3-2-21<br>₹ 69,400<br>1350/11-2-21<br>₹81,841<br>1902,1903,1904,1905,1906,<br>1907/26-3-21<br>₹4,25,864<br>2127,2128,2130,2126,2131/<br>31-3-21<br>₹35,86,722 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 620/21 (സ്പിൽ ഓവർ) | വികസന ഫണ്ട് (പൊതു വിഭാഗം)<br>₹19,02,807 | വികസന ഫണ്ട്<br>(പൊതു വിഭാഗം)<br>₹19,02,807 | 220,221,222/14-5-20<br>₹ 7,27,400<br>259,260,262/15-5-20<br>₹ 8,69,650<br>463/27-5-20<br>₹2,00,000<br>912/7-1-21<br>₹1,05,757 |
| ബഡ്സ് സ്കൂളുകൾക്ക് ധനസഹായം<br>623/21 (സ്പിൽ ഓവർ) | വികസന ഫണ്ട് (പൊതു വിഭാഗം)<br>₹39,15,902 | വികസന ഫണ്ട്<br>(പൊതു വിഭാഗം)<br>₹33,52,663 | 217,218,219/14-5-20<br>₹6,55,658<br>517,518/26-6-20<br>₹ 26,97,005 |

മേൽ പദ്ധതികളിൽ, ഗ്രാമപഞ്ചായത്തിന് വിഹിതം നൽകിയതിന്റെ വിശദവിവരങ്ങൾ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രേഖകൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ഉൾപ്പെടെ ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറി (72/ 26-3-2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക ₹1,01,77,878 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 ഷീ ഷെൽട്ടർ-തുടർപ്രവർത്തനം ;-ചെലവു രേഖകൾ ഹാജരാക്കിയില്ല- ₹15,454 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ വനിതാക്ഷേമ ഓഫീസർ |
| പ്രോജക്ട് നമ്പർ | 1059/21 |
| പ്രോജക്ടിന്റെ പേര് | ഷീ ഷെൽട്ടർ-തുടർപ്രവർത്തനം |
| അടങ്കൽ | ₹1,50,000 – തനത് ഫണ്ട് |
| ചെലവ് | ₹1,13,975 |
| അലോട്ട്മെന്റ് നമ്പർ, തീയതി,തുക | 2154/29-3-21<br>₹1682<br>2155/29-3-21<br>₹38000 |

| | |
|---|---|
| | 2156/29-3-21<br>₹38000<br>2157/29-3-21<br>₹20839<br>2158/29-3-21<br>₹1511<br>2159/29-3-21<br>₹4594<br>2160/29-3-21<br>₹4166<br>2161/29-3-21<br>₹2361<br>2162/29-3-21<br>₹2822 |

മേൽ പദ്ധതിക്കായി 2020-21 വർഷം ₹1,13,975 ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലിൽ കോവിഡ് സാഹചര്യത്തിൽ 24/3/20ൽ പ്രവർത്തനം നിർത്തിയിരുന്ന ഷിനൈറ്റ് ഹോം 2021 മാർച്ച് 8 മുതലാണ് പ്രവർത്തനം പുനരാരംഭിച്ചത് എന്ന് വ്യക്തമാകുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് 2020 ഏപ്രിൽ മാസത്തെ കറണ്ട് ബിൽ ₹1682, 2020 മാർച്ച് മാസത്തെ ഹോണറേറിയം ₹38,000, 2020 ഏപ്രിൽ മാസത്തെ ഹോണറേറിയം ₹38,000, മേയ് 2020ലെ ഹോണറേറിയം ₹20,839 ഉൾപ്പെടെ ആകെ ₹98,521യുടെ വൗച്ചറുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. സുലേഖ ചെലവ് പത്രിക പ്രകാരം ₹1,13,975 ചെലവ് കാണിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ₹15,454 ന്റെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(77/26-3-2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹15,454 തടസ്സപ്പെടുത്തുന്നു.

## 1-37 ജില്ലാ പഞ്ചായത്ത് ഘടകസ്ഥാപനങ്ങളിൽ സാനിറ്ററി വെൻഡിങ്ങ് മെഷീൻ സ്ഥാപിക്കൽ - പ്രോജക്ടിൽ ഉൾപ്പെടുത്താതെ എ.എം.സി.നൽകിയതും മറ്റ് അപാകങ്ങളും; ചെലവ് തുക ₹49,90,357 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ വനിത ക്ഷേമ ഓഫീസർ |
| പ്രോജക്ട് നമ്പർ | 701/21 |
| പ്രോജക്ടിന്റെ പേര് | ജില്ലാ പഞ്ചായത്ത് ഘടകസ്ഥാപനങ്ങളിൽ സാനിറ്ററി വെൻഡിങ്ങ് മിഷൻ സ്ഥാപിക്കൽ |
| അടങ്കൽ | ₹50,00,000 – വികസന ഫണ്ട് |
| ചെലവ് | ₹49,90,357 |
| ബിൽ നമ്പർ, തീയതി | ബിൽ നമ്പർ 1/20-21 തീയതി 25-1-2020- ₹43,20,511<br>ബിൽ നമ്പർ 2/20-21 തീയതി 24-2-21 - ₹6,69,846 |

ജില്ലാ പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിലും സ്കൂളുകളിലും സർക്കാർ അംഗീകൃത സ്ഥാപനമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിൽ നിന്ന് സാനിറ്ററി നാപ്കിൻ വെൻഡിങ്ങ് മെഷിൻ നേരിട്ട് വാങ്ങി സ്ഥാപിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിത ശുചിത്വ സൗകര്യം ഉറപ്പ് വരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. മേൽ പദ്ധതി പ്രകാരം ഒരു നാപ്കിൻ വെൻഡിങ്ങ് മെഷിന് ₹25,000 പ്രകാരം 200 നാപ്കിൻ വെൻഡിങ്ങ് മെഷീൻ വാങ്ങാനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ അംഗീകൃത സ്ഥാപനമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും നാപ്കിൻ വെൻഡിങ്ങ് മെഷിൻ നേരിട്ട് വാങ്ങുന്നു എന്ന് അംഗീകരിച്ച പദ്ധതിയിൽ കാണിച്ചിട്ട് YONG ENTERPRISES എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2) YONG ENTERPRISES ന്റെ 149 നാപ്കിൻ വെൻഡിങ്ങ് മെഷിന്റെ വിലയുടെ കൂടെ രണ്ട് വർഷത്തേക്കുള്ള AMC ചാർജ്ജ് ₹4,76,800 കൂടി ഉൾപ്പെടുത്തിയതായി കാണുന്നു. പുതുതായി വാങ്ങിയ മെഷിനുകൾക്ക് ഒരു വർഷ വാറണ്ടി ഉള്ളത് കൂടാതെ രണ്ട് വർഷത്തേക്ക് AMC ചാർജ് നൽകിയിട്ടുണ്ട്. അംഗീകരിച്ച പദ്ധതിയിൽ എ എം സി ചാർജ് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. അംഗീകരിച്ച പ്രോജക്ടിൽ ഉൾപ്പെടാതെ, പദ്ധതി നിർവ്വഹണ വേളയിൽ എ.എം.സി.

ചാർജ് ₹4,76,800 നൽകിയത് കാരണം 200 മെഷിനുകൾക്ക് പകരം 149 എണ്ണമേ വാങ്ങാൻ സാധിച്ചിട്ടുള്ളൂ. അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് കൊണ്ട് മെഷിനുകൾക്ക് എ എം സി നൽകുന്നതിന് വികസന ഫണ്ട് വിനിയോഗിച്ചത് ശരിയായ നടപടിക്രമമല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3) 11.03.2022ന് ഓഡിറ്റിന്റെ ഭാഗമായി ശ്രീപുരം ഹയർസെക്കണ്ടറി സ്കൂൾ മണക്കടവ്, ഇ.എം.എസ്.സ്മാരക ഹയർസെക്കണ്ടറി സ്കൂൾ പാപ്പിനിശ്ശേരി എന്നിവിടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിൽ രണ്ട് സ്കൂളുകളിലെയും സാനിറ്ററി വെൻഡിങ്ങ് മെഷിനുകൾ പ്രവർത്തനരഹിതമാണെന്ന് കണ്ടു. ₹4,76,800 എ.എം.സി. ഇനത്തിൽ നൽകിയിട്ടും കേടായവ റിപ്പയർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. എ.എം.സി. ഒടുക്കുന്നതല്ലാതെ കാലിക പരിശോധനയും പരിപാലനവും നടത്തുന്നില്ല. ഇത് പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. 149 സാനിറ്ററി വെൻഡിങ്ങ് മെഷിനുകളിൽ നിലവിൽ പ്രവർത്തിക്കുന്നതിന്റെ എണ്ണം, നിലവിൽ പ്രവർത്തനരഹിതമായതിന്റെ എണ്ണം, എ.എം.സി പ്രകാരം റിപ്പയർ ചെയ്തതിന്റെ എണ്ണം എന്നിവയുടെ വിശദവിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 79/01-4-2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ സ്ഥാപനങ്ങളിലും കൃത്യമായ പരിശോധന നടത്തി പ്രവർത്തനരഹിതമായ മുഴുവൻ മെഷീനുകളും പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശിച്ച അപാകങ്ങളാൽ ചെലവ് തുക ₹49,90,357 തടസ്സപ്പെടുത്തുന്നു.

## 1-38 ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങളുടെ സ്ഥാപനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ വനിതാക്ഷേമ ഓഫീസർ |
| പ്രോജക്ട് നമ്പർ | 1022/21 |
| പ്രോജക്ടിന്റെ പേര് | ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങളുടെ സ്ഥാപനം |
| അടങ്കൽ | ₹36,00,000 - വികസന ഫണ്ട് |
| ചെലവ് | ₹27,00,131 |
| ബിൽ നമ്പർ, തീയതി | ബിൽ നമ്പർ 3/20-21 തീയതി 23-5-2020- ₹12,00,000<br>ബിൽ നമ്പർ 4/20-21 തീയതി 30-3-21 - ₹15,00,131 |

മേൽ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ സ്ത്രീകളും കുട്ടികളും എത്തിച്ചേരുന്ന പൊതുഇടങ്ങളായ ബസ് സ്റ്റാന്റ്, ആരാധനാലയങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മെറ്റാലിക് ക്യാബിനോടുകൂടിയ മുലയൂട്ടൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. 2018-19 വർഷം ആരംഭിച്ച ഈ ബഹുവർഷപദ്ധതി പ്രകാരം 19 കേന്ദ്രങ്ങളിൽ മുലയൂട്ടൽ കേന്ദ്രങ്ങളുടെ സ്ഥാപനത്തിനായി ₹60,00,000 യാണ് വകയിരുത്തിയത്. നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്ര മുഖേനയായിരുന്നു. നിർമ്മിതി കേന്ദ്രയുമായി പദ്ധതി നടത്തിപ്പിന് വേണ്ടി കരാർ വെച്ചത് 25/2/19നാണ്. തുടർന്ന് 2018-19 വർഷം മൊബിലൈസേഷൻ അഡ്വാൻസായി 20% തുകയും തുടർന്ന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 20% തുകയും കൂടി ആകെ ₹24,00,000/- 2018-19 വർഷം നൽകിയിരുന്നു. തുടർന്ന് ₹36,00,000/- 2020-21 വർഷം വകയിരുത്തിയതിൽ ₹27,00,131 നിർമ്മിതികേന്ദ്രക്ക് നൽകി. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹4,00,000 ആണ് ഒരു ഫീഡിങ്ങ് റൂമിന് കണക്കാക്കിയ ചെലവ്. 13 കേന്ദ്രങ്ങളിലെ ഫീഡിങ്ങ് റൂം പൂർത്തിയാക്കി അതിന്റെ ചെലവിനത്തിൽ 2020-21 വർഷം നൽകിയ ₹27,00,131 ഉൾപ്പെടെ ആകെ ₹51,00,131 പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) നിർമ്മിതി കേന്ദ്രയുമായി വെച്ച ഉടമ്പടി പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് നൽകി (20.03.2019) 6 മാസത്തിനകം പണി പൂർത്തീകരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിച്ചത് 2020-21 വർഷമാണ്. അംഗീകരിച്ച പദ്ധതിരേഖ പ്രകാരം 19 മുലയൂട്ടൽ കേന്ദ്രങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചതിൽ 13 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതായാണ് ഫൈനൽ ബില്ലിൽ നിന്നും വ്യക്തമാകുന്നത്. നിർമ്മാണം 13 എണ്ണത്തിൽ പരിമിതപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി പ്രകാരം ബസ് സ്റ്റാന്റ്, ആരാധനാലയങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മെറ്റാലിക് ക്യാബിനോടു കൂടിയ മുലയൂട്ടൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആകെ സ്ഥാപിച്ച മുലയൂട്ടൽ കേന്ദ്രങ്ങളിൽ രണ്ടെണ്ണം ആരാധാനാലയങ്ങളിലും നാലെണ്ണം ബസ്സ്റ്റാന്റിലും അഞ്ചെണ്ണം പി എച്ച് സി കളിലും ഒന്ന് കളക്ടറേറ്റിലും ഒന്ന് ജില്ലാ ആശുപത്രിയിലുമാണ്. നിലവിൽ ഈ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ ആവശ്യകത നിർണ്ണയിച്ചിട്ടാണോ പദ്ധതി തയ്യാറാക്കിയിട്ടുള്ളത് എന്നും നിർമ്മിച്ച സ്ഥലങ്ങളിൽ മേൽ കേന്ദ്രങ്ങളുടെ നടത്തിപ്പ്, പരിപാലനം

എന്നിവ നിർവ്വഹിക്കുന്നത് എങ്ങിനെയാണെന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കിയിട്ടില്ല.

3) എസ്റ്റിമേറ്റിൽ നാല് ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയിൽ കളക്ടറേറ്റിൽ സ്ഥാപിച്ച ഫീഡിങ്ങ് റൂമിന് ₹4,58,997 (ടാക്സ് കൂടാതെ)യാണ് നിർമ്മാണചെലവ് അനുവദിച്ചിരിക്കുന്നത്. മെറ്റാലിക് ക്യാബിനോടു കൂടിയ ഫീഡിങ്ങ് റൂം എന്ന് പദ്ധതിയിലും എസ്റ്റിമേറ്റിലും കാണിച്ചിട്ടുണ്ടെങ്കിലും കളക്ടറേറ്റിൽ വുഡൻ പാനലിങ്ങ് നടത്തിയാണ് ഫീഡിങ്ങ് റൂം നിർമ്മിച്ചിട്ടുള്ളത്. മറ്റ് ഫീഡിങ്ങ് റൂമുകളിൽ ഇല്ലാത്ത 1.5 ടൺ എസി ₹56,786 വിനിയോഗിച്ച് കളക്ടറേറ്റിലെ ഫീഡിങ്ങ് റൂമിൽ സ്ഥാപിച്ചതായി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട് (അളവു പുസ്തകം (ഇലക്ട്രിക്കൽ) ബുക്ക് നമ്പർ 1, പേജ് നമ്പർ 17). ഓഡിറ്റിന്റെ ഭാഗമായി സ്ഥലപരിശോധന നടത്തിയതിൽ എ.സി. സ്ഥാപിച്ചതായി ബോധ്യപ്പെട്ടെങ്കിലും ആയത് 1.5 ടണ്ണിന്റേതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല. ആയത് വ്യക്തമാക്കുന്ന ഇൻവോയ്സ്/രേഖകൾ, സാങ്കേതിക വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് ഇവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് ₹20,000യാണ് വകയിരുത്തിയതെങ്കിലും നിർമ്മിച്ചിരിക്കുന്ന ഫീഡിങ്ങ് റൂമുകളിൽ എസ്റ്റിമേറ്റിൽ അധികമായാണ് ഇലക്ട്രിഫിക്കേഷന്റെ ചെലവ് വന്നിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 51/21-3-2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ വകയിരുത്തിയതിൽ അധികം തുക ചെലവഴിച്ചതിനുള്ള വിശദീകരണവും പദ്ധതിയുടെ ലക്ഷ്യപ്രാപ്തി, തുടർപരിപാലനം എന്നിവ സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-39 വനിതാശിശുവിഹാരസരോവരം - നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ വനിതാശിശു വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 1035/2021 |
| പ്രോജക്ടിൻെറ പേര് | വനിതാശിശുവിഹാരസരോവരം - പാട്യം ഗ്രാമപഞ്ചായത്തിന് ധനസഹായം |
| അടങ്കൽ | ₹10,00,000 വികസനഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹10,00,000 |
| ബിൽ നമ്പർ, തീയതി | 892/06.01.2021. |

പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് പഠനസൗകര്യത്തിനും വനിതകൾക്ക് തൊഴിൽ പരിശീലനത്തിനുമായി പാട്യം ഗ്രാമപഞ്ചായത്തിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ടാണിത്. കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വനിതകൾക്ക് വേണ്ടിയുള്ള റിസോഴ്സ് സെന്ററും കൗൺസിലിംഗ് സെന്ററും തൊഴിൽ പരിശീലനകേന്ദ്രവും, ഗ്രൗണ്ട് ഫ്ലോറിൽ പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് പഠനകേന്ദ്രവും നിർമ്മിക്കുവാൻ വിഭാവനം ചെയ്ത ഈ പദ്ധതിയിൽ, ആകെ അടങ്കൽ ₹27,00,000ൽ ജില്ലാ പഞ്ചായത്ത് വിഹിതം ₹10,00,000 ആണ്. ഇത് പ്രകാരം 10 ലക്ഷം രൂപ പാട്യം ഗ്രാമപഞ്ചായത്തിന് നൽകാനാണ് പദ്ധതി രൂപീകരിച്ചത്. തുക നൽകിയതിന്റെ ബില്ലിൽ ആർക്കാണ് നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. മേൽ തുക കൈപ്പറ്റിയതിന്റെ രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യത്തിന് ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നത് സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള മോണിറ്ററിങ്ങ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (81/04.04.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ വനിതാശിശുവിഹാര സരോവരം ഉദ്ഘാടനം ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ യാതൊരു പ്രവർത്തനങ്ങളും അവിടെ നടക്കുന്നില്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. പദ്ധതി വിഭാവനം ചെയ്ത രീതിയിൽ വിഹാരസരോവരം ഉപയോഗപ്രദമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-40 സമഗ്രസ്ത്രീശാക്തീകരണം പദ്ധതി - കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന് ധനസഹായം; പരിശീലന വിവരം ലഭ്യമല്ല. ചെലവ് തുക ₹2,03,304 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ വനിതാശിശു വികസനഓഫീസർ |
| പ്രോജക്ട് നമ്പർ | 625/21 |
| പ്രോജക്ടിന്റെ പേര് | സമഗ്രസ്ത്രീശാക്തീകരണം പദ്ധതി-കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന് ധനസഹായം |
| അടങ്കൽ | ₹2,03,204 വികസനഫണ്ട് ( പൊതു വിഭാഗം ) |

| | |
|---|---|
| ചെലവ് | ₹2,03,204 |
| ബിൽ നമ്പർ, തീയതി | 202/14.05.2020. |

മേൽ പദ്ധതി പ്രകാരം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ 10 മുതൽ 60 വയസ്സ് വരെ പ്രായമുള്ള വനിതകൾക്ക് സ്വയംപ്രതിരോധത്തിനുള്ള പരിശീലനവും മാനസികവും ശാരീരികവുമായ ശാക്തീകരണവുമാണ് പദ്ധതിയുടെ ലക്ഷ്യം. ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും കണ്ണൂർ ജില്ലാ പോലീസും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ചെലവിനത്തിൽ ₹2,03,204 ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ടെങ്കിലും അത് ഏതിനത്തിലെ ചെലവാണെന്ന് വ്യക്തമല്ല. വനിതകളുടെ ശാരീരികവും മാനസികവുമായ ശാക്തീകരണത്തിന് ഏതൊക്കെ പരിശീലനങ്ങളാണ് നടന്നതെന്നും വ്യക്തമല്ല.

ചെലവിനത്തിലെ തുക ഏത് അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തതെന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവുമായി ബന്ധപ്പെട്ട രേഖകൾ, പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ വിവരങ്ങൾ, പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 82/04-4-2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹2,03,204 തടസ്സപ്പെടുത്തുന്നു.

## 1-41 സ്കൂളുകൾക്ക് വീൽചെയർ വിതരണം - നിർവ്വഹണ കാലതാമസം വഴി അധികച്ചെലവും മറ്റ് അപാകങ്ങളും - ചെലവ് തുക ₹10,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ |
| പ്രോജക്ട് നമ്പർ | 728/21 |
| പ്രോജക്ടിന്റെ പേര് | ഗവ. സ്കൂളുകൾക്ക് വീൽചെയർ വിതരണം |
| അടങ്കൽ | ₹10,00,000 – വികസന ഫണ്ട് |
| ചെലവ് | ₹10,00,000 |
| ബിൽ നമ്പർ, തീയതി | 5/20-21 തീയതി 3/2/2021 |

മേൽ പദ്ധതി പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് വേണ്ടി സ്കൂളുകൾക്ക് വീൽചെയർ നൽകുക എന്നതാണ് ലക്ഷ്യമിട്ടിരുന്നത്. 2019-20 വർഷം രൂപീകരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ടിൽ എത്ര വീൽചെയർ വാങ്ങണമെന്ന് രേഖപ്പെടുത്തിയിട്ടില്ല.

വീൽചെയർ ആവശ്യമെങ്കിൽ അറിയിക്കാൻ വേണ്ടി എല്ലാ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി പ്രഥമാധ്യാപകർക്കും 05.07.2019 ന് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായത് സംബന്ധിച്ച് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ജില്ലയിലെ സ്കൂളുകളിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിഭാഗത്തിൽ വീൽചെയർ ഉപയോഗിക്കുന്ന കുട്ടികളുടെ വിവരം ലഭ്യമാക്കാൻ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെയും റീജിയണൽ ഡെപ്യൂട്ടി ഡയറക്ട (ഹയർസെക്കണ്ടറി)റെയും ചുമതലപ്പെടുത്താൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28/10/2019ലെ യോഗത്തിൽ നമ്പർ 20/2019 പ്രകാരം തീരുമാനിച്ചു. എന്നാൽ ഇതു സംബന്ധിച്ചും വിവരങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

തുടർന്ന് 70 സ്കൂളുകൾക്ക് രണ്ട് വീതം വീൽചെയർ നൽകുന്നതിനായി 140 വീൽചെയറിന്റെ വില ലഭ്യമാക്കുന്നതിനായി കെൽട്രോണിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 28.12.2019ന് ഒരു വീൽചെയറിന് ₹6195 (ടാക്സ് ഉൾപ്പെടെ) രേഖപ്പെടുത്തിയ പ്രോഫോർമ ഇൻവോയ്സ് ലഭ്യമാക്കിയിരുന്നു. ആയത് ഭരണസമിതിയുടെ അംഗീകാരത്തിനായി 16.01.2020ന് സമർപ്പിച്ചു. തുടർന്ന് 28.01.2020ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ ഇൻവോയ്സ് അംഗീകരിക്കുന്നതിന് ശുപാർശ നൽകി. 20.02.2020ന് കെൽട്രോണിന് വീൽ ചെയർ ലഭ്യമാക്കുന്നതിനായി സപ്ലൈ ഓർഡർ നൽകി. വീൽ ചെയർ ലഭ്യമാകാത്തതിനെ തുടർന്ന് 25.06.2020ന് വീണ്ടും സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. എന്നാൽ വീൽചെയറിൽ വന്ന വില വ്യത്യാസം കാരണം പുതിയ പ്രൊഫോർമ ഇൻവോയ്സ് നൽകിയത് പ്രകാരം വീൽ ചെയറിന് ₹7248.15 ക്വോട്ട് ചെയ്തു. ആയത് പ്രകാരം അനുമതിക്കായി ഭരണസമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. എന്നാൽ വീൽചെയറിന് വകയിരുത്തിയ തുക പത്ത് ലക്ഷം രൂപയായതിനാൽ ആ തുകക്ക് 140 വീൽചെയർ വിതരണം ചെയ്യുന്നതിനായി കെൽട്രോണുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിനായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തെ തുടർന്ന് നെഗോഷ്യേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ₹6802.72ക്ക് (ടാക്സ് കൂടാതെ) നൽകാമെന്ന് കെൽട്രോണിന്റെ 08.09.2020ലെ കത്തിൽ അറിയിച്ചു. തുടർന്ന് മേൽ ബിൽ പ്രകാരം പത്ത് ലക്ഷം രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് 03.02.2021ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വ്യക്തമായ ആസൂത്രണമില്ലാതെ രൂപീകരിച്ച പദ്ധതി:- പദ്ധതി രേഖയിൽ എത്ര വീൽചെയർ വാങ്ങണം എന്നത് രൂപീകരണ സമയത്ത് നിശ്ചയിക്കുകയോ, അംഗീകരിച്ച പദ്ധതി രേഖയിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

2) വീൽചെയർ ഉപയോഗിക്കുന്ന കുട്ടികളുടെ വിവരം ലഭ്യമാക്കാൻ വീൽചെയർ ആവശ്യമുണ്ടോ എന്നത് സംബന്ധിച്ച വിവരം അറിയിക്കാൻ വേണ്ടി എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർക്കും പ്രിൻസിപ്പൽമാർക്കും അയച്ച കത്തിന് മറുപടി ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജില്ലയിലെ സ്കൂളുകളിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിഭാഗത്തിൽ വീൽചെയർ ഉപയോഗിക്കുന്ന കുട്ടികളുടെ വിവരം ലഭ്യമാക്കാൻ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെയും റീജിയണൽ ഡെപ്യൂട്ടി ഡയറക്ട (ഹയർസെക്കണ്ടറി)റെയും ചുമതലപ്പെടുത്താൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28.10.2019ലെ തീരുമാനം നമ്പർ 20/2019 പ്രകാരം തീരുമാനിച്ചു. എന്നാൽ ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമായത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 70 സ്കൂളുകൾക്ക് രണ്ട് വീതം വീൽചെയർ എന്ന് നിശ്ചയിച്ചത് ഏതൊക്കെ സ്കൂളുകൾക്കെന്നോ, ഏതടിസ്ഥാനത്തിലെന്നോ വ്യക്തമല്ല.

3) പദ്ധതിയിൽ ലഭ്യമായ വീൽചെയറുകൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

4) കെൽട്രോണിൽ നിന്ന് ലഭ്യമാക്കിയ ഡെലിവറി ചലാനുകൾ പ്രകാരം 69 സ്കൂളുകൾക്ക് 138 വീൽചെയർ നൽകിയതിന്റെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് എന്ന പേരിലുള്ള ഡെലിവറി ചലാൻ ഇരട്ടിപ്പ് വന്നിട്ടുണ്ട്. വിതരണം ചെയ്യാൻ ബാക്കിയുള്ള രണ്ട് വീൽചെയറുകളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്.

5) ഹാജരാക്കിയ ഡെലിവറി ചലാനുകളിൽ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, കുറുമാത്തൂരിന് നൽകിയ വീൽചെയറുകൾ ബന്ധപ്പെട്ട സ്കൂൾ സ്വീകരിച്ചതായി കാണിക്കുന്ന കൈപ്പറ്റ് വിവരമോ, സ്കൂൾ സീലോ ഡെലിവറി ചലാനിൽ ചേർത്തിട്ടില്ല. ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ, പായം ഗ്രാമപഞ്ചായത്ത് എന്ന് ഡെലിവറി ചലാനിൽ രേഖപ്പെടുത്തി വീൽചെയർ പഞ്ചായത്തിൽ കൈപ്പറ്റിയതായാണ് ഡെലിവറി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് സ്കൂളുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അയ്യൻകുന്ന്, പായം ഗ്രാമപഞ്ചായത്തുകളിൽ ഗവൺമെന്റ് ഹൈസ്കൂളുകളോ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളോ നിലവിലില്ല. വീൽചെയർ ഏത് സ്കൂളിനാണ് നൽകിയത് എന്ന് വ്യക്തമാക്കേണ്ടതാണ്.

6) ഗവൺമെന്റ് ഹൈസ്കൂളുകൾക്ക് വീൽചെയർ വിതരണം എന്ന പദ്ധതിയിൽ വീൽചെയർ വിതരണം ചെയ്ത സെന്റ്മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ, തേർത്തല്ലി; ബി വി ജെ എം ഹയർ സെക്കണ്ടറി സ്കൂൾ, പെരുമ്പടവ്; സെന്റ് ജോസഫ് എച്ച് എസ് എസ് വായാട്ടുപറമ്പ് എന്നീ സ്കൂളുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്കൂളുകൾ/ഗവൺമെന്റ് സ്കൂളുകൾ ആണോ എന്നത് വ്യക്തമാക്കേണ്ടതാണ്. ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, വായാട്ടുപറമ്പ് എന്ന് ഡെലിവറി ചലാനിൽ മുകളിൽ കാണിച്ച് വീൽ ചെയർ കൈപ്പറ്റിയത് സെന്റ് ജോസഫ് എച്ച് എസ് എസ്, വായാട്ടുപറമ്പ് ആണ്

7) പദ്ധതി സ്പിൽ ഓവർ ആയതിനെ തുടർന്ന് 2019-20ൽ ₹6195 (ടാക്സ് ഉൾപ്പെടെ) കെൽട്രോൺ ക്വാട്ട് ചെയ്തിരുന്നെങ്കിലും 2020-21ൽ ടാക്സ് ഉൾപ്പെടെ ₹7142.85ക്കാണ് വീൽചെയർ സപ്ലൈ ചെയ്തിരിക്കുന്നത്. പദ്ധതി സമയബന്ധിതമായി നടപ്പാക്കാത്തത് കാരണം വീൽചെയറിന് വില വ്യത്യാസം വന്നതിനാൽ ₹1,32,699 അധികം നൽകേണ്ടി വന്നിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (52/24.03.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക ₹10,00,000 തടസ്സപ്പെടുത്തുന്നു.

## 1-42 ജെന്റർ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനു വാങ്ങിയസാധനങ്ങൾ ഭൗതികപരിശോധനയിൽ കണ്ടെത്താനായില്ല- ₹34,584 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാവനിതാശിശു വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 517/21, ജെന്റർ കൺവെൻഷൻ സെന്റർ സ്ഥാപിക്കൽ |
| അടങ്കൽ | ₹25,00,000 -വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹20,11,708 |
| ബിൽ നമ്പർ, തീയതി | 1/20-21 തീയതി 03-06-2020 – ₹16,09,366<br>3/20-21 തീയതി 03-02-2021 – ₹4,02,342 |

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ ആശ്രുഢം കെട്ടിടത്തിലെ രണ്ട് മുറികളിൽ ജെന്റർ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനായി 2018-19 വർഷം രൂപീകരിച്ച പദ്ധതി സ്പിൽ ഓവർ പദ്ധതിയായി 2020-21ൽ പൂർത്തീകരിക്കുകയാണുണ്ടായത്. ആശ്രുഢത്തിലെ രണ്ട് റൂമുകളുടെ ഇന്റീരിയർ വർക്കും ഫർണിച്ചർ സ്ഥാപിക്കലുമാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 2020-21 വർഷം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനെ തുടർന്ന് 80% തുക ആദ്യഗഡുവായും ഫൈനൽ ബിൽ നൽകിയതിനെ തുടർന്ന് 20% തുക നൽകുകയുമാണ് ചെയ്തത്. അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രയാണ് പ്രവൃത്തി നടത്തിയത്.

സ്ത്രീകളുടെ സമ്പൂർണ്ണ ശാക്തീകരണം ലക്ഷ്യമാക്കി ചട്ടുകപ്പാറ ആരൂഢം കെട്ടിടസമുച്ചയത്തിൽ ജെന്റർ കൺവെൻഷൻ സെന്റർ സ്ഥാപിക്കൽ, അനുബന്ധമായി പ്രീമാരിറ്റൽ കൗൺസിലിംഗ്, പ്രതിരോധ പരിശീലനം, മറ്റു പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ ഭാഗമായി വാങ്ങിച്ച ഫർണിച്ചർ-മൂന്നെണ്ണം @₹17422.50 (ഇനം വ്യക്തമല്ല), ടാബ്ലറ്റ് ചെയർ -60 എണ്ണം @₹3484.50, വിസിറ്റേഴ്സ് ചെയർ -4 എണ്ണം @₹2323, ചെയർ 7 എണ്ണം @₹9292, ഒരു ലക്ഷം രൂപയുടെ ചുമർ ചിത്രം, 1.5 ടൺ എ സി-നാലെണ്ണം @₹45000, സ്റ്റെബിലൈസർ നാലെണ്ണം @₹4000 എന്നീ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3) ജെന്റർ കൺവെൻഷൻ സെന്റർ ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും, പ്രോജക്ടിൽ ഉദ്ദേശിച്ച രീതിയിലുള്ള സ്ത്രീശാക്തികരണ പ്രവർത്തനങ്ങൾ തുടരുന്നതായി രേഖകളില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 50/24-3-22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 21-04-22ന് സ്ഥലപരിശോധന നടത്തിയതിൽ ₹9,292 നിരക്കിലുള്ള രണ്ട് കസേരകളും ₹4,000 നിരക്കിലുള്ള നാല് എ.സി.സ്റ്റെബിലൈസറുകളും സ്ഥാപനത്തിൽ കാണുവാൻ സാധിച്ചിട്ടില്ല. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പരിശോധനയിൽ കണ്ടെത്താനാവാത്ത പ്രസ്തുത ഇനങ്ങൾക്ക് ചെലവഴിച്ച തുക നഷ്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹34,584 (9292x2=18584, 4000x4=16000) ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-43 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.ചെലവ് രേഖകൾ ലഭ്യമാക്കാത്ത ₹5,30,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ |
| പ്രോജക്ട് നമ്പരും പേരും | 447/21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ, ഫണ്ട് | ₹5,30,000 – വികസന ഫണ്ട് (പൊതു വിഭാഗം)<br>₹1,75,00,000 – വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹5,30,000 – വികസന ഫണ്ട് (പൊതു വിഭാഗം)<br>₹1,71,29,846 – വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ, തീയതി | 2125/31.03.2021. |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | അലോട്ട്മെന്റ് തുക (₹) | ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | അലോട്ട്മെന്റ് തുക (₹) |
|---|---|---|---|---|---|
| 1 | അഴീക്കോട് | 475,300 | 34 | ചെങ്ങളായി | 3,50,000 |
| 2 | ഉദയഗിരി | 1,17,200 | 35 | കുന്നോത്ത് പറമ്പ് | 35,025 |
| 3 | മലപ്പട്ടം | 27,450 | 36 | പെരളശ്ശേരി | 4,00,000 |
| 4 | കരിവെള്ളൂർ | 3,00,000 | 37 | മുണ്ടേരി | 2,00,000 |
| 5 | എരുവേശ്ശി | 2,17,525 | 38 | ചെമ്പിലോട് | 4,50,000 |

| | | | | | |
|---|---|---|---|---|---|
| 6 | ആലക്കോട് | 2,07,800 | 39 | പെരിങ്ങോം | 4,00,000 |
| 7 | ചൊക്ലി | 3,27,600 | 40 | കോട്ടയം | 1,49,245 |
| 8 | മാട്ടൂൽ | 3,00,000 | 41 | മുണ്ടേരി | 2,00,000 |
| 9 | മുഴപ്പിലങ്ങാട് | 5,00,000 | 42 | ഉളിക്കൽ | 2,25,000 |
| 10 | നാറാത്ത് | 3,00,000 | 43 | പയ്യാവൂർ | 2,76,772 |
| 11 | മലപ്പട്ടം | 37,550 | 44 | കടന്നപ്പള്ളി പാണപ്പുഴ | 2,00,000 |
| 12 | കുറുമാത്തൂർ | 5,00,000 | 45 | ചിറക്കൽ | 6,48,625 |
| 13 | രാമന്തളി | 6,80,500 + 1,01,300 | 46 | മൊകേരി | 3,31,200 |
| 14 | ഏഴോം | 3,00,000 | 47 | കല്ല്യാശ്ശേരി | 3,66,900 |
| 15 | ഇരിക്കൂർ | 1,75,000 | 48 | കൊട്ടിയൂർ | 2,38,200 |
| 16 | കരിവെള്ളൂർ | 3,57,000 | 49 | കൊളച്ചേരി | 3,00,000 |
| 17 | ഉളിക്കൽ | 2,75,000 | 50 | ചെറുതാഴം | 8,75,000 |
| 18 | കുന്നോത്ത് പറമ്പ് | 2,92,125 | 51 | പന്ന്യന്നൂർ | 1,62,550 |
| 19 | ചെറുകുന്ന് | 2,50,000 | 52 | അഞ്ചരക്കണ്ടി | 1,50,000 |
| 20 | പാപ്പിനിശ്ശേരി | 8,00,000 | 53 | കല്ല്യാശ്ശേരി | 8,100 |
| 21 | മയ്യിൽ | 5,25,000 | 54 | പാട്യം | 2,00,000 |
| 22 | പരിയാരം | 2,51,600 | 55 | കടമ്പൂർ | 3,65,000 |
| 23 | മാട്ടൂൽ | 1,99,275 | | ആകെ | 1,71,29,846 |
| 24 | എരഞ്ഞോളി | 1,96,125 | | | |
| 25 | കേളകം | 2,00,000 | | | |
| 26 | പിണറായി | 3,75,000 | | | |
| 27 | കുഞ്ഞിമംഗലം | 4,86,491 | | | |
| 28 | ചെറുപുഴ | 4,62,500 | | | |
| 29 | കതിരൂർ | 2,00,000 | | | |
| 30 | പടിയൂർ | 1,99,988 | | | |
| 31 | ചെറുപുഴ | 4,62,500 | | | |
| 32 | പാട്യം | 25,000 | | | |
| 33 | പരിയാരം | 2,48,400 | | | |

ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 07.01.2021 മുതൽ 27.02.2021 വരെ തീയതികളിൽ 55 ബില്ലുകളിലായി മേൽപ്രകാരം ചെലവഴിച്ച ₹1,71,29,846യുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വികസന ഫണ്ട് – ₹5,30,000 (ബിൽ നം.2125/31.03.21) ചെലവഴിച്ചത് ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകാനാണെന്ന് വ്യക്തമല്ല. പ്രസ്തുത തുക ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് നൽകിയതെന്നും ആയതിന്റെ വിനിയോഗസാക്ഷ്യപത്രവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നമ്പർ 53/24-3-2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖയുടെ അഭാവത്തിൽ വികസന ഫണ്ട് ചെലവ് ₹5,30,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-44 കുടുംബശ്രീക്ക് ഡെലിവറി വാൻ -ഗുണഭോക്തൃ വിഹിതം സമാഹരിക്കും മുന്നേ വികസന ഫണ്ട് ചെലവും സർക്കാർ ഉത്തരവിന്റെ ലംഘനവും-₹6,00,000 തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| പ്രോജക്ട് നമ്പരും പേരും | | 1067/21 – കുടുംബശ്രീ കറി പൗഡർ കൺസോർഷ്യത്തിന് ഡെലിവറി വാൻ വാങ്ങൽ |
| നിർവഹണം | : | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ |
| അടങ്കൽ | : | ₹6,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം-വികസന ഫണ്ട്)<br>₹3,00,000 (കുടുംബശ്രീ ഗുണഭോക്തൃ വിഹിതം)<br>ആകെ –₹9,00,000 |
| ചെലവ് | : | ₹6,00,000<br>(വികസന ഫണ്ട്-ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ, തീയതി | : | 17/29.03.2021 |

2018-19ൽ ആരംഭിച്ച കുടുംബശ്രീ കറി പൗഡർ കൺസോർഷ്യത്തിന്റെയും അതിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത അൻപതിലധികം യൂണിറ്റുകളുടെയും പ്രവർത്തനങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നതിനും അവയുടെ ഉല്പന്നങ്ങൾ വിപണികളിൽ എത്തിക്കുന്നതിനും വേണ്ടി ഡെലിവറി വാൻ വാങ്ങുന്നതിനുള്ളതാണ് പ്രസ്തുത പ്രോജക്ട്. ആയതു പ്രകാരം ₹8,84,845 വിലയുള്ള Dost Strong LS RUV.BS.6.01 വാൻ (മഹീന്ദ്ര കമ്പനി) വാങ്ങാൻ തീരുമാനിക്കുകയും 2020-21 വർഷം ₹6,00,000 ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും വിതരണ സ്ഥാപനമായ ഫ്ലാഗ് ഷിപ്പ് മോട്ടോഴ്സ്, കല്ല്യാശേരിക്ക് നൽകുകയും ചെയ്തിട്ടുണ്ട് (ബിൽ നം. 17/29.03.2021).

പദ്ധതി സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം ₹9,00,000 ചെലവ് വരുന്ന പർച്ചേസിനാണ് ₹6,00,000 ജില്ലാ പഞ്ചായത്ത് വിഹിതം. ഇവിടെ ₹8,84,845 ചെലവ് വന്ന നിലയിൽ ആയതിന്റെ പ്രോജക്ട് പ്രകാരമുള്ള ചെലവ് അനുപാതം കണക്കാക്കി അധിക സംഖ്യ ജില്ലാ പഞ്ചായത്തിൽ തിരിച്ചൊടുക്കിയിട്ടില്ല.

2. വിതരണ സ്ഥാപനത്തിന് 02.03.2021ൽ കുടുംബശ്രീ മിഷൻ ഡയറക്ടർ അയച്ച കത്ത് പ്രകാരം 10.03.2021 നകം ഈ പർച്ചേസ് സംബന്ധിച്ച് കരാറിലേർപ്പെടാനും 15 ദിവസത്തിനകം വാഹനം ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. വാഹനം ലഭ്യമായ തീയതി സംബന്ധിച്ച വിവരം, സ്റ്റോക്ക് രജിസ്റ്റർ, വിതരണ സ്ഥാപനവുമായുള്ള കരാർ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ഫയൽ പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്ത് വിഹിതം ഒടുക്കി മൂന്ന് മാസങ്ങൾക്ക് ശേഷമാണ് (14.07.2021 ന്) ഗുണഭോക്തൃ സ്ഥാപനമായ കറിപൗഡർ കൺസോർഷ്യത്തിന്റെ വിഹിത സംഖ്യയായ ₹3,00,000 ജില്ലാ പഞ്ചായത്തിൽ

ലഭ്യമാകുന്നത്. ഗുണഭോക്തൃ സ്ഥാപനത്തിന്റെ വിഹിതം ശേഖരിക്കാതെ ജില്ലാ പഞ്ചായത്ത് വികസന ഫണ്ട് ചെലവഴിച്ചത് ശരിയായ നടപടിക്രമമല്ല.

5. വാഹനത്തിന്റെ ഉടമസ്ഥാവകാശരേഖകൾ, വാഹന സൂക്ഷിപ്പ് സംബന്ധമായ വിവരങ്ങൾ, ലോഗ് ബുക്ക്, ഇന്ധനച്ചെലവ് സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. ഇത്തരം ഇനങ്ങൾക്ക് (കുടുംബശ്രീ സംവിധാനത്തിന് വാഹനം വാങ്ങുവാൻ) വികസന ഫണ്ട് ചെലവഴിക്കാമെന്ന് പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിന് വികസന ഫണ്ട് ചെലവഴിക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നിരിക്കെ (സ.ഉ.(കൈ)22/18/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 2-2) ഇപ്രകാരമുള്ള അനുമതി ലഭ്യമാക്കാതെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (33/21-03-22) മുഖേന വിശദീകരണമാരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ മേൽ പ്രോജക്ടിലെ ചെലവു തുക ₹6,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 കുടുംബശ്രീ സംരംഭകത്വ പ്രോത്സാഹനത്തിന് സ്റ്റാർട്ട് അപ് ഫണ്ട്-സംരംഭം ആരംഭിച്ചതായുള്ള വിവരം ലഭ്യമല്ല-₹6,00,000 തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പരും പേരും | : | 439/21<br>കുടുംബശ്രീ സംരംഭകത്വ പ്രോത്സാഹനത്തിന് സ്റ്റാർട്ട്അപ് ഫണ്ട്. |
| നിർവഹണം | : | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ |
| അടങ്കൽ | : | ₹10,00,000 (വികസനഫണ്ട്) |
| ചെലവ്<br>ആകെ ചെലവ് | : | ₹3,00,000 (ബിൽ 18/29.03.2021)<br>₹3,00,000 (ബിൽ 19/29.03.2021)<br>₹6,00,000 |

സ്ത്രീസംരഭകത്വം പ്രോത്സാഹിപ്പിക്കുയെന്ന ഉദ്ദേശ്യത്തോടെ നൂതന സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപര്യമുള്ള ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് സ്റ്റാർട്ട് അപ് ഫണ്ട് നൽകുന്ന ഈ പ്രോജക്ട് പ്രകാരം ആറളം ഫാം കുടുംബശ്രീ വെളിച്ചെണ്ണ യൂണിറ്റിനും (ബിൽ - 19/29.03.21) ഐസ്ക്രീം ഉല്പന്നനിർമ്മാണത്തിന് കൊട്ടിയൂർ സ്വീറ്റ് സ്പോട്ട് ഗ്രൂപ്പിനും (ബിൽ - 18/29.03.21) 3 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. വെളിച്ചെണ്ണ യൂണിറ്റിന് ₹3,00,000 കേരള ഗ്രാമീൺ ബാങ്കിന്റെ കീഴ്പ്പള്ളി ശാഖയിൽ യൂണിറ്റിന്റെ സേവിംഗ്സ് അക്കൗണ്ടിലും ഐസ്ക്രീം യൂണിറ്റിന്റെ ₹3,00,000 കൊട്ടിയൂർ സർവീസ് കോ-ഓപ് ബാങ്കിന്റെ പേരിലുള്ള അക്കൗണ്ടിലുമാണ് നൽകിയിട്ടുള്ളത്.

ഈ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.34/21-3-22) മുഖേന താഴെ ചേർത്ത രേഖകൾ ലഭ്യമാക്കുന്നതിനും, പ്രോജക്ട് നടപ്പിലായിട്ടുണ്ടോയെന്നത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

1. യൂണിറ്റ് രൂപീകരിച്ച് 6 മാസം കഴിഞ്ഞ് ഗ്രേഡിംഗ് നടത്തിയത് വ്യക്തമാക്കുന്ന രേഖകൾ

2. ആറളം ഫാം കുടുബശ്രീ വെളിച്ചെണ്ണ ഉല്പാദന യൂണിറ്റ്, സ്വീറ്റ് സ്പോട്ട് ഐസ്ക്രീം നിർമ്മാണ യൂണിറ്റ് എന്നീ സംരംഭങ്ങൾ ആരംഭിച്ചതിന്റെ തീയതി സഹിതമുള്ള വിവരം, യന്ത്ര സാമഗ്രികൾ വാങ്ങിയതിന്റെ വിവരം .

3. യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിനുള്ള കാരണവും.

4. യൂണിറ്റുകൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ അതിനുള്ള കാരണം.

5. രണ്ട് യൂണിറ്റുകളുടെയും മിനട്ട്സ്, ഓഡിറ്റ് റിപ്പോർട്ട്, വരവ്-ചെലവ് കണക്കുകൾ, ബാങ്ക് പാസ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ.

6. സബ്സിഡി സംഖ്യ ബാങ്ക് അക്കൗണ്ടിൽ വരവുവന്ന വിവരം, ബാക്ക്-എന്റ്-സബ്സിഡിയായി ഗുണഭോക്തൃ ഗ്രൂപ്പിന് ആനുകൂല്യം ലഭ്യമാക്കിയ വിവരം.

7. യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആകെ ചെലവഴിച്ച സംഖ്യയുടെ വിശദവിവരം.

മേൽ പരാമർശിച്ച രേഖകളുടെയും നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടിയുടേയും അഭാവത്തിൽ പ്രോജക്ടിൽ വിഭാവനം ചെയ്ത സംരംഭങ്ങൾ ആരംഭിച്ചതായോ, നിലവിൽ പ്രവർത്തിക്കുന്നതായോ ഓഡിറ്റിൽ ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ചെലവു തുക ₹6,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 'സക്സസ്'പദ്ധതി - മാർഗ്ഗരേഖാ ലംഘനം-₹4,89,156 തടസ്സപ്പെടുത്തുന്നു, അധികം നൽകിയ ₹10,000 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | : 441/21 |
| പ്രോജക്ടിന്റെ പേര് | : 'സക്സസ്'- പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് മത്സരപരീക്ഷാ പരിശീലനം |
| നിർവഹണം | : ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ |
| അടങ്കൽ | : ₹5,00,000 (വികസന ഫണ്ട്- ടി.എസ്.പി) |
| ചെലവ് | : ₹4,99,156 |
| ബിൽ നമ്പർ | : 20/29.03.21 |

പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് പി.എസ്.സി ഉൾപ്പെടെയുള്ള മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് വിദഗ്ധപരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പദ്ധതി. 2021 ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി ആലക്കോട്, പയ്യാവൂർ, പേരാവൂർ കേന്ദ്രങ്ങളിൽ വെച്ച് ആകെ 145 പഠിതാക്കൾക്ക് പരിശീലനം നൽകിയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേനയാണ് പദ്ധതി നിർവഹണം.

പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ജില്ലാപഞ്ചായത്തിന്റെ ചുമതലകൾ പ്രതിപാദിക്കുന്ന അഞ്ചാം പട്ടിക (വകുപ്പ് 173 (1) പ്രകാരം ഇത്തരമൊരു പരിശീലനം ഉൾപ്പെട്ടു കാണുന്നില്ല.

2) മത്സര പരീക്ഷാപരിശീലനത്തിന് വികസന ഫണ്ട് വിനിയോഗിക്കുന്നത് സംബന്ധിച്ച് പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിന് തുക ചെലവഴിക്കുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

3) പ്രസ്തുത പ്രോജക്ടിലേക്ക് ഗുണഭോക്താക്കളെ എങ്ങിനെയാണ് തെരഞ്ഞെടുത്തത്? ഗുണഭോക്താക്കൾക്ക് അതാത് ഗ്രാമസഭകളുടെ/ഊരുകൂട്ടങ്ങളുടെ അംഗീകാരമുണ്ടോ? തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) പരിശീലന പരിപാടിയിലെ പഠിതാക്കൾക്ക് യാത്രാബത്ത നൽകിയ ഇനത്തിൽ ₹78,084+₹15,134+₹76,850= ₹1,70,068 വികസന ഫണ്ടിൽ നിന്നും ചെലവുണ്ട്. വികസന ഫണ്ടിൽ നിന്നും യാത്രാബത്ത നൽകിയത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5) നിർവഹണം സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ (എത്ര പേർക്ക്, പരിശീലനം, സംഘാടനം, ഓണറേറിയം, കാലയളവ് തുടങ്ങിയവ) പ്രോജക്ടിൽ പരാമർശിക്കുന്നില്ല. നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെടുന്നില്ല.

6) റിസോഴ്സ് പേഴ്സണ് പ്രതിഫലം –₹10,000 അധികമായി നല്കി

1. ആലക്കോട് കേന്ദ്രത്തിൽ 15.03.2021ന് 5 മണിക്കൂർ ക്ലാസ് കൈകാര്യം ചെയ്തതിന് റിസോഴ്സ് പേഴ്സണായ ശ്രീ. അനീഷ് കുമാറിന് ₹2,500 നൽകിയിട്ടുണ്ട് (കൈപ്പറ്റ് രശീതി-74). ഇതേ ദിവസം തന്നെ ഇതേ കേന്ദ്രത്തിൽ ക്ലാസ് കൈകാര്യം ചെയ്തതിന് എന്ന ഇനത്തിൽ ശ്രീ.ധനേഷ് കെ. എന്നവർക്കും ₹2,500 നൽകിയിട്ടുണ്ട് (കൈപ്പറ്റി രശീതി-55).

2. പയ്യാവൂർ കേന്ദ്രത്തിൽ 22.02.2021ന് ക്ലാസ് കൈകാര്യം ചെയ്തതായുള്ള ഇനത്തിൽ റിസോഴ്സ് പേഴ്സൺ ശ്രീ. വിഘ്നേശ്വരൻ എൻ എന്നവർക്ക് ₹2,500 നൽകിയിട്ടുണ്ട് (കൈപ്പറ്റ് രശീതി-33). വിദ്യാർത്ഥികൾക്ക് യാത്രാബത്ത അനുവദിക്കുന്നതിന് ആധാരമായി ഫയലിൽ സൂക്ഷിച്ച രേഖ പ്രകാരം 22.02.2021ന് പയ്യാവൂർ കേന്ദ്രത്തിൽ ക്ലാസ് നടന്നിട്ടില്ല.

3. പയ്യാവൂർ കേന്ദ്രത്തിൽ 16.03.2021ന് 5 മണിക്കൂർ ക്ലാസ് നടത്തിയതിന് റിസോഴ്സ് പേഴ്സണായ ശ്രീ രമാരാജൻ എം.വി എന്നവർക്ക് ₹2,500 ഓണറേറിയമായി നൽകിയിട്ടുണ്ട് (കൈപ്പറ്റ് രശീതി-48). അതേ ദിവസം തന്നെ അതേ കേന്ദ്രത്തിൽ 5 മണിക്കൂർ ക്ലാസ് നടത്തിയ ഇനത്തിൽ ശ്രീ. സോജ്ഞ പി.വി എന്നവർക്കും ₹2,500 അനുവദിച്ചിട്ടുണ്ട് (കൈപ്പറ്റ് രശീതി -30).

4. പേരാവൂർ കേന്ദ്രത്തിൽ 08.03.2021ന് ക്ലാസ് കൈകാര്യം ചെയ്തതിന് റിസോഴ്സ് പേഴ്സൺ ശ്രീ. വിനോദ്കുമാർ കെ എന്നവർക്ക് ₹2,500 നൽകിയിട്ടുണ്ട് (കൈപ്പറ്റ് -21). അന്നേ ദിവസം തന്നെ അതേ കേന്ദ്രത്തിൽ ക്ലാസ് കൈകാര്യം ചെയ്ത ഇനത്തിൽ ശ്രീ.ആൽബിൻ ബേബി എന്നവർക്കും ₹2,500 നൽകിയിട്ടുണ്ട് (കൈപ്പറ്റ് രശീതിയിൽ നമ്പർ ഇല്ല).

5. പ്രോജക്ടിന്റെ ഹാജർ പത്രിക, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല..

മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (32/21-3-22) മുഖേന വിശദീകരണമാരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ മേൽ പ്രോജക്ടിലെ ചെലവു തുക ₹4,89,156 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്രമ നമ്പർ 6 (1 മുതൽ 4 വരെ)ൽ, റിസോഴ്സ് പേഴ്സണ് അധികമായി പ്രതിഫലം നൽകിയത് സംബന്ധിച്ച് പ്രതിപാദിച്ച

അപാകത്തിന് മറുപടി ലഭ്യമാക്കാത്തതിനാൽ ₹10,000യുടെ ചെലവ് നിരാകരിക്കുന്നു.

## 1-47 അഗതിരഹിതകേരളം - തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല-₹27,30,285 തടസ്സപ്പെടുത്തുന്നു.

1. അഗതിരഹിത കേരളം – (സ്പിൽഓവർ) തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | : 621/21 (സ്പിൽഓവർ) അഗതി രഹിത കേരളം |
| നിർവ്വഹണം | : കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| അടങ്കൽ | : ₹21,87,285 (വികസന ഫണ്ട്) |
| ചെലവ് | : ₹21,87,285 |

പ്രസ്തുത പ്രോജക്ട് പ്രകാരം പ്രോജക്ടിന്റെ ജില്ലാ പഞ്ചായത്ത് വിഹിതമെന്ന നിലയിൽ താഴെ ചേർത്ത പ്രകാരം ₹21,87,285 വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. (ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്).

| ഗ്രാമപഞ്ചായത്തിന്റെ പേര് | തുക (₹) |
|---|---|
| കുറ്റ്യാട്ടൂർ | 1,00,000 |
| എരഞ്ഞോളി | 2,25,000 |
| ചെമ്പിലോട് | 1,00,000 |
| കൊട്ടിയൂർ | 1,00,000<br>99,785 |
| തില്ലങ്കേരി | 99,000<br>64,500<br>99,000 |
| എരമം-കുറ്റൂർ | 13,00,000 |
| ആകെ | 21,87,285/- |

എ) പ്രസ്തുത തുക ഗ്രാമപഞ്ചായത്തുകളിലേക്ക് ട്രാൻസ്ഫർ ചെയ്തത് വ്യക്തമാക്കുന്ന രേഖകൾ, തുകകളുടെ വിനിയോഗം സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ഇവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) പദ്ധതിമാർഗ്ഗരേഖ (സ.ഉ.(കൈ)11/18/തസ്വഭവ തീയതി 29.01.18) പ്രകാരം അഗതിരഹിതകേരളം പ്രോജക്ടിന്റെ ജില്ലാപഞ്ചായത്ത് വിഹിതം ആകെ അടങ്കലിന്റെ 10% തുകയാണ്. വകയിരുത്തിയതും ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചതുമായ സംഖ്യകൾ 10%ൽ കൂടുന്നില്ല എന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേല്ക്കാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.37/21-3-22) മുഖേന വിശദീകരണമാരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2.അഗതിരഹിതകേരളം - തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല -

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | : 323/21 (അഗതിരഹിതകേരളം) |
| നിർവഹണം | : കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| അടങ്കൽ | : ₹10,00,000 (വികസന ഫണ്ട്) |
| ചെലവ് | : ₹5,43,000 |

എ) പതിമൂന്നാം പദ്ധത മാർഗരേഖ (സ.ഉ (കൈ)11/18/തസ്വഭവ തീയതി - 29.01.2018 ഖ: 5-2-6 പ്രകാരം അനിവാര്യ വകയിരുത്തലിൽ പെട്ട പ്രോജക്ടാണ് അഗതിരഹിതകേരളം (ആശ്രയ). പ്രസ്തുത പ്രോജക്ട് പ്രകാരം സംയുക്ത പ്രോജക്ട് എന്ന നിലയിൽ താഴെ പറയുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ആകെ ₹5,43,000 ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | തുക (₹) |
|---|---|
| മുഴക്കുന്ന് | 3,00,000 |

| | |
|---|---|
| എരഞ്ഞോളി | 25,000 |
| കൊട്ടിയൂർ | 50,000 |
| കോട്ടയം | 48,000 |
| അഞ്ചരക്കണ്ടി | 1,20,000 |
| ആകെ | 5,43,000 |

പ്രസ്തുത തുക ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയത് വ്യക്തമാക്കുന്ന രേഖകൾ, ആയതിന്റെ വിനിയോഗ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ബി) പദ്ധതി മാർഗരേഖ (സ.ഉ.(കൈ) 11/18/തസ്വഭവ തീയതി 29.01.18 പ്രകാരം പദ്ധതി അടങ്കലിന്റെ വിഹിതം (സ്ഥാപനം തിരിച്ചുള്ള) ചുവടെ ചേർത്ത പ്രകാരമാണ്.

| | |
|---|---|
| കുടുംബശ്രീ | 40% |
| ഗ്രാമപഞ്ചായത്ത് | 35% |
| ബ്ലോക്ക് പഞ്ചായത്ത് | 15% |
| ജില്ലാപഞ്ചായത്ത് | 10% |

എന്നാൽ, ഫയൽ പരിശോധിച്ചതിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് (215/21) പ്രകാരം ആകെ വകയിരുത്തിയ 14 ലക്ഷം രൂപയിൽ 8 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമാണ്.

സി) ക്രമനമ്പർ (എ) യിൽ പരാമർശിച്ച ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്തിയ/നൽകിയ വിഹിതം ആകെ അടങ്കലിന്റെ 10% ൽ കൂടുന്നില്ലായെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേല്ലാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (36/21-3-22) മുഖേന വിശദീകരണമാരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

മറുപടിയുടെ/രേഖയുടെ അഭാവത്തിൽ ചെലവു തുക ₹27,30,285 (₹21,87,285+₹5,43,000) തടസ്സപ്പെടുത്തുന്നു.

## 1-48 കുടുംബശ്രീ സ്റ്റാർട്ട്അപ് ഫണ്ട് -ആസൂത്രണമില്ലാത്ത പ്രോജക്റ്റുകളും സംരംഭങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസവും ₹8,00,000 തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പരും പേരും | : | 560/21 (സ്പിൽ ഓവർ)<br>കുടുംബശ്രീ സംരംഭകത്വ പ്രോത്സാഹനത്തിന് - സ്റ്റാർട്ട് അപ് ഫണ്ട്. |
| നിർവഹണം | : | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ |
| അടങ്കൽ | : | ₹8,00,000 (വികസന ഫണ്ട്) |
| ചെലവ് | : | ₹8,00,000 (ബിൽ –2/06.05.2020) |

സ്ത്രീ സംരഭകത്വം പ്രോത്സാഹിപ്പിക്കുയെന്ന ഉദ്ദേശ്യത്തോടെ നൂതന സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപര്യമുള്ള ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ ഉടങ്ങുന്നതിന് സ്റ്റാർട്ട് അപ് ഫണ്ട് നൽകുന്ന ഈ പ്രോജക്ട് പ്രകാരം ₹2,00,000 ടോപ് വൺ ഇഡ്ഡലി മാവ് വിപണനം, അഴീക്കോടിന്റെ ലോൺ അക്കൗണ്ടിലേക്കും (കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, അഴീക്കോട് ശാഖ) ₹3,00,000 വീതം Natura Arecanut Plates (Palm Leaf Cup And Plates) – പാട്യം, ലല്ലാബി ഐസ്ക്രീം & ചോക്ലേറ്റ് യൂണിറ്റ്, പാട്യം എന്നിവയുടെ വായ്പ സ്ഥാപനമായ പാട്യം സർവീസ് സഹകരണ ബാങ്കിന്റെ പേരിലുള്ള അക്കൗണ്ടിലേക്കും നൽകിയിട്ടുണ്ട് (ബിൽ - 2/06.05.2020).

യൂണിറ്റിൻെറ നിലവിലെ സ്ഥിതി സംബന്ധിച്ച് മറുപടി ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (35/21-3-22) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി തുക ലഭ്യമായി 2 വർഷം പിന്നിടുമ്പോഴാണ് ലല്ലാബി ഐസ്ക്രീം-പാട്യം എന്ന സംരംഭം പ്രവർത്തനമാരംഭിച്ചത്. 6-5-20ന് ജില്ലാപഞ്ചായത്ത് വികസനഫണ്ട് ₹3,00,000 പ്രസ്തുത സംരംഭത്തിൻെറ ബാങ്ക് അക്കൗണ്ടിലേക്ക് നല്കിയെങ്കിലും സംരംഭം പ്രവർത്തനമാരംഭിച്ചത് 2022 ഏപ്രിൽ മാസമാണ്. സംരംഭത്തിന് തുക നല്കി, പദ്ധതി ആരംഭിക്കാതെ രണ്ടു വർഷത്തോളം പദ്ധതിപ്പണം നിഷ്ക്രിയമാക്കിയത് നിർവ്വഹണോദ്യോഗസ്ഥൻെറയും മോണിറ്ററിംഗ് ചുമതലയേല്പിക്കപ്പെട്ട ചെറുകിട വ്യവസായ വർക്കിംഗ് ഗ്രൂപ്പിൻെറയും ഉത്തരവാദിത്തനിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2. ഓഡിറ്റിൻെറ ഭാഗമായി 22-4-22 ന് സ്ഥലപരിശോധന നടത്തിയതിൽ, Natura Arecanut Plates (Palm Leaf Cup And

Plates), പാട്യം എന്ന യൂനിറ്റ് നിലവിൽ ഡ്രൈ ഫ്രൂട്ട് ജാം നിർമ്മാണമാണെന്നും, ലല്ലാബി ഐസ്ക്രീം-പാട്യം എന്ന സംരംഭത്തിനായി കിഴക്കെ കതിരൂരിൽ 5 പേരടങ്ങുന്ന ഒരു വനിതാസംഘമാണ് സബ്സിഡിക്ക് തിരഞ്ഞെടുക്കപ്പെട്ടതെങ്കിലും നിലവിൽ പ്രസ്തുത സംഘത്തിലെ പ്രസിഡണ്ടും ശേഷം പുതിയ 4 പേരുമുൾപ്പെടുന്ന സംഘത്തിൻകീഴിൽ പാട്യം ചെറുവാഞ്ചേരിക്ക് സമീപമാണ് ലല്ലാബി ഐസ്ക്രീം പ്രവർത്തിക്കുന്നതെന്നും കാണുകയുണ്ടായി. വ്യക്തമായ ആസൂത്രണം, സംഘാടനം ഇവ പരിശോധിക്കപ്പെടാതെയും ഗ്രേഡിംഗ് നടത്താതെയുമാണ് യൂനിറ്റുകൾക്ക് സബ്സിഡി അനുവദിക്കുന്നത് എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. പ്രസ്തുത 3 ഗ്രൂപ്പുകളുടെയും ഗ്രേഡിംഗ് നടത്തിയാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. മേൽ പറഞ്ഞ 3 യൂണിറ്റുകൾ ആരംഭിച്ചതിന്റെ തീയതി സഹിതമുള്ള വിവരം, യന്ത്ര സാമഗ്രികൾ വാങ്ങിയതിന്റെ വിവരം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. ടോപ് വൺ ഇഡ്ഡലിമാവ് വിപണന യൂനിറ്റ്, അഴീക്കോട് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും നാളിതുവരെയായി പ്രവർത്തനം ആരംഭിച്ചുവോയെന്നും വ്യക്തമല്ല.

5. യൂണിറ്റുകളുടെ മിനുട്ട്സ്, ഓഡിറ്റ് റിപ്പോർട്ട്, വരവ്-ചെലവ് കണക്കുകൾ, ബാങ്ക് പാസ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

6. ലഭ്യമാക്കിയ ഫയലിൽ നിന്നും Top One ഇഡലി യൂണിറ്റിന് ആകെ ചെലവ് ₹2,13,873യാണ്. ജി.ഒ(പി) 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരം ആകെ ചെലവിന്റെ 85% ആയ ₹1,81,792യേ സബ്സിഡി അനുവദിക്കാവൂ. Top One ഇഡ്ഡലി യൂണിറ്റിന് 2 ലക്ഷം രൂപ അനുവദിച്ചതിൽ, അധികമായി നല്കിയ ₹18,208 തിരികെ ഈടാക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ ₹8,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 കുറുമാത്തൂർ ട്രെയിനിംഗ് സെന്റർ - ജില്ലാ പഞ്ചായത്തിന് ഉടമസ്ഥാവകാശം വിട്ടു കിട്ടാത്ത കെട്ടിടത്തിൽ അടിസ്ഥാന സൗകര്യമൊരുക്കൽ-₹ 11,96,901 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 566/21 (സ്പിൽ ഓവർ)<br>കുറുമാത്തൂർ ട്രെയിനിംഗ് സെന്ററിന് ഫർണിച്ചറും അനുബന്ധ സൗകര്യങ്ങളും. |
| നിർവഹണ ഉദ്യോഗസ്ഥൻ | കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്റർ |
| അടങ്കൽ | ₹12,00,000 വികസന ഫണ്ട് |
| ചെലവ് | ₹3,03,750 (ബിൽ-3/15.05.2020)<br>₹8,93,151 (ബിൽ-5/22.05.2020)<br>ആകെ – ₹11,96,901 |

കണ്ണൂർ ജില്ലയിലെ എല്ലാ കുടുംബശ്രീ യൂണിറ്റുകളിലെയും വനിതകൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിനായി ഒരു സ്ഥിരം പരിശീലന കേന്ദ്രം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ 2012-13 മുതൽ 2016-17 വരെയായി ₹81,24,699 ചെലവഴിച്ച് നിർമ്മിച്ച കെട്ടിടമാണ് കുറുമാത്തൂർ ട്രെയിനിംഗ് സെന്റർ. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിലാണ് ഈ കെട്ടിടം പണിതിട്ടുള്ളത്. ഇതുവരെയായും ജില്ലാ പഞ്ചായത്തിന് പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം വിട്ടു കിട്ടിയിട്ടില്ല. കുടുംബശ്രീ പരിശീലന കേന്ദ്രത്തിലെ ഹാളുകളിൽ ആവശ്യമായ ഫർണിച്ചറുകൾ, സൗണ്ട് സിസ്റ്റം, എൽ.സി.ഡി.പ്രൊജക്ടർ എന്നിവ സ്ഥാപിക്കുന്നതിനാണ് ഈ വർഷത്തെ പ്രോജക്ട്.

ഇതു പ്രകാരം 9 ഇനം ഫർണിച്ചർ വാങ്ങിയതിന് നികുതികൾ കുറവു ചെയ്ത് ₹8,78,141 (Invoice-RHW/19-20/516 തീയതി 12.03.2020) റബ്കോ, കണ്ണൂരിന് നൽകിയിട്ടുണ്ട്.

സൗണ്ട് സിസ്റ്റം, എൽ.സി.ഡി.പ്രൊജക്ടർ എന്നിവ സ്ഥാപിക്കുന്നതിന് ₹3,03,750/- രൂപ അസി.എക്സി.എഞ്ചിനീയർ, PWD Electrical Division, കണ്ണൂരിന്റെ എസ്റ്റിമേറ്റ് പ്രകാരം എക്സി. എഞ്ചിനീയർ. PWD Electrical Division, തൃശ്ശൂരിന് വർക്ക് ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട് (ബിൽ - 3/15.05.2020).

ഈ പ്രോജക്ട് സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു-

(1) സ്ഥലം/ട്രെയിനിംഗ് സെന്റർ ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ? (2) സൗണ്ട് സിസ്റ്റം, എൽ.സി.ഡി. പ്രൊജക്ടർ എന്നിവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയോ? (3) ഇവ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ? (4)പരിശീലന കേന്ദ്രം പരിശീലനാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാരംഭിച്ച തീയതി (5) പരിശീലന കേന്ദ്രത്തിന്റെ സൂക്ഷിപ്പ്, കൈകാര്യം സംബന്ധിച്ച വിശദ വിവരം, മേൽ ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരം (6) കെട്ടിടം ഉദ്ഘാടനം

ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ കാരണം, തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ (39/21-3-2022) ത്തിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിൻേതല്ലാത്ത ഭൂമിയിൽ നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം കൈമാറിക്കിട്ടിയത് തെളിയിക്കുന്ന രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിൻെറ ഭാഗമായി 21-04-2022ന് സ്ഥലപരിശോധന നടത്തിയതിൽ, കെട്ടിടനിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെയായും കെട്ടിട നമ്പർ ലഭിക്കുകയോ, ആയതു കൊണ്ട് തന്നെ വൈദ്യുതി കണക്ഷൻ ലഭ്യമാകുകയോ ചെയ്തിട്ടില്ല എന്നു കാണുകയുണ്ടായി. പരിശീലന കേന്ദ്രമെന്ന നിലയിൽ സ്ഥാപനം പ്രവർത്തിക്കുന്നുമില്ല. 82 ലക്ഷത്തോളം രൂപ ചെലവഴിച്ച് കെട്ടിടനിർമാണം പൂർത്തീകരിച്ച് 10 വർഷമായിട്ടും ഉടമസ്ഥാവകാശം ലഭ്യമാക്കാതെ തുടർചെലവു ചെയ്യുന്ന രീതി തെറ്റായ നടപടിക്രമമാണ്. മേൽക്കാണിച്ച പ്രകാരം വാങ്ങിയ ഫർണിച്ചറുകളും, സൗണ്ട് സിസ്റ്റം, എൽ.സി.ഡി.പ്രൊജക്ടർ എന്നിവയും പ്രസ്തുത കെട്ടിടത്തിൽ സൂക്ഷിച്ച വെച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ പോലും ലഭ്യമാകാതിരിക്കെയാണ് വാറണ്ടി കാലാവധി ബാധകമായ സൗണ്ട് സിസ്റ്റം ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയിരിക്കുന്നത്. കെട്ടിടത്തിൻെറ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിന് വിട്ടു കിട്ടുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു. ജില്ലാ പഞ്ചായത്തിന് ഉടമസ്ഥാവകാശം വിട്ടുകിട്ടാത്ത കെട്ടിടത്തിൽ അടിസ്ഥാന സൗകര്യമൊരുക്കുവാൻ ചെലവഴിച്ച ₹11,96,901 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-50 പട്ടികജാതിയുവാക്കൾക്ക് പി എസ് സി പരിശീലനം -ഒരു മാസത്തെ പരിശീലനത്തിന് മൂന്ന് മാസത്തെ ഫീസ്-₹2,83,300 നിരാകരിക്കുന്നു. മാർഗ്ഗരേഖയുടെ ലംഘനം-₹1,41,700 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പരും പേരും | 559/21, പട്ടികജാതിയുവാക്കൾക്ക് പി എസ് സി പരിശീലനം |
| അടങ്കൽ | ₹4,50,000 (വികസനഫണ്ട് -എസ് സി പി) |
| ചെലവ് | ₹4,25,000 |
| ബിൽനമ്പർ | 1) 20219015201230002228/11.04.2020 ₹1,50,000<br>2)20190152012300022231/11.04.2020 ₹1,00,000<br>3)20190152012301404113/27.03.2021 ₹1,75,000 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്ന 60 പട്ടികജാതി യുവതീയുവാക്കൾക്ക് പി എസ് സി പരിശീലനം എന്ന പദ്ധതി പ്രകാരം ₹4,50,000 (വികസന ഫണ്ട് എസ് സി പി) വകയിരുത്തിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

മേൽ പ്രോജക്ടിന്റെ ഭാഗമായി താഴെ പ്രതിപാദിക്കുന്ന അപാകങ്ങൾ കണ്ടെത്തിയിരിക്കുന്നു.

1. പദ്ധതി രൂപീകരണ മാർഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീയ്യതി.29.01.2018, സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.22/2018/തസ്വഭവ. തീയതി 14.02.2018 എന്നിവയിൽ പി.എസ്.സി പരിശീലനം സംബന്ധിച്ച് പ്രോജക്ടുകൾ നടപ്പിലാക്കാമെന്ന് വ്യക്തമാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിലും അധികമായ നിരക്കിലോ, തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് സ.ഉ.(കൈ)നം.22/2018/തസ്വഭവ. തീയതി 14.02.2018ലെ ഖണ്ഡിക 2.2ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള അനുമതി ലഭ്യമാക്കാതെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2. പി.എസ്.സി പരിശീലനം ലഭ്യമാക്കുന്ന സ്ഥാപനത്തിനെ തെരഞ്ഞെടുക്കുന്നതിന് ടെണ്ടർ നടപടികൾ പോലുള്ള സുതാര്യമായ മാർഗങ്ങൾ സ്വീകരിച്ചിട്ടില്ല. ബ്രില്ല്യൻസ് കോളേജ്, കണ്ണൂർ എന്ന സ്ഥാപനത്തെ പരിശീലനത്തിനായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

3. പൊതുവിജ്ഞാനം, ഇംഗ്ലീഷ്, കണക്ക്, മാനസികശേഷി പരിശോധന എന്നീ വിഷയങ്ങളിൽ ക്ലാസ് നൽകുന്നതിന് ഒരു കുട്ടിക്ക് ഒരുദിവസം 4 മണിക്കൂർ വീതം ആകെ 275 മണിക്കൂർ പരിശീലനം നല്കുവാനാണ് 10.01.2020ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 02/2020(6) നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളത്. കൂടാതെ പരിശീലനത്തിന്റെ തുക ഒരു വിദ്യാർത്ഥിക്ക് ₹8500 എന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇത് സർക്കാർ അംഗീകൃത നിരക്കാണോ എന്ന് വ്യക്തമല്ല.

4. പരിശീലനത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ പട്ടികജാതിവിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന

ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

5. പരിശീലനത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

6. പ്രോജക്ടിൽ വ്യക്തമാക്കിയ പ്രകാരം നിശ്ചിത കാലയളവിലും, നിശ്ചിത വിഷയങ്ങളിലും (പൊതുവിജ്ഞാനം, ഇംഗ്ലീഷ്, കണക്ക്, മാനസികശേഷി പരിശോധന) തങ്ങൾക്ക് സ്ഥാപനം ക്ലാസുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന ഉദ്യോഗാർത്ഥികളുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

7. പദ്ധതി രൂപീകരണ മാർഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീയ്യതി.29.01.2018 ഖണ്ഡിക 3.5.6(2)ൽ ജില്ലാപഞ്ചായത്തുകൾക്ക് കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി ₹4,50,000 അടങ്കൽ തുകയുള്ള പ്രോജക്ട് ഏറ്റെടുക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

8. ജില്ലാ പട്ടികജാതി വികസന ഓഫീസറും, ബ്രില്ല്യൻസ് കോളേജ് മാനേജരും തമ്മിൽ 22.02.2020ൽ ചമച്ച കരാറിലെ നിബന്ധനകളിൽ ഒന്നാം നമ്പറായി ചേർത്ത പട്ടികയിൽ ഉദ്യോഗാർത്ഥികളുടെ അംഗസംഖ്യ, പരിശീലന കാലാവധി, ഫീസ് എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

9. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 28.01.2020ലെ യോഗത്തിൽ 04/2020(2) നമ്പറായി പി.എസ്.സി പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ആകെ 21 ഉദ്യോഗാർത്ഥികൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ. എന്നാൽ 50 ഉദ്യോഗാർത്ഥികൾക്ക് പരിശീലനത്തിന് തുക നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അംഗീകാരമില്ലാതെ 29 പേർക്ക് പരിശീലനത്തിന് തുക അനുവദിച്ചതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

10. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

11. പദ്ധതിക്കായി 07.12.2019ൽ താൽപര്യപത്രം ക്ഷണിച്ചു കൊണ്ടുള്ള പട്ടികജാതി വികസന ഓഫീസറുടെ നടപടിക്രമങ്ങളിൽ പരിശീലന കാലാവധിയായി നിശ്ചയിച്ചിരിക്കുന്നത് 3 മാസം (90 ദിവസം) ആണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഉദ്യോഗാർത്ഥികളുടെ ഹാജർ പട്ടിക പ്രകാരം താഴെ പ്രതിപാദിക്കുന്ന ദിവസങ്ങളിൽ മാത്രമാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പരിശീലനം സംഘടിപ്പിച്ച മാസം | പരിശീലനം സംഘടിപ്പിച്ച ദിവസങ്ങൾ |
|---|---|---|
| 1 | ഫിബ്രവരി 2020 | 5 |
| 2 | മാർച്ച് 2020 | 7 |
| 3 | ഡിസംബർ 2020 | 19 |
| | ആകെ | 31 |

ഒരു മാസം മാത്രം പരിശീലനം നൽകുകയും മൂന്ന് മാസത്തേക്കുള്ള തുക അനുവദിക്കുകയും ചെയ്തു വഴി സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

പൊതുവിജ്ഞാനം, ഇംഗ്ലീഷ്, കണക്ക്, മാനസികശേഷി പരിശോധന എന്നീ വിഷയങ്ങൾക്ക് മൂന്ന് മാസം പരിശീലനം നൽകുന്നതിനാണ് ഒരു വിദ്യാർത്ഥിക്ക് ₹8500 എന്ന് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഒരു മാസത്തെ പരിശീലനം മാത്രം നൽകിയതിനാൽ ഒരു വിദ്യാർത്ഥിക്ക് ₹2834 നിരക്കിൽ ആകെ 50 വിദ്യാർത്ഥികൾക്ക് ₹1,41,700 നൽകുവാൻ മാത്രമേ അർഹതയുള്ളൂ. എന്നാൽ ബ്രില്ല്യൻസ് കോളേജ് എന്ന സ്ഥാപനത്തിന് ₹4,25,000 അനുവദിക്കുക വഴി ₹2,83,300 അധികം നൽകിയിരിക്കുന്നു. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

മേൽ പ്രതിപാദിച്ച വിഷയങ്ങൾ സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥന്റെ വിശദമായ മറുപടി ലഭ്യമാക്കണമെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (69/*2020-21/26*.03.2022)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ ₹1,41,700 ന്റെ ചെലവ് തടസ്സപ്പെടുത്തുകയും, ₹2,83,300 ന്റെ ചെലവ് നിരാകരിക്കുകയും ചെയ്യുന്നു.

## 1-51 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചെലവ് തുക ₹22,95,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 462/21, ഉന്നതപഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |

| | |
|---|---|
| അടങ്കൽ | ₹40,00,000 (വികസന ഫണ്ട്-എസ്‌സിപി) |
| ചെലവ് | ₹22,95,000 |
| ബിൽനമ്പർ | 1)20190152012301075398/11.02.2021 ₹8,05,000<br>2)20190152012301402939/27.03.2021 ₹5,60,000<br>3)201901520123011416313/29.03.2021 ₹9,30,000 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള, 'ഉന്നത പഠനം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനത്തിന് ധനസഹായം വിതരണം ചെയ്യൽ' എന്ന പദ്ധതിയിൽ മേൽ പ്രതിപാദിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ₹22,95,000 അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) സംസ്ഥാന സർക്കാരോ,കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യതനേടി പഠനം നടത്തിവരുന്ന എല്ലാവിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക്ക് വർഷത്തിലും നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്. എന്നാൽ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ അപേക്ഷകൾ, പഠിക്കുന്ന കോഴ്സ്, യോഗ്യത എന്നിവ തെളിയിക്കുന്നതിനായി വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ആയതിനാൽ സ.ഉ.(കൈ)നം.22/2018/തസ്വഭവ. തീയ്യതി.14.02.2018 ഖണ്ഡിക 7.2ൽ പ്രതിപാദിച്ചു പ്രകാരം അംഗീകരിക്കപ്പെട്ട നിരക്കിലും കൂടുതൽ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2) ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭകൾ അംഗീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇതിനാൽ മാർഗരേഖാ ലംഘനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3) ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഈ വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല എന്നത് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4) സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ കോഴ്സുകളുടെ വിവരം, വർഷം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഈ വിവരങ്ങൾ കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (64/2020-21/26.03.2022)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക ₹22,95,000 തടസ്സപ്പെടുത്തുന്നു.

## 1-52 ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - ₹92,70,344 തടസ്സപ്പെടുത്തുന്നു

ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | പ്രോജക്ട് വിശദാംശങ്ങൾ | പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | തടസ്സപ്പെടുത്തുന്ന തുക |
|---|---|---|---|---|
| 1. | പ്രോജക്ട് - 626/21, (കുന്നുംകൈ വ്യവസായ എസ്റ്റേറ്റ് നിർമാണം | അടങ്കൽ - ₹15,60,000 (വികസന ഫണ്ട് -എസ് സി പി) | 1) സുലേഖ ചെലവു പത്രിക പ്രകാരം ഈ പ്രോജക്ടിന് വികസന | ₹15,60,000 |

| | | | | | |
|---|---|---|---|---|---|
| | (എസ് സി) ചിറക്കൽ ഗ്രാമപഞ്ചായത്തിന് ധനസഹായം) | ചെലവ്- ₹15,60,000<br>1.ബിൽ നമ്പർ-1096/13.01.21 ₹4,99,961<br>2..ബിൽ നമ്പർ-1097/13.01.21 ₹7,58,810<br>3.ബിൽ നമ്പർ-1098/13.01.21 ₹3,01,229<br>കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുന്നംകൈ വ്യവസായ എസ്റ്റേറ്റ് നിർമ്മാണത്തിന് ചിറക്കൽ ഗ്രാമപഞ്ചായത്തിന് ധനസഹായം ,ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ കുന്നംകൈ വ്യവസായ എസ്റ്റേറ്റ് കെട്ടിടനിർമാണം (പ്രോജക്ട് നമ്പർ-154/21) എന്നിങ്ങനെ സംയുക്തമായി തുക വകയിരുത്തി ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിപ്രകാരം ₹15,60,000 കൈമാറുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. | ഫണ്ടിൽ നിന്നും ₹15,60,000 ചെലവുണ്ട്. ചിറക്കൽ ഗ്രാമപഞ്ചായത്തിന് ധനസഹായം അനുവദിച്ചതിന് നിർവഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ രേഖകൾ, ട്രഷറി അക്നോളജ്മെന്റ് റസീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുക ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമല്ല.<br>2) വ്യവസായ എസ്റ്റേറ്റ് കെട്ടിട നിർമാണം, പൂർത്തീകരണം, കെട്ടിടം നിലവിൽ വ്യവസായ എസ്റ്റേറ്റിന് വേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കുന്നതിന് നിലവിലെ അവസ്ഥ, വാടകക്ക് നൽകിയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.<br>3) പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഈ പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>4) നൽകിയ തുക മുഴുവനായും ഈ ആവശ്യത്തിന് വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | | |

| | | | | |
|---|---|---|---|---|
| 2 | പ്രോജക്റ്റ് - 624/21, (പട്ടികജാതി കുടിവെള്ള പദ്ധതികൾക്ക് ധനസഹായം) | അടങ്കൽ -₹58,90,000 (വികസന ഫണ്ട് എസ് സി പി)<br>ചെലവ്- ₹43,04,179/-<br>1) ബിൽ നമ്പർ- 267/15.05.20 ₹1,04,179<br>2) ബിൽ നമ്പർ- 268/15.05.20 ₹42,00,000<br>കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി കുടിവെള്ള പദ്ധതികൾക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം ₹58,90,000 (വികസന ഫണ്ട് -എസ് സി പി) വകയിരുത്തിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. | 1) സുലേഖ ചെലവു പത്രിക പ്രകാരം ഈ പ്രോജക്റ്റിന് വികസന ഫണ്ടിൽ നിന്നും ₹43,04,179 ചെലവുണ്ട് ഏതൊക്കെ ഗ്രാമപഞ്ചായത്തു കൾക്കാണ് ധനസഹായം അനുവദിച്ചതെന്ന് വ്യക്തമാക്കുന്നതിനുള്ള രേഖകൾ, നിർവഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ, ട്രഷറി അക്നോളജ്മെന്റ് റസീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇവയുടെ അഭാവത്തിൽ തുക ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമല്ല.<br>2) കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് അവ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ഇവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമല്ല.<br>3) ജില്ലാപഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയതിനു ശേഷമുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>4) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയ മോണിറ്ററിംഗ് രേഖകൾ, മുഴുവൻ തുകയും ഈ ആവശ്യത്തിന് വിനിയോഗിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. | ₹43,04,179 |
| 3 | പ്രോജക്റ്റ് - 627/21, (പട്ടികജാതി സാംസ്കാരിക നിലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം) | അടങ്കൽ - ₹20,00,000 (വികസന ഫണ്ട് – എസ് സി പി)<br>ചെലവ്- ₹19,49,255<br>ബിൽനമ്പർ-<br>1) 269/15.05.20 ₹1,65,500<br>2) 480/09.06.20 | 1) സുലേഖ ചെലവു പത്രിക പ്രകാരം ഈ പ്രോജക്റ്റിന് വികസന ഫണ്ടിൽ നിന്നും ₹19,49,255 ചെലവുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം എന്ന പദ്ധതിക്കായി | ₹19,49,255 |

| | | | | |
|---|---|---|---|---|
| | | ₹2,97,416<br>3) 509/18.06.20 ₹10,00,000<br>4) 512/18.06.20 ₹1,21,000<br>5) 665/27.08.20 ₹1,74,439<br>6) 771/11.11.20 ₹1,36,500<br>7) 1951/27.03.21 ₹54,400<br>കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി സാംസ്കാരിക നിലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം ₹19,49,255 (വികസന ഫണ്ട് എസ് സി പി) വകയിരുത്തിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. | ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ചതിനുള്ള റിക്വിസിഷൻ രേഖകൾ, ട്രഷറി അക്നോളജ്മെന്റ് റസീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുക ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് കൈമാറിയതെന്ന് വ്യക്തമല്ല.<br>2) പട്ടികജാതി സാംസ്കാരിക നിലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുന്നതിനായി പദ്ധതിയുടെ നിർവഹണം, പൂർത്തീകരണം, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>3) സാസ്കാരികനിലയങ്ങൾ ഉപയോഗപ്പെടുത്തുന്നത് വ്യക്തമാക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>4) നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | |
| 4 | പ്രോജക്ട് - 559/21, (പട്ടികജാതി വിദ്യാർഥികൾക്ക് കരിയർ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസുകൾ നല്കൽ) | അടങ്കൽ - ₹1,50,000 (വികസന ഫണ്ട്- എസ് സി പി)<br>ചെലവ്- ₹56,910<br>ബിൽ നമ്പർ-16/11.04.20 ₹56,910<br>കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ള പട്ടികജാതി വിദ്യാർഥികൾക്ക് കരിയർഗൈഡൻസ്, മോട്ടിവേഷൻ ക്ലാസുകൾ നല്കൽ എന്ന പദ്ധതി പ്രകാരം ₹1,50,000 (വികസന ഫണ്ട് | 1) സുലേഖ ചെലവു പത്രിക പ്രകാരം ഈ പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും ₹56,910 ചെലവുണ്ട് ബന്ധപ്പെട്ടവർക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നതിനായി നിർവഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ രേഖകൾ, അലോട്ട്മെന്റ് സംബന്ധിച്ച വിശദാംശങ്ങൾ , ട്രഷറി ബിൽ, ട്രഷറി അക്നോളജ്മെന്റ് റസീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുക ആർക്കാണ് കൈമാറി യിട്ടുള്ളതെന്ന് വ്യക്തമല്ല.<br>2) കരിയർ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസുകൾ | ₹56,910 |

| | | | | |
|---|---|---|---|---|
| | | എസ് സി പി)<br>വകയിരുത്തിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. | എന്നിവ ഏത് സ്ഥാപനമാണ് നൽകിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>3) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഈ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. | |
| 5 | പ്രോജക്റ്റ് - 468/21, (പട്ടികജാതി – കുടിവെള്ള പദ്ധതികൾക്ക് ധനസഹായം) | അടങ്കൽ – ₹50,00,000 (വികസന ഫണ്ട് എസ് സി പി)<br>ചെലവ്- ₹14,00,000/-<br>1) ബിൽ നമ്പർ- 1606/18.03.21 ₹14,00,000<br>കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ള പട്ടികജാതി കുടിവെള്ള പദ്ധതികൾക്ക് ധനസഹായം എന്ന പദ്ധതി പ്രകാരം 50,00,000(വികസന ഫണ്ട് -എസ് സി പി) വകയിരുത്തിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. | 1) സുലേഖ ചെലവ് പത്രിക പ്രകാരം ഈ പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും ₹14,00,000 ചെലവുണ്ട് ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് ധനസഹായം അനുവദിച്ചതെന്ന് വ്യക്തമാക്കുന്നതിനുള്ള രേഖകൾ നിർവഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ , ട്രഷറി അക്നോളജ്മെന്റ് റസീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇവയുടെ അഭാവത്തിൽ തുക ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമല്ല.<br>2) കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് അവ ഗുണഭോക്തൃ സമിതി കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ഇവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമല്ല.<br>3) ജില്ലാപഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയതിനു ശേഷമുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>4) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയ മോണിറ്ററിംഗ് രേഖകൾ, മുഴുവൻ തുകയും ഈ ആവശ്യത്തിന് വിനിയോഗിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിന് വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. | ₹14,00,000 |

| | | | | |
|---|---|---|---|---|
| | | | ആകെ | 92,70,344 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (63, 65, 66, 68 തീയ്യതി 26.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ പ്രതിപാദിച്ച കാരണങ്ങളാൽ ₹92,70,344 ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-53 എസ് സി കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയ നിർമ്മാണം:- ചെലവ് രേഖകളും പൂർത്തീകരണ വിവരവും ലഭ്യമാക്കിയില്ല - ₹2,00,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് | 677/21, (ലൈഫ് ഭവന പദ്ധതി - ഏഴോം ഗ്രാമപഞ്ചായത്തിൽ എസ് സി കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയ നിർമ്മാണം) |
| അടങ്കൽ | ₹2,00,00,000 (വികസന ഫണ്ട് -എസ് സി പി) |
| ചെലവ് | ₹2,00,00,000 |
| ബിൽനമ്പർ | 1128/15.01.2021 (എ സി ആർ പ്രകാരം) |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിട്ടുള്ള ലൈഫ് ഭവന പദ്ധതി - ഏഴോം ഗ്രാമപഞ്ചായത്തിൽ എസ് സി കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയ നിർമ്മാണം എന്ന പദ്ധതി പ്രകാരം ₹2,00,00,000 (വികസന ഫണ്ട്- എസ് സി പി) വകയിരുത്തിയാണ് ഈ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ജി.ഒ (എം എസ്) നം.91/2019 /തസ്വഭവ. തീയ്യതി.16.07.2019 പ്രകാരം ലൈഫ് മിഷന്റെ മൂന്നാംഘട്ടമായി ഭൂരഹിത ഭവനരഹിതരുടെ ഭവന സമുച്ചയാധിഷ്ഠിത പുനരധിവാസത്തിന് സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ സ.ഉ (എം.സ്)നം.93/2019/തസ്വഭവ തീയ്യതി 18.07.2019 പ്രകാരം ഭൂരഹിത ഭവനരഹിതർക്കുള്ള പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 ൽ തന്നെ ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദേശിച്ചിട്ടുള്ളതുമാണ്. സർക്കാർ നിർദേശപ്രകാരം സമയബന്ധിതമായി ഭവനനിർമാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

സുലേഖ ചെലവു പത്രിക പ്രകാരം ഈ പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും ₹2,00,00,000/- ചെലവുണ്ട്. തുക അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയൽ, നിർവഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ സംബന്ധിച്ച വിശദാംശങ്ങൾ, തുക അനുവദിച്ചതിന്റെ അലോട്ട്മെന്റ് നമ്പർ, ട്രഷറി ബിൽ സംബന്ധിച്ച വിശദാംശങ്ങൾ, ട്രഷറി അക്നോളജ് മെന്റ് റസീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തുക ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമല്ല. ലൈഫ് ഭവന പദ്ധതി പ്രകാരം ഏഴോം ഗ്രാമപഞ്ചായത്തിൽ എസ് സി കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം നിർമിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനായി പദ്ധതിയുടെ നിർവഹണം സംബന്ധിച്ച രേഖകൾ, പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഗ്രാമ പഞ്ചായത്ത് അനുവദിച്ച കെട്ടിടനമ്പർ, പാർപ്പിട സമുച്ചയത്തിൽ നിലവിൽ താമസിക്കുന്ന ഗുണഭോക്താക്കളുടെ വിവരം എന്നിവ ലഭ്യമല്ല. ആയതിനാൽ ഏഴോം ഗ്രാമപഞ്ചായത്തിൽ എസ് സി കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയ നിർമാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിഗ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളും നിലവിലെ അവസ്ഥയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (67/26.03.2022) ത്തിന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി

ലഭ്യമാക്കിയിട്ടില്ല.മേൽകാരണങ്ങളാൽ ₹2,00,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-54 സയൻസ് പാർക്കിൽ മരാമത്ത് പ്രവൃത്തികളുടെ ക്വാളിറ്റികൺട്രോൾലാബ് സജ്ജീകരണം:- ലാബ് പ്രവർത്തനക്ഷമമായത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല - ചെലവ് തുക ₹7,09,652 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 638/20-2021-നിർവ്വഹണം-സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | സയൻസ് പാർക്കിൽ മരാമത്ത് പ്രവൃത്തികളുടെ ക്വാളിറ്റികൺട്രോൾലാബ് സജ്ജീകരണം |
| അടങ്കൽ | വികസന ഫണ്ട് ₹7,09,652/- |
| ചെലവ് | ₹7,09,652/- |
| ബിൽനമ്പർ, തീയതി | 94/27-5-20 |

സയൻസ് പാർക്കിൽ മരാമത്ത് പ്രവൃത്തികളുടെ ക്വാളിറ്റി കൺട്രോൾ ലാബ് സജ്ജീകരണം എന്ന പ്രോജക്ടിൽ ലാബ് സജ്ജീകരണവുമായി ബന്ധപ്പെട്ട സിവിൽ-ഇലക്ട്രിക്കൽ വർക്കുകളുടെ പൂർത്തീകരണത്തിനാണ് 2020-21 വർഷം തുക ചെലവഴിച്ചിട്ടുള്ളത്. അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതികേന്ദ്രയാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ക്വാളിറ്റി കൺട്രോൾ ലാബിലേക്കാവശ്യമായ 15ലക്ഷം രൂപയുടെ ഉപകരണങ്ങൾ 2019-20 വർഷം വാങ്ങിയിട്ടുണ്ട്.

ലാബിന് വേണ്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, ലാബിന്റെ പ്രവർത്തനമാർഗ്ഗരേഖ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടോ, മുൻ വർഷം വാങ്ങിയ ₹15,00,000യുടെ ഉപകരണങ്ങൾ നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ നിലവിൽ ലാബ് ഉപയോഗപ്പെടുത്തുന്നുണ്ടോ/പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ, തുടങ്ങിയ വിവരങ്ങളാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന്(112/15-6-22)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹7,09,652 തടസ്സപ്പെടുത്തുന്നു.

## 1-55 പാത്തിക്കൽ കുടിവെള്ള പദ്ധതി പദ്ധതി ഉപേക്ഷിച്ചു- മുൻകൂർ നൽകിയ ₹3,50,000 തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 641/20 |
| എസ്റ്റിമേറ്റ് | ₹15,14,000 |
| പി. എ. സി | ₹13,51,719 |
| കരാർ ഉടമ്പടി | നമ്പർ LSGD/AEE/46/19-20/2-11-19 |

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ പാത്തിക്കൽ കുടിവെള്ള പദ്ധതിക്ക് വേണ്ടി 02-11-2019ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും SEUF പ്രോഗ്രാം ഓഫീസറും തമ്മിൽ കരാർ ചമച്ചിരുന്നു. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10-1-2020ലെ എ1-WP/46/19-20 നമ്പർ നടപടിക്രമ പ്രകാരം ₹3,50,000 അനുവദിച്ചു. (ആദായ നികുതി ₹7000, ജി എസ് ടി ₹7000, ക്ഷേമനിധി വിഹിതം ₹3500 എന്നിവ കുറച്ച് ₹3,32,500 SEUF ന് നൽകി).

പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി കൂത്തുപറമ്പ് ബ്ലോക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച 02-08-2021ലെ റിപ്പോർട്ടിൽ പാത്തിക്കൽ കുടിവെള്ള പദ്ധതി ആരംഭിച്ചിട്ടില്ല എന്നറിയിച്ചു. തുടർന്ന് ജില്ലാ പഞ്ചായത്ത് ഭരണസമിതി

പാത്തിക്കൽ കുടിവെള്ള പദ്ധതിക്ക് മുൻകൂർ നൽകിയ തുക തിരികെ ഈടാക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് LSGDഎക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിക്ക് മുൻകൂർ ഇനത്തിൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടക്കാൻ 1-11-21ലെ ഡി3/ഡിപി/641/19 കത്ത് പ്രകാരം SEUFനെ അറിയിച്ചു. എന്നാൽ തുക നാളിതു വരെ തിരികെ ലഭിച്ചിട്ടില്ല .SEUFന് പാത്തിക്കൽ കുടിവെള്ള പദ്ധതിക്ക് വേണ്ടി മുൻകൂർ നൽകിയ ₹3,50,000 പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-56 നബാർഡ് സഹായത്തോടെ പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിടനിർമ്മാണം - നിർമ്മിതി കേന്ദ്രക്ക് അധികം നൽകിയ ₹1,96,84,210 തിരികെ ഈടാക്കേണ്ടതാണ് - ചെലവു രേഖകളുടെ അഭാവത്തിൽ ₹1,04,17,594 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 1007/21: നിർവ്വഹണം-സെക്രട്ടറി |
| പ്രോജക്ടിൻറെ പേര് | നബാർഡ് സഹായത്തോടെ പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിടനിർമ്മാണം- ശ്രീകണ്ഠാപുരം, മാടായിബോയ്സ്, ചെറുകുന്ന് ഗേൾസ്, കണിയൻചാൽ (സ്പിൽ ഓവർ) |
| അടങ്കൽ | വികസനഫണ്ട് (പൊതുവിഭാഗം )₹24,000<br>കേന്ദ്രാവിഷ്കൃത ഫണ്ട് ₹6,56,52,000 |
| ചെലവ് | ₹3,01,01,804 |
| ബിൽനമ്പർ, തീയതി | ബിൽ നമ്പർ 487/25-9-20 ₹44,46,000<br>ബിൽ നമ്പർ 488/25-9-20 ₹37,78,000<br>ബിൽ നമ്പർ 735/11-1-21 ₹93,47,282<br>ബിൽ നമ്പർ 790/16-1-21 ₹1,25,30,522 |

നബാർഡ് RIDF TRANCHE XX സ്കീമിൽ ഉൾപ്പെടുത്തി നാല് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ്ടു കോംപ്ലക്സ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 9.72 കോടി രൂപയുടെ പദ്ധതി 2015-16 ൽ ആരംഭിച്ച് നടപ്പാക്കി വരുന്നു. GHSS ശ്രീകണ്ഠാപുരം, GHSSമാടായിബോയ്സ്, GHSS ചെറുകുന്ന്ഗേൾസ്, GHSSകണിയൻചാൽ എന്നീ സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആകെ അടങ്കൽ തുകയിൽ 85% നബാർഡ് വിഹിതവും 15% ജില്ലാ പഞ്ചായത്ത് വിഹിതവുമാണ് നിശ്ചയിച്ചത്. ഒരു സ്കൂളിന് ₹2,43,00,000 വീതം നാല് സ്കൂളിന് ₹9,72,00,000 യാണ് ആകെ എസ്റ്റിമേറ്റ് തുക നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിയുടെ ആകെ അടങ്കൽ ₹9,72,00,000 യിൽ ₹8,26,20,000 നബാർഡ് വിഹിതവും ₹1,45,80,000 ജില്ലാ പഞ്ചായത്ത് വിഹിതവുമാണ് വകയിരുത്തേണ്ടത്. നിർമ്മിതികേന്ദ്ര മുഖേനയാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. 14-9-15 ന് ഏർപ്പെട്ട കരാർ പ്രകാരം 30 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് വ്യവസ്ഥചെയ്തിരുന്നത്.

പദ്ധതിയുടെ വിവിധ ഫണ്ടുകളിലെ നാളിതുവരെയുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വികസനഫണ്ട് (₹) | നബാർഡ് വിഹിതം (₹) | തനത് ഫണ്ട് (₹) | ആകെ (₹) |
|---|---|---|---|---|
| 1 | 50,00,000 | 44,40,000 | 1,00,00,000 | 5,94,40,000 |
| 2 | 50,00,000 | 1,20,84,000 | 50,00,000 | 1,20,84,000 |
| 3 | 50,00,000 | 70,89,000 | 50,00,000 | 70,89000 |
| 4 | | 4446000 | 10000000 | 4446000 |
| 5 | | 3778000 | 5000000 | 3778000 |
| 6 | | 12530522 | 5000000 | 12530522 |
| 7 | | 9347282 | | 9347282 |
| ആകെ | 1,50,00,000 | 5,37,14,804 | 4,00,00,000 | 10,87,14,804 |

നാല് സ്കൂളുകളുടെയും പ്രവൃത്തി പൂർത്തീകരിച്ച് നൽകിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം ഓരോ സ്കൂളിനും ഫൈനൽ ബിൽ പ്രകാരം ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ചെലവഴിച്ച തുക ₹ |
|---|---|---|
| 1 | ഗവ.എച്ച്എസ്എസ്,മാടായി (ബോയ്സ്) | 2,40,91,088 |
| 2 | ഗവ.എച്ച്എസ്എസ്,ചെറുകുന്ന് (ഗേൾസ്) | 2,42,98,356 |
| 3 | ഗവ.എച്ച്എസ്എസ്, ശ്രീകണ്ഠാപുരം | 1,64,70,554 |
| 4 | ഗവ.എച്ച്എസ്എസ്എസ്,കണിയൻചാൽ | 2,41,70,596 |
| | ആകെ | 8,90,30,594 |

പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ യഥാസമയം നബാർഡ് വിഹിതം ലഭ്യമാകാത്തതിനെ തുടർന്നും ട്രഷറി നിയന്ത്രണങ്ങൾ മൂലവും പ്രവൃത്തി തടസ്സപ്പെടാതിരിക്കാൻ പിന്നീട് ക്രമീകരിക്കാം എന്ന വ്യവസ്ഥയിൽ താഴെ കൊടുത്തിരിക്കുന്ന വൗച്ചറുകൾപ്രകാരം ₹4,00,000,00 തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | വൗച്ചർ നമ്പർ/തീയതി | തുക ₹ |
|---|---|---|
| 1 | 21900491/2-09-19 | 1,00,000,00 |
| 2 | 21900492/ 2-09-19 | 50,00,000 |
| 3 | 21900493/2-09-19 | 50,00,000 |
| 4 | 21901013/4-2-20 | 1,00,000,00 |
| 5 | 21901014/ 4-2-20 | 50,00,000 |
| 6 | 21901015/4-2-20 | 50,00,000 |
| ആകെ | | 4,00,000,00 |

NABARD RIDF Tranche XXപ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള മാർഗ്ഗരേഖ (സർക്കുലർനമ്പർ26828/R&I4/CRD/20-4-15) അനുസരിച്ച് 85% നബാർഡ് വിഹിതവും 15%സംസ്ഥാന വിഹിതവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കേണ്ടത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ ചേർക്കുന്നു

1) പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റ്,ബിൽഡിംഗ്പ്ലാൻ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രപ്രകാരം നാല് സ്കൂളുകൾക്കും കൂടി ആകെ ചെലവഴിച്ച തുക ₹8,90,30,594 യാണ്. ഇത് പ്രകാരം ഈ തുകയുടെ 15% തുക ₹ 1,33,54,589 മാത്രമേ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവൂ. എന്നാൽ പദ്ധതിയുടെ ആരംഭത്തിൽ തന്നെ ₹1,50,000,00 പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് .ഇത് പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും ₹16,45,411 അധികമായി നൽകിയിട്ടുണ്ട് . ₹9,72,000,00 ആകെ അടങ്കലുള്ള പദ്ധതിയിൽ പദ്ധതി 2015-16ൽ റിവൈസ് ചെയ്ത് വികസനഫണ്ടിൽ ആദ്യം വകയിരുത്തിയിരുന്ന ₹1,31,69,000, ₹1,50,24,000 യാക്കി വകയിരുത്തിയപ്പോൾ തന്നെ മേൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് പ്ലാൻഫണ്ട് വകയിരുത്തിയത്. പ്ലാൻ ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

3) പദ്ധതിനടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും പിന്നീട് ക്രമീകരിക്കാം എന്ന വ്യവസ്ഥയിൽ നാല് കോടി രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ₹8,90,30,594 പ്രവൃത്തിമൂല്യമുള്ള ഈ പ്രവൃത്തിക്ക് ഇതിനകം തന്നെ ₹10,87,14,804 നിർമ്മിതി കേന്ദ്രക്ക് നൽകിക്കഴിഞ്ഞു. ഇതുവഴി ₹1,96,84,210 നിർമ്മിതി കേന്ദ്രക്ക് അധികമായി നൽകിയിട്ടുണ്ട്. (നിർമ്മിതികേന്ദ്രയോട് നാല് കോടി രൂപ തിരികെ ലഭ്യമാക്കുന്നതിന് 22-1-2021 തീയതിയിലെ ഇ2-2879/15 നമ്പർകത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.) പദ്ധതിക്ക് നബാർഡ് ഫണ്ട് ലഭ്യമാകുവാൻ വൈകിയതിനെത്തുടർന്ന് പിന്നീട് ക്രമീകരിക്കാമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹4,00,00,000 ക്രമീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4) പദ്ധതിയുമായി ബന്ധപ്പെട്ട് GHSSകണിയൻചാൽ, GHSSചെറുകുന്ന് എന്നീ സ്കൂളുകളുടെ ഫൈനൽബിൽ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. മറ്റ് സ്കൂളുകളുടെ ഫൈനൽ ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. മുഴുവൻ പ്രവൃത്തികളുടെയും എം ബുക്കുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

5) പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഓരോ സ്കൂളിനുമായി വിവിധഫണ്ടിൽ നിന്നും ലഭ്യമായ ഫണ്ടിന്റെ വിവരവും ഓരോ സ്കൂളിനുമായി വിവിധ ഫണ്ടിനത്തിൽ നിർമ്മിതികേന്ദ്രക്ക് നൽകിയ തുക/ചെലവഴിച്ച തുക എന്നിവയുടെ വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

6) മേൽപ്രവൃത്തിയിൽ തൻവർഷം ബിൽബുക്ക് പ്രകാരം ₹3,01,01,804 ചെലവുണ്ടെങ്കിലും സുലേഖ ചെലവ് പത്രിക പ്രകാരം ₹1,25,30,522 മാത്രമേ ചെലവ് കാണിച്ചിട്ടുള്ളൂ .

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(106/13-6-22)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയ ₹1,96,84,210 ഓഡിറ്റിൽ നിരാകരിക്കുന്നു. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹1,04,17,594 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-57 ജില്ലാ വെറ്ററിനറി കേന്ദ്രം ദൈനംദിന ചെലവ് - നിർവ്വഹണ അപാകങ്ങൾ

1) നേരിട്ടുള്ള ധനവിനിയോഗം

ജില്ലാവെറ്റിനറി കേന്ദ്രത്തിലെ എക്സ് റേ , ലാബ് ചാർജിനത്തിൽ ലഭ്യമാവുന്ന ദൈനംദിന വരവ് തുകയിലെ എക്സ് റേ ചാർജിനത്തിലെ തുകയിൽ നിന്നും ടെക്നീഷ്യന്റെ വേതനം നേരിട്ട് ചെലവഴിച്ചതിന് ശേഷം ബാക്കി തുക മാത്രമേ ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നുള്ളൂ. തുക ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതിന് മുമ്പ് വരവ് തുകയിൽ നിന്ന് നേരിട്ട് ചെലവഴിക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ് . എക്സ് റേചാർജ്ജിനത്തിൽ ലഭ്യമാവുന്ന തുകയിൽ നിന്നും ഒരു എക്സ്റേക്ക് ₹50 നിരക്കിലാണ് എക്സ്റേ ടെക്നീഷ്യന്റെ വേതനമായി നൽകുന്നത്. ഇത്തരത്തിൽ തുക നേരിട്ട് ചെലവഴിക്കുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

2) ഇൻഷ്വറൻസ് പുതുക്കാതെ വാഹനഉപയോഗം-

ദൈനംദിന ചെലവുകളുടെ ഫയൽ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള KL-01 BB 4099 നമ്പർ വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കേണ്ടത് 13-5-2020 ന് ആയിരുന്നെങ്കിലും 24-6-2020ന് മാത്രമാണ് പുതുക്കിയതെന്ന് കാണുവാൻ സാധിച്ചു. യഥാസമയം ഇൻഷ്വറൻസ് പുതുക്കാതെ വാഹനം ഉപയോഗിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ലോഗ് ബുക്ക്,ഇൻഷ്വറൻസ് പുതുക്കിയത് വ്യക്തമാക്കുന്ന പോളിസി എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3)ഇൻഷ്വറൻസ് പുതുക്കൽ-രേഖകൾ ലഭ്യമാക്കിയില്ല -

KL13X 9999 വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കിയതുമായി ബന്ധപ്പെട്ട് 8,390/-രൂപ ചെലവുണ്ടായിട്ടുണ്ട്.എന്നാൽ തുക ഒടുക്കിയത് വ്യക്തമാക്കുന്ന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ രശീതി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതും ഇൻഷ്വറൻസ് പോളിസിയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4) തുക കൈമാറിയത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല

തുകകൾ ,വ്യക്തികൾ/സ്ഥാപനങ്ങൾക്ക് കൈമാറുമ്പോൾ ആയത് അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റായിട്ടുണ്ടെന്ന് മനസ്സിലാക്കാനുതകുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല.

5)വാട്ടർ ചാർജ്/വെള്ളക്കരം

1) 17-9-20 മുതൽ 16-11-20 വരെ കാലയളവിലെ KWA വാട്ടർചാർജ് 400 രൂപയാണ്. (ബിൽനമ്പർ 68087557/13-11-20) എന്നാൽ ചെക്ക് നമ്പർ 6398671/8-2-21 ലെ ചെക്ക് പ്രകാരമുള്ള ചെലവിൽ 8,490 രൂപ KWAക്ക് കൈമാറിയിട്ടുമുണ്ട്.ഇതിൽ 354 രൂപ പിഴപ്പലിശയും 7,732രൂപ KWA ഡിമാൻറ് ചെയ്ത കുടിശ്ശികയുമാണ്. പിഴപ്പലിശ ഒടുക്കിയതിനും കുടിശ്ശിക വന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

2) മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം 68087557/13-11-20 ലെ കുടിശ്ശിക 8-2-21ന് പൂർണ്ണമായും ഒടുക്കി. ഒടുക്കുന്നതിന് മുന്നെവന്ന ബില്ലിലും (70408263/12-1-21) തൻമാസ വെള്ളക്കരമായ 400/- രൂപയോടൊപ്പം മുൻകുടിശ്ശിക 8,490 രൂപയും കുടിശ്ശികയായി കാണിച്ചിരുന്നു. പ്രസ്തുത ഡിമാന്റ് പ്രകാരം തൻമാസ വെള്ളക്കരമായ 400/- രൂപയേ ഒടുക്കിയിട്ടുള്ളൂവെങ്കിലും അടുത്തബില്ലിൽ (73227489/16-3-21)ഈ സംഖ്യ,ഒടുക്കിയ കുടിശ്ശിക,തന്നെ പലിശയോടെ വീണ്ടും ഡിമാന്റ് ചെയ്യുകയും 22-4-21ലെ 6398679 ചെക്കിലെ ചെലവിനത്തിൽ 9,614 രൂപ ഒടുക്കുകയും ചെയ്തു.പ്രസ്തുത മാസത്തെ വെള്ളക്കരം 400 രൂപ മാത്രമായിരുന്നു. ഒരു തവണ തീർപ്പാക്കിയ കുടിശ്ശിക ഇനത്തിൽ ഇപ്രകാരം വീണ്ടും 9,214/-രൂപ ഒടുക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (108/13-6-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതുമാണ്

## 1-58 ഐകെഎം വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹ 10,74,575 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | 520/2021 (സ്പിൽ ഓവർ) |
| പ്രോജക്ടിൻെറ പേര് | ഐകെഎം വിഹിതം നൽകൽ |
| അടങ്കൽ | വികസനഫണ്ട് -₹ 5,58,234 |
| ചെലവ് | ₹ 5,58,234 |
| ബിൽനമ്പർ, തീയതി | 34/20- 21 Dt 20-4-20 |

മേൽപദ്ധതി പ്രകാരം ഇൻഫർമേഷൻ കേരളമിഷന് ₹5,58,234 നൽകിയിട്ടുണ്ട്. ₹5,58,234 ഐകെഎം-ന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായിട്ടുള്ള രശീതി ഹാജരാക്കിയിട്ടുണ്ട്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | 2/2021 |
| പ്രോജക്ടിൻെറ പേര് | ഐകെഎം വിഹിതം നൽകൽ |
| അടങ്കൽ | വികസനഫണ്ട് - ₹5,16,341 |
| ചെലവ് | ₹ 5,16,341 |
| ബിൽനമ്പർ, തീയതി | 255/20- 15-7-20 |

മേൽപദ്ധതി പ്രകാരം ഇൻഫർമേഷൻകേരളമിഷന് ₹5,16,341 നൽകിയിട്ടുണ്ട്. തുക 15-7-20ന് ഐകെഎം-ന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതായിട്ടുള്ള രശീതി ഹാജരാക്കിയിട്ടുണ്ട്.

തുക ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 10,74,575 തടസ്സപ്പെടുത്തുന്നു.

## 1-59 നബാർഡ് സഹായത്തോടെ പ്ലസ് ടു സ്കൂൾ കോംപ്ലക്സ് കെട്ടിടനിർമ്മാണം- നിർമ്മിതി കേന്ദ്രക്ക് അധികം നൽകിയ ₹75,17,232 തിരികെ ഈടാക്കേണ്ടതാണ്. ചെലവു രേഖകളുടെ അഭാവത്തിൽ ₹54,84,077 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 784/21: നിർവ്വഹണം-സെക്രട്ടറി |
| പ്രോജക്ടിൻെറ പേര് | നബാർഡ് സഹായത്തോടെ പ്ലസ്ടു സ്കൂൾകോംപ്ലക്സ് കെട്ടിടനിർമ്മാണം (ഇരിക്കൂർ, കാർത്തികപുരം, മണത്തണ, മയ്യിൽ) (സ്പിൽ ഓവർ) |
| അടങ്കൽ | വികസനഫണ്ട് (പൊ.വി )₹15,00,000<br>കേന്ദ്രാവിഷ്കൃതഫണ്ട് ₹9,67,15,000<br>ആകെ – ₹9,82,15,000 |
| ചെലവ് | ₹ 1,30,01,309 |
| ബിൽനമ്പർ, തീയതി | ബിൽ നമ്പർ 186/30-6-20 ₹1,02,56,309<br>ബിൽ നമ്പർ 1094/27-3-21 ₹ 27,45,000 |

നബാർഡ് RIDF TRANCHE XXസ്കീമിൽ ഉൾപ്പെടുത്തി നാല് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ് ടു കോംപ്ലക്സ് കെട്ടിടങ്ങൾ നിർമ്മിക്കുന്ന14.11 കോടി രൂപയുടെ പദ്ധതി 2014-15ൽ ആരംഭിച്ച് നടപ്പാക്കി വരുന്നു. GHSS ഇരിക്കൂർ, GHSSമണത്തണ, GHSSകാർത്തികപുരം, GHSSമയ്യിൽ എന്നീ സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആകെ അടങ്കൽ തുകയിൽ 85% നബാർഡ് വിഹിതവും 15% ജില്ലാപഞ്ചായത്ത് വിഹിതവുമാണ് നിശ്ചയിച്ചത്. പദ്ധതിയുടെ ആകെ അടങ്കൽ ₹14,11,00,000 യിൽ ₹11,99,35,000 നബാർഡ് വിഹിതവും ₹2,11,65,000 ജില്ലാപഞ്ചായത്ത് വിഹിതവുമാണ് വകയിരുത്തേണ്ടത്. നിർമ്മിതി കേന്ദ്ര മുഖേനയാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. 31-03-2015 ന് ഏർപ്പെട്ട കരാർ ഉടമ്പടി പ്രകാരം 30 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. പദ്ധതിക്കായി 2020-21 വർഷം വരെ വിവിധ ഫണ്ടുകളിലായി ₹11,03,88,309 ചെലവഴിച്ചിട്ടുണ്ട്. പദ്ധതിനടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) പദ്ധതിയുടെ വിവിധ ഫണ്ടുകളിലുള്ള നാളിതുവരെയുള്ള വരവ് ചെലവ് പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (നബാർഡ്, വികസനഫണ്ട്, തനത്ഫണ്ട്, മറ്റിനം (ഫാം റവന്യൂ) Etc)

2) ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 1 കോടി രൂപയും ഫാംറവന്യൂവിൽ നിന്നും 2കോടി രൂപയും പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. മേൽ തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കുകയോ, ക്രമീകരിച്ചിട്ടില്ലെങ്കിൽ നാളിതുവരെ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.

3) ജിഎച്ച്എസ്എസ്,ഇരിക്കൂറിന്റെ പൂർത്തീകരണത്തിനായി പദ്ധതി പ്രകാരം വകയിരുത്തിയ തുക ₹2,43,00,000 യാണ്. ഫൈനൽബിൽ പ്രകാരം അനുവദിക്കേണ്ടിയിരുന്ന തുക 2,36,05,309 രൂപയാണ് . വിവിധ ഫണ്ടുകളിലായി ആകെ ₹3,11,22,541 GHSSഇരിക്കൂറിനായി അനുവദിച്ചിട്ടുണ്ട് ഇപ്രകാരം ഈ ഇനത്തിൽ ₹75,17,232 അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അധികം നൽകിയ ₹75,17,232 തിരികെ ലഭ്യമാക്കാൻ വേണ്ടി 1-7-20ലെ ഇ2/1565/15 നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. തുക തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4) ഓരോ സ്കൂളിനും വിവിധ ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

5) സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പദ്ധതിക്ക് 2020-21 വർഷം ചെലവുണ്ടായതായി കാണിച്ചിട്ടില്ല. എന്നാൽ ട്രഷറിബിൽബുക്ക് പ്രകാരം മേൽ പദ്ധതിക്കായി ₹1,30,01,309 ചെലവഴിച്ചിട്ടുണ്ട് .

6) കെട്ടിടങ്ങൾ പ്രവൃത്തി പൂർത്തിയാക്കി ഉപയോഗപ്രദമാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(107/13-6-22/2020-21)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നിർമ്മിതി കേന്ദ്രക്ക് നൽകിയ ₹75,17,232 ഓഡിറ്റിൽ നിരാകരിക്കുന്നു. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹54,84,077 തടസ്സപ്പെടുത്തുന്നു.മറ്റ് മൂന്ന് സ്കൂളുകളുടെയും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് അന്തിമബിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. പദ്ധതിക്ക് നബാർഡ് ഫണ്ട് ലഭ്യമാകുവാൻ വൈകിയതിനെ തുടർന്ന് പിന്നീട് ക്രമീകരിക്കാമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹3,00,00,000 ക്രമീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-60 ദുരിതാശ്വാസക്യാമ്പുകളായി പ്രവർത്തിക്കുന്ന സ്കൂളുകളിൽ മോഡുലാർ ടോയ്‌ലറ്റ്- സ്പെസിഫിക്കേഷൻ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്തില്ല.₹23,00,508 ന്റെ ചെലവ് നിരാകരിക്കുന്നു.

ദുരിതാശ്വാസക്യാമ്പുകളായി പ്രവർത്തിക്കുന്ന സ്കൂളുകളിൽ അധിക ടോയ്‌ലറ്റ് സൗകര്യമൊരുക്കൽ എന്ന പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ടിന്റെ പേര് - ദുരിതാശ്വാസക്യാമ്പുകളായി പ്രവർത്തിക്കുന്ന സ്കൂളുകളിൽ അധിക ടോയ്‌ലറ്റ് സൗകര്യമൊരുക്കൽ.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 727/21 |
| അടങ്കൽ | ₹2,40,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹24,00,000(തനത്ഫണ്ട്)<br>ആകെ -₹2,64,00,000 |
| ചെലവ് | ₹2,64,00,000 |
| ചെലവ് വിശദാംശങ്ങൾ | ₹48,00,000 (ബിൽ-30/28.09.2020)<br>₹48,00,000 (ബിൽ-31/15.10.2020)<br>₹48,00,000 (ബിൽ-33/30.10.2020)<br>₹48,00,000 (ബിൽ-35/18.12.2020)<br>₹48,00,000 (ബിൽ-39/23.02.2021) |

| | |
|---|---|
| | ₹24,00,000 (തനത് ഫണ്ട് വൗച്ചർ നമ്പർ22002937/31.03.21) |

ദുരിതാശ്വാസക്യാമ്പുകളായി പ്രവർത്തിക്കുന്ന സ്കൂളുകളിൽ അധിക ടോയ്‌ലറ്റ് സൗകര്യമൊരുക്കുന്നതിന് വേണ്ടിയുള്ള ഈ പ്രോജക്ട് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE), പാലക്കാട് മുഖേനയായിരുന്നു നടപ്പാക്കിയത്. KSIE/PKD/034(1)/20-21 തീയതി 12.06.2020 പ്രകാരം പ്രസ്തുത സ്ഥാപനം സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 13.07.2020ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 54/20 തീരുമാനപ്രകാരം K.S.I.Eയെ നിർവ്വഹണഏജൻസിയായി തിരഞ്ഞെടുക്കുകയായിരുന്നു. K.S.I.Eയുടെ 12.06.2020ലെ എസ്റ്റിമേറ്റും അതിനോടനുബന്ധമായ Detailed Specificationsഉം പ്രകാരം TATA STEEL MODULAR TOILET 4 Ft X 4ft, 1220mmx1220mmx2025mm ഉൾപ്പെടെ എല്ലാ Specificationsഉം വിശദമായി പ്രതിപാദിച്ച പ്രീഫാബ്രിക്കേറ്റഡ് മോഡുലാർ ടോയ്‌ലറ്റ് ആണ് K.S.I.E ഓഫർ ചെയ്യുന്നതും ഭരണസമിതി അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയതും 24.07.2020ന് ഉഭയകക്ഷി കരാറിലേർപ്പെട്ടതും. ഫയലിനൊപ്പം ലഭ്യമാക്കിയ രേഖകൾ പ്രകാരം 22 ഗവഃഹയർസെക്കന്ററി സ്കൂളുകളിൽ ടോയ്‌ലറ്റ് ബ്ലോക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. K.S.I.Eയുടെ 12.06.2020ലെ എസ്റ്റിമേറ്റ് പ്രകാരം ഒരു ടോയ്‌ലറ്റ് യൂണിറ്റിന് 2,40,000 രൂപയാണ് നിരക്ക്. ഇപ്രകാരം 5 യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു ബ്ലോക്ക് (2,40,000 X 5 =12,00,000) വീതമാണ് 22 സ്കൂളുകളിൽ (12,00,000x22=2,64,00,000)സ്ഥാപിച്ചത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും ടോയ്‌ലറ്റ് ബ്ലോക്കുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട സ്ഥലപരിശോധന നടത്തിയതിലും കാണുവാൻ സാധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു:

(1) ഈ പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റിലെ ഇനം നമ്പർ 19 പ്രകാരം ഒരു സ്കൂളിൽ സ്ഥാപിക്കുന്ന അഞ്ച് യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു ബ്ലോക്കിന് അഞ്ച് വാട്ടർ ടാങ്ക് എന്നതാണ് ഡ്രോയിംഗിൽ കാണിച്ചത്. അതിനനുസൃതമായി ഓരോ സ്കൂളിനും 5x1450=7250 രൂപ നിരക്കിൽ 7250 X 22=₹1,59,500 വാട്ടർടാങ്ക് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം, കെ എസ് ഐ ഇ യുടെ ബിസിനസ് സെന്റർ യൂണിറ്റ് ഹെഡ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ അന്തിമ ബില്ലിലെ ഇനം 19 പ്രകാരം "Providing And Planning On Terrace (At All Floor Levels) Polythene Water Storage Tank ISI 12701 Marked With Cover And Suitable Locking Arrangement And Making Necesasry Holes For Inlet,outlet And Overflow Pipes But Without Fittings And The Base Support For Tank" എന്ന ഇനത്തിൽ 22,000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിച്ചതായും, ഇതിന് ലിറ്ററിന് ₹6.14 നിരക്കിൽ ₹1,35,080.49 കണക്കാക്കിയിട്ടുമുണ്ട്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി ഭൗതികപരിശോധന (ഗവഃഹയർസെക്കന്ററിസ്കൂൾ ചിറ്റാരിപ്പറമ്പ്, ഗവഃഹയർസെക്കന്ററിസ്കൂൾ പാട്യം, ഗവ:ഹയർസെക്കണ്ടറിസ്കൂൾകാർത്തികപുരം ,ഇ.എം.എസ് സ്മാരക ഗവ:ഹയർ സെക്കണ്ടറി സ്കൂൾ പാപ്പിനിശ്ശേരി,ഗവ:ഹയർസെക്കണ്ടറിസ്കൂൾ അഴീക്കോട്, ഗവ:ഹയർസെക്കണ്ടറിസ്കൂൾ മാട്ടൂൽ) നടത്തിയതിൽ 300 ലിറ്ററിന്റെ മൂന്ന് എണ്ണം (900 ലിറ്റർ) വീതം വാട്ടർ ടാങ്കുകൾ മാത്രമേ ഓരോ സ്കൂളിലും സ്ഥാപിച്ചിട്ടുള്ളൂവെന്ന് ഓഡിറ്റിന് ബോധ്യപ്പെടുകയുണ്ടായി. ആയത് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ രേഖാമൂലം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളിലും ഇതേ രീതിയിലാണ് വാട്ടർടാങ്ക് സ്ഥാപിച്ചിട്ടുള്ളതെന്ന് മറ്റ് സ്കൂൾ അധികാരികളുമായി ബന്ധപ്പെട്ടതിൽ വ്യക്തമായിട്ടുണ്ട്. സ്ഥാപിക്കാത്ത വാട്ടർടാങ്കിന് വില നൽകിയ ഇനത്തിൽ സ്ഥാപനത്തിന് അനുവദിച്ച ₹13,508 ന്റെ (100x6.14x22=13,508) ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(2) പ്രസ്തുത എസ്റ്റിമേറ്റിലെ ഇനം 20 പ്രകാരം ഒരു യൂണിറ്റിന് ആവശ്യമായ പി.വി.സി സെപ്റ്റിക് ടാങ്കിന്, 7.25/ലിറ്റർ നിരക്കിൽ 1000 ലിറ്ററിന്റെ സെപ്റ്റിക് ടാങ്കിന് ₹7,250 യാണ് വില നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം 5 യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു ടോയ്‌ലറ്റ് ബ്ലോക്കിന് 7,250 X 5 = ₹36,250 നിരക്കിൽ 22 ബ്ലോക്കുകൾക്ക് 36,250 X22 =₹7,97,500 വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന്റെ ഭാഗമായി 22.04.2022ന് ചിറ്റാരിപ്പറമ്പ്, പാട്യം ഗവഃഹയർ സെക്കന്ററിസ്കൂളുകളിൽ സ്ഥലപരിശോധന നടത്തിയതിലും പ്രിൻസിപ്പൽമാരുടെ റിപ്പോർട്ട് പ്രകാരവും ഒരു സെപ്റ്റിക് ടാങ്ക് മാത്രമാണ് പ്രസ്തുത സ്കൂളുകളുടെ മോഡുലാർ ടോയ്‌ലറ്റിന് സ്ഥാപിച്ചത് എന്ന് വ്യക്തമായിട്ടുണ്ട്. ശേഷിക്കുന്ന 17 സ്കൂളുകളിലും (ചുവടെ ഖണ്ഡിക (3) ൽ പരാമർശിക്കുന്ന സ്കൂളുകൾ ഒഴികെ) ഇതേ രീതിയിലാണ് സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചിട്ടുള്ളതെന്ന് അതാത് സ്കൂൾ അധികാരികളുമായി ബന്ധപ്പെട്ടതിൽ വ്യക്തമായിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം, കെ എസ് ഐ ഇ യുടെ ബിസിനസ് സെന്റർ യൂണിറ്റ് ഹെഡ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ അന്തിമ ബില്ലിലെ ഇനം 20 പ്രകാരം 1,10,000 (5x22x1000) ലിറ്ററിന്റെ സെപ്റ്റിക് ടാങ്കുകൾ സ്ഥാപിച്ചതായി സാക്ഷ്യപ്പെടുത്തുകയും ഇതിനായി 6.14/ലിറ്റർ നിരക്കിൽ ആകെ ₹6,75,874.45 കെ എസ് ഐ ഇ ക്ക് ജില്ലാപഞ്ചായത്ത് അനുവദിച്ചിട്ടുമുണ്ട്. ഒരു ബ്ലോക്കിന് 5000 ലിറ്ററിന്റെ സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചതിനുള്ള വില നൽകിയെങ്കിലും 1000 ലിറ്ററിൻെറ ഒരു ടാങ്ക് മാത്രമാണ് ഓരോ സ്കൂളിലും സ്ഥാപിച്ചിട്ടുള്ളതെന്ന് മേൽപരാമർശിച്ച സ്ഥലപരിശോധന വഴിയും, ചിറ്റാരിപ്പറമ്പ് ഗവ:ഹയർസെക്കണ്ടറി സ്കൂൾ കോംപൗണ്ടിൽ ഉപയോഗിക്കാതെ സൂക്ഷിച്ച ടാങ്ക് പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് മനസ്സിലാക്കുന്നു. സ്ഥാപിക്കാത്ത സെപ്റ്റിക് ടാങ്കിന് അനുവദിച്ച ₹4,66,640 (4000x19x6.14) ന്റെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3.ഭൗതികപരിശോധനയുടെ ഭാഗമായി ഗവഃഹയർസെക്കണ്ടറിസ്കൂൾ അഴീക്കോട് നടത്തിയപരിശോധനയിലും ആറളം ഗവഃഹയർസെക്കണ്ടറിസ്കൂൾ, ചുഴലി ഗവഃഹയർസെക്കണ്ടറിസ്കൂൾ എന്നിവയുടെ അധികൃതരുമായി ബന്ധപ്പെട്ടതിലും ഈ പ്രോജക്ടിന്റെ ഭാഗമായി ഒരു സെപ്റ്റിക് ടാങ്ക് പോലും സ്ഥാപിച്ചിട്ടില്ലെന്ന് സ്കൂൾ അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ഗവഃഹയർസെക്കണ്ടറിസ്കൂൾ, അഴീക്കോടിൻെറ സ്ഥലപരിശോധനാ സംഘത്തിനൊപ്പമുണ്ടായിരുന്ന കെ എസ്. ഐ. ഇ. യുടെ പ്രതിനിധിക്ക് സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചത് സംബന്ധിച്ച് വ്യക്തത വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ മൂന്ന് സ്കൂളുകളിലും സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന് അനുവദിച്ചയിനത്തിൽ മേൽ ഖണ്ഡിക രണ്ടിൽ പരാമർശിച്ചതിനു പുറമേയുള്ള ₹92,100 (5000x3x6.14) ന്റെ ചെലവ് കൂടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

4.പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം, കെ എസ് ഐ ഇ യുടെ ബിസിനസ് സെന്റർ യൂണിറ്റ് ഹെഡ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ അന്തിമ ബില്ലിലെ ഇനം 21 പ്രകാരം ടോയ്‌ലെറ്റ് ബ്ലോക്കുകളിലെ ഓരോ യൂണിറ്റിലും ₹8474.57 ന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തിയ ഇനത്തിൽ 110 യൂണിറ്റുകൾക്ക് ₹9,32,202.70 അനുവദിച്ചിട്ടുണ്ട്.എന്നാൽ സ്ഥലപരിശോധനയിൽ ഒരു സ്വിച്ച് ബോർഡും ബൾബ് ഹോൾഡറും മാത്രമാണ് ഓരോ യൂണിറ്റിലും സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സിന്റെ അംഗീകൃത ഡാറ്റാ ബുക്ക് പ്രകാരം ഈയിനത്തിനുള്ള നിരക്ക് ചുവടെ കൊടുക്കുന്ന പ്രകാരമാണ്.

| |
|---|
| 1.1Wiring For Light Point/ Fan Point/ Exhaust Fan Point/ Call Bell Point With 1.5 Sq.mm FRLS PVC Insulated Copper Conductor Single Core Cable In Surface / Recessed Steel Conduit, With Piano Type Switch, Phenolic Laminated Sheet, Suitable Size MS Box And Earthing The Point With 1.5 Sq.mm. FRLS PVC Insulated Copper Conductor Single Core Cable Etc As Required. |

| |
|---|
| 1.1.1 Group A |

Rate Per Point – 720.00

Cost Index 32.04 -230.69

ഡി എസ് ആർ പ്രകാരം അനുവദിക്കാവുന്ന നിരക്ക്-₹950.69

ഇപ്രകാരം ഒരു യൂണിറ്റിന് ₹950.69 നിരക്കിൽ 110യൂണിറ്റുകൾക്ക് ₹1,04,575.90 (950.69x5x22) ന് മാത്രമേ അർഹതയുള്ളൂ. ഈയിനത്തിൽ അധികം അനുവദിച്ച ₹8,27,626.80 (9,32,202.7-1,04,575.90) ന്റെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

5.പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം, കെ എസ് ഐ ഇ സി യുടെ ബിസിനസ് സെന്റർ യൂണിറ്റ് ഹെഡ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയ അന്തിമ ബില്ലിലെ ഇനം 22 പ്രകാരം ടോയ്‌ലെറ്റ് ബ്ലോക്കുകളിലെ ഓരോ യൂണിറ്റിലും ₹8474.57 ന്റെ പ്ലംബിംഗ് പ്രവൃത്തികൾ നടത്തിയ ഇനത്തിൽ 110 യൂണിറ്റുകൾക്ക് ₹9,32,202.70 അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഒരു വാട്ടർടാപ്പ് മാത്രമാണ് ഓരോ യൂണിറ്റിലും സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സിന്റെ അംഗീകൃത ഡാറ്റാ ബുക്ക് പ്രകാരം ഈയിനത്തിനുള്ള നിരക്ക് ചുവടെ കൊടുക്കുന്ന പ്രകാരമാണ്.

| |
|---|
| Providing And Fixing Polyethelene - Aluminium - Polyethelene ( PE - AL- PE) Composite Pressure Pipes Conforming To IS - 15450, U.V. Stabilized With Carbon Black Having Thermal Stability For Hot & Cold Water Supply, Capable To Withstand Temperature Up To 80?C Including All Special Fittings Of Composite Material (Engineering Plastic Blend And Brass Inserts Wherever Required) Eg. Elbows, Tees, Reducers, Couplers & Connectors Etc., With Clamps At 1.00 Meter Spacing. This Includes Testing Of Joints Complete Of Joints Complete As Per Direction Of The Engineer -In-Charge. Internal Work - Exposed On Wall |

| | |
|---|---|
| 18.1.1 | 1216 ( 16 Mm OD) Pipe |

Rate Per Metre- 217.35

Cost Index 32.04 -69.64

ഡി. എസ്. ആർ പ്രകാരം അനുവദിക്കാവുന്ന നിരക്ക്-₹286.99

ഇപ്രകാരം ഒരു യൂണിറ്റിന് ₹286.99നിരക്കിൽ 110യൂണിറ്റുകൾക്ക് ₹31,568.90 (286.99x5x22) ന് മാത്രമേ അർഹതയുള്ളൂ. ഈയിനത്തിൽ അധികം അനുവദിച്ച ₹9,00,633.80 (₹9,32,202.70-₹31,568.9) ന്റെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

6. പ്രസ്തുത വാങ്ങൽ പ്രകാരം ലഭ്യമായ/സ്ഥാപിച്ച പ്രീ ഫാബ്രിക്കേറ്റഡ് മോഡുലാർ ടോയ്‌ലറ്റ് എസ്റ്റിമേറ്റിൽ/ഡീറ്റെയിൽഡ്എസ്റ്റിമേറ്റിൽ പ്രതിപാദിച്ച തരത്തിലും ഇനത്തിലും അളവിലും ഗുണനിലവാരത്തിലുമുള്ളത് തന്നെയാണെന്ന് പദ്ധതി രൂപീകരണ ഘട്ടത്തിലോ, പൂർത്തീകരിച്ചതിനു ശേഷമോ, സാങ്കേതിക വിഭാഗത്തെക്കൊണ്ട് പരിശോധന നടത്തിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത്തരമൊരു പ്രോജക്ട് നടപ്പിലാക്കുമ്പോൾ, പ്രവൃത്തിനിർവ്വഹണസമയത്ത് ആയതിൻെറ സാങ്കേതികപരിശോധന ഉൾപ്പെടെ വിശദമായ പരിശോധന നടത്തി ഗുണനിലവാരവും അളവും ഉറപ്പുവരുത്താതെ ഏജൻസിക്ക് മുഴുവൻ തുകയും അനുവദിച്ചത് പദ്ധതിനിർവ്വഹണത്തിലെ ന്യൂനതയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റിൽ അംഗീകരിക്കാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സ്ഥാപിക്കാത്ത വാട്ടർ ടാങ്കിന് വില നൽകിയ ഇനത്തിൽ സ്ഥാപനത്തിന് അനുവദിച്ച തുക | ₹13,508 |
| സ്ഥാപിക്കാത്ത സെപ്റ്റിക് ടാങ്കിന് അനുവദിച്ച തുക | ₹4,66,640 |
| രണ്ട് സ്കൂളുകളിൽ സെപ്റ്റിക് ടാങ്ക് സ്ഥാപിക്കാതെ അനുവദിച്ച തുക | ₹92,100 |
| ഇലക്ട്രിഫിക്കേഷൻ - അധികം അനുവദിച്ച തുക | ₹8,27,626.80 |
| പ്ലംബിംഗ് -അധികം അനുവദിച്ച തുക | ₹9,00,633.80 |
| ആകെ | ₹23,00,508 |

ഈ പ്രവൃത്തിയിൽ അധികം നൽകിയ ₹23,00,508 ന്റെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-61 ഇ - ടെണ്ടർ ഇടപാടുകൾ :- ടെണ്ടർ ഫീസ് ,നികുതി എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക്/സർക്കാരിലേക്ക് ഒടുക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളും ഇ - ടെണ്ടർ മുഖേനയുള്ള ഇടപാടുകൾക്ക് ബാധകമായ ടെണ്ടർ ഫീസ്, മൂല്യ വർദ്ധിത നികുതി /ജി എസ് ടി , ഇ എം ഡി എന്നിവ വരവ് വെയ്ക്കുന്നത് കണ്ണൂർ ജില്ലാ പഞ്ചായത്ത് LSGD എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പേരിലുള്ള കണ്ണൂർ എസ് ബി ഐ (അക്കൗണ്ട് നമ്പർ 67271686401) യിലുള്ള അക്കൗണ്ടിലാണ്. ഈ അക്കൗണ്ടിൽ 31-3-2021 വരെ ₹3,71,55,993/- നീക്കിയിരിപ്പുണ്ട്. 2015 ൽ ഇടപാടുകൾ തുടങ്ങിയ പ്രസ്തുത അക്കൗണ്ടിൽ നിന്ന് 31-3-2021 വരെ യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

പ്രസ്തുത അക്കൗണ്ടിലെ ഇടപാടുകൾ പരിശോധിക്കുവാൻ ആവശ്യമായ രജിസ്റ്ററുകളോ, മറ്റ് രേഖകളോ സൂക്ഷിക്കുന്നില്ല. നീക്കിയിരിപ്പ് തുകയിൽ മറ്റ് ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകൾ , ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക്

അവർക്ക് തനത് ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ട ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ നിന്നും എത്രയും വേഗം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ സർക്കാരിലെക്ക് ഒടുക്കേണ്ട മൂല്യവർദ്ധിത നികുതി/ജി എസ് ടി എന്നിവ ഒടുക്കുവാനുള്ള നടപടികളും കൈക്കൊള്ളേണ്ടതാണ്.

## 1-62 കല്ല്യാശ്ശേരി സിവിൽസർവ്വീസ്അക്കാദമി ത്രി-ഫേസ് കണക്ഷൻ-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 1124/21 |
| പ്രോജക്ടിൻെറ പേര് | കല്ല്യാശ്ശേരി സിവിൽസർവ്വീസ്അക്കാദമി – ത്രീ-ഫേസ് കണക്ഷൻ |
| അടങ്കൽ | തനത് ഫണ്ട് -₹45,000 |
| ചെലവ് | ₹32,761 |
| ബിൽനമ്പർ, തീയതി | 1965/29-03-21 ₹32,761 |

മേൽപദ്ധതി പ്രകാരം കല്ല്യാശ്ശേരി സിവിൽസർവ്വീസ് അക്കാദമിയിയിൽ ത്രി-ഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന്റെയും ഡിമാന്റ് ലെറ്ററിന്റെയും അടിസ്ഥാനത്തിൽ ₹32,761 രൂപ കെ.എസ്.ഇ.ബി, ധർമ്മശാലക്ക് നൽകിയിരുന്നു. എന്നാൽ തുടർന്ന് ₹19,000 കൂടി അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റായി നൽകണമെന്ന ആവശ്യത്തെ തുടർന്ന് തനത്ഫണ്ടിൽ നിന്നും ₹19,000 നൽകിയിട്ടുണ്ട്. പദ്ധതിയിൽ വകയിരുത്തിയ തുക തികയാതെ വന്നതിനാൽ പദ്ധതി ഭേദഗതി ചെയ്യാതെ ബാക്കി തുക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തത്. വാർഷികപദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)11/2018-ത.സ്വ.ഭ.വ തിയ്യതി 29-01-2018 ഖണ്ഡിക5-1ന് വിരുദ്ധമായി, പദ്ധതി ഭേദഗതി ചെയ്യാതെ തനത് ഫണ്ടിൽ നിന്നും തുക നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് നൽകിയതിന്റെ രശീതി, തുക ₹19,000 തിരികെ ലഭ്യമായ വിവരം, ഡെപ്പോസിറ്റ് വർക്ക് പൂർത്തികരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (102/20-5-22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-63 കണ്ടിൻജന്റ് വൗച്ചർ:- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

2020-21വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട വൗച്ചർ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വൗച്ചർ നമ്പർ ,തുക | ചെലവിന്റെ വിശദാംശം | അപാകങ്ങൾ |
|---|---|---|---|
| 1 | 22000170/ 18-6-20<br>₹59,720 | കാലിക്കടവ് ജിഎച്ച് എസ്എസ് ത്രീഫേസ് ലൈൻ ആക്കുന്നതിന്<br>കെഎസ്ഇബി, കരിമ്പത്തിന് നൽകിയ തുക | പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല. |
| 2 | 22000152/15-6-20<br>₹50,000 | ഇൻവെസ്റ്റിഗേഷൻ ഫീ -വളക്കൈ-അത്തിക്കൽ-ചതിരൂർ റോഡിന് ബ്രിഡ്ജ്- ഗവൺമെന്റ് എഞ്ചിനീയറിങ്ങ് കോളേജ്, കണ്ണൂരിന് | രശീതിഇല്ല.ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഇല്ല. |

| | | | |
|---|---|---|---|
| | | നൽകിയത് | |
| 3 | 22000195/26-6-20<br>₹6,630 | ജില്ലാ പഞ്ചായത്ത്-ഔദ്യോഗിക വാഹനങ്ങളുടെയും ജനറേറ്ററിന്റെയും വാർഷിക പരിശോധന ഫീസ് | അടവാക്കിയ ചലാൻ ഇല്ല. |
| 4 | 22000295/17-7-20<br>₹40,000 | സ്നേഹജ്യോതി കിഡ്നി ഫൗണ്ടേഷൻ ദൈനംദിന ചെലവുകൾ- അഡ്വാൻസ് | അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. |
| 5 | 22000282/15-7-20<br>₹12,000<br>22000283/15-7-20<br>₹12,000 | സിഎസ് ആർഫണ്ട്-ജിഎച്ച്എസ് എസ്, മുണ്ടേരി-പ്രവൃത്തികൾ-ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളായ ശ്രീ അബ്ദുൾ ഖാദർ, ശ്രീ പ്രകാശ്ബാബു- സിറ്റിങ്ങ് ഫീസ് | രശീതി ഇല്ല. |
| 6 | 22001138/ 26-2-21<br>₹10,000 | OP264/2016 കേസ്-വക്കീൽ ഫീസ് | രശീതി ഇല്ല. |
| 7 | 220001118/ 18-2-21<br>₹20,991 | ചട്ടുകപ്പാറ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റൂംവാടക -സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയത് | വാടകക്കാരന്റെ അപേക്ഷ ,സെക്യൂരിറ്റിഡെപ്പോസിറ്റ് ഒടുക്കിയ രശീതിയുടെ പകർപ്പ് , വാടകക്കാരൻ കൈപ്പറ്റ്എന്നിവ ഹാജരാക്കിയിട്ടില്ല |
| 8 | 220001119/ 18-2-21<br>₹3,300 | കതിരൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ കമ്പ്യൂട്ടർ ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ -കോർപ്പറേറ്റ് ബിസിനസ്സ് സൊല്യൂഷൻസിന് സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നല്കിയത് | സ്ഥാപനത്തിന്റെ രശീതി ഇല്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 111/2020-21) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കേണ്ടതാണ്

## 1-64 ലേലം/വില്പന-പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റൽ- വരവുവിവരം ലഭ്യമാക്കിയില്ല

ജില്ലാപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിൽ, താഴെ ചേർത്ത പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

| ക്രമ നം. | സ്ഥാപനം | കണക്കാക്കിയ മൂല്യം(₹) | ഭരണസമിതി/ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം |
|---|---|---|---|
| 1 | കണ്ണൂർ ജില്ലാആശുപത്രി സെക്യൂരിറ്റി ഷെഡ് & ഫുട്പാത്ത് | 25,775 | 14/20(8) - 24.02.20 |
| 2 | കണ്ണൂർ ജില്ലാ ആശുപത്രി ഡയാലിസിസ് ബ്ലോക്ക് | 3,69,469 | 14/20(8) - 24.02.20 |
| 3 | പെരളശ്ശേരി എ.കെ.ജി സ്മാരക ജി.എച്ച്.എസ്.എസ് പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 50,000 | 25/20(9) -20.03.20 |
| 4 | എടയന്നൂർ സ്കൂൾ -പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 24,631 | 16/20(2) - 08.07.20 |
| 5 | ഉളിക്കൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 56,542 | 16/20(7) - 08.07.20 |
| 6 | ചട്ടുകപ്പാറ ഗവ.ഹയർ സെക്കന്ററി സ്കൂൾ പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 38,181 | 16/20(11) - 08.07.20 |
| 7 | പാല ഗവ.ഹയർ സെക്കന്ററി സ്കൂൾ പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 42,258 | 20/20(2) –04.09.20 |
| 8 | ചെറുകുന്ന് ബോയ്സ് ഗവ.ഹയർ സെക്കന്ററി സ്കൂൾ | 2,39,958 | 22/20(12) - 01.10.20 |
| 9 | തിരുമേനി ഗവ.ഹയർ സെക്കന്ററി സ്കൂൾ - അറ്റകുറ്റ പ്രവൃത്തി (ഓട്) | 6,300 | 24/20(13) -28.10.20 |
| 10 | രാമന്തളി ഗവ.ഹയർ സെക്കന്ററി സ്കൂൾ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റൽ | 3,13,600 | 24/20(18) -28.10.20 |

| | | | |
|---|---|---|---|
| 11 | കോട്ടയം മലബാർ ഗവ.ഹയർ സെക്കന്ററി സ്കൂൾ പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 90,015 | 2/21(19) - 19.01.21 |
| 12 | കതിരൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 55,815 | 2/21(20) - 19.01.21 |
| 13 | ചുണ്ടങ്ങാപ്പൊയിൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 43,646 | 2/21(21) - 19.01.21 |
| 14 | മാടായി ഗവ.ഹയർ സെക്കന്ററി സ്കൂൾ പഴയ കെട്ടിടം പൊളിച്ചുമാറ്റൽ | 83,283 | 5/21(7) - 08.2.21 |

ഭരണ സമിതി തീരുമാന പ്രകാരം വില്പന/ലേലനടപടി സ്വീകരിച്ചുവോയെന്നും വരവുതുക ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോയെന്ന വിവരവും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം - 115/27-6-22). ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-65 ജലംസുലഭം പദ്ധതി - കുളങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. ചെലവു തുക ₹21,24,625 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 482/2021 |
| പ്രോജക്ടിന്റെ പേര് | ജലംസുലഭം പദ്ധതി-ജലസംരക്ഷണ പ്രവർത്തനങ്ങൾ - ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം |
| അടങ്കൽ | വികസന ഫണ്ട്(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) -₹ 30,00,000 |
| ചെലവ് | ₹21,24,625 |
| ബിൽ നമ്പർ, തീയതി | 748/28.10.2020 – ₹5,00,000<br>1259/30.01.2021 – ₹6,50,000<br>1774/25.03.2021 – ₹50,000<br>1996/29.03.2021 – ₹1,34,625<br>2095/30.03.2021 – ₹7,90,000<br>ആകെ – ₹21,24,625 |

തിരഞ്ഞെടുത്ത ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി. കുളങ്ങളുടെയും ജലാശയങ്ങളുടെയും നിർമ്മാണത്തിനും നവീകരണത്തിനും ഈ പദ്ധതിയിൽ തുക വകയിരുത്തുന്നു. പൊതുജനപങ്കാളിത്തത്തോടെ കുളം നിർമ്മാണവും നവീകരണവും നടത്താനും അതിനാവശ്യമായ സാങ്കേതിക സഹായവും മനുഷ്യാധ്വാനവും ഗ്രാമപഞ്ചായത്തുകൾ കണ്ടെത്താനും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും പദ്ധതി ഉദ്ദേശിക്കുന്നു.

ഇതനുസരിച്ച് കണ്ണൂർ ബ്ലോക്കിന് പൊതുകുളം പുനരുദ്ധാരണത്തിനായി ₹5,00,000 യും, ജലാശയ ശുചീകരണത്തിനായി കൂടാളി ഗ്രാമപഞ്ചായത്തിന് ₹6,50,000 യും, പഞ്ചാരക്കുളം പുനരുദ്ധാരണത്തിനായി ഏഴോം ഗ്രാമപഞ്ചായത്തിന് ₹7,90,0000 യും, കണ്ണപുരം ഗ്രാമപഞ്ചായത്തിന് ₹1,34,625 യും, ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന് ₹50,000 യും നൽകിയിട്ടുണ്ട്. തുക ലഭ്യമായ സ്ഥാപനങ്ങളുടെ (21,24,625/രൂപയുടെ) കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽസ്ഥാപനങ്ങളിൽ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച

മോണിറ്ററിങ്ങ് റിപ്പോർട്ട്, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ പ്രവൃത്തികളിൽ പൊതുജനപങ്കാളിത്തം, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഇവ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ജനങ്ങൾക്ക് ഉപയുക്തമാക്കിയിട്ടുണ്ടോ, പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി (നം.94/20.05.2022)ക്ക് നൽകിയ മറുപടിയിൽ തുക നൽകിയതിന്റെ കൈപ്പറ്റ് ലഭ്യമാക്കുന്നതിനും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരത്തിന്റെ/പ്രവൃത്തിയുടെ പൂർത്തീകരണ വിവരത്തിന്റെ അഭാവത്തിൽ ചെലവു തുക ₹21,24,625 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-66 സംസ്ഥാന വിത്തുല്പാദന കേന്ദ്രം - കാങ്കോൽ - പൊതു വിവരങ്ങളും ഓഡിറ്റ് നിർദ്ദേശങ്ങളും

1956 ഒക്ടോബർ മാസം കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ പഞ്ചായത്തിൽ സ്ഥാപിതമായതാണ് സംസ്ഥാന വിത്തുല്പാദന കേന്ദ്രം. ഗുണനിലവാരമുള്ള നെല്ല്, പച്ചക്കറി എന്നിവയുടെ വിത്തുകൾ ഉല്പാദിപ്പിക്കുകയും കർഷകർക്ക് വിതരണം ചെയ്യുകയുമാണ് സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യം. നിലവിൽ പ്രവർത്തന മേഖല കൂടുതൽ വിപുലപ്പെടുത്തുകയും നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും കർഷകർക്കും കാർഷിക മേഖലയിൽ താല്പര്യമുള്ളവർക്കും വിദ്യാർത്ഥികൾക്കും കൃഷി രീതികൾ മനസ്സിലാക്കുന്നതിനുമുള്ള കേന്ദ്രമായി ഈ സ്ഥാപനം മാറിയിട്ടുണ്ട്. അടിസ്ഥാന വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | വിവരണം |
|---|---|---|
| 1 | നെൽപ്പാടം | 7.680 ഹെക്ടർ |
| 2 | മന്ദിരങ്ങൾ/റോഡ് വിസ്തീർണം | 1.320 ഹെക്ടർ |
| 3 | മറ്റുള്ളവ | 1.401 ഹെക്ടർ |
| ആകെ വിസ്തീർണം | | 10.401 ഹെക്ടർ |

<u>സ്റ്റാഫ് പാറ്റേൺ:</u>

1. സീനിയർ കൃഷി ഓഫീസർ - 1
2. കൃഷി അസിസ്റ്റന്റ് - 1
3. സീനിയർ ക്ലർക്ക് - 1
4. ഓഫീസ് അറ്റന്റന്റ് - 1
5. തൊഴിലാളികൾ (സ്ഥിരം) - 17
6. തൊഴിലാളികൾ (ദിവസ വേതനം) - 05

<u>2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കണ്ടെത്തിയ പൊതു അപാകങ്ങൾ ചുവടെ കൊടുക്കുന്നു.</u>

1. 2020-21 വർഷത്തെ ഇനം തിരിച്ചുള്ള വരവ് ചെലവ് കണക്കുകൾ ഉൾപ്പെടുന്ന വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നില്ല.

2. സാമ്പത്തിക വർഷാവസാനം ക്യാഷ് ബുക്കും, ബാങ്ക് , ട്രഷറി പാസ് ബുക്കുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

3. പദ്ധതി, പദ്ധതിയേതര ചെലവുകളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കിയ ₹44,41,436 ഏത് ഇനത്തിൽ പെടുന്നതാണെന്ന് വ്യക്തമാകുന്നില്ല.

സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന്റെ ബാങ്ക് അക്കൗണ്ട്, ട്രഷറി അക്കൗണ്ട് എന്നിവയിൽ നിന്നും ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തിരിച്ചറിയാത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.
5.ഫാമിലെ വരവിനങ്ങളുടെ ഡിമാന്റ് – കലക്ഷൻ- ബാലൻസ് പത്രിക തയ്യാറാക്കുന്നില്ല.

| ക്രമ നം. | ബാങ്ക്/ട്രഷറി | തീയതി | ചെക്ക് നം./തീയതി | തുക ₹ |
|---|---|---|---|---|
| 1 | ട്രഷറി സേവിംഗ്സ് പയ്യന്നൂർ ST A/c. No.719041400000133 | 26.03.21 | 2684650/26.03.21 | 9,87,128 |

| | | | | |
|---|---|---|---|---|
| 2 | ട്രഷറി സേവിംഗ്സ് പയ്യന്നൂർ ST A/c. No.719041400000133 | 17.12.20 | 2937098/17.12.20 | 12,58,233 |
| 3 | എസ്.ബി.ഐ. പയ്യന്നൂർ A/c. No.67323554376 | 07.01.21 | 759998/07.01.21 | 3,35,124 |
| 4 | എസ്.ബി.ഐ. പയ്യന്നൂർ A/c. No.67323554376 | 18.12.20 | 759997/18.12.20 | 10,96,220 |
| 5 | എസ്.ബി.ഐ. പയ്യന്നൂർ A/c. No.67323554376 | 31.03.21 | 759999/31.03.21 | 7,64,731 |
| | ആകെ | | | 44,41,436 |

ഇത്തരത്തിൽ തിരിച്ചറിയാത്ത തുകകൾ അടവാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/KSF /2020-21 തീയതി 17.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അടവാക്കിയ തുകകൾ ഏതിനത്തിൽ പെട്ടതാണെന്ന് കണ്ടെത്തി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5) ചെലവു കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സംസ്ഥാന വിത്തുല്പാദന കേന്ദ്രം കാങ്കോലിലെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതി ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. എന്നാൽ കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ സുലേഖ ചെലവു പത്രിക പ്രകാരമുള്ള ചെലവു തുകയും കാങ്കോൽ ഫാമിൽ സൂക്ഷിച്ചിരിക്കുന്ന വൗച്ചറുകളും അനുബന്ധ ചെലവു രേഖകൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് - 320/2021സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ ദൈനംദിന പ്രവർത്തനങ്ങൾ.

| ഇനം | തുക |
|---|---|
| അടങ്കൽ തുക | ₹13,00,000 (തനത് ഫണ്ട്) |
| സുലേഖ ചെലവു പത്രിക പ്രകാരം ചെലവു തുക | ₹6,41,598 |
| കാങ്കോൽ സീഡ് ഫാമിലെ വൗച്ചറുകൾ, മറ്റ് രേഖകൾ എന്നിവ പ്രകാരം 2020-21ലെ ആകെ ചെലവ് തുക | ₹11,70,839 |
| ചെലവു തുകകളിലെ വ്യത്യാസം | ₹5,29,241 |

ചെലവു തുകകളിലെ പൊരുത്തക്കേടുകൾ തൃപ്തികരമായി വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 03/KSF/2020-21 ന് നൽകിയ മറുപടിയിൽ സുലേഖ വെബ് പോർട്ടലിൽ ചെലവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് ജില്ലാ പഞ്ചായത്ത് ഓഫീസിൽ നിന്നാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ നിന്നും സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-67 കാങ്കോൽ ഫാമിൽ നിന്നും തേങ്ങ വില്പന:- ₹30,902 ലഭ്യമായില്ല

2020-21 വർഷത്തെ ഹാർവെസ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പ്രതിപാദിക്കും പ്രകാരം തേങ്ങ വില്പന നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ തുക പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തീയതി | സ്ഥാപനം | തൂക്കം/എണ്ണം | തുക |
|---|---|---|---|---|
| 1 | 01.03.21 | ഹോർട്ടികോർപ്പ്, കണ്ണൂർ | 813.2 Kg/1,454 എണ്ണം | ₹30,902 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 06/KSF/2020-21 തീയതി 17.02.2022ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഹോർട്ടികോർപ്പ് നാളിതുവരെയായി അയച്ചുതന്നിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വില്പന നടത്തിയ തേങ്ങയുടെ മുഴുവൻ വിലയും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-68 കാങ്കോൽ കൃഷി ഫാമിൽ നിന്നും പശുക്കളെ കൃത്യമായി ഇൻഷ്വർ ചെയ്യുന്നില്ല.

മരണപ്പെടുമ്പോൾ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ല.

കാങ്കോൽ ക്യാറ്റിൽ ഫാമിലെ പശുക്കളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പ്രതിപാദിക്കുന്ന പശുക്കൾ മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പശുക്കൾ മരണപ്പെട്ട വിവരം യഥാസമയം ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല.

| ക്രമ നം. | ടാഗ് നമ്പർ | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|
| 1 | 420030/034147 | 29.11.2020 | ₹50,000 ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചു |
| 2 | 420030/034216 | 02.08.2020 | ഇൻഷ്വർ ചെയ്തിട്ടില്ല. |
| 3 | 420030/034273 | 14.08.2020 | ഇൻഷ്വർ ചെയ്തിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 07/KSF/2020-21 തീയതി 17.02.2022ന് മറുപടിയും, ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്തിൽ നിന്നും നടത്തിയ പരിശോധന റിപ്പോർട്ടിന്റെ പകർപ്പും നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുണ്ട്. വെറ്റിനറി ഡോക്ടറിൽ നിന്നും എല്ലാ വിധ മെഡിക്കൽ റിപ്പോർട്ടുകളും ലഭ്യമായ ശേഷം മാത്രം തുടർനടപടികൾ സ്വീകരിച്ചതിനാലാണ് യഥാസമയം ജില്ലാപഞ്ചായത്തിനെ അറിയിക്കാൻ സാധിക്കാഞ്ഞതെന്ന് സീനിയർ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

പശുക്കൾ ഇൻഫർട്ടിലിറ്റി ചികിത്സയിലായിരുന്നതിനാൽ സാങ്കേതിക കാരണങ്ങളാലാണ് ഇൻഷ്വറൻസ് പുതുക്കാൻ സാധിക്കാഞ്ഞതെന്ന് കാങ്കോൽ ആലപ്പടമ്പ് വെറ്റിനറി സർജന്റെ കത്തിന്റെ അടിസ്ഥാനത്തിൽ സീനിയർ കൃഷി ഓഫീസർ വ്യക്തമാക്കുന്നു. ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ഇതു സംബന്ധിച്ച യാതൊരു കത്തിടപാടുകളും ലഭിച്ചതായി കാണുന്നില്ല. ഭാവിയിലും പശുക്കളിൽ ഇൻഫർട്ടിലിറ്റി ചികിത്സ നൽകേണ്ട സാഹചര്യം ഉണ്ടാവുന്നതാണ്. ഇത്തരം അവസരങ്ങളിൽ സാങ്കേതിക തടസ്സം ഒഴിവാക്കി മുഴുവൻ പശുക്കളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-69 കാങ്കോൽ ഫാമിൽ മുൻകൂർ നൽകിയ തുകയിലും കുറഞ്ഞ തുകയ്ക്കുള്ള ലാപ്ടോപ്പ് ലഭ്യമാക്കി. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്:

| | |
|---|---|
| നിർവ്വഹണം | സീനിയർ കൃഷി ഓഫീസർ |
| പ്രോജക്റ്റ് | 446/21 – കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹3,50,000 (തനത് ഫണ്ട്) |
| ചെലവ് | ₹2,27,258 |
| റിക്വിസിഷൻ നം. | 34/20-21 തീയതി 03.03.2021. |

സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലേക്ക് ആവശ്യമായ ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനായി കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/P1/RC/22020/20-21 Fy/24.02.2021 പ്രകാരം ₹39,351 കെൽട്രോണിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്.

ലാപ്ടോപ്പ് ലഭ്യമാക്കിയ കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് നമ്പർ ITP/05801/21-22 Dt.30.09.2021 പ്രകാരം ₹39,020 രൂപയുടെ കമ്പ്യൂട്ടർ മാത്രമാണ് സ്ഥാപനത്തിൽ കിട്ടിയിരിക്കുന്നത്. ₹331 രൂപ ഈയിനത്തിൽ കെൽട്രോണിന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/KSF/2020-21) കെൽട്രോണിൽ നിന്നും തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-70 കാങ്കോൽ കൃഷി ഫാമിൽ അളക്കുന്ന പാലിന്റെ മുഴുവൻ വിലയും ലഭിക്കുന്നില്ല.

2020-21 വർഷം കാങ്കോൽ ഫാമിലെ പശുക്കളിൽ നിന്നും കറന്നെടുത്ത പാൽ കാങ്കോൽ ക്ഷീരോല്പാദക സഹകരണ സംഘം എന്ന സ്ഥാപനത്തിലാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ നിന്നും പ്രതിമാസം ലഭിക്കേണ്ട ആകെ പാൽ വിലയിൽ നിന്നും ₹20 വീതം കുറവായാണ് സഹകരണ സംഘം ഫാമിലേക്ക് അടവാക്കിയിരിക്കുന്നത്.

ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മാസം | ലഭിക്കേണ്ട തുക (₹) | ലഭിച്ച തുക (₹) | റസീറ്റ് നമ്പർ |
|---|---|---|---|---|
| 1 | 04/2020 | 39,015 | 38,995 | 62/1634 /28.05.2020 |
| 2 | 05/2020 | 46,122 | 46,102 | 20/1635 /27.07.2020 |
| 3 | 06/2020 | 40,659 | 40,639 | 20/1635 /27.07.2020 |
| 4 | 07/2020 | 37,654 | 37,634 | 41/1635 /24.08.2020 |
| 5 | 08/2020 | 28,849 | 28,829 | 49/1635 /08.09.2020 |
| 6 | 09/2020 | 33,228 | 33,208 | 81/1635 /16.10.2020 |
| 7 | 10/2020 | 34,287 | 34,267 | 11/41/23.11.2020 |
| 8 | 11/2020 | 30,688 | 30,668 | 35/41/17.12.2020 |
| 9 | 12/2020 | 16,947 | 16,927 | 52/41/16.1.2021 |
| 10 | 01/2021 | 13,978 | 13,958 | 71/41/12.02.2021 |
| 11 | 02/2021 | 11,808 | 11,788 | 91.41/09.03.2021 |
| 12 | 03/2021 | 5,392 | 5,372 | 9/42/15.04.2021 |

വ്യക്തിഗത ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്ന ക്ഷേമനിധി വരിസംഖ്യ കാങ്കോൽ ഫാമിൽ നിന്നും ഈടാക്കിയതിനാലാണ് ഇത്തരമൊരു അപാകം സംഭവിച്ചതെ ന്നാണ് സീനിയർ കൃഷി ഓഫീസർ അറിയിച്ചത്. സംസ്ഥാന വിത്തുല്പാദന കേന്ദ്രം ക്ഷേമനിധി പരിധിയിൽ ഉൾപ്പെടാത്തതിനാൽ ക്ഷേമനിധി വിഹിതം ഈടാക്കേണ്ടതില്ല. ആയതിനാൽ മുൻവർഷങ്ങളിലേതുൾപ്പെടെ ക്ഷീരോല്പാദക സഹകരണം സംഘത്തിൽ നിന്നും കുറവു വരുത്തിയ തുക ഈടാക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 1-71 കാങ്കോൽ കൃഷിഫാമിൽ ഇൻവോയ്സ് പ്രകാരമുള്ള വില്പന – ഒൻപത് ലക്ഷം രൂപയോളം ലഭ്യമാകുവാൻ ബാക്കി:

2020-21 വർഷത്തിൽ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ നിന്നും ഇൻവോയ്സ് പ്രകാരം വില്പന നടത്തിയ ഫാമുല്പന്നങ്ങളുടെ വിലയിനത്തിൽ ഭീമമായ തുക ജില്ലാ പഞ്ചായത്തിന് ലഭിക്കുവാൻ ബാക്കിയുള്ളതായി പരിശോധനയിൽ കണ്ടെത്തിയിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ലഭിക്കുവാൻ ബാക്കിയുള്ള മുഴുവൻ തുകയും (₹8,79,079) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക (₹) |
|---|---|---|---|
| 1 | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, പോളിനേഷൻ യൂണിറ്റ്, ചാലോട് | 162/2020-21 തീ.22.04.2020 | 7,650 |
| 2 | സൂപ്രണ്ട് , അഗ്രികൾച്ചറൽ ഫാം, തളിപ്പറമ്പ | 163/2020-21 തീ.08.05.2020 | 3,200 |
| 3 | കൃഷിഭവൻ ചെറുപുഴ | 165/2020-21തീ.04.06.2020 | 1,00,000 |

| | | | |
|---|---|---|---|
| 4 | കൃഷിഭവൻ എരമം കുറ്റൂർ | 166/2020-21തീ.04.06.2020 | 1,00,000 |
| 5 | കൃഷിഭവൻ കാങ്കോൽ | 167/2020-21തീ.04.06.2020 | 80,000 |
| 6 | കൃഷിഭവൻ ചെറുപുഴ | 168/2020-21തീ.04.06.2020 | 30,800 |
| 7 | കൃഷിഭവൻ എരമം കുറ്റൂർ | 169/2020-21തീ.08.06.2020 | 30,800 |
| 8 | കൃഷിഭവൻ ചെറുകുന്ന് | 172/2020-21തീ.10.06.2020 | 22,400 |
| 9 | കൃഷിഭവൻ പെരിങ്ങോം | 174/2020-21തീ.11.06.2020 | 30,800 |
| 10 | കൃഷിഭവൻ മാടായി | 176/2020-21തീ.12.06.2020 | 22,400 |
| 11 | കൃഷിഭവൻ ഏഴോം | 177/2020-21തീ.12.06.2020 | 19,200 |
| 12 | കൃഷിഭവൻ ചെറുതാഴം | 178/2020-21തീ.12.06.2020 | 25,200 |
| 13 | കൃഷിഭവൻ രാമന്തളി | 179/2020-21തീ.12.06.2020 | 19,600 |
| 14 | കൃഷിഭവൻ മാട്ടൂൽ | 180/2020-21തീ.14.06.2020 | 18,000 |
| 15 | കൃഷിഭവൻ കുഞ്ഞിമംഗലം | 181/2020-21തീ.14.06.2020 | 19,600 |
| 16 | കൃഷിഭവൻ കരിവെള്ളൂർ | 182/2020-21തീ.15.06.2020 | 30,800 |
| 17 | കൃഷിഭവൻ പയ്യന്നൂർ | 183/2020-21തീ.22.06.2020 | 19,600 |
| 18 | കൃഷിഭവൻ കല്യാശ്ശേരി | 185/2020-21തീ.22.06.2020 | 22,000 |
| 19 | കൃഷിഭവൻ കാങ്കോൽ | 187/2020-21തീ.29.06.2020 | 11,000 |
| 20 | കൃഷിഭവൻ പെരിങ്ങോം | 188/2020-21തീ.29.06.2020 | 6,000 |
| 21 | കൃഷിഭവൻ ചെറുപുഴ | 189/2020-21തീ.29.06.2020 | 4,000 |
| 22 | കൃഷിഭവൻ എരമം കുറ്റൂർ | 190/2020-21തീ.29.06.2020 | 4,000 |
| 23 | കൃഷിഭവൻ കടന്നപ്പള്ളി | 191/2020-21തീ.29.06.2020 | 4,000 |
| 24 | കൃഷിഭവൻ കുഞ്ഞിമംഗലം | 192/2020-21തീ.29.06.2020 | 2,000 |
| 25 | സൂപ്രണ്ട്, ജില്ലാകൃഷിത്തോട്ടം, തളിപ്പറമ്പ് | 193/2020-21തീ.01.07.2020 | 7,250 |
| 26 | കൃഷിഭവൻ പരിയാരം | 194/2020-21തീ.06.07.2020 | 3,000 |
| 27 | കൃഷിഭവൻ പട്ടുവം | 195/2020-21തീ.06.07.2020 | 9,000 |
| 28 | ജില്ലാകൃഷിത്തോട്ടം തളിപ്പറമ്പ് | 196/2020-21തീ.06.07.2020 | 7,250 |
| 29 | കൃഷിഭവൻ ചെങ്ങളായി | 197/2020-21തീ.13.07.2020 | 18,000 |
| 30 | കൃഷിഭവൻ രാമന്തളി | 198/2020-21തീ.13.07.2020 | 35,000 |
| 31 | കൃഷിഭവൻ നടുവിൽ | 199/2020-21തീ.14.07.2020 | 9,000 |
| 32 | കൃഷിഭവൻ കുറുമാത്തൂർ | 200/2020-21തീ.13.07.2020 | 3,000 |
| 33 | കൃഷിഭവൻ ചപ്പാരപ്പടവ് | 301/2020-21തീ.23.07.2020 | 11,000 |
| 34 | കൃഷിഭവൻ കരിവെള്ളൂർ | 302/2020-21തീ.23.07.2020 | 1,000 |
| 35 | ഹോട്ടികോർപ്പ്,കണ്ണൂർ | 303/2020-21തീ.05.08.2020 | 4,080 |
| 36 | ജോയിന്റ് ഡയറക്ടർ, കെ എസ് എസ് ഡി എ തൃശ്ശൂർ | 305/2020-21തീ.25.08.2020 | 15,600 |
| 37 | ജില്ലാകൃഷിത്തോട്ടം തളിപ്പറമ്പ് | 311/2020-21തീ.15.10.2020 | 23,550 |
| 38 | ജില്ലാകൃഷിത്തോട്ടം തളിപ്പറമ്പ് | 311/2020-21തീ.30.10.2020 | 11,525 |
| 39 | ഹോട്ടികോർപ്പ് ,കണ്ണൂർ | 314/2020-21തീ.13.11.2020 | 5,940 |
| 40 | മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് | 315/2020-21തീ.23.11.2020 | 41,580 |
| 41 | കൃഷിഭവൻ കടന്നപ്പള്ളി | 316/2020-21തീ.24.11.2020 | 10,000 |
| 42 | കൃഷിഭവൻ മാനേജർ വെൽകോ | 317/2020-21തീ.01.12.2020 | 5,124 |
| 43 | കൃഷിഭവൻ പെരിങ്ങോം | 321/2020-21തീ.01.0.2021 | 8,000 |
| 44 | കൃഷിഭവൻ കാങ്കോൽ | 325/2020-21തീ.24.03.2021 | 17,130 |
| | Total | | 8,79,079 |

### 1-72 കോക്കനട്ട് നഴ്സറി, പാലയാട്-പൊതുവിവരങ്ങളും ഓഡിറ്റ് നിർദ്ദേശങ്ങളും

മികച്ചയിനം തെങ്ങിൻ തൈകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1967 ൽ ധർമ്മടം ഗ്രാമ പഞ്ചായത്തിലെ പാലയാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചതാണ് പാലയാട് കോക്കനട്ട് നഴ്സറി ഫാം. 4.644 ഹെക്ടർ വിസ്തൃതിയുള്ള ഫാമിൽ തെങ്ങിൻ തൈകൾ, കുരുമുളക്, പച്ചക്കറി, കശുമാവ്, അലങ്കാരച്ചെടികൾ, ഫലവർഗ്ഗച്ചെടികൾ എന്നിങ്ങനെയുള്ള തൈകളുടെ ഉല്പാദനമാണ് മുഖ്യപ്രവർത്തനം. സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ(1), അഗ്രിക്കൾച്ചർ

അസിസ്റ്റന്റ് (1), ക്ലാർക്ക് (1), ഓഫീസ് അറ്റൻഡന്റ് (1), നൈറ്റ് വാച്ച്മാൻ(1) ഉൾപ്പെടെ 5 സ്ഥിരം ജീവനക്കാരാണ് നിലവിലുള്ളത്. ഫാമിന്റെ പ്രവർത്തനത്തിനായി 15 സ്ഥിരം തൊഴിലാളികളുമുണ്ട്.

ഫാമിന്റെ പ്രവർത്തനങ്ങൾ ഓഡിറ്റിന് വിധേയമാക്കിയതിൽ കാണവാൻ സാധിച്ച പ്രധാന അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഇനമറിയാത്ത തുകകൾ : ജില്ലാ പഞ്ചായത്തിന് ലഭ്യമാക്കുവാൻ കോടിക്കണക്കിന് രൂപ – വില്പന സംഖ്യ പൂർണ്ണമായും ഫാമിന് ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്താനും സാധിക്കുന്നില്ല .

പാലയാട് കോക്കനട്ട് നഴ്സറിക്ക് തലശ്ശേരി സബ് ട്രഷറിയിലും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തലശ്ശേരിയിലുമായി രണ്ട് അക്കൗണ്ടുകളാണുള്ളത്. ഫാമിൽനിന്നും ഉല്പാദിപ്പിച്ച വിത്തിനങ്ങളുടെ ഇൻവോയ്സ് വഴിയുള്ള, വിവിധ കൃഷിഭവനുകൾക്കും മറ്റുമുള്ള വില്പനയുടെ ഭൂരിഭാഗവും മുൻകൂറായി വിത്ത് നൽകി പണം പിന്നീട് അക്കൗണ്ട് മുഖേനയും മറ്റും സ്വീകരിക്കുന്ന രീതിയാണ് നിലവിലുള്ളത്. കൃഷിവകുപ്പിന്റേയും ജില്ലാ പഞ്ചായത്തിന്റേയും തുകകൾ വിനിയോഗിച്ചാണ് വിത്തുതേങ്ങകൾ സംഭരിച്ച് തൈകളാക്കി വിപണനം നടത്തുന്നത്. വകുപ്പ് മുഖേന ലഭ്യമാകുന്ന വിത്തുതേങ്ങകളുടെ തൈകളുടെ വില്പന വഴി ലഭ്യമാകുന്ന തുക കാർഷിക വികസന കർഷക ക്ഷേമവകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണെന്നാണ് വിശദീകരിച്ചത്. ശേഷിക്കുന്ന മുഴുവൻ ഇൻവോയ്സ് തുകകളും ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ വരവ് തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കാതെ ഫാമിന്റെ അക്കൗണ്ടുകളിൽത്തന്നെ സൂക്ഷിച്ചുവരികയാണ് ചെയ്യുന്നത്. ഇതു വഴി ഫാമിന്റെ അക്കൗണ്ടുകളിൽ ഓഡിറ്റ് വർഷാന്ത്യത്തിൽ (31.03.2021 ന് ) കോടിക്കണക്കിന് രൂപയുടെ നീക്കിയിരിപ്പാണുള്ളത്. വിശദ വിവരം ചുവടെ.

| ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | 01.04.2020 ലെ മുന്നിരിപ്പ് ₹ | 31.03.2021 ലെ നീക്കിയിരിപ്പ് ₹ |
|---|---|---|---|
| സബ് ട്രഷറി, തലശ്ശേരി | TSB:722031400000061 | 79,01,220 | 82,91,183 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തലശ്ശേരി | 35013320483 | 6,68,417 | 1,20,70,942 |
| ആകെ | | 85,69,637 | 2,03,62,125 |

ജില്ലാ പഞ്ചായത്തിൽ തുക ഒടുക്കാതെ, മേൽ പ്രകാരം കോടിക്കണക്കിന് രൂപ ഫാമിന്റെ അക്കൗണ്ടിൽ നീക്കിയിരിപ്പായത് സംബന്ധിച്ച് വിശദീകരണമാരാഞ്ഞതിൽ (ഓഡിറ്റ്അന്വേഷണം-30/21-2-22) ലഭ്യമായ തുകകളിൽ ഏതൊക്കെയാണ്/എത്രയാണ് വകുപ്പിലേക്ക് ഒടുക്കേണ്ടതെന്നും, ഏതൊക്കെയാണ്/എത്രയാണ് ജില്ലാപഞ്ചായത്തിൽ ഒടുക്കേണ്ടതെന്നും തിട്ടപ്പെടുത്തുവാൻ സാധിക്കുന്നില്ലെന്നും, ഈ അവ്യക്തത കാരണം തുക വകുപ്പിലോ ജില്ലാപഞ്ചായത്തിലോ ഒടുക്കാതെ അക്കൗണ്ടിൽത്തന്നെ സൂക്ഷിച്ചതിനാലാണ് ഇപ്രകാരം കുടിശ്ശികയുണ്ടായതെന്നുമാണ് വിശദീകരിച്ചത്. തുക ഒടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒടുക്കുവിവരം ലഭ്യമാവുകയോ അത് യഥാസമയം നിരീക്ഷിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യാത്തത് കാരണമാണ് ഈ രീതിയിലുള്ള അവ്യക്തത ഉണ്ടായിരിക്കുന്നത്. അതിനാൽത്തന്നെ വില്പന നടത്തിയ തൈകളുടെ വില മുഴുവനായും പിരിഞ്ഞുകിട്ടിയോ എന്നുപോലും ഫാമിന് ഉറപ്പുവരുത്താൻ പറ്റാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ആയത് അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക തിട്ടപ്പെടുത്താത്തതിനാൽ ജില്ലാപഞ്ചായത്തിന്/വകുപ്പിന് ലഭ്യമാകേണ്ടുന്ന കോടിക്കണക്കിന് രൂപ ലഭ്യമാകാതെ അനന്തമായി നീളുന്നതിലേക്ക് ജില്ലാ പഞ്ചായത്തധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് തുക ജില്ലാപഞ്ചായത്തിൽ ഒടുക്ക് വന്ന വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം കൃഷിഭവനുകൾക്കുംമറ്റും തൈകൾ മുൻകൂർ നൽകാതെ വില്പന സമയം തന്നെ പണമീടാക്കി തൈകൾ നൽകുന്ന രീതി അവലംബിക്കുന്നതിന്റെ പ്രായോഗികത ആലോചിക്കേണ്ടതുമാണ്. വരവുകൾ സംബന്ധിച്ച ഡി.സി.ബി പത്രികകൾ തയ്യാറാക്കി വരവുകൾ നിരീക്ഷിക്കേണ്ടതും വാർഷിക വരവ്ചെലവ് പത്രിക ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2) വിവിധ രജിസ്റ്ററുകൾ /രേഖകളുടെ സൂക്ഷിപ്പ് - അപാകങ്ങൾ

1. ക്യാഷ് ബുക്ക് /ബാങ്ക് അക്കൗണ്ട് റീകൺസിലിയേഷൻ നടത്തുന്നില്ല;-

ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ക്യാഷ് ബുക്കുമായി റീകൺസിലിയേഷൻ നടത്തുന്നില്ല. കണക്കുകൾ അനുരഞ്ജനം നടത്തി സൂക്ഷിക്കേണ്ടതാണ്.

2. വൃക്ഷ രജിസ്റ്റർ

ഓഡിറ്റിന് ലഭ്യമാക്കിയ വൃക്ഷ രജിസ്റ്ററിൽ (Vol.II) Vol.I ലെ നീക്കിയിരിപ്പ് 15.01.2013 ന് എടുത്തെഴുതിയതല്ലാതെ, അതിന് ശേഷമുള്ള വൃക്ഷസംബന്ധമായ യാതൊരു വിവരങ്ങളും പ്രസ്തുത രജിസ്റ്ററിൽ ചേർത്തുവരുന്നില്ല. 4.644 ഹെക്ടർ വിസ്തൃതമായ ഫാമിൽ നിരവധി വൃക്ഷങ്ങൾ നിലവിലുണ്ടെങ്കിലും ആയവയ്ക്ക് മുഴുവനും നമ്പറിട്ടുകൊണ്ടും വിവരങ്ങൾ സമഗ്രമാക്കിക്കൊണ്ടും വൃക്ഷരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. നഴ്സറി രജിസ്റ്റർ

നഴ്സറി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ നിലവിലെ വിത്തിനങ്ങളുടെ/ തൈകളുടെ സ്റ്റോക്ക് നീക്കിയിരിപ്പ് പരിശോധന (Physical Verification) നടത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

4. സ്റ്റോക്ക് രജിസ്റ്ററിലെ അവ്യക്തത

സ്റ്റോക്ക് രജിസ്റ്റർ മുന്നിരിപ്പ്, വരവ്, വിതരണം, നീക്കിയിരിപ്പ് എന്ന രീതിയിൽ യഥാസമയം രേഖപ്പെടുത്തിയില്ലെന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. അതാണ് സ്റ്റോക്ക് രജിസ്റ്ററുകളിലെ വെട്ടും തിരുത്തും സൂചിപ്പിക്കുന്നത്.

ഉദാ:- FPR-Vol-X-

1. WCT തെങ്ങിൻ തൈകൾ 523-535 പേജിൽ മുന്നിരിപ്പ്, വരവ്, വിനിയോഗം, നീക്കിയിരിപ്പ് രേഖപ്പെടുത്തി ഇതു ക്യാൻസൽ ചെയ്ത് പേജ് 615-617 ൽ ചേർത്തു. ഇതും ക്യാൻസൽ ചെയ്ത് പേജ് 627-628 ൽ ചേർത്തു. ഒരേ ഇനത്തിന്റെ Stock Entry യാണ് 3 തവണ പേജുകൾ മുഴുവൻ റദ്ദ് ചെയ്ത് നാലാം തവണയും ചേർക്കേണ്ടി വരുന്നത്.

5. ഇൻവോയ്സ് അപാകങ്ങൾ

ഇൻവോയ്സ് കൈകാര്യം ചെയ്യുന്നതിൽ തികഞ്ഞ ശ്രദ്ധക്കുറവുണ്ട്.

1. ക്രമ പ്രകാരം (നമ്പർ അനുസരിച്ച്) സൂക്ഷിച്ചിട്ടില്ല.
2. ഒരേ നമ്പറിൽ രണ്ട് തുകകളുള്ള ഇൻവോയ്സുകൾ കാണുന്നു (ഉദാ:- 8/20 16.06.2020)
3. പല ഇൻവോയ്സുകൾക്കും ക്രമ നമ്പർ/തീയതി നൽകിയിട്ടില്ല.
4. ക്യാൻസൽ ചെയ്യുന്നവയ്ക്ക് കാരണം രേഖപ്പെടുത്തി ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തുന്നില്ല. പകർപ്പുകൾ സൂക്ഷിക്കുന്നില്ല.

അപാകങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു. മേലിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-73 പാലയാട് കോക്കനട്ട് നഴ്സറിയുടെ തെങ്ങിൻതൈ വില്പന-15,240/- രൂപ ലഭ്യമായില്ല

ജില്ലാപഞ്ചായത്തിന്റെ ഘടക സ്ഥാപനമായ പാലയാട് കോക്കനട്ട് നഴ്സറിയുടെ തൈകൾ വില്പന സംബന്ധിച്ച 2020-21 വർഷത്തെ ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ 298/19.10.2020 പ്രകാരം 381 WCT തെങ്ങിൻ തൈകൾ നൽകിയ വകയിൽ വടകര നഗരസഭ, കൃഷി ഓഫീസിൽ നിന്നും ₹38,100 (381x100) ലഭിക്കുവാനുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 23/21.02.2022 മുഖേന വിശദീകരണമാരാഞ്ഞതിൽ, ആയതിൽ ₹22,860/- ഒടുക്കിയിട്ടുണ്ടെന്നും നിരവധി തവണ ആവശ്യപ്പെട്ടിട്ടും ബാക്കി തുകയായ ₹15,240/- അടവാക്കാൻ ബന്ധപ്പെട്ട തയ്യാറാകുന്നില്ലെന്നുമാണ് ഫാം മേധാവിയായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഡിറ്റിന് മറുപടി ലഭ്യമാക്കിയത്. വില്പന സമയത്ത് വിലയീടാക്കാതെ തൈകൾ വില്പന നടത്തുന്നത് വഴി ജില്ലാ പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന സ്ഥിതിവിശേഷമാണ് സംജാതമാകുന്നത്. ആയതിനാൽ, വില്പന വില ഈടാക്കാതെ തൈകൾ മുൻകൂർ നൽകുന്ന സംവിധാനം പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതിലേക്ക് ജില്ലാപഞ്ചായത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. ലഭ്യമാകുവാനുള്ള തുക ₹15,240/- ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-74 പാലയാട് കോക്കനട്ട് നഴ്സറി -നാളികേരവില്പന – ₹33,326/- വരവ് വിവരം ലഭ്യമല്ല

ക്വട്ടേഷൻ രജിസ്റ്റർ 2020-21 പേജ് 68/25.03.20 പ്രകാരം ആർ.കെ.പുഷ്പരാജൻ, മാങ്ങാട്ടിടത്തിന് 10.05 രൂപ നിരക്കിൽ നാളികേരം വില്പന നടത്തിയതിന്റെ വരവ് ജില്ലാ പഞ്ചായത്തിൽ ഒടുക്ക് വരുത്തയിട്ടുണ്ടോയെന്ന് അന്വേഷിച്ചതിൽ (ഓഡിറ്റ് അന്വേഷണം - 29/21.02.2022), ഫാം മേധാവിയായ കൃഷി അസി.ഡയറക്ടർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 4,974 എണ്ണം നാളികേരം വില്പന നടത്തിയതിൽ ആകെ ലഭ്യമാകേണ്ടുന്ന ₹49,989/- യിൽ ₹16,663/- ലഭ്യമായതായി രശീതി നമ്പർ സഹിതം വിശദീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക ₹33,326 ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-75 പാലയാട് കോക്കനട്ട് നഴ്സറി- വെള്ളക്കരം: അധിക തുക ക്രമീകരിക്കേണ്ടതാണ്.

ഫാമിൽ കേരള വാട്ടർ അതോറിറ്റിയുടെ 5 ടാപ്പുകളാണുള്ളത്. സ്ഥാപനത്തിന്റെ വെള്ളക്കമിനത്തിലുള്ള തുക ഒടുക്കുകൾ പരിശോധിച്ചതിൽ, ചുവടെ ചേർത്ത അപാകങ്ങൾ കാണുന്നു.

1. ബിൽ - 63443609/16.07.20 ൽ 50,881/- രൂപ കുടിശ്ശിക കാണുന്നു. 40,958/- രൂപ കേരള വാട്ടർ അതോറിറ്റി വശം അഡ്വാൻസുള്ളതായും ആയത് ടി ബില്ലിൽ ക്രമീകരിച്ചതായും കാണുന്നു. കുടിശ്ശിക-അഡ്വാൻസ് വരാനിടയായ സാഹചര്യം വിശദീകരിച്ചിട്ടില്ല.

2. ബിൽ - 63443609/16.07.20 ൽ റീഡിംഗ് പ്രകാരം 1 യൂണിറ്റാണ് ഉപഭോഗം എന്നാൽ ഉപഭോഗത്തിന്റെ കോളത്തിൽ 150 യൂണിറ്റാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അഡീഷണൽ തുക/പിഴ ഈടാക്കിയത് വിശദീകരിക്കപ്പെട്ടിട്ടില്ല.

3. ഈടാക്കുന്ന വാട്ടർ ചാർജ് നിരക്ക് പൊരുത്തപ്പെടുന്നില്ല. 63443609/16.07.2020 ബില്ലിൽ 150 KL ഉപഭോഗത്തിന് 400/-രൂപയാണ് വാട്ടർ ചാർജ്. 66108993/27.09.20 ബില്ലിൽ 83 KL ഉപഭോഗത്തിന് 1824/- രൂപയാണ് ചാർജ്.

4. 63443609/16.07.20 ബിൽ പ്രകാരം കുടിശ്ശികയിനത്തിൽ ഒടുക്കിയ 12433/- രൂപ തന്നെ തുടർബില്ലായ 66108993/27.09.20 ൽ ഡിമാന്റ് ചെയ്യുകയും 12433/-രൂപ ഫാം ഒടുക്കുകയും ചെയ്തിരിക്കുന്നു.

ഇക്കാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം - 24/21.02.2022, 25/21.02.2022 മുഖേന വിശദീകരണമാവശ്യപ്പെട്ടതിൽ, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കുമെന്നുമാണ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മറുപടി ലഭ്യമാക്കിയത്. വെള്ളക്കരമിനത്തിലുള്ള കണക്കിൽ കൃത്യത വരുത്തി അധികമായി ഒടുക്കിയ തുക ക്രമീകരിക്കേണ്ടതാണ്. വെള്ളക്കരമിനത്തിൽ ചാർജിന് പുറമെ പിഴ ഒടുക്കുന്ന നടപടി സ്ഥാപന മേധാവിയുടെ വ്യക്തിപരമായ ബാധ്യതയായി മാറുന്നതാണ്. യഥാസമയം തന്നെ ഒടുക്ക് വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-76 ജില്ലാ കൃഷിത്തോട്ടം കരിമ്പം-ഫാം റവന്യൂ ഇനത്തിലെ വരവ് തുക പൂർണ്ണമായും ഒടുക്കുന്നില്ല

ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പിലെ ഫാം റവന്യൂ ഇനത്തിലെ വരവ് തുക ജില്ലാ പഞ്ചായത്തിൽ ഒടുക്കുമ്പോൾ തുക പൂർണ്ണമായും ഒടുക്കാതെ കുറച്ചു തുക കൈവശം വെക്കുന്നതായും പിന്നീട് ഇപ്രകാരം ശേഷിക്കുന്ന സംഖ്യ കൂടി തൊട്ടടുത്ത ദിവസങ്ങളിലെ വരവിനൊപ്പം അടവാക്കുന്നതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| തീയതി | വരവ് തുക ₹ | അടച്ച തുക ₹ | തീയതി | ബാലൻസ് ₹ |
|---|---|---|---|---|
| 10.11.20 മുതൽ 12.11.20 വരെ | 1,02,452 | 57,827 | 13.11.20 | 44,625 |
| 13.11.20 മുതൽ 16.11.20 വരെ | 1,09,278 | 72,350 | 17.11.20 | 36,928 |
| 17.11.20 മുതൽ 23.11.20 വരെ | 1,10,916 | 62,034 | 24.11.20 | 48,882 |
| 24.11.20 മുതൽ 30.11.20 വരെ | 1,15,270 | 66,704 | 01.12.20 | 48,566 |
| 01.12.20 മുതൽ 08.12.20വരെ | 1,31,839 | 98,339 | 08.12.20 | 33,500 |
| 09.12.20 മുതൽ 17.12.20വരെ | 1,43,709 | 95,622 | 18.12.20 | 48,087 |
| 19.12.20 മുതൽ 21.12.20വരെ | 69,715 | 25,608 | 21.12.20 | 44,107 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ വരവ് തുക പിന്നീട് പൂർണ്ണമായും ഒടുക്കിയിട്ടുണ്ട് എന്നാണ് വിശദീകരിച്ചത്. വരവ് വന്ന തുക മുഴുവനായും ജില്ലാ പഞ്ചായത്തിൽ ഒടുക്കു വരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേലിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-77 ജില്ലാ കൃഷിത്തോട്ടം കരിമ്പം:- ജില്ലാപഞ്ചായത്തിന്റെ ചെലവു പത്രികയും കരിമ്പം ഫാമിൽ സൂക്ഷിച്ചിരിക്കുന്ന ചെലവ് രേഖകളും പൊരുത്തപ്പെടുന്നില്ല.

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സുലേഖ പ്രകാരമുള്ള ചെലവു തുകയും കരിമ്പം ഫാമിൽ സൂക്ഷിച്ചിരിക്കുന്ന പ്രോജക്ട് രജിസ്റ്റർ, വൗച്ചറുകൾ എന്നിവ പ്രകാരമുള്ള

ചെലവു തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | പ്രോജക്ട് | : | 432/21<br>ജില്ലാ കൃഷിത്തോട്ടം അഗ്രി ബയോടെക്നോളജി വിഭാഗം വാർഷിക ഉത്പാദന പ്രവർത്തന ചെലവുകൾ |
| | അടങ്കൽ തുക | : | ₹35,00,000/- (തനത് ഫണ്ട്) |
| | ജില്ലാപഞ്ചായത്തിന്റെ സുലേഖ ചെലവു പത്രിക പ്രകാരം ആകെ ചെലവ് | : | ₹22,00,943/- |
| | ജില്ലാ കൃഷിത്തോട്ടം പ്രോജക്ട് രജിസ്റ്റർ, വൗച്ചറുകൾ എന്നിവ പ്രകാരം ആകെ ചെലവ് | : | ₹29,82,136/- |
| | ചെലവുകൾ തമ്മിലുള്ള വ്യത്യാസം | : | ₹7,81,193/- |

| | | | |
|---|---|---|---|
| 2. | പ്രോജക്ട് | : | 428/21<br>ജില്ലാ കൃഷിത്തോട്ടത്തിലെ വാർഷിക ഉത്പാദന പ്രവർത്തന ചെലവുകൾ |
| | അടങ്കൽ തുക | : | ₹35,00,000/- |
| | ജില്ലാപഞ്ചായത്തിന്റെ സുലേഖ ചെലവു പത്രിക പ്രകാരം ആകെ ചെലവ് | : | ₹29,23,904/- |
| | ജില്ലാ കൃഷിത്തോട്ടം പ്രോജക്ട് രജിസ്റ്റർ, വൗച്ചറുകൾ എന്നിവ പ്രകാരം ആകെ ചെലവ് | : | ₹30,23,842/- |
| | ചെലവുകൾ തമ്മിലുള്ള വ്യത്യാസം | : | ₹99,938/- |
| ചെലവുകൾ തമ്മിലുള്ള ആകെ വ്യത്യാസം | | : | ₹8,81,131/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (1/DAF/20-21 തീയതി: 20.01.2022) ത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഇവ തമ്മിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി സെക്രട്ടറി, ജില്ലാപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ജില്ലാ കൃഷിത്തോട്ടത്തിന്റെ റിക്വിസിഷൻ പ്രകാരമുള്ള തുകയ്ക്കാണോ ജില്ലാപഞ്ചായത്തിൽനിന്നും അലോട്ട്മെന്റുകൾ നൽകിയിട്ടുള്ളത് എന്ന് പരിശോധിക്കേണ്ടതും മുഴുവൻ ചെലവുകളും സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടാത്തതിന്റെ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ക്രമീകരണം നടപ്പിലാക്കേണ്ടതുമാണ്.

## 1-78 ജില്ലാ കൃഷിത്തോട്ടം, കരിമ്പം-ഇൻവോയ്സ് പ്രകാരം വിൽപന ഉത്പന്നങ്ങളുടെ തുക ജില്ലാപഞ്ചായത്തിന് ലഭിക്കുന്നില്ല.

2020-21 വർഷത്തിൽ ജില്ലാകൃഷിത്തോട്ടത്തിൽ/ഫാമുകളിൽ നിന്നും ഇൻവോയ്സ് മുഖേന വില്പന നടത്തിയ ഫാം ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു. ഇവയുടെ വില നാളിതുവരെയായി ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും ജില്ലാപഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ഫാമിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വരുന്ന തുകകൾ ഏത് കൃഷി ഭവനുകളിൽ നിന്ന് ഏത് ഇൻവോയ്സ് പ്രകാരം വന്ന തുകകളാണെന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല.

അതുകൊണ്ടുതന്നെ ഈ തുകകൾ ക്യാഷ് ബുക്കിൽ ചേർക്കുന്നില്ല. ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള ആസ്തിയായി ഈ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

ഇൻവോയ്സ് പ്രകാരം നൽകുന്ന തുകകളുടെ വരവ് സംബന്ധിച്ച കൃത്യമായ വിവര ശേഖരണത്തിനായി ആവശ്യമായ നിർദ്ദേശം ജില്ലാപഞ്ചായത്തിൽനിന്നും നൽകിയതായി കാണുന്നില്ല.

ഫാമുകളിൽ തൻവർഷത്തെ വിൽപനയിന തുക, തൻവർഷ കലക്ഷൻ തുക, ലഭിക്കാനുള്ള തുക എന്നീ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡിമാന്റ്, കലക്ഷൻ, ബാലൻസ് പത്രിക തയ്യാറാക്കുന്നില്ല. ആയത് തയ്യാറാക്കി വാർഷിക കണക്കുകൾ കൃത്യതയോടെ തയ്യാറാക്കാനാവശ്യമായ നടപടികൾ ജില്ലാകൃഷി ഫാം സ്വീകരിക്കേണ്ടതാണ്. ഇതിനായുള്ള നിർദ്ദേശം ജില്ലാപഞ്ചായത്തിൽ നിന്നും നൽകേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക ₹ |
|---|---|---|---|
| 1 | കൃഷിഭവൻ കോട്ടയം | 1/2020-21 തീ.02.04.2020 | 6,430 |
| 2 | കൃഷിഭവൻ തളിപ്പറമ്പ് | 25/2020-21 തീ.11.05.2020 | 25,000 |
| 3 | കൃഷിഭവൻ ആന്തൂർ | 26/2020-21 തീ.11.05.2020 | 25,000 |
| 4 | കൃഷിഭവൻ കുറുമാത്തൂർ | 27/2020-21 തീ. 11.05.2020 | 20,000 |
| 5 | കൃഷിഭവൻ തളിപ്പറമ്പ് | 2/2020-21 തീ. 06.05.2020 | 27,000 |
| 6 | കൃഷിഭവൻ ചെമ്പിലോട് | 3/2020-21 തീ. 06.05 .2020 | 10,000 |
| 7 | കൃഷിഭവൻ കടമ്പൂർ | 4/2020-21 തീ. 06.05.2020 | 10,000 |
| 8 | കൃഷിഭവൻ കണ്ണപുരം | 8/2020-21 തീ.06 05.2020 | 6,000 |
| 9 | കൃഷിഭവൻ കണ്ണപുരം | 9/2020-21 തീ. 06.05.2020 | 12,000 |
| 10 | കൃഷിഭവൻ പെരളശ്ശേരി | 13/2020-21 തീ. 07.05.2020 | 10,000 |
| 11 | കൃഷിഭവൻ പിണറായി | 14/2020-21 തീ. 07.05.2020 | 50,000 |
| 12 | കൃഷിഭവൻ വേങ്ങാട് | 15/2020-21 തീ.07.05.2020 | 50,000 |
| 13 | കൃഷിഭവൻ കീഴല്ലൂർ | 18 /2020-21 തീ.07.05.2020 | 10,000 |
| 14 | കൃഷിഭവൻ കീഴല്ലൂർ | 19 /2020-21 തീ.07.05.2020 | 20,000 |
| 15 | കൃഷിഭവൻ കുറ്റ്യാട്ടൂർ | 22/2020-21 തീ.07.05.2020 | 5,960 |
| 16 | കൃഷിഭവൻ കണ്ണപുരം | 34/2020-21തീ.20.05.2020 | 34,260 |

| | | | |
|---|---|---|---|
| 17 | കൃഷിഭവൻ കടന്നപ്പള്ളി | 35 /2020-21 തീ.29.05.2020 | 14,010 |
| 18 | കൃഷിഭവൻ കുറ്റ്യാട്ടൂർ | 44 /2020-21 തീ.02.06.2020 | 12,000 |
| 19 | കൃഷിഭവൻ മയ്യിൽ | 47 /2020-21 തീ.02.06.2020 | 4,500 |
| 20 | കൃഷിഭവൻ ചെറുതാഴം | 50/2020-21 തീ.02.06.2020 | 10,500 |
| 21 | കൃഷിഭവൻ അഴീക്കോട് | 53 /2020-21 തീ.03.06.2020 | 9,000 |
| 22 | കൃഷിഭവൻ ചിറക്കൽ | 54 /2020-21 തീ. 03.06.2020 | 9,000 |
| 23 | കൃഷിഭവൻ പുഴാതി | 56/2020-21 തീ.03.06.2020 | 7,500 |
| 24 | കൃഷിഭവൻ കല്യാശ്ശേരി | 57/2020-21 തീ.03.06.2020 | 10,000 |
| 25 | കൃഷിഭവൻ കണ്ണപുരം | 65/2020-21 തീ.04.06.2020 | 10,500 |
| 26 | കൃഷിഭവൻ കൊളച്ചേരി | 67/2020-21 തീ. 04.06.2020 | 4,500 |
| 27 | കൃഷിഭവൻ വളപട്ടണം | 68/2020-21 തീ.04.06.2020 | 4,500 |
| 28 | കൃഷിഭവൻ കീഴല്ലൂർ | 69/2020-21 തീ.04.06 .2020 | 6,750 |
| 29 | കൃഷിഭവൻ കീഴൂർ ചാവശ്ശേരി | 70/2020-21 തീ. 04.06 .2020 | 12,000 |
| 30 | കൃഷിഭവൻ തില്ലങ്കേരി | 73/2020-21 തീ.04.06.2020 | 4,500 |
| 31 | കൃഷിഭവൻ ചെമ്പിലോട് | 74/2020-21 തീ.04.06.2020 | 13,230 |
| 32 | കൃഷിഭവൻ ആലക്കോട് | 75 /2020-21 തീ.04.06.2020 | 10,500 |
| 33 | കൃഷിഭവൻ ഉദയഗിരി | 77/2020-21 തീ. 04.06.2020 | 10,500 |
| 34 | കൃഷിഭവൻ തളിപ്പറമ്പ് | 78/2020-21 തീ.04.06 .2020 | 10,500 |
| 35 | കൃഷിഭവൻ പരിയാരം | 82/2020-21 തീ.04.06 .2020 | 10,500 |
| 36 | കൃഷിഭവൻ തൃപ്രങ്ങോട്ടൂർ | 84/2020-21 തീ.04.06 .2020 | 3.000 |
| 37 | കൃഷിഭവൻ മാങ്ങാട്ടിടം | 85/2020-21 തീ.04.06.2020 | 10,500 |
| 38 | കൃഷിഭവൻ മാട്ടൂൽ | 86/2020-21 തീ.04.06.2020 | 10,500 |
| 39 | കൃഷിഭവൻ മാടായി | 87/2020-21 തീ. 04.06.2020 | 7,500 |
| 40 | കൃഷിഭവൻ ചെങ്ങളായി | 88/2020-21 തീ. 04.06.2020 | 10,500 |
| 41 | കൃഷിഭവൻ പട്ടുവം | 89/2020-21 തീ.04.06.2020 | 10,500 |
| 42 | കൃഷിഭവൻ കുന്നോത്ത് പറമ്പ് | 90/2020-21 തീ.04.06.2020 | 10,500 |
| 43 | കൃഷിഭവൻ ചിറ്റാരിപറമ്പ് | 91/2020-21 തീ. 04.06.2020 | 10,500 |
| 44 | കൃഷിഭവൻ കുത്തുപറമ്പ് | 92/2020-21 തീ. 04.06.2020 | 11,400 |
| 45 | കൃഷിഭവൻ ചൊക്ലി | 93/2020-21 തീ. 04.06.2020 | 6,000 |
| 46 | കൃഷിഭവൻ മൊകേരി | 95/2020-21 തീ. 04.06.2020 | 6,000 |
| 47 | കൃഷിഭവൻ പെരിങ്ങളം | 98/2020-21 തീ. 04.06.2020 | 6,000 |
| 48 | കൃഷിഭവൻ മുണ്ടേരി | 99/2020-21 തീ. 04.06.2020 | 4,500 |
| 49 | കൃഷിഭവൻ ആറളം | 100/2020-21തീ. 05.06.2020 | 8,400 |
| 50 | കൃഷിഭവൻ കോടിയേരി | 106/2020-21തീ. 05.06.2020 | 6,000 |
| 51 | കൃഷിഭവൻ എരഞ്ഞോളി | 107/2020-21തീ. 05.06.2020 | 6,000 |
| 52 | കൃഷിഭവൻ ചപ്പാരപ്പടവ് | 114/2020-21 തീ. 22.06.2020 | 1,800 |
| 53 | കൃഷിഭവൻ ആലക്കോട് | 117/2020-21തീ. 22.06. 2020 | 2,700 |
| 54 | കൃഷിഭവൻ എളയാവൂർ | 131/2020-21 തീ. 22.06.2020 | 8,900 |
| 55 | കൃഷിഭവൻ പെരളശ്ശേരി | 133/2020-21തീ.29.06 .2020 | 94,050 |
| 56 | കൃഷിഭവൻ മൂടാടി | 137/2020-21 തീ.07.07 .2020 | 8,800 |
| 57 | കൃഷിഭവൻ പനങ്ങാട് | 140/2020-21തീ. 07.07.2020 | 35,200 |
| 58 | കൃഷിഭവൻ നടുവണ്ണൂർ | 141/2020-21 തീ.07.07.2020 | 17,600 |

| | | | |
|---|---|---|---|
| 59 | കൃഷിഭവൻ മടവൂർ | 142/2020-21 തീ. 07.07.2020 | 17,600 |
| 60 | കൃഷിഭവൻ തിരുവമ്പാടി | 143/2020-21 തീ. 07.07.2020 | 17,600 |
| 61 | കൃഷിഭവൻ കൊടുവള്ളി | 144/2020-21 തീ.07.07.2020 | 17,600 |
| 62 | കൃഷിഭവൻ ചെങ്ങോട്ടുകാവ് | 147/2020-21 തീ.07.07.2020 | 17,600 |
| 63 | കൃഷിഭവൻ വേങ്ങാട് | 148/2020-21 തീ.07.07.2020 | 1,150 |
| 64 | കൃഷിഭവൻ കുറുമാത്തൂർ | 149/2020-21 തീ.08.07.2020 | 35,200 |
| 65 | കൃഷിഭവൻ ചെങ്ങളായി | 150/2020-21തീ. 08.07.2020 | 35,200 |
| 66 | കൃഷിഭവൻ പരിയാരം | 151/2020-21 തീ. 08.07.2020 | 35,200 |
| 67 | കൃഷിഭവൻ കടന്നപ്പള്ളി | 152/2020-21 തീ.08.07.2020 | 35,200 |
| 68 | കൃഷിഭവൻ ആന്തൂർ | 153/2020-21തീ. 08.07.2020 | 35,200 |
| 69 | കൃഷിഭവൻ പട്ടുവം | 154/2020-21 തീ.08.07.2020 | 17,600 |
| 70 | കൃഷിഭവൻ തളിപ്പറമ്പ് | 155/2020-21 തീ.08.07.2020 | 35,200 |
| 71 | കൃഷിഭവൻ ഉദയഗിരി | 156/2020-21 തീ. 08.07.2020 | 35,200 |
| 72 | കൃഷിഭവൻ ആലക്കോട് | 157/2020-21 തീ. 08.07.2020 | 35,200 |
| 73 | കൃഷിഭവൻ മാലൂർ | 158/2020-21 തീ. 08.07.2020 | 26,400 |
| 74 | കൃഷിഭവൻ കണിച്ചാർ | 159/2020-21 തീ. 10.07.2020 | 35,200 |
| 75 | കൃഷിഭവൻ കൊട്ടിയൂർ | 160/2020-21 തീ. 10.07.2020 | 26,400 |
| 76 | കൃഷിഭവൻ കേളകം | 161/2020-21 തീ. 10.07.2020 | 26,400 |
| 77 | കൃഷിഭവൻ പേരാവൂർ | 162/2020-21 തീ. 21.07.2020 | 26,400 |
| 78 | കൃഷിഭവൻ ഉദയഗിരി | 167/2020-21 തീ. 21.07.2020 | 17,085 |
| 79 | കൃഷിഭവൻ ആലക്കോട് | 168/2020-21 തീ.21.07.2020 | 17,085 |
| 80 | കൃഷിഭവൻ കണ്ണപുരം | 170/2020-21 തീ. 21.07.2020 | 17,000 |
| 81 | കൃഷിഭവൻ കല്യാശ്ശേരി | 172/2020-21 തീ. 21.07.2020 | 17,000 |
| 82 | കൃഷിഭവൻ ആന്തൂർ | 173/2020-21 തീ. 21.07.2020 | 17,085 |
| 83 | കൃഷിഭവൻ നാറാത്ത് | 174/2020-21 തീ. 23.07.2020 | 17,010 |
| 84 | കൃഷിഭവൻ പേരാവൂർ | 179/2020-21 തീ. 23.07.2020 | 21,585 |
| 85 | കൃഷിഭവൻ മാട്ടൂൽ | 185/2020-21 തീ. 23.07.2020 | 17,010 |
| 86 | കൃഷിഭവൻ മാടായി | 186/2020-21 തീ.23.07.2020 | 17,010 |
| 87 | കൃഷിഭവൻ കോട്ടയം മലബാർ | 187/2020-21 തീ.07.08.2020 | 17,010 |
| 88 | കൃഷിഭവൻ കോട്ടയം മലബാർ | 188/2020-21 തീ. 07.08.2020 | 50,000 |
| 89 | കൃഷിഭവൻ മുണ്ടേരി | 191/2020-21 തീ. 07.08.2020 | 17,010 |
| 90 | കൃഷിഭവൻ കൊളച്ചേരി | 193/2020-21 തീ. 07.08.2020 | 17,010 |
| 91 | കൃഷിഭവൻ കണ്ണൂർ | 201/2020-21 തീ. 07.08.2020 | 12,800 |
| 92 | കൃഷിഭവൻ പുഴാതി | 202/2020-21 തീ.07.08.2020 | 12,800 |
| 93 | കൃഷിഭവൻ മുഴക്കുന്ന് | 204/2020-21 തീ. 10.08.2020 | 60,000 |
| 94 | കൃഷിഭവൻ മുഴക്കുന്ന് | 205/2020-21 തീ. 10.08.2020 | 4,840 |
| 95 | കൃഷിഭവൻ അഴീക്കോട് | 209/2020-21 തീ. 11.08.2020 | 21,600 |
| 96 | കൃഷിഭവൻ കണ്ണൂർ | 214/2020-21 തീ. 11.08.2020 | 17,010 |

| | | | |
|---|---|---|---|
| 97 | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ പി ഡി ചാലോട് | 215/2020-21തീ. 14.08.2020 | 7,268 |
| 98 | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ പി ഡി ചാലോട് | 216/2020-21തീ. 14.08.2020 | 32,311 |
| 99 | കൃഷിഭവൻ അഴീക്കോട് | 217/2020-21 തീ.20.08.2020 | 17,010 |
| 100 | കൃഷിഭവൻ പരിയാരം | 219/2020-21 തീ.20.08.2020 | 17,085 |
| 101 | കൃഷിഭവൻ പട്ടുവം | 220/2020-21തീ.20.08.2020 | 17,085 |
| 102 | കൃഷിഭവൻ മൊകേരി | 228/2020-21തീ. 20.08.2020 | 17,085 |
| 103 | കൃഷിഭവൻ കുറ്റ്യാട്ടൂർ | 231/2020-21 തീ.20.08.2020 | 17,085 |
| 104 | കൃഷിഭവൻ മാങ്ങാട്ടിടം | 234/2020-21തീ.24.08.2020 | 17,010 |
| 105 | കൃഷിഭവൻ കൂടാളി | 236/2020-21തീ. 24.08.2020 | 17,010 |
| 106 | കൃഷിഭവൻ തൃപ്രങ്ങോട്ടൂർ | 237/2020-21തീ. 24.08.2020 | 3,375 |
| 107 | കൃഷിഭവൻ എരുവേശ്ശി | 238/2020-21തീ. 24.08.2020 | 3,450 |
| 108 | കൃഷിഭവൻ പിണറായി | 242/2020-21തീ. 27.08.2020 | 3,375 |
| 109 | കൃഷിഭവൻ അസിസ്റ്റന്റ് ഡയറക്ടർ കൃഷി കൂത്തുപറമ്പ | 244/2020-21തീ.29.09.2020 | 26,880 |
| 110 | കൃഷിഭവൻ ചെറുപുഴ | 247/2020-21തീ. 05.10.2020 | 60,000 |
| 111 | കൃഷിഭവൻ വളപട്ടണം | 248/2020-21തീ. 05.10.2020 | 1,57,500 |
| 112 | കൃഷിഭവൻ കൂത്തുപറമ്പ് | 250/2020-21തീ. 05.10.2020 | 17,010 |
| 113 | കൃഷിഭവൻ ചിറ്റാരിപ്പറമ്പ് | 251/2020-21 തീ. 06.10.2020 | 17,010 |
| 114 | കൃഷിഭവൻ ചെമ്പിലോട് | 256/2020-21തീ. 09.10.2020 | 18,735 |
| 115 | കൃഷിഭവൻ കുന്നോത്ത് പറമ്പ് | 259/2020-21 തീ. 16.10.2020 | 13,635 |
| 116 | കൃഷിഭവൻ തൃപ്രങ്ങോട്ടൂർ | 260/2020-21 തീ. 16.10.2020 | 13,635 |
| 117 | കൃഷിഭവൻ വേങ്ങാട് | 261 /2020-21 തീ.16.10.2020 | 13,635 |
| 118 | കൃഷിഭവൻ എരഞ്ഞോളി | 265/2020-21 തീ. 16.10.2020 | 17,010 |
| 119 | കൃഷിഭവൻ കോടിയേരി | 266/2020-21 തീ. 16.10.2020 | 17,010 |
| 120 | കൃഷിഭവൻ എളയാവൂർ | 269/2020-21 തീ. 16.10.2020 | 18,735 |
| 121 | കൃഷിഭവൻ കടമ്പൂർ | 271/2020-21 തീ. 16.10.2020 | 18,735 |
| 122 | കൃഷിഭവൻ ആറളം | 272/2020-21 തീ. 16.10.2020 | 18,810 |
| 123 | കൃഷിഭവൻ അയ്യൻകുന്ന് | 273/2020-21 തീ. 16.10.2020 | 18,810 |
| 124 | കൃഷിഭവൻ കീഴല്ലൂർ | 274/2020-21 തീ. 16.10.2020 | 18,810 |
| 125 | കൃഷിഭവൻ എടക്കാട് | 275/2020-21 തീ. 16.10.2020 | 18,735 |
| 126 | കൃഷിഭവൻ തില്ലങ്കേരി | 277/2020-21 തീ. 16.10.2020 | 18,810 |
| 127 | കൃഷിഭവൻ പാട്യം | 281/2020-21 തീ.19.10.2020 | 17,010 |
| 128 | കൃഷിഭവൻ ചെങ്ങളായി | 282/2020-21 തീ. 19.10.2020 | 18,885 |
| 129 | അസോസിയേറ്റ് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് | 283/2020-21 തീ. 19.10.2020 | 12,275 |
| 130 | അസോസിയേറ്റ് ഡയറക്ടർ, കാർഷിക സർവകലാശാല, പിലിക്കോട് | 284/2020-21 തീ. 19.10.2020 | 4,500 |
| 131 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി, എടക്കാട് | 285/2020-21 തീ. 19.10.2020 | 46,900 |
| 132 | കൃഷിഭവൻ മാങ്ങാട്ടിടം | 290/2020-21 തീ. 0511..2020 | 2,74,500 |

| | | | |
|---|---|---|---|
| 133 | കൃഷിഭവൻ പേരാവൂർ | 291/2020-21 തീ. 05.11.2020 | 26,400 |
| 134 | കൃഷിഭവൻ വേങ്ങാട് | 296/2020-21 തീ. 16.11.2020 | 2,940 |
| 135 | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, കാങ്കോൽ | 297/2020-21 തീ. 15.12.2020 | 4,600 |
| 136 | കൃഷിഭവൻ കണിച്ചാർ | 298/2020-21 തീ. 18.12.2020 | 3,000 |
| 137 | കൃഷിഭവൻ കോളയാട് | 302/2020-21 തീ. 18.12.2020 | 3,800 |
| 138 | കൃഷിഭവൻ മാലൂർ | 303/2020-21 തീ. 18.12.2020 | 2,850 |
| 139 | കൃഷിഭവൻ മുഴക്കുന്ന് | 304/2020-21 തീ. 18.12.2020 | 3,000 |
| 140 | കൃഷിഭവൻ ചിറക്കൽ | 305/2020-21 തീ. 18.12.2020 | 3,500 |
| 141 | കൃഷിഭവൻ പുഴാതി | 306/2020-21 തീ.18.12.2020 | 3,000 |
| 142 | കൃഷിഭവൻ വളപട്ടണം | 307/2020-21 തീ. 18.12.2020 | 3,000 |
| 143 | കൃഷിഭവൻ കണ്ണൂർ | 310/2020-21 തീ.18.12.2020 | 3,000 |
| 144 | കൃഷിഭവൻ അഴീക്കോട് | 311/2020-21 തീ. 18.12.2020 | 3,000 |
| 145 | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി, തളിപ്പറമ്പ് | 312/2020-21 തീ. 21.12.2020 | 23,000 |
| 146 | കൃഷിഭവൻ ഉദയഗിരി | 329/2020-21 തീ.21.12.2020 | 1,00,000 |
| 147 | കൃഷിഭവൻ മാങ്ങാട്ടിടം | 330/2020-21 തീ. 22.12.2020 | 12,500 |
| 148 | കൃഷിഭവൻ കുത്തുപറമ്പ് | 331/2020-21 തീ. 22.12.2020 | 12,500 |
| 149 | കൃഷിഭവൻ പാട്യം | 332/2020-21 തീ. 22.12.2020 | 10,000 |
| 150 | കൃഷിഭവൻ തൃപ്രങ്ങോട്ടൂർ | 333/2020-21 തീ. 22.12.2020 | 15,000 |
| 151 | കൃഷിഭവൻ പെരളശ്ശേരി | 334/2020-21തീ. 28.12.2020 | 13,200 |
| 152 | കൃഷിഭവൻ അഞ്ചരക്കണ്ടി | 335/2020-21 തീ. 23.01.2021 | 9,375 |
| 153 | കൃഷിഭവൻ വേങ്ങാട് | 336/2020-21 തീ. 23.01.2021 | 9,375 |
| 154 | കൃഷിഭവൻ വേങ്ങാട് | 337/2020-21 തീ. 04.2.2021 | 8,250 |
| 155 | കൃഷിഭവൻ കൊളച്ചേരി | 338/2020-21തീ. 04.02.2021 | 1,00,000 |
| 156 | കൃഷിഭവൻ ആലക്കോട് | 343/2020-21 തീ. 11.02 .2021 | 1,70,000 |
| 157 | കൃഷിഭവൻ ചെറുകുന്ന് | 344/2020-21 തീ. 11.12.2021 | 5,760 |
| 158 | കൃഷിഭവൻ അഴീക്കോട് | 346/2020-21 തീ. 11.12 .2021 | 38,500 |
| 159 | സീനിയർ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലയാട് | 347/2020-21 തീ. 11.02.2021 | 11,625 |
| 160 | കൃഷിഭവൻ കണ്ണൂർ | 352/2020-21 തീ. 22.03.2021 | 20,000 |
| 161 | കൃഷിഭവൻ കുടാളി | 353/2020-21 തീ. 22.03.2021 | 15,150 |
| 162 | കൃഷിഭവൻ കടമ്പൂർ | 355/2020-21തീ. 22.03.2021 | 60,000 |
| 163 | കൃഷിഭവൻ കടമ്പൂർ | 356/2020-21തീ. 22.03.2021 | 3,200 |
| 164 | ഡെപ്യൂട്ടി ഡയറക്ടർ, സീഡ് ഗാർഡൻ, മുണ്ടേരി | 357/2020-21 തീ. 22.03.2021 | 7,730 |
| | ആകെ | | 34,46,469 |

## 1-79 കൊമ്മേരി സർക്കാർ ആട്ടുവളർത്തൽ കേന്ദ്രം - രോഗബാധയെത്തുടർന്ന് പ്രതിസന്ധിയിൽ - ഓഡിറ്റ് കണ്ടെത്തലുകളും ശുപാർശകളും

പ്രത്യേക ജനസ്സിൽപെട്ട മലബാറി ആട്ടുകളുടെ സംരക്ഷണത്തിനും ഉല്പാദനത്തിനുമുള്ള സംസ്ഥാനത്തെ ഏറ്റവും വലിയ കേന്ദ്രമാണ് കോളയാട് ഗ്രാമപഞ്ചായത്തിൽ 12.17 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നതും കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ കൊമ്മേരി സർക്കാർ ആട്ടുവളർത്തൽ കേന്ദ്രം. ആയിരത്തോളം ആട്ടുകളെ സൗകര്യപൂർവ്വം വളർത്താനുള്ള സൗകര്യം കൊമ്മേരിയിലെ കേന്ദ്രത്തിനുണ്ട്. 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 31.12.2022 ന് നടത്തിയ ഭൗതിക പരിശോധനയിൽ 139 ആട്ടുകളെ വളർത്തുന്നതായി ബോധ്യപ്പെട്ടു. ഇവയിൽ രോഗികളായ 58 എണ്ണത്തിനെ മാറ്റിപ്പാർപ്പിച്ചതായും ബോധ്യപ്പെട്ടു.

31.03.2021 ലെ കണക്കുകൾ പ്രകാരം 106 ആട്ടുകളാണ് സ്റ്റോക്കിൽ ഉണ്ടായിരുന്നത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 01.04.2020 ൽ ബാക്കി ഉണ്ടായിരുന്നവ | 51 |
| തൻവർഷം വാങ്ങിയത് | 82 |
| തൻവർഷം ജനിച്ചവ | 31 |
| ആകെ തൻവർഷ സ്റ്റോക്ക് | 164 |
| മരണം | 3 |
| വില്പന | 26 |

| | |
|---|---|
| കള്ളിംഗ് | 29 |
| 31.03.2021 ൽ ബാക്കിയുള്ളവ | 106 |

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 26.05.2020 ലെ AHD/1670/2020-H2 നമ്പർ നടപടിക്രമങ്ങൾ പ്രകാരം നിശ്ചയിച്ച പ്രവർത്തന ലക്ഷ്യമനുസരിച്ച് 15 ആൺ ആടുകളിലും 300 പെൺ ആടുകളിലും നിന്ന് 600 ആട്ടിൻകുട്ടികളെ ഉത്പാദിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഈ പ്രവർത്തന ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

ഗോട്ട് ഫാമിൽ നിലവിലുള്ള ജീവനക്കാരുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സൂപ്രണ്ട് | 1 |
| 2 | വെറ്ററിനറി സർജൻ | 1 |
| 3 | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| 4 | ഫീൽഡ് ഓഫീസർ | 1 |
| 5 | ടൈപ്പിസ്റ്റ് | 1 |
| 6 | ക്ലാർക്ക് | 1 |
| 7 | നൈറ്റ് വാച്ച്മാൻ | 1 |
| 8 | അറ്റൻഡർ | 1 |
| 9 | പി.ടി.എസ് | 1 |
| 10 | ലേബർ | 6 |
| | ആകെ | 15 |

14.06.2021, 23.06.2021 എന്നീ തീയതികളിൽ ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ 34 ആടുകൾക്ക് (33 പെൺ, 1 ആൺ) ജോണീസ് രോഗബാധയുള്ളതായി കണ്ടെത്തുകയുണ്ടായി. നിലവിലുള്ള പ്രൊട്ടോക്കോൾ പ്രകാരം അവയെ കൊന്നുകളയണമെന്നും നിർദ്ദേശിച്ചു. ജില്ലാമൃഗസംരക്ഷണ ഓഫീസറുടെ അധ്യക്ഷതയിൽ 02.07.2021 ന് കൊമ്മേരി ഫാമിൽ വെച്ച് ചേർന്ന ടി.എം.സി മീറ്റിംഗിൽ ആടുകളെ പരിശോധിക്കുകയും നിലവിലെ മാതൃ-പിതൃ ശേഖരത്തിലെ ഏറ്റവും മികച്ച ആടുകളാണെന്ന് ബോധ്യപ്പെട്ടതിനാൽ ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ നിർദ്ദേശം പുനഃപരിശോധിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കത്തയക്കാൻ തീരുമാനിച്ചു. ഓഡിറ്റ് അവസാനിക്കുന്ന തീയതി-31.12.2021-വരെ ഈ വിഷയത്തിൽ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല.

ജോണീസ് രോഗം സ്ഥിരീകരിച്ചതുമുതൽ ഫാമിലെ വില്പന നിർത്തിവെച്ചതിനാൽ ഫാം റവന്യൂ ഇനത്തിൽ ജില്ലാ പഞ്ചായത്തിന് വരുമാനം ലഭിക്കുന്നില്ലെന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. ദൈനംദിന പ്രവർത്തനങ്ങൾക്കും ആടുകളുടെ സംരക്ഷണം, തീറ്റ എന്നിവയുടെ ചെലവിനത്തിലും ഭീമമായ തുക ജില്ലാപഞ്ചായത്തിന് ചെലവഴിക്കേണ്ടി വരുന്നുണ്ട്. 2020-21 വർഷത്തിൽ ഈയിനത്തിൽ ₹4,96,218/- ചെലവുണ്ട്. 2021-22 വർഷത്തേക്ക് ഇതേയിനത്തിന് തുക വകയിരുത്തിയിട്ടുമുണ്ട്.

ആയതിനാൽ കൊമ്മേരി ഗോട്ട് ഫാമിനെ പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ ജില്ലാപഞ്ചായത്തിന്റെ വരുമാനം ഉയർത്തുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ ഓഡിറ്റ് മുന്നോട്ട് വെക്കുന്നു.

1. ആടുകളുടെ ദയാവധം ഒഴിവാക്കുന്ന വിഷയത്തിൽ സർക്കാരിൽനിന്നും അടിയന്തിര നിർദ്ദേശം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ജോണീസ് രോഗം ബാധിച്ച മുഴുവൻ ആടുകളെയും കേരള വെറ്ററിനറി സർവകലാശാലക്ക് കൈമാറുകയും ഈ രോഗത്തിന്റെ ചികിത്സയ്ക്കാവശ്യമായ മരുന്നുകളും, വാക്സിനുകളും ഉത്പാദിപ്പിക്കുന്നതിനുള്ള ഗവേഷണ പരീക്ഷണങ്ങൾക്ക് ഇവയെ ഉപയോഗിക്കുകയും ചെയ്യുക. ഇതുവഴി ഭാവിയിൽ ഉണ്ടാകാനിടയുള്ള ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി നേരിടുന്നതിനും സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനും ഉയർന്ന പരിഗണന നൽകുക.

3. ഹോമിയോ മരുന്നുകൾ, വാക്സിനുകൾ എന്നിവ നൽകി ആടുകളെ രക്ഷിക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

4. മേൽ നിർദ്ദേശങ്ങൾ ഫലപ്രദമല്ലെങ്കിൽ എത്രയും പെട്ടെന്ന് ദയാവധം നടപ്പിലാക്കി രോഗമില്ലാത്ത ആടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് വില്പന ഉൾപ്പെടെയുള്ള ഫാമിന്റെ ദൈനംദിന പ്രവർത്തനങ്ങൾ

പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. മലബാറി ആടുകളെ കൂടാതെ സ്വദേശത്തും വിദേശത്തുമുള്ള വ്യത്യസ്ത ജനസുകളിൽ പെട്ട ആടുകളെ ഉൾപ്പെടുത്തി ആധുനിക ഗോട്ട് മ്യൂസിയം, ലൈബ്രറി എന്നിവ സംജാതമാക്കി ജില്ലയിലെ മികച്ച ടൂറിസം കേന്ദ്രമാക്കി ഗോട്ട് ഫാമിനെ മാറ്റിയെടുക്കുക.

6. ആട്ടിൻപാൽ, പാലുത്പന്നങ്ങൾ എന്നിവയുടെ വിപണന സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

7. 12.17 ഏക്കർ സ്ഥലത്തിന്റെ സാധ്യമായ ഭാഗങ്ങളിലെല്ലാം ആടുകൾക്കും കന്നുകാലികൾക്കും നൽകാവുന്ന വ്യത്യസ്തയിനം തീറ്റകളുടെ തോട്ടം സജ്ജീകരിക്കുകയും വെറ്ററിനറി വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ആടുവളർത്തലിന്റെയും തീറ്റയുടെയും പ്രാധാന്യം വ്യക്തമാക്കുന്ന ഗവേഷണ കേന്ദ്രമായി സ്ഥാപനത്തെ മാറ്റിയെടുക്കാവുന്നതുമാണ്.

ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശചെയ്യുന്നു.

## 1-80 കൊമ്മേരി ഗോട്ട് ഫാം-പൊളിച്ചുമാറ്റിയ സാമഗ്രികൾ കരാറുകാരൻ നീക്കംചെയ്തില്ല – തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

കൊമ്മേരി ഗോട്ട് ഫാമിലെ പഴകിയതും ഉപയോഗശൂന്യവുമായ വാട്ടർ ടാങ്ക്, 158-ാം നമ്പർ ക്വാട്ടേഴ്സ്, 154 -ാം നമ്പർ ഗോട്ട് ഷെഡ് എന്നിവ പൊളിച്ചുമാറ്റുന്നതിന് 07.07.2020 ൽ ചേർന്ന വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിലെ 22/20(14) നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകുകയും ഇവയുടെ വാല്യേഷൻ തുകയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ച ₹1,71,225/- ക്ക് ലേലം ചെയ്യാനുള്ള അംഗീകാരം നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 14.07.2020 ലെ ബി.224/19 നമ്പർ ലേല പരസ്യ പ്രകാരം 30.07.2020, 12.08.2020, 20.08.2020 എന്നീ തീയതികളിൽ ലേലം സംഘടിപ്പിച്ചെങ്കിലും ആരും ലേലത്തിൽ പങ്കെടുക്കുകയുണ്ടായില്ല. പി.ഡബ്ല്യൂ.ഡി റേറ്റിൽ നടത്തിയ മൂല്യനിർണ്ണയത്തിൽ മാറ്റം വരുത്താൻ സാധിക്കില്ലെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 05.10.2020 ലെ 29/20(19) നമ്പർ തീരുമാനമായി ക്വട്ടേഷൻ ക്ഷണിച്ച് നീക്കം ചെയ്യുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം നൽകി.

ഇതിന്റെ അടിസ്ഥാനത്തിൽ ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ജോയി പുല്ലാപ്പടിക്കൽ, പുതുകുറ്റി എന്നവരുടെ ₹50,200-ന്റെ ക്വട്ടേഷൻ 04.11.2020 ലെ 89/20 നമ്പർ യോഗതീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തു.

എന്നാൽ ഓടുകൾ, മര ഉരുപ്പടികൾ, ഇരുമ്പ് ഗ്രില്ലുകൾ എന്നിവ മാത്രമാണ് കരാറുകാരൻ നീക്കം ചെയ്തത്. കരാറുകാരനുമായി സ്ഥാപനം എഗ്രിമെന്റ് ചമയ്ക്കാത്തതിനാൽ നാളിതുവരെയായി തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (GGFK/4/ തീയതി: 31.12.2021) ത്തിന് ലഭ്യമാക്കിയ മറുപടിയിൽ പൊളിച്ചുമാറ്റുന്നതിന് ക്വട്ടേഷൻ എടുത്തയാൾ പ്രസ്തുത പണികൾ പൂർണ്ണമായും ചെയ്തുതീർത്തിട്ടുണ്ടെന്നാണ് ഫാം സൂപ്രണ്ട് അറിയിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് നടക്കുന്ന സമയത്തും കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും പുനരുപയോഗിക്കാൻ സാധ്യമായ കരിങ്കല്ലുകളും ഫാമിന്റെ മുൻവശത്ത് ഫാമിന്റെ സൗകര്യപ്രദമായ പ്രവർത്തനത്തിന് വിഘാതമാകും രീതിയിൽ കൂട്ടിയിട്ടിരിക്കുന്നതായി ബോധ്യപ്പെട്ടു.

ഈ അവശിഷ്ടങ്ങൾ ഫാമിലെ പുഴയുടെ മറുകരയിലുള്ള ചതുപ്പ് നിലത്തിൽ ആഴത്തിൽ നിക്ഷേപിക്കുവാനാണ് മാറ്റിവച്ചിട്ടുള്ളത് എന്നും മഴമൂലം ഈ പ്രവൃത്തിക്ക് കാലതാമസം വന്നതാണെന്നും ജോലികൾ ഉടനെ പൂർത്തീകരിക്കുന്നതാണെന്നും ഫാം സൂപ്രണ്ട് മറുപടിയിൽ അറിയിച്ചു.

പൊളിച്ചുമാറ്റുന്നതിനുവേണ്ടി നൽകിയ ക്വട്ടേഷൻ പൂർണ്ണമായും ചെയ്തുതീർക്കാതെ അവശിഷ്ടങ്ങൾ ഫാമിൽ തന്നെ കുഴിച്ചുമൂടുന്നതിന് ജില്ലാപഞ്ചായത്ത് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ ഈ വിഷയത്തിൽ തുടരന്വേഷണം നടത്തി, പ്രവൃത്തി ചെയ്യാത്തതിന് കരാറുകാരന്റെ പേരിൽ നിയമ നടപടി സാധ്യമാണോ എന്ന് പരിശോധിക്കേണ്ടതാണ്. ഫാമിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

## 1-81 കൊമ്മേരി ഗോട്ട് ഫാം-മരണപ്പെട്ട ആടുകളുടെ ഇൻഷ്വറൻസ് തുക പൂർണ്ണമായും ലഭിക്കുന്നില്ല.

03.05.2019 മുതൽ 27.02.2020 വരെ കൊമ്മേരി ആടുവളർത്തൽ കേന്ദ്രത്തിൽ നിന്നും 24 ആടുകൾ മരണപ്പെട്ടിട്ടുണ്ട്. ഇവ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പോളിസി നം.

1023004716P118129735/21.03.2017, 442301/47/2020/57/07.11.2019 എന്നിവ പ്രകാരം ഇൻഷൂർ ചെയ്തിട്ടുള്ളവയാണ്. ഇവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ടാഗ് നം. | മരണപ്പെട്ട തീയതി | ഇൻഷൂറൻസ് തുക (₹) |
|---|---|---|---|
| 1 | 3490708 | 03.05.2019 | 8,000 |
| 2 | 3490720 | 03.05.2019 | 7,000 |
| 3 | 104801 | 15.05.2019 | 8,000 |
| 4 | 3490701 | 30.05.2019 | 8,000 |
| 5 | 856344 | 16.07.2019 | 8,000 |
| 6 | 3490732 | 01.08.2019 | 8,000 |
| 7 | 3490752 | 17.09.2019 | 8,000 |
| 8 | 3490738 | 03.10.2019 | 8,000 |
| 9 | 67947 | 11.12.2019 | 8,000 |
| 10 | 3490778 | 11.12.2019 | 8,000 |
| 11 | 104826 | 11.12.2019 | 8,000 |
| 12 | 3490770 | 11.12.2019 | 8,000 |
| 13 | 857121 | 11.12.2019 | 8,000 |
| 14 | 857052 | 11.12.2019 | 8,000 |
| 15 | 857542 | 11.12.2019 | 8,000 |
| 16 | 3490764 | 23.10.2019 | 8,000 |
| 17 | 856311 | 23.10.2019 | 8,000 |
| 18 | 3490748 | 23.10.2019 | 8,000 |
| 19 | 857347 | 23.10.2019 | 8,000 |

| | | | |
|---|---|---|---|
| 20 | 857768 | 23.10.2019 | 8,000 |
| 21 | 3490746 | 23.10.2019 | 8,000 |
| 22 | 857655 | 23.10.2019 | 8,000 |
| 23 | 3490728 | 27.02.2020 | 8,000 |
| 24 | 3490715 | 27.02.2020 | 8,000 |

ഇവയുടെ ഇൻഷൂറൻസ് തുക മുഴുവനായും ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാൻ ഗോട്ട് ഫാം സൂപ്രണ്ട് 27.07.2020 ലെ എ88/20 നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 18 ആടുകളുടെ ഇൻഷൂറൻസ് തുകയായി ₹1,42,000/- അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട് എന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 18.08.2021 ലെ ബി2/1629/2019 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ആറ് ആടുകളുടെ ഇൻഷൂറൻസ് തുക ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ GGFK/03/2020-21 തീയതി: 31.12.2021 ത്തിന് മറുപടിയായി മരണപ്പെട്ട 24 ആടുകളിൽ 20 എണ്ണത്തിനാണ് ഇൻഷൂറൻസ് പരിരക്ഷയുണ്ടായിരുന്നത് എന്നും ഇൻഷൂറൻസ് കമ്പനി നിഷ്കർഷിക്കുന്ന യോഗ്യതയില്ലായിരുന്ന 4 ആടുകളുടെ വില ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നിർദ്ദേശത്തെ തുടർന്ന് എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 2 ആടുകളുടെ ക്ലെയിം ഇൻഷൂറൻസ് കമ്പനി നിരസിക്കുകയുണ്ടായി എന്നും അറിയിച്ചു.

ഇൻഷൂറൻസ് കമ്പനിയുടെ റഫറൻസ് 3003004719C0500040001/20.05.19 നമ്പർ കത്ത് പ്രകാരം ആടുകൾ മരണപ്പെട്ട വിവരം 14 ദിവസത്തിനകം കമ്പനിയെ അറിയിച്ചില്ല എന്ന കാരണത്താലാണ് ക്ലെയിം നിഷേധിക്കപ്പെട്ടിട്ടുള്ളത് എന്ന് ഫയലിൽ നിന്നും വ്യക്തമാവുന്നുണ്ട്. ഈ വിഷയത്തിൽ തുടരന്വേഷണം നടത്തേണ്ടതും തുക ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-82 കൊമ്മേരി ആടുവളർത്തൽ കേന്ദ്രത്തിലെ മരങ്ങൾ സംബന്ധിച്ച രജിസ്റ്റർ അപൂർണ്ണം.

01.08.1998 മുതലുള്ള മരങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രീ രജിസ്റ്ററിൽ നിന്നും 2020-21 വർഷം പുതുക്കിയ രജിസ്റ്ററിലേക്ക് വിവരങ്ങൾ മാറ്റിയെഴുതുകയുണ്ടായി. എന്നാൽ പഴയ രജിസ്റ്ററിൽ ഉൾപ്പെട്ട മുഴുവൻ വിവരങ്ങളും പുതുക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മരത്തിന്റെ പേരും എണ്ണവും മാത്രമാണ് പുതിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥാപന തലവൻ പുതുക്കിയ രജിസ്റ്ററിലെ വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

പുതുക്കിയ രജിസ്റ്ററിലേക്ക് മാറ്റിയെഴുതിയപ്പോൾ പഴയ രജിസ്റ്ററിൽ ഉൾപ്പെട്ട മരങ്ങളുടെ വിവരം ഒഴിവായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (GGFK/1/2020-21 തീയതി: 30.12.2021) ത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഫാം നിൽക്കുന്ന സ്ഥലത്ത് 2018 ൽ പരിശോധന നടത്തി ഓരോ മരങ്ങളുടെയും എണ്ണം തിട്ടപ്പെടുത്തി തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമാണ് പുതിയ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത് എന്നാണ് അറിയിച്ചത്.

കൂടാതെ പുതിയ രജിസ്റ്ററിൽ മരങ്ങൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. 2005-06 കാലഘട്ടത്തിലാണ് അവസാനമായി മരങ്ങൾക്ക് നമ്പറിടൽ പ്രക്രിയ നടന്നതെന്നും ആയതിനാൽ പല മരങ്ങളുടെയും നമ്പർ മാഞ്ഞുപോകുകയോ, അവ്യക്തമാവുകയോ ചെയ്തിട്ടുണ്ടെന്നും ഫാം സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മുഴുവൻ മരങ്ങളുടെയും നമ്പർ പുതുക്കി എഴുതേണ്ടതും മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയ ട്രീ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

താഴെ പ്രതിപാദിക്കുന്ന മരങ്ങൾ പുതിയ രജിസ്റ്ററിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഒഴിവായ മരങ്ങൾക്ക് എന്തു സംഭവിച്ചു എന്നത് സംബന്ധിച്ച വിശദമായ പരിശോധന നടത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | മരം | പഴയ രജിസ്റ്റർ പ്രകാരം എണ്ണം | പുതിയ രജിസ്റ്റർ പ്രകാരം എണ്ണം |
|---|---|---|---|
| 1 | കശുമാവ് | 3 | 2 |
| 2 | കരിമരുത് | 3 | 0 |
| 3 | മരോട്ടി | 1 | 0 |

| | | | |
|---|---|---|---|
| 4 | അരഞ്ഞി | 2 | 0 |
| 5 | വാക | 3 | 0 |
| 6 | മട്ടി | 3 | 0 |
| 7 | അത്തി | 1 | 0 |
| 8 | അകിൽ | 2 | 0 |
| 9 | മഞ്ഞക്കൊന്ന | 1 | 0 |
| 10 | കുറുക്കുട്ടി | 1 | 0 |
| 11 | കരിമുരിക്ക് | 1 | 0 |
| 12 | താന്നി | 1 | 0 |

## 1-83 കൊമ്മേരി ഗോട്ട് ഫാം -മുൻകൂർ നൽകി ഒന്നര വർഷമായിട്ടും ലാപ്ടോപ്പ് ലഭ്യമായില്ല.

| | | |
|---|---|---|
| നിർവഹണം | : | സൂപ്രണ്ട്, സർക്കാർ ആട്ടുവളർത്തൽ കേന്ദ്രം |
| പ്രൊജക്ട് നമ്പറും പേരും | : | 1082/21, കൊമ്മേരി ആട്ടുവളർത്തൽ കേന്ദ്രം - കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ വാങ്ങൽ |
| അടങ്കൽ | : | ₹2,00,000 (തനത് ഫണ്ട്) |
| ചെലവ് തുക | : | ₹74,527 |
| ചെക്ക് നമ്പർ/തുക | : | JM/1776221/01.02.2021, ₹74,527 |

കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/20539/20-21 തീ. 18.12.2020 പ്രകാരം സർക്കാർ ആട്ടുവളർത്തൽ കേന്ദ്രത്തിന്റെ ആവശ്യാർത്ഥം ലാപ്ടോപ്പ് വാങ്ങുന്നതിനായി മുകളിൽ പ്രതിപാദിച്ച ചെക്കിൽ ഉൾപ്പെട്ട ₹68,687/- രൂപ നൽകിയിട്ടുണ്ട്. ലാപ്ടോപ് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (GGFK/2/202021 തീ. 30.12.2021) ത്തിന് മറുപടിയായി ലാപ്ടോപ്പ് നാളിതുവരെ ലഭ്യമായിട്ടില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. കൂടാതെ High End Windows 10 സ്പെസിഫിക്കേഷനിൽ ഉൾപ്പെട്ട ലാപ്ടോപ്പാണ് ഓർഡർ ചെയ്തിരിക്കുന്നത്. ഇതിന്റെ ആവശ്യകത നിശ്ചയിച്ചതിന്റെ വിവരം ലഭ്യമല്ല. എത്രയും പെട്ടെന്ന് ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടാക്സ് ഇൻവോയ്സ്, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-84 സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് - പൊതുവിവരങ്ങളും നിർദേശങ്ങളും

### പൊതുവിവരം

ജില്ലാ പഞ്ചായത്തിന്റെ ഘടക സ്ഥാപനമായ സ്റ്റേറ്റ് സീഡ് ഫാം വേങ്ങാടിന്റെ പ്രധാന പ്രവർത്തനങ്ങളിൽ അത്യുൽപാദന ശേഷിയുള്ള നെൽ വിത്ത്, ഗുണമേൻമയുള്ള പച്ചക്കറിത്തൈകൾ, ഫലവർഗ്ഗത്തൈകൾ, പുഷ്പച്ചെടി തൈകൾ എന്നിവയുടെ ഉൽപാദനം, കന്നുകാലി പരിപാലനം തീറ്റപ്പുൽ കൃഷി എന്നിവ ഉൾപ്പെടുന്നു. സ്റ്റേറ്റ് സീഡ് ഫാമിന്റെ ആകെ വിസ്തൃതി 10.66 ഹെക്ടർ ആണ്. അതിൽ 8.10ഹെക്ടർ വയലും 1.93ഹെക്ടർ കരപ്രദേശവും ഉൾപ്പെടെ 10.03 ഹെക്ടർ കാർഷികപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

### 1) വരവ്തുകകൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിൽ കാലതാമസം

സീഡ് ഫാമിലെ ദൈനംദിന വരവുകൾ ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം കാണുന്നു. 2020-21 വർഷം ഇത്തരത്തിൽ കാലതാമസം സംബന്ധിച്ച ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| കാലയളവ് | കളക്ഷൻതുക (₹) | അടവാക്കിയ തീയതി |
|---|---|---|

| | | |
|---|---|---|
| 13-3-20 മുതൽ 28-7-20 വരെ | 60,541 | 29-7-20 |
| 30-7-20 മുതൽ 12-8-20 വരെ | 2,75,178 | 13-8-20 |
| 25-8-20 മുതൽ 19-10-20 വരെ | 18,484 | 28-10-20 |
| 1-12-20 മുതൽ 4-1-21 വരെ | 48,669 | 8-1-21 |
| 9-2-21 മുതൽ 6-3-21 വരെ | 1,36,669 | 9-3-21 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(21/16-2-22) ലഭ്യമാക്കിയ മറുപടിയിൽ കോവിഡും മറ്റ് കാരണങ്ങളും മൂലമാണ് ജില്ലാ പഞ്ചായത്തിൽ തുക അടവാക്കാൻ വൈകിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേലിൽ ഇത്തരം അപാകങ്ങൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

2)വരവ് തുകകളിലെ അവ്യക്തത-കണക്കുകളും രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

വിവിധ ഫാം ഉൽപ്പന്നങ്ങൾ വിൽപന നടത്തിയത് പ്രകാരം സീഡ് ഫാമിന്റെ ടി എസ് ബി അക്കൗണ്ടിൽ വരവ് വന്ന ₹22,61,668/- 9-8-21ന് ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ ഏതൊക്കെ വർഷങ്ങളിലെ ഇൻവോയ്സ് പ്രകാരമുള്ള വരവ് തുക ഉൾപ്പെട്ടിട്ടുണ്ട് എന്നതും ഇൻവോയ്സ് പ്രകാരം വിൽപന നടത്തിയ ഇനങ്ങളിൽ ഇനി തുക ലഭ്യമാവാനുണ്ടോ എന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/16-2-22) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക 2018-19, 2019-20, 2020-21 വർഷങ്ങളിലെ സ്ഥാപനത്തിന്റെ ടി എസ് ബി അക്കൗണ്ടിലെ വരവ് തുകയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിലെ ഇൻവോയ്സ് രജിസ്റ്ററിൽ തുക ലഭ്യമായത് വ്യക്തമാക്കാനുതകുന്ന രേഖപ്പെടുത്തലുകളില്ലാത്ത നിരവധി ഇൻവോയ്സുകൾ ഉൾപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ച് അടവാക്കിയ തുകയിൽ സ്ഥാപനങ്ങൾ അടച്ച തുക ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്തേണ്ടതും ഇനിയും തുക അടവാക്കാത്ത സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കണ്ടെത്തി തുക അടവാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരം അവ്യക്തതകൾ ഉണ്ടാവാതിരിക്കാൻ വരവുകൾ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കി വരവുകൾ നിരീക്ഷിക്കേണ്ടതുമാണ്.

3)ദൈനംദിനചെലവുകൾ സുലേഖചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല

സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് ദൈനംദിന ചെലവുകൾ പ്രോജക്ട് നമ്പർ 443/21ൽ സുലേഖചെലവ് പത്രിക പ്രകാരം ചെലവായി കാണിച്ചിരിക്കുന്നത് ₹3,65,016 യാണ് എന്നാൽ സ്ഥാപനത്തിലെ ചെലവ് രേഖകൾ പ്രകാരം ₹9,99,968 യാണ്. ആകെ ചെലവ് 10 ലക്ഷം രൂപ വകയിരുത്തിയാണ് പദ്ധതി രൂപീകരിച്ചത്. ചെലവ് തുകയിലെ ഈ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4) പൊതു അപാകങ്ങൾ

(എ).സീഡ് ഫാമിലെ വരവുകളുടെ ഇനം തിരിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല

(ബി).ട്രഷറി ബാങ്ക് അക്കൗണ്ടുകളുടെ റികൺസിലിയേഷൻ നടത്തുന്നില്ല

(സി).പദ്ധതി ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല

സീഡ് ഫാമിൽ വിവിധ ഇനങ്ങളിൽ ഓരോ വർഷവും ലഭ്യമാവുന്ന വരവുകൾ പ്രത്യേകമായി തയ്യാറാക്കേണ്ടതും വാർഷിക വരവ് ചെലവ് പത്രിക ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ഫാം ഉൽപ്പന്നങ്ങളുടെ വിൽപന സംബന്ധിച്ച ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതും വിവിധഅക്കൗണ്ടുകളുടെ റികൺസിലിയേഷൻ നടത്തേണ്ടതുമാണ്.

## 1-85 സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് -ഉൽപ്പന്നങ്ങൾ വിൽപന നടത്തിയതിൽ ₹9,764 ലഭ്യമായിട്ടില്ല.

2020-21 വർഷം വേങ്ങാട് സീഡ് ഫാമിൽ നിന്നും വിവിധ ഫാം ഉൽപ്പന്നങ്ങൾ ഇൻവോയ്സ് പ്രകാരം വിൽപ്പന നടത്തിയതിൽ, നാളിതുവരെ ചുവടെ ചേർത്ത തുക ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | ഉൽപ്പന്നങ്ങളുടെ വിവരം | കൈപ്പറ്റിയ സ്ഥാപനം | അടക്കേണ്ട തുക (₹) |
|---|---|---|---|---|
| 1 | 13/20-21 തീയതി 8-6-20 | മട്ടത്രിവേണി നെൽവിത്ത് | കീഴൂർചാവശ്ശേരി കൃഷി ഭവൻ | 6,400 |

| | | | | |
|---|---|---|---|---|
| 2 | 72/20-21 തീയതി 6-11-20 | മട്ടത്രിവേണി നെൽവിത്ത് | കതിരൂർ കൃഷിഭവൻ | 800 |
| 3 | 56/20-21 തീയതി 10-9-20 | നേന്ത്രവാഴ | കോക്കനട്ട് നഴ്സറി പാലയാട് | 264 |
| 4 | 78/20-21 തീയതി 2-12-20 | ന്യൂട്രീഷൻ ഗാർഡൻ പ്ലാന്റിംഗ് മെറ്റീരിയൽസ് | കുന്നോത്ത് പറമ്പ് കൃഷി ഭവൻ | 1,500 |
| 5 | 80/20-21 തീയതി 7-12-20 | മട്ടത്രിവേണി നെൽവിത്ത് | പന്ന്യന്നൂർ കൃഷിഭവൻ | 800 |
| | ആകെ | | | 9,764 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/16.02.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുകകൾ സ്ഥാപനത്തിന് ലഭ്യമായതായി വ്യക്തമാക്കിയിട്ടില്ല. തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

## 1-86 കുടിവെള്ള പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം (സ്പിൽ ഓവർ) - പൂർത്തീകരണ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമല്ല-ചെലവ് തുക ₹57,00,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, |
| പ്രോജക്ട് നമ്പർ, പേര് | 610/21 -കുടിവെള്ള പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം (സ്പിൽ ഓവർ) |
| അടങ്കൽ | വികസന ഫണ്ട്(പൊതുവിഭാഗം) ₹57,00,000 |
| ചെലവ് | ₹57,00,000 |
| ബിൽ നമ്പർ, തീയതി, തുക | 199 തീ. 14-5-20 ₹2,00,000<br>200 തീ. 14-5-20 ₹30,00,000<br>201 തീ 14-05-20 ₹15,00,000<br>507 തീ 16-6-20 ₹10,00,000 |

കുടിവെള്ള പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം എന്ന പദ്ധതിയിൽ കുറ്റ്യാട്ടൂർ , പടിയൂർ കല്ല്യാട്, എരഞ്ഞോളി , മലപ്പട്ടം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷനായി മേൽ കാണിച്ചിട്ടുള്ള പ്രകാരം തുക നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്നതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ടി തുകയുടെ ട്രാൻസ്ഫർ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (121/30.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹57,00,000 തടസ്സപ്പെടുത്തുന്നു.

## 1-87 കുടിവെള്ള പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം:-അനധികൃതമായി തുകനൽകി - ₹2,48,389 നിരാകരിക്കുന്നു. പൂർത്തീകരണ വിവരം ലഭ്യമല്ല-ചെലവ് തുക ₹48,23,715 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 483/21 -കുടിവെള്ള പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം |

| | |
|---|---|
| | |
| അടങ്കൽ | വികസന ഫണ്ട്(പൊതുവിഭാഗം) ₹7,99,933<br>വികസനഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) ₹60,00,000<br>ആകെ – ₹67,99,933 |
| ചെലവ് | ₹7,99,933+ ₹42,72,171 =₹50,72,104 |
| ബിൽ നമ്പർ, തീയതി, തുക | 479/5-6-20 ₹7,99,933<br>1095/13-01-21 ₹25,00,000<br>1169/20-01-21 ₹1,50,000<br>1971/29-03-21 ₹2,95,393<br>1972/ 29-03-21 ₹2,48,389<br>2137/31-03-21 ₹10,78,389 |

മേൽ കാണിച്ചിട്ടുള്ള ബിൽ പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് താഴെ ചേർത്ത പ്രകാരം തുക നൽകിയിട്ടുണ്ട്

| ക്രമനമ്പർ | ബിൽ നമ്പർ | തുക(₹) | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1. | 479/05.06.20 | 7,99,933 | കടമ്പൂർ |
| 2. | 1095/13.01.21 | 25,00,000 | പടിയൂർ കല്യാട് |
| 3. | 1169/20.01.21 | 1,50,000 | ഉളിക്കൽ |
| 4. | 1971/29.03.21 | 2,95,393 | കൊട്ടിയൂർ |
| 5. | 1972/29.03.21 | 2,48,389 | ഉളിക്കൽ |
| 6. | 2137/31.03.21 | 8,30,000 | കൂടാളി |
| 7 | 2137/31.03.21 | 2,48,389 | ഉളിക്കൽ |
| ആകെ | | | 50,72,104 |

ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ എ4/7368/18/16.10.20 നമ്പർ കത്ത് പ്രകാരം കരുവാപ്പറമ്പ് കുടിവെള്ള പദ്ധതിക്ക് ₹1,50,000 വും, നെല്ലിക്കാംപൊയിൽ കുടിവെള്ള പദ്ധതിക്ക് ₹2,50,000 വും ഉളിക്കൽ ഗ്രാമപഞ്ചായത്തിനുള്ള ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ പട്ടികയിലെ ക്രമനമ്പർ 5 പ്രകാരം നെല്ലിക്കാംപൊയിൽ കുടിവെള്ള പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതം ₹2,48,389 (ബിൽ നമ്പർ-1972/29.03.21, ട്രഷറി റഫറൻസ് നമ്പർ-2022060000000011359/30.03.2021 ) പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.ജോസഫ് കെ എസ് എന്നവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ ഈ പ്രോജക്ടിന്റെ ചെലവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് വിഹിതം ഇതോടെ പൂർണമായും കൈമാറിക്കഴിഞ്ഞതാണ്.

എന്നാൽ, പട്ടികയിലെ ക്രമനമ്പർ 7പ്രകാരം, ₹2,48,389 (ബിൽ-2137/31.03.21, ട്രഷറി റഫറൻസ് നമ്പർ-2019010000000043431/31.03.2021) വീണ്ടും ഇതേ പ്രോജക്ടിനായി ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം രണ്ടാമത് അനുവദിക്കുവാൻ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ റിക്വിസിഷൻ ജില്ലാപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. പ്രസ്തുത പ്രോജക്ടിന്റെ ചെലവുമായി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്തിന്റെ വിഹിതം പൂർണമായും നൽകിക്കഴിഞ്ഞതുമാണ്. ഇപ്രകാരം, റിക്വിസിഷൻ പോലുമില്ലാതെ ഒരേ ചെലവിനു തന്നെ രണ്ടുപ്രാവശ്യം തുക നൽകിയതുവഴി ₹2,48,389 അധികമായും അനധികൃതമായും ചെലവഴിച്ചതായി ഓഡിറ്റിൽ കണ്ടെത്തിയിരിക്കുന്നു. പദ്ധതിപ്പണം തെറ്റായി ആവർത്തിച്ച് നൽകാനിടയായതും തുക നൽകി ഒന്നരവർഷം കഴിഞ്ഞിട്ടും ഈ ഗൗരവമേറിയ അപാകം കണ്ടെത്താനാവാഞ്ഞതും കണക്കുകൾ കൈകാര്യം ചെയ്യുന്നതിലെയും പദ്ധതി നിർവ്വഹണത്തിലെയും ഗുരുതരമായ വീഴ്ചയാണ്. അധികമായി നൽകിയ ₹2,48,389 ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ ചെലവുരേഖകളും വിനിയോഗവിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നമ്പർ 120/30-6-22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുബന്ധ രേഖകളുടെയും, പൂർത്തീകരണ വിവരത്തിന്റെയും അഭാവത്തിൽ ₹48,23,715 (₹50,72,104-₹2,48,389) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി നൽകിയ ₹2,48,389 ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-88 ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തുക ₹33,99,531 തടസ്സപ്പെടുത്തുന്നു

ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 484/21 -ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം |
| അടങ്കൽ | വികസന ഫണ്ട്(ധനകാര്യകമ്മീഷൻഗ്രാന്റ്) ₹50,00,000 |
| ചെലവ് | ₹15,59,182 |
| ബിൽ നമ്പർ , തീയതി, തുക | 738/22-10-20 ₹7,00,000<br>1720/24-03-21 ₹4,42,230<br>1973/29-03-21 ₹4,16,952 |

മേൽ കാണിച്ചിട്ടുള്ള ബിൽ നമ്പർ പ്രകാരം കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിന് ₹11,16,952, തില്ലങ്കേരി ഗ്രാമപഞ്ചായത്തിന് ₹4,42,230 യും ശ്മശാനനവീകരണത്തിന് നൽകിയിട്ടുണ്ട്.

2.)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 612/21 -ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം (സ്പിൽ ഓവർ) |
| അടങ്കൽ | വികസന ഫണ്ട്(പൊതുവിഭാഗം)₹47,81,000 |
| ചെലവ് | ₹18,40,349 |
| ബിൽ നമ്പർ, തീയതി, തുക | 223/14-5-20 ₹3,59,795<br>1023/11-1-21 ₹14,80,554 |

മേൽ പ്രോജക്ട് പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിന് ₹3,59,795 ശാന്തിതീരം ശ്മശാന നവീകരണത്തിനും, പായം ഗ്രാമപഞ്ചായത്തിന് ₹14,80,554 വാതകശ്മശാനം നിർമ്മാണത്തിനും നൽകിയിട്ടുണ്ട്.

മുകളിൽ പ്രതിപാദിച്ച പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് മറുപടിയും തുക ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രവും പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (122/30-6-22, 123/30-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹33,99,531 തടസ്സപ്പെടുത്തുന്നു.

## 1-89 സർക്കാർ അനുമതി ലഭിച്ചിട്ടും ഘടകസ്ഥാപനങ്ങളിൽ ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്റ്റം സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കിയില്ല :-7.5 കോടി നിഷ്ക്രിയമായി തുടരുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് | 642/21, (ജില്ലാ പഞ്ചായത്ത് ഘടകസ്ഥാപനങ്ങളിൽ ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്ററം സ്ഥാപിക്കൽ), (സ്പിൽ ഓവർ) |
| അടങ്കൽ | ₹2,82,00,000(വികസന ഫണ്ട്) |
| ചെലവ് | ₹2,82,00,000 |
| ബിൽനമ്പർ | 359/20.05.2020 |
| വൗച്ചർ നമ്പർ | 22001487/20.05.2020<br>(സാംഖ്യ ലെഡ്ജർ ബുക്ക് പ്രകാരം) |

ജില്ലാ പഞ്ചായത്ത് ഘടകസ്ഥാപനങ്ങളിൽ ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ പവർ സിസ്ററം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ₹2,82,00,000 മുൻകൂറായി ചെലഴിച്ചിരിക്കുന്നത്. കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 24/02/2020 തീയ്യതിയിലെ 16/2020(2) നമ്പർ തീരുമാന പ്രകാരം ഈ പ്രോജക്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി 10.03.2020 ലെ 910/2020 DPC/DPO/KNR പ്രകാരം ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്. നിർവഹണ ഏജൻസിയായി കെ എസ് ഇ ബി യെയാണ് നിശ്ചയിച്ചിരിക്കുന്നത്. കെ എസ് ഇ ബി തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം എഗ്രിമെന്റ് വെച്ച് ഡെപ്പോസിറ്റ് വർക്കായി പ്രവ്യത്തി നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നമ്പർ ബി4/1085/2020 തീയ്യതി 18.03.2020 പ്രകാരം കെ എസ് ഇ ബി എൽ ന്റെ അക്കൗണ്ട് നമ്പറായ 57065480137 എന്നതിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാൻ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച ബിൽ പ്രകാരം തുക കെ എസ് ഇ ബി യിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ വാർഷിക കണക്കുകളിൽ ഈ ചെലവ് RP -38 ഷെഡ്യൂളിലെ Fixed Assets എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സാംഖ്യ ലഡ്ജർ ബുക്കിന്റെ 410600101 -Electiricity Micro Hidel Project എന്ന ശീർഷകം പരിശോധിച്ചതിൽ ഗ്രിഡ് ബന്ധിത സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള തുക ജില്ലാ പഞ്ചായത്തിന്റെ ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമായിട്ടുണ്ട്. മുൻകൂർ നൽകിയ തുക ഉപയോഗിച്ച് ആസ്തി സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് ആസ്തിയുടെ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നത് ശരിയായ നടപടിക്രമമല്ല.

ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിനുവേണ്ടി ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം നമ്പർ.2/27.06.22 ആയി റിക്വിസിഷൻ നൽകിയതിനുശേഷം ഹാജരാക്കിയ ഫയലിൽ നിന്നും റൂഫ് ടോപ്പ് സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിനായി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും തുക നൽകി രണ്ട് വർഷം പിന്നിട്ടിട്ടും പ്രോജക്ട് നടപ്പിലായിട്ടില്ലെന്നും വ്യക്തമാവുന്നുണ്ട്.

ഈ പദ്ധതി കെ എസ് ഇ ബി സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ നാളിതുവരെയായി ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങി ഗവൺമെന്റ് അംഗീകൃത അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് 18.01.2022ലെ സ.ഉ.(സാധാ).നം.132/2022 തസ്വഭവ പ്രകാരം അനുമതി നൽകിയിരുന്നു. ഈ ഉത്തരവിൽ പരാമർശിച്ച പ്രകാരം നാളിതുവരെയായി കെ എസ് ഇ ബി യിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | തുക |
|---|---|---|
| 2016-17 | 837/17 (ഒന്നാം ഘട്ടം) | ₹5,49,34,894 |
| 2017-18 | 467/18 (രണ്ടാം ഘട്ടം) | ₹2,74,26,792 |
| 2018-19 | 406/19(മൂന്നാം ഘട്ടം) | ₹2,00,00,000 |
| 2019-20 | 68/20(നാലാം ഘട്ടം) | ₹2,82,00,000 |
| ആകെ | | ₹13,05,61,686 |

ഇതിൽ ഒന്നാം ഘട്ട പദ്ധതി പൂർത്തീകരിച്ചെന്നും, രണ്ടാം ഘട്ടം ടെണ്ടർ ചെയ്തെങ്കിലും നാളിതുവരെയായി നടപ്പിലായിട്ടില്ലെന്നും, ഈ സാഹചര്യത്തിൽ മൂന്നും നാലും ഘട്ടവുമായി മുന്നോട്ടുപോകാനാകില്ലെന്നും കെ എസ് ഇ ബി അറിയിച്ചതായി വ്യക്തമാകുന്നുണ്ട്. ഇതിനാൽ മൂന്നും നാലും ഘട്ട പദ്ധതികളുടെ തുകയായ ₹4,82,00,000 തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനുപകരം അക്രഡിറ്റഡ് ഏജൻസി മുഖേന പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ സർക്കാർ ഉത്തരവ്വ നൽകി ആറുമാസം കഴിഞ്ഞിട്ടും നാളിതുവരെയായി അക്രഡിറ്റഡ് ഏജൻസി മുഖേന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. രണ്ടാം ഘട്ട പദ്ധതിക്കായി ₹2,74,26,792 നിക്ഷേപിച്ചെങ്കിലും പ്രവ്യത്തി പൂർത്തീകരിച്ചതു സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. സംസ്ഥാന സർക്കാർ നിർദേശം സമയബന്ധിതമായി പാലിക്കുന്നതിന് സോളാർ പവർ സിസ്റ്റം അടിയന്തിരമായി സ്ഥാപിക്കുന്നതിലേക്കും, 7.5 കോടി രൂപ നിഷ്ക്രിയമായി തുടരുന്നതിലേക്കും ഈ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

## 1-90 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് :-ഐറ്റം നിരക്കിനെക്കാൾ നാലിരട്ടി തുകയ്ക്ക് കരാറുറപ്പിക്കുന്നു-അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് | 806/21(പിജിഎം ജി എച്ച് എസ് എസ്, ചെറുവാഞ്ചേരി അറ്റകുറ്റപ്പണി, പാട്യം ഗ്രാമപഞ്ചായത്ത്) |
| കോൺട്രാക്ടർ | മനോജ് കെ. |
| എഗ്രിമെന്റ് നമ്പർ | LSGD/AEE/35/19-20 തീയ്യതി 01.11.2019 |
| എസ്റ്റിമേറ്റ് തുക | ₹4,79,000 |
| പി എ സി | ₹4,00,000 |
| ആകെ പ്രവൃത്തി മൂല്യം | ₹3,76,240 |

മുകളിൽ പ്രതിപാദിച്ച പ്രോജക്ടിൽ ക്രമനമ്പർ 50 ആയി താഴെ പ്രതിപാദിക്കുന്ന പ്രവൃത്തി ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ITEM-9.3.1

Providing And Fixing Paneled And Glazed Shutters For Doors Windows And Clreostory Windows 30mm Thick Including ISI Mark In Printed.Built Hinges Bright Finished Of Required Strength With Necessory Screws Excluding Panelling Which Will Be Paid For Seperately All Completed As Per Direction Of Engineer In Charge Using Angily/Jack Wood

Estimate Area -1.463 Square Metre

Estimate Rate -₹2572.22 Per Square Metre

Approved/Quated Rate -₹10000 Per Square Metre

ഇതിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിനെക്കാൾ നാലിരട്ടി തുകയ്ക്കാണ് പ്രവൃത്തിയിലെ ഈയിനം അംഗീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാവുന്നു. സർക്കാർ ഫണ്ടിൽ നിന്നും അധിക ലാഭം കരാറുകാർക്ക് നൽകാതിരിക്കുന്നതിന് വേണ്ടി ഐറ്റം നിരക്കിലുള്ള എസ്റ്റിമേറ്റുകൾ അംഗീകരിക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതിലേക്ക് ഈ വിഷയം അധികൃതരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

## 1-91 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റ്മേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ സ്പെസിഫിക്കേഷൻ തെരഞ്ഞെടുക്കുന്നില്ല.

| | |
|---|---|
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| പ്രോജക്ട് | 818/21(ജി. ആർ. എഫ്. ടി. എച്ച്. എസ്. എസ്. അഴീക്കൽ ,അഴീക്കോട് ഗ്രാമപഞ്ചായത്ത്) |
| കോൺട്രാക്ടർ | അനീസ് കെ. കെ. |
| എഗ്രിമെന്റ് നമ്പർ | LSGD/AEE/146/19-20 തീയ്യതി 01.01.2020 |
| എസ്റ്റിമേറ്റ് തുക | ₹10,00,000 |
| പി എ സി | ₹8,62,917.25 |
| ആകെ പ്രവൃത്തി മൂല്യം | ₹7,18,339 |

മുകളിൽ പ്രതിപാദിച്ച പ്രോജക്ടിൽ ക്രമനമ്പർ 28 ആയി താഴെ പ്രതിപാദിക്കുന്ന പ്രവൃത്തി ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ITEM-11.36

Providing And Fixing I St Quality Ceramic Glazed Wall Tiles Conforming To IS:15622 Of Approved Makein All Colours Shades Except Burgundy Bottle Green Black Of Any Size As Approved By Engineer In Charge In Skirting Risers Of Steps And Dadoos,over 12mm Thick Bed Of Cement Mortar 1:3 And Jointing With Grey Cement Slurry @ 3.3kg Per Sqm Including Pointing In White Cement Mixed With Pigment Of Matching Shade Complete.

Estimate Area – 319.872 Square Metre

Estimate Rate -₹983.43 Per Square Metre

എന്നാൽ ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ നാല് ക്ലാസ് റൂമുകളിലായി ഫ്ലോർ ടൈൽ വിരിക്കുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാവുന്നു. ഇതിന് നല്കാവുന്ന സ്പെസിഫിക്കേഷനും നിരക്കും ചുവടെ കൊടുക്കുന്നു.

ITEM-11.37.A

Providing And Fixing I St Quality Ceramic Glazed Floor Tiles Conforming To IS:15622 Of Approved Makein All Colours Shades Except Burgundy Bottle Green Black Of Any Size As Approved By Engineer In Charge In Skirting Risers Of Steps And Dadoos,over 12mm Thick Bed Of Cement Mortar 1:3 And Jointing With Grey Cement Slurry @ 3.3kg Per Sqm Including Pointing In White Cement Mixed With Pigment Of Matching Shade Complete.
Estimate Rate -₹871.73 Per Square Metre

നിരക്കിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിലേക്കായി, 2020-21 വർഷം നടപ്പാക്കിയ ജി എച്ച് എസ് എസ് ഇരിക്കൂർ മെയിന്റനസ് (13/20-21) എന്ന പ്രോജക്ടിന് ഈ ഇനത്തിലെ എസ്റ്റിമേറ്റ് നിരക്ക് ₹871.73 Per Square Metre ആണെന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

ഇതിൽ നിന്നും യഥാർത്ഥത്തിൽ തയ്യാറാക്കേണ്ടിയിരുന്ന നിരക്കിനെക്കാൾ ₹111.70 അധികം തുകയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാവുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ /ഓവർസിയർ എന്നിവരുടെ സൈറ്റ് പരിശോധനാ വേളയിലും ഫൈനൽ ബിൽ തയ്യാറാക്കുന്ന അവസരത്തിലും ഇത് ശ്രദ്ധയിൽ പെടാത്തതും, കൃത്യമായ ഇനം തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു വേണ്ടിയും ഈ വിഷയം അധികൃതരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികവർഗ്ഗയുവജനഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ - ഗുണഭോക്തൃ

വിഹിതം ഈടാക്കിയില്ല,അനുബന്ധ രേഖകൾ ഹാജരാക്കിയില്ല ₹95,625 നിരാകരിക്കുന്നു -₹18,16,875 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (ഐറ്റിഡിപി ) |
| പ്രോജക്ട് നമ്പർ | 551/20 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പട്ടികവർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ | വികസനഫണ്ട് (ടിഎസ്പി) ₹ 19,12,500/- |
| ചെലവ് | ₹19,12,500/- |
| ബിൽ നമ്പർ, തീയതി | 2/20-21 -23-4-20 ₹ 2,12,500/-<br>3/20-21 -23-4-20 ₹ 2,12,500/-<br>4/20-21 - 23-4-20 ₹ 2,12,500/-<br>5/20-21 -23-4-20 ₹ 2,12,500/-<br>6/20-21 -23-4-20 ₹ 2,12,500/-<br>7/20-21 -23-4-20 ₹ 2,12,500/-<br>8/20-21 - 23-4-20 ₹ 2,12,500/-<br>9/20-21 - 23-4-20 ₹ 2,12,500/-<br>10/20-21 - 23-4-20 ₹ 2,12,500/- |

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 9 വാദ്യമേള സംഘങ്ങൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 2019-20ൽ ആവിഷ്ക്കരിച്ച ഈ പദ്ധതി പ്രകാരം ഒരു വാദ്യോപകരണസംഘത്തിന് 5 മണിച്ചെണ്ട, 5 താളച്ചെണ്ട, 5 മണിത്താളം എന്നിവ വീതമാണ് വിതരണം ചെയ്തിട്ടുള്ളത് . ഗ്രൂപ്പുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി 9 ഗ്രൂപ്പുകളെ തെരഞ്ഞെടുത്താണ് ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. വാദ്യോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ലഭ്യമായ ഏകടെണ്ടർ-ശ്രീപൂക്കോത്ത് കൊട്ടാരം വാദ്യസംഘം, പൂക്കോത്ത് തെരു- അംഗീകരിക്കുകയാണുണ്ടായത്. കൈരളിവാദ്യ സംഘം-കാർത്തികപുരം, കനലാട്ടംകലാസമിതി വാദ്യസംഘം-നടുവിൽ, സ്വരലയവാദ്യസംഘം-നടുവിൽ, ശ്രീകരിമണൽ ചാമുണ്ഡേശ്വരിവാദ്യ സംഘം- കരിമണൽ, സൗപർണ്ണിക വാദ്യസംഘം-ഉദയഗിരി, സങ്കീർത്തന വാദ്യസംഘം-നടുവിൽ, ചെമ്പടവാദ്യസംഘം-ചെമ്പന്തൊട്ടി, തേജസ്വിനിവാദ്യസംഘം-പ്രാപ്പൊയിൽ, നവജ്യോതിവാദ്യസംഘം- നടുവിൽ എന്നിവർക്കാണ് വാദ്യോപകരണങ്ങൾ നൽകിയത്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1) ആദ്യടെണ്ടറിൽ, ഏകടെണ്ടർ മാത്രം ലഭ്യമാകുമ്പോൾ ഏകടെണ്ടർ പരിഗണിക്കേണ്ടതില്ലെന്നും സമർപ്പണ കാലയളവ് ദീർഘിപ്പിക്കുകയോ, പുനർടെണ്ടർ നടത്തുകയോ ചെയ്യേണ്ടതാണെന്നുമുള്ള സ്റ്റോർപർച്ചേസ് വകുപ്പിന്റെ മാർഗ്ഗനിർദ്ദേശം (സർക്കുലർ 2508/ബി.2/2013 തീയതി 28.10.2013) പാലിക്കപ്പെട്ടിട്ടില്ല. ഏകടെണ്ടർ സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു ന്യായീകരണക്കുറിപ്പ് തയ്യാറാക്കി ഭരണ സമിതിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണെന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിച്ചിട്ടില്ല.

2) മൂന്ന് ടെണ്ടർ ഫോറങ്ങൾ വിതരണം ചെയ്തതിന്റെ വിലയായ ₹14,238 ജില്ലാ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3) ശ്രീ പൂക്കോത്ത് കൊട്ടാരംവാദ്യസംഘത്തിൽ നിന്ന് വാദ്യോപകരണങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സ്, തുക മാറിയതിന്റെ ട്രഷറി ബില്ലിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

4) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ-7.2.15 പ്രകാരം എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രസ്തുത പദ്ധതി നടപ്പാക്കാമെന്നും എസ്.സി, എസ്.ടി. യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണെന്നും ആയതിന് 5% ഗുണഭോക്തൃ വിഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

5) ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് മൂന്ന് വർഷത്തിന് ശേഷമേ ആനുകൂല്യം നൽകാവൂവെന്നും മേൽ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ ജില്ലാ പഞ്ചായത്തിൽ നിന്നോ, മറ്റ് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ നിന്നോ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 99/13-5-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃവിഹിതമിനത്തിൽ തുക ശേഖരിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച ₹95,625 നിരാകരിക്കുന്നു. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹18,16,875 തടസ്സപ്പെടുത്തുന്നു.

3-2 പട്ടികവർഗ്ഗ ഗ്രൂപ്പുകൾക്ക് വാദ്യോപകരണ വിതരണം-ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല,അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല- ₹40,200 നിരാകരിക്കുന്നു. ₹7,63,800 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ (ഐറ്റിഡിപി) |
| പ്രോജക്ട് നമ്പർ | 465/21 |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ | വികസനഫണ്ട് (ടിഎസ് പി)<br>₹ 10,00,000/- |
| ചെലവ് | ₹ 8,04,000/- |
| ബിൽ നമ്പർ, തീയതി | 16/20-21-31-3-21 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗത്തിൽപ്പെട്ട ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചതിനെ തുടർന്ന് 13 അപേക്ഷകൾ ലഭ്യമായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി റാങ്ക് പട്ടിക തയ്യാറാക്കി. വാദ്യോപകരണങ്ങൾ വിതരണം ചെയ്യാനായി ടെണ്ടർ ക്ഷണിച്ചതിൽ, ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത സുവർണരാഗം മ്യൂസിക്കൽസ്, കൽപ്പറ്റ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇവരിൽ നിന്നും 24 ചെണ്ട, 24 വീക്ക്ചെണ്ട, 24 ഇലത്താളം എന്നിവ ₹8,04,000ക്ക് വാങ്ങിച്ച് റാങ്ക് ലിസ്റ്റിൽ ആദ്യ നാല് സ്ഥാനത്ത് വന്ന ആശ്രയ വാദ്യസംഘം, കുണ്ടേൻകാവ് വാദ്യസംഘം, ദേവീകൃപ വാദ്യസംഘം, ആഞ്ജനേയ വാദ്യസംഘം എന്നീ ഗ്രൂപ്പുകൾക്ക് 6 ചെണ്ട, 6 വീക്ക്ചെണ്ട, 6 ഇലത്താളം എന്നിവ വീതം വിതരണം ചെയ്യുകയും ചെയ്തു. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖ-7.2.15 പ്രകാരം എല്ലാ തലത്തിലുമുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രസ്തുത പദ്ധതി പ്രകാരം എസ്.സി, എസ്.ടി യുവജന ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. ആയതിന് വിലയുടെ 5% ഗുണഭോക്തൃ വിഹിതം ഈടാക്കണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (93/17-5-22) മറുപടി ലഭ്യമാക്കിയിട്ടുമില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത് വഴി വികസന ഫണ്ടിൽ ₹40,200 (8,04,000x5%)യുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. ₹40,200/- ഓഡിറ്റിൽ നിരാകരിക്കുന്നു.

2) ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക്, ആനുകൂല്യം ലഭിച്ച് മൂന്ന് വർഷത്തിന് ശേഷമേ ആനുകൂല്യം നൽകാവൂ എന്നും മേൽ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ ജില്ലാപഞ്ചായത്തിൽ നിന്നോ, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയിൽ ₹7,63,800 (8,04,000-40,200) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പട്ടികജാതിയുവാക്കൾക്ക് പി എസ് സി പരിശീലനം -ഒരു മാസത്തെ പരിശീലനത്തിന് മൂന്ന് മാസത്തെ ഫീസ്-₹2,83,300 നിരാകരിക്കുന്നു;

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പരും പേരും | 559/21, പട്ടികജാതിയുവാക്കൾക്ക് പി എസ് സി പരിശീലനം |
| അടങ്കൽ | ₹4,50,000 (വികസനഫണ്ട് -എസ് സി പി) |
| ചെലവ് | ₹4,25,000 |

| | |
|---|---|
| ബിൽനമ്പർ | 1) 2021901520123000222228/11.04.2020 ₹1,50,000<br>2)201901520123000222231/11.04.2020 ₹1,00,000<br>3)20190152012301404113/27.03.2021 ₹1,75,000 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്ന 60 പട്ടികജാതി യുവതീയുവാക്കൾക്ക് പി എസ് സി പരിശീലനം എന്ന പദ്ധതി പ്രകാരം ₹4,50,000 (വികസന ഫണ്ട് എസ് സി പി) വകയിരുത്തിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

മേൽ പ്രോജക്ടിന്റെ ഭാഗമായി താഴെ പ്രതിപാദിക്കുന്ന അപാകങ്ങൾ കണ്ടെത്തിയിരിക്കുന്നു.

1. പദ്ധതി രൂപീകരണ മാർഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീയ്യതി.29.01.2018, സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.22/2018/തസ്വഭവ. തീയതി 14.02.2018 എന്നിവയിൽ പി.എസ്.സി പരിശീലനം സംബന്ധിച്ച് പ്രോജക്ടുകൾ നടപ്പിലാക്കാമെന്ന് വ്യക്തമാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിലും അധികമായ നിരക്കിലോ, തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് സ.ഉ.(കൈ)നം.22/2018/തസ്വഭവ. തീയതി 14.02.2018ലെ ഖണ്ഡിക 2.2ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള അനുമതി ലഭ്യമാക്കാതെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2. പി.എസ്.സി പരിശീലനം ലഭ്യമാക്കുന്ന സ്ഥാപനത്തിനെ തെരഞ്ഞെടുക്കുന്നതിന് ടെണ്ടർ നടപടികൾ പോലുള്ള സുതാര്യമായ മാർഗങ്ങൾ സ്വീകരിച്ചിട്ടില്ല. ബ്രില്ല്യൻസ് കോളേജ്, കണ്ണൂർ എന്ന സ്ഥാപനത്തെ പരിശീലനത്തിനായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

3. പൊതുവിജ്ഞാനം, ഇംഗ്ലീഷ്, കണക്ക്, മാനസികശേഷി പരിശോധന എന്നീ വിഷയങ്ങളിൽ ക്ലാസ് നൽകുന്നതിന് ഒരു കുട്ടിക്ക് ഒരുദിവസം 4 മണിക്കൂർ വീതം ആകെ 275 മണിക്കൂർ പരിശീലനം നല്കുവാനാണ് 10.01.2020ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 02/2020(6) നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളത്. കൂടാതെ പരിശീലനത്തിന്റെ തുക ഒരു വിദ്യാർത്ഥിക്ക് ₹8500 എന്ന് നിശ്ചയിച്ചിട്ടുണ്ട്. ഇത് സർക്കാർ അംഗീകൃത നിരക്കാണോ എന്ന് വ്യക്തമല്ല.

4. പരിശീലനത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾ പട്ടികജാതിവിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

5. പരിശീലനത്തിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

6. പ്രോജക്ടിൽ വ്യക്തമാക്കിയ പ്രകാരം നിശ്ചിത കാലയളവിലും, നിശ്ചിത വിഷയങ്ങളിലും (പൊതുവിജ്ഞാനം, ഇംഗ്ലീഷ്, കണക്ക്, മാനസികശേഷി പരിശോധന) തങ്ങൾക്ക് സ്ഥാപനം ക്ലാസുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന ഉദ്യോഗാർത്ഥികളുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

7. പദ്ധതി രൂപീകരണ മാർഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ. തീയ്യതി.29.01.2018 ഖണ്ഡിക 3.5.6(2)ൽ ജില്ലാപഞ്ചായത്തുകൾക്ക് കുറഞ്ഞത് 10 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായി ₹4,50,000 അടങ്കൽ തുകയുള്ള പ്രോജക്ട് ഏറ്റെടുക്കാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.

8. ജില്ലാ പട്ടികജാതി വികസന ഓഫീസറും, ബ്രില്ല്യൻസ് കോളേജ് മാനേജരും തമ്മിൽ 22.02.2020ൽ ചമച്ച കരാറിലെ നിബന്ധനകളിൽ ഒന്നാം നമ്പരായി ചേർത്ത പട്ടികയിൽ ഉദ്യോഗാർത്ഥികളുടെ അംഗസംഖ്യ, പരിശീലന കാലാവധി, ഫീസ് എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

9. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 28.01.2020ലെ യോഗത്തിൽ 04/2020(2) നമ്പരായി പി.എസ്.സി പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഇതിൽ ആകെ 21 ഉദ്യോഗാർത്ഥികൾ മാത്രമേ ഉൾപ്പെടുന്നുള്ളൂ. എന്നാൽ 50 ഉദ്യോഗാർത്ഥികൾക്ക് പരിശീലനത്തിന് തുക നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അംഗീകാരമില്ലാതെ 29 പേർക്ക് പരിശീലനത്തിന് തുക അനുവദിച്ചതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

10. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

11. പദ്ധതിക്കായി 07.12.2019ൽ താൽപര്യപത്രം ക്ഷണിച്ച കൊണ്ടുള്ള പട്ടികജാതി വികസന ഓഫീസറുടെ നടപടിക്രമങ്ങളിൽ പരിശീലന കാലാവധിയായി നിശ്ചയിച്ചിരിക്കുന്നത് 3 മാസം (90 ദിവസം) ആണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഉദ്യോഗാർത്ഥികളുടെ ഹാജർ പട്ടിക പ്രകാരം താഴെ പ്രതിപാദിക്കുന്ന ദിവസങ്ങളിൽ മാത്രമാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പരിശീലനം സംഘടിപ്പിച്ച മാസം | പരിശീലനം സംഘടിപ്പിച്ച ദിവസങ്ങൾ |
|---|---|---|
| 1 | ഫിബ്രവരി 2020 | 5 |
| 2 | മാർച്ച് 2020 | 7 |
| 3 | ഡിസംബർ 2020 | 19 |
| | ആകെ | 31 |

ഒരു മാസം മാത്രം പരിശീലനം നൽകുകയും മൂന്ന് മാസത്തേക്കുള്ള തുക അനുവദിക്കുകയും ചെയ്തു വഴി സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

പൊതുവിജ്ഞാനം, ഇംഗ്ലീഷ്, കണക്ക്, മാനസികശേഷി പരിശോധന എന്നീ വിഷയങ്ങൾക്ക് മൂന്ന് മാസം പരിശീലനം നൽകുന്നതിനാണ് ഒരു വിദ്യാർത്ഥിക്ക് ₹8500 എന്ന് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഒരു മാസത്തെ പരിശീലനം മാത്രം നൽകിയതിനാൽ ഒരു വിദ്യാർത്ഥിക്ക് ₹2834 നിരക്കിൽ ആകെ 50 വിദ്യാർത്ഥികൾക്ക് ₹1,41,700 നൽകുവാൻ മാത്രമേ അർഹതയുള്ളൂ. എന്നാൽ ബ്രില്ല്യൻസ് കോളേജ് എന്ന സ്ഥാപനത്തിന് ₹4,25,000 അനുവദിക്കുക വഴി ₹2,83,300 അധികം നൽകിയിരിക്കുന്നു. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

മേൽ പ്രതിപാദിച്ച വിഷയങ്ങൾ സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥന്റെ വിശദമായ മറുപടി ലഭ്യമാക്കണമെന്ന് കാണിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (69/*2020-21/26*.03.2022)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ ₹1,41,700 ന്റെ ചെലവ് തടസ്സപ്പെടുത്തുകയും, ₹2,83,300 ന്റെ ചെലവ് നിരാകരിക്കുകയും ചെയ്യുന്നു.

## 3-4 ജെന്റർ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനു വാങ്ങിയസാധനങ്ങൾ ഭൗതികപരിശോധനയിൽ കണ്ടെത്താനായില്ല- ₹34,584 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാവനിതാശിശു വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 517/21, ജെന്റർ കൺവെൻഷൻ സെന്റർ സ്ഥാപിക്കൽ |
| അടങ്കൽ | വികസന ഫണ്ട് ( പൊതു വിഭാഗം ) – ₹25,00,000 |
| ചെലവ് | ₹20,11,708 |
| ബിൽ നമ്പർ, തീയതി | 1/20-21 തീയതി 3-6-20 – ₹16,09,366<br>3/20-21 തീയതി 3-2-21 – ₹4,02,342 |

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ ആശ്രുഢം കെട്ടിടത്തിലെ രണ്ട് മുറികളിൽ ജെന്റർ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനായി 2018-19 വർഷം രൂപീകരിച്ച പദ്ധതി സ്പിൽ ഓവർ പദ്ധതിയായി 2020-21ൽ പൂർത്തീകരിക്കുകയാണുണ്ടായത്. ആശ്രുഢത്തിലെ രണ്ട് റൂമുകളുടെ ഇന്റീരിയർ വർക്കും ഫർണിച്ചർ സ്ഥാപിക്കലുമാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 2020-21 വർഷം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനെ തുടർന്ന് 80% തുക ആദ്യഗഡുവായും ഫൈനൽ ബിൽ നൽകിയതിനെ തുടർന്ന് 20% തുക നൽകുകയുമാണ് ചെയ്തത്. അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രയാണ് പ്രവൃത്തി നടത്തിയത്.

സ്ത്രീകളുടെ സമ്പൂർണ്ണ ശാക്തീകരണം ലക്ഷ്യമാക്കി ചട്ടുകപ്പാറ ആശ്രുഢം കെട്ടിടസമുച്ചയത്തിൽ ജെന്റർ കൺവെൻഷൻ സെന്റർ സ്ഥാപിക്കൽ, അനുബന്ധമായി പ്രീമാരിറ്റൽ കൗൺസിലിംഗ്, പ്രതിരോധ പരിശീലനം, മറ്റു പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തിയുടെ ഭാഗമായി വാങ്ങിച്ച ഫർണിച്ചർ-മൂന്നെണ്ണം @₹17422.50 (ഇനം വ്യക്തമല്ല), ടാബ്ലറ്റ് ചെയർ -60 എണ്ണം @₹3484.50, വിസിറ്റേഴ്സ് ചെയർ -4 എണ്ണം @₹ 2323, ചെയർ 7 എണ്ണം @₹9292, ഒരു ലക്ഷം രൂപയുടെ ചുമർ ചിത്രം, 1.5 ടൺ എ സി-നാലെണ്ണം @₹45000, സ്റ്റെബിലൈസർ നാലെണ്ണം @₹4000 എന്നീ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3) ജെന്റർ കൺവെൻഷൻ സെന്റർ ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും, പ്രോജക്ടിൽ ഉദ്ദേശിച്ച രീതിയിലുള്ള സ്ത്രീശാക്തികരണ പ്രവർത്തനങ്ങൾ തുടരുന്നതായി രേഖകളില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 50/24-3-22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 21-04-22ന് സ്ഥലപരിശോധന നടത്തിയതിൽ ₹9,292 നിരക്കിലുള്ള രണ്ട് കസേരകളും ₹4,000 നിരക്കിലുള്ള നാല് എ.സി.സ്റ്റെബിലൈസറുകളും സ്ഥാപനത്തിൽ കാണുവാൻ സാധിച്ചിട്ടില്ല. ഈ പ്രോജക്ടുമായി

ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പരിശോധനയിൽ കണ്ടെത്താനാവാത്ത പ്രസ്തുത ഇനങ്ങൾക്ക് ചെലവഴിച്ച തുക നഷ്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹34,584 (9292x2=18584, 4000x4=16000) ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 04.10.2021 മുതൽ 08.10.2021 വരെ | കെ എസ് എ/കെ എൻ ആർ-ഡി പി/എ2/161/22 തീയ്യതി 16.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 10,00,000 | 569/21 കളിസ്ഥലം നിർമാണം, ജി എച്ച് എസ്, പാല | 10,00,000 | 0 |
| മുനിസിപ്പാലിററി | 2020-21 | 1,50,000 | 449/21 എബിസി പ്രോജക്ട് | 0 | 1,50,000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | ലൈഫ് ഭവനപദ്ധതി ഏഴോം ഗ്രാമപഞ്ചായത്തിന് ധനസഹായം | 1128/15.01.2021 | 2,00,00,000 | 0 | 2,00,00,000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കല്യാശേരി സിവിൽ സർവീസ് അക്കാദമിക്ക് ത്രീഫേസ് കണക്ഷൻ | ലഭ്യമല്ല | 32,761 | 0 | 32,761 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസിയുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ/ ചെക്ക് നമ്പർ | തുക(₹) | അഡ്ജസ്റ്റ് ചെയ്തത്(₹) | ബാക്കി (₹) |
|---|---|---|---|---|---|---|
| 1 | ജില്ലാ നിർമിതി കേന്ദ്ര, കണ്ണൂർ. | പ്രോജക്ട് നമ്പർ-1010/21 ജില്ലാ കോൺഫറൻസ് ഹാൾ നവീകരണം | 5973315/11.10.2020 | ₹18,62,000 | ₹18,62,000 | 0 |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹6,89,896 |
| തൻവർഷം നിക്ഷേപിച്ച തുക | ₹2,00,34,016 |
| ആകെ | 2,07,23,912 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹1,00,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1,07,23,912 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | കാത്തലിക് സിറിയൻ ബാങ്ക്,കണ്ണൂർ | 02.02.2021 | 91 ദിവസം | ₹1,00,00,000 | ഇല്ല |
| 2. | സിൻഡിക്കേറ്റ് ബാങ്ക്,കണ്ണൂർ | 18.12.2020 | 1വർഷം | ₹7,23,912 | ഇല്ല |
| ആകെ | | | | ₹1,07,23,912 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ജില്ലാപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം,ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2000-01<br>5 | 2004-05<br>3.13.3.1 | വിനോദ വിശ്രമകേന്ദ്രം സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | |
|---|---|---|---|
| 2000-01(40,41,42,)<br>2001-02(6) | 2004-05<br>3.13.3.2 | സഹകരണ മേഖല പദ്ധതികളിലെ ക്രമക്കേട് | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 (10)<br>2001-02(10) | 2004-05<br>3.13.3.3 | സ്റ്റോർ പർച്ചേഴ്സ് നിയമം ലംഘിച്ച് ഫർണിച്ചർ വാങ്ങൽ | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2001-02<br>6 | 2004-05<br>3.13.3.4 | 25 ലക്ഷംരൂപയുടെ വായ്പ | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2002-03<br>3-8(2) | 2006-07<br>3.97.1 | കേന്ദ്രാവിഷ്കൃത പദ്ധതി പ്രവൃത്തിക്ക് ആവശ്യമായതിനെക്കാൾ കൂടുതൽ ധാന്യം അനുവദിച്ചു | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2002-03<br>3-16 | 2006-07<br>3.97.2 | പ്രവൃത്തിയുടെ സമയ ബന്ധിതമായ പൂർത്തീകരണം ടെണ്ടർ നിബന്ധന പാലിക്കുന്നില്ല | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2002-03<br>3-25 | 2006-07<br>3.97.3 | പ്രോജക്റ്റ് ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനം വർക്ക് സ്ലിപ്പിലെ അടിസ്ഥാനമില്ലാത്ത പരാമർശങ്ങൾ | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2003-04<br>2-3 | 2007-08<br>3.1(63) | കല്യാശ്ശേരി വയൽ നെൽകൃഷി വികസനം പാറക്കടവ് കുളം ആഴം കൂട്ടി പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്താൻ ₹7,16,449 ചെലവഴിച്ച് പൂർത്തിയാക്കേണ്ട പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2003-04<br>2-11 | 2007-08<br>3-1(64) | വനിതാ വ്യവസായ എസ്റ്റേറ്റ് ₹54.8 ലക്ഷം മുടക്കി 210 പേർക്ക് നേരിട്ടും 250 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കനുള്ള പ്രസ്തുത പദ്ധതി ലക്ഷ്യം കണ്ടില്ല | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2003-04<br>2-14 | 2007-08<br>3.65.1 | പനയത്താംപറമ്പ് ശുദ്ധജല വിതരണ പദ്ധതി- പ്രവൃത്തി മൂല്യത്തേക്കാൾ തുക നല്കി- പദ്ധതി പൂർത്തിയായിട്ടില്ല. | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2005-06<br>3-1 | 2008-09<br>3.2.4 | സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റി ചെലവഴിച്ചത് | നിയമമസഭാ സമിതിയുടെ പരിഗണനയിൽ |
| 2008-09 | 2011-12 | സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പദ്ധതി നടപടിക്രമം | നിയമമസഭാ സമിതിയുടെ |

| | | | |
|---|---|---|---|
| 3-19 | 2.6(20) | പാലിക്കുന്നില്ല | പരിഗണനയിൽ |
| 2008-09<br>3-21(ബി)(സി)<br>2009-10<br>3-2 | 2011-12<br>2-7(4) | നിഷ്ക്രിയ ആസ്തികൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2012-13<br>3.2.6.3 | കെട്ടിട സൗകര്യം അപര്യാപ്തം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2012-13<br>3.2.6.7 | വിത്ത് വളം സംഭരണം പാലയാട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2012-13<br>3.2.6(11) | കൃഷി ഫാമുകളും കാർഷികാഭിവൃദ്ധിയും കരിമ്പം ഫാമിലെ ഫാം കൗൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14<br>5.2.2 | സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14<br>5.2.2 | സ്കൂളുകൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14<br>5.2.7 | ശുദ്ധജല വിതരണം കാര്യക്ഷമമല്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2013-14<br>5.2.4.2 | ചെറുകുന്ന് സ്കൂൾ അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2014-15<br>5(എ)3.2 | ഫാമുകളിലെ അപാകങ്ങൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2014-15<br>5(എ)3.2.8 | ഫാമുകളിലെ തീറ്റ സംഭരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനക്ഷമതാ റിപ്പോർട്ട് | 2014-15<br>5(എ)3.2.9 | ഫാം ഉത്പന്നങ്ങളുടെ വിപണനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17<br>3-9 | 2017-18<br>1.3.10 | ഫണ്ട് വിനിയോഗത്തിലെ വീഴ്ച | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17<br>3-12 | 2017-18<br>1.3.11 | സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17<br>3.22 | 2017-18<br>1.3.12 | സാംസ്കാരികനിലയങ്ങളിൽ സോളാർ സ്ഥാപിക്കൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 2018-19 | നടീൽ വസ്തുക്കളുടെ വിൽപന | നിയമസഭാ സമിതിയുടെ |

| | | | |
|---|---|---|---|
| 2.1 | 1.കണ്ണൂർ-1 | | പരിഗണനയിൽ |
| 2017-18<br>3.2 | 2018-19<br>1.കണ്ണൂർ-2 | ജില്ലാ പഞ്ചായത്ത് വാഹനം വാങ്ങൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18<br>3.10 | 2018-19<br>1.കണ്ണൂർ-3 | തൊഴിൽ പരിശീലനം യാത്രാബത്ത ക്രമവിരുദ്ധം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2018-19<br>1.25 | 2019-20 | എ. ബി. സി പ്രോജക്ടിനുവേണ്ടി നിർമിച്ച കെട്ടിടം ഉപയോഗിക്കാനായില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹125,59,23,425 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹122,41,33,949 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 3,02,14,048 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 11,46,96,975 |

(ബി). ജില്ലാപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

1.ചാർജ് /സർചാർജ് ചെയ്യാവുന്നവ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ (₹) | |
| 3-1 | | 95,625 | ശ്രീമതി.ജാക്വിലിൻ ഷൈനി ഫെർണാണ്ടസ്<br>ഐ.ടി ഡി പ്രോജക്ട് ഓഫീസർ |
| 3-2 | | 40,200 | ശ്രീ.ശശീന്ദ്രൻ വി<br>ഐ.ടി ഡി പ്രോജക്ട് ഓഫീസർ |
| 3-3 | | 1,08,300 | ശ്രീ.ഷാജു കെ കെ<br>ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 3-3 | | 1,75,000 | ശ്രീ.രവിരാജ് കെ വി<br>ജില്ലാ പട്ടികജാതി |

| | | | |
|---|---|---|---|
| | | | വികസന ഓഫീസർ |
| 3-4 | | 34,584 | ശ്രീമതി.ദേനാ ഭരതൻ, ജില്ലാ വനിതാശിശു വികസന ഓഫീസർ |
| | ആകെ (സർചാർജ് ചെയ്യാവുന്നത്) | 4,53,709 | |

(2) ജില്ലാപഞ്ചായത്തിൽ നിന്നും നേരിട്ട നടപടി സ്വീകരിക്കേണ്ടവ

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-46 | 10,000 | ഡോ.എം സുർജിത്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |
| 1-56 | 1,96,84,210 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-59 | 75,17,232 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-60 | 23,00,508 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-87 | 2,48,389 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| ആകെ | 2,97,60,339 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 4,50,000 | ഡോ.കെ ജെ വർഗീസ്,ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |
| 1-12 | 3,66,200 | ഡോ. കെ കെ ബേബി ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |
| 1-12 | 9,74,398 | ഡോ.കെ ജെ വർഗീസ്,ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |
| 1-13 | 1,45,600 | ഡോ.ഗിരീഷ് ബാബു എം പി,ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം |
| 1-15 | 1,99,425 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-17 | 1,16,291 | ശ്രീ.രവീന്ദ്രകുമാർ പി വി, മാനേജർ ,ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെന്റർ |
| 1-18 | 70,00,000 | ശ്രീമതി.രാജശ്രീ കെ മേനോൻ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് |
| 1-19 | 1,33,835 | ശ്രീമതി.ഷൈനി സി കെ, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 1-20 | 1,38,981 | ശ്രീമതി.ഷൈനി സി കെ, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 1-21 | 19,62,855 | ശ്രീമതി.ഷൈനി സി കെ, ഡെപ്യൂട്ടി ഡയറക്ടർ ,ഫിഷറീസ് |
| 1-22 | 17,80,071 | ശ്രീമതി.ഷൈനി സി കെ, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 1-23 | 1,32,241 | ഡോ. എസ് ആർ ബിന്ദു, ജില്ലാമെഡിക്കൽ ഓഫീസർ,(ഐ എസ്എം) |

| | | |
|---|---|---|
| 1-24 | 20,00,000 | ശ്രീ.മനോജ് കമാർ സി,ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 1-25 | 44,504 | ഡോ.രാജീവൻ വികെ, സൂപ്രണ്ട്, ജില്ലാആശുപത്രി (അലോപ്പതി) |
| 1-26 | 3,81,824 | ശ്രീമതി.ജാകിലിൻ ഷൈനി ഫെർണാണ്ടസ്, ഐ.ടി.ഡി പ്രോജക്ട് ഓഫീസർ |
| 1-27 | 28,97,127 | ശ്രീമതി. ജാകിലിൻ ഷൈനി ഫെർണാണ്ടസ്, ഐ.ടി.ഡി പ്രോജക്ട് ഓഫീസർ |
| 1-29 | 1,27,550 | ശ്രീ.ശശീന്ദ്രൻ വി, ഐ ടി ഡി പ്രോജക്ട് ഓഫീസർ |
| 1-30 | 18,16,875 | ശ്രീമതി.ജാകിലിൻ ഷൈനി ഫെർണാണ്ടസ്, ഐ.ടി.ഡി പ്രോജക്ട് ഓഫീസർ |
| 1-31 | 7,63,800 | ശ്രീ.ശശീന്ദ്രൻ വി, ഐ ടി ഡി പ്രോജക്ട് ഓഫീസർ |
| 1-32 | 3,00,000 | ശ്രീമതി.അഞ്ജു മോഹൻ എം. ജില്ലാസാമൂഹ്യനീതി ഓഫീസർ |
| 1-33 | 40,00,000 | ശ്രീ.പവിത്രൻ തൈക്കണ്ടി, ജില്ലാസാമൂഹ്യനീതി ഓഫീസർ |
| 1-34 | 1,91,250 | ശ്രീ.പവിത്രൻ തൈക്കണ്ടി, ജില്ലാസാമൂഹ്യനീതി ഓഫീസർ |
| 1-35 | 51,49,713 | ശ്രീ.പവിത്രൻ തൈക്കണ്ടി, ജില്ലാസാമൂഹ്യനീതി ഓഫീസർ |
| 1-35 | 10,15,579 | ശ്രീ.നാരായണൻ പി പി, ജില്ലാസാമൂഹ്യനീതി ഓഫീസർ |
| 1-35 | 40,12,586 | ശ്രീമതി.അഞ്ജു മോഹൻ എം. ജില്ലാസാമൂഹ്യനീതി ഓഫീസർ |
| 1-36 | 15,454 | ശ്രീമതി.ബീന കെ, ജില്ലാ വനിതാക്ഷേമ ഓഫീസർ |
| 1-37 | 49,90,357 | ശ്രീമതി.ബീന കെ, ജില്ലാ വനിതാക്ഷേമ ഓഫീസർ |
| 1-40 | 2,03,304 | ശ്രീമതി. സുലജ പി, ജില്ലാ വനിതാശിശു വികസന ഓഫീസർ |
| 1-41 | 10,00,000 | ശ്രീ.നാരായണൻ പി പി, ജില്ലാസാമൂഹ്യനീതി ഓഫീസർ |
| 1-43 | 5,30,000 | ശ്രീമതി.അഞ്ജു മോഹൻ എം. ജില്ലാസാമൂഹ്യനീതി ഓഫീസർ |
| 1-44 | 6,00,000 | ഡോ.എം സുർജിത്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |
| 1-45 | 6,00,000 | ഡോ.എം സുർജിത്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |
| 1-46 | 4,89,156 | ഡോ.എം സുർജിത്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |

| | | |
|---|---|---|
| 1-47 | 27,30,285 | ഡോ.എം സുർജിത്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |
| 1-48 | 8,00,000 | ഡോ.എം സുർജിത്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |
| 1-49 | 11,96,901 | ഡോ.എം സുർജിത്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ |
| 1-50 | 1,41,700 | ശ്രീ.ഷാജു കെ കെ, ജില്ലാപട്ടികജാതി വികസന ഓഫീസർ |
| 1-51 | 22,95,000 | ശ്രീ.രവിരാജ് കെ വി, ജില്ലാപട്ടികജാതി വികസന ഓഫീസർ |
| 1-52 | 31,50,900 | ശ്രീ.രവിരാജ് കെ വി, ജില്ലാപട്ടികജാതി വികസന ഓഫീസർ |
| 1-52 | 61,19,444 | ശ്രീ.ഷാജു കെ കെ, ജില്ലാപട്ടികജാതി വികസന ഓഫീസർ |
| 1-53 | 2,00,00,000 | ശ്രീ.രവിരാജ് കെ വി, ജില്ലാപട്ടികജാതി വികസന ഓഫീസർ |
| 1-54 | 7,09,652 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-56 | 1,04,17,594 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-58 | 10,74,575 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-59 | 54,84,077 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-65 | 21,24,625 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-86 | 57,00,000 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-87 | 48,23,715 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| 1-88 | 33,99,531 | ശ്രീ.ചന്ദ്രൻ വി, സെക്രട്ടറി |
| ആകെ | 11,46,96,975 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.കെ ജെ വർഗീസ്, ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം | ഡിസ്ട്രിക്ട്ഇൻവെസ്റ്റിഗേഷൻ ഓഫീസർ, ആർ. ഡി. സി എൽ,കണ്ണൂർ | കുഴിക്കാട്ട്, കണ്ണൂർയൂണിവേഴ്സിറ്റി കാമ്പസ് പി. ഒ |
| ഡോ. ഗിരീഷ് ബാബു, ഡെപ്യൂട്ടിഡയറക്ടർ | വിരമിച്ചു | നന്ദനം, മില്ലർ റോഡ്, |

| | | |
|---|---|---|
| മൃഗസംരക്ഷണം | | കണ്ണൂർ |
| ശ്രീ.രവീന്ദ്രകുമാർ പി വി,<br>മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ സെന്റർ | മാനേജർ,<br>ജില്ലാ വ്യവസായകേന്ദ്രം<br>കണ്ണൂർ | ശ്രീഗോകുലം,<br>തിലാന്നൂർ<br>താഴെ ചൊവ്വ പി ഒ |
| ശ്രീമതി.രാജശ്രീ മേനോൻ,<br>ഡെപ്യൂട്ടി ഡയറക്ടർ ഡയറീസ് | ഡെപ്യൂട്ടി ഡയറക്ടർ ഡയറീസ്,<br>കണ്ണൂർ | കരുണ,<br>കേനന്നൂർ സ്പിന്നിംഗ് മില്ലിന് സമീപം,<br>കക്കാട്, കണ്ണൂർ |
| ശ്രീമതി.ഷൈനി സി കെ,<br>ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്,<br>കണ്ണൂർ | ബിജു ഗാർഡൻ<br>വലിയന്നൂർ,<br>വാരം പി ഒ |
| ഡോ. എസ് ആർ ബിന്ദു,<br>ജില്ലാ മെഡിക്കൽ ഓഫീസർ,<br>(ഐ എസ്എം) | ജില്ലാമെഡിക്കൽ ഓഫീസർ,<br>(ഐ എസ്എം)കണ്ണൂർ | മമത,<br>വളപട്ടണം,<br>കണ്ണൂർ |
| ശ്രീ.മനോജ് കുമാർ സി,<br>ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം | ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം, കണ്ണൂർ | തണൽ,<br>മണിയൂർ പി ഒ,<br>വടകര |
| ഡോ.രാജീവൻ വികെ,<br>സൂപ്രണ്ട്,<br>ജില്ലാആശുപത്രി (അലോപ്പതി) | സൂപ്രണ്ട്,<br>ജില്ലാആശുപത്രി (അലോപ്പതി),<br>കണ്ണൂർ | നിർമാല്യം,<br>കെടിപി മുക്ക്,<br>ചിറക്കര,തലശ്ശേരി |
| ശ്രീമതി.ജാക്വിലിൻ ഷൈനി ഫെർണാണ്ടസ്,<br>ഐ ടി ഡി പ്രോജക്ട് ഓഫീസർ | വിരമിച്ചു | ചാർലി ഡേൽ,<br>ബിഹൈന്റ് സ്പിന്നിംഗ് മിൽ<br>കക്കാട് |
| ശ്രീ.ശശീന്ദ്രൻ വി, ഐ ടി ഡി പ്രോജക്ട് ഓഫീസർ | വിരമിച്ചു | സൗപർണിക,<br>വണ്ണാന്റവിട,<br>എടച്ചേരി<br>വടകര |
| ശ്രീ.നാരായണൻ പി പി,<br>ജില്ലാസാമൂഹ്യനീതി ഓഫീസർ | വിരമിച്ചു | നന്ദനം,<br>പരിയാരംപി ഒ,<br>കടന്നപ്പള്ളി |
| ശ്രീമതി.അഞ്ജു മോഹൻ എം.<br>ജില്ലാസാമൂഹ്യനീതി ഓഫീസർ | ജില്ലാസാമൂഹ്യനീതി ഓഫീസർ,<br>കണ്ണൂർ | സ്റ്റാർലൈറ്റ്,<br>എരഞ്ഞിക്കൽ പി ഒ,<br>കോഴിക്കോട് |
| ശ്രീ.പവിത്രൻ തൈക്കണ്ടി,<br>ജില്ലാസാമൂഹ്യനീതി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ,<br>സാമൂഹ്യനീതിഡയറക്ടറേറ്റ് വികാസ്ഭവൻ | വിനായകം,<br>ക്രഷർ റോഡ്കീഴൂർ ,<br>ഇരിട്ടി |
| ശ്രീമതി.ബീന കെ,<br>ജില്ലാ വനിതാക്ഷേമ | വിരമിച്ചു | സൗപർണിക ഹൗസ്,<br>കോർട്ട് റോഡ്, |

| | | |
|---|---|---|
| ഓഫീസർ | | നിലമ്പൂർ പിഒ |
| ശ്രീമതി.സുലജ പി<br>ജില്ലാ വനിതാശിശുവികസന ഓഫീസർ | വനിതാ സംരക്ഷണ ഓഫീസർ<br>കണ്ണൂർ | നീലാംബരി,<br>മുട്ടത്തൊടി,<br>കാസർഗോഡ്,670301 |
| ഡോ.എം സുർജിത്,<br>കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ | കുടുംബശ്രീ<br>ജില്ലാമിഷൻ കോ-ഓർഡിനേറ്റർ,<br>കണ്ണൂർ | കരുണ,<br>വടക്കമ്പാട് പി ഒ,<br>കണ്ണൂർ |
| ശ്രീ.ഷാജു കെ കെ ,<br>ജില്ലാപട്ടികജാതി വികസന ഓഫീസർ | ഡെപ്യൂട്ടി ഡയറക്ടർ,<br>പട്ടികജാതി വികസന വകുപ്പ്,<br>തിരുവന്തപുരം | പ്രശാന്ത് നിലയം,<br>നടേരി,<br>കൊയിലാണ്ടി |
| ശ്രീ.രവിരാജ് കെ വി ,<br>ജില്ലാപട്ടികജാതിവികസന ഓഫീസർ | ജില്ലാ പട്ടികജാതിവികസന ഓഫീസർ,<br>കണ്ണൂർ | കനകനാടി<br>പക്കലടക്ക ബജാൽ<br>പി ഒ മംഗലാപുരം |
| ശ്രീ.ചന്ദ്രൻ വി,<br>സെക്രട്ടറി | ജോയിന്റ് സെക്രട്ടറി,<br>ധനകാര്യ വകുപ്പ്<br>തിരുവന്തപുരം | ഋഷിഹർഷം<br>കീച്ചേരി<br>പാപ്പിനിശ്ശേരി പി ഒ,<br>കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ബാക്കിയുള്ള പരാമർശങ്ങൾ തീർപ്പാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്/സി.6/818/98 തീയതി 20-07-1999 | 52 |
| 1997-98 | എൽ.എഫ്/സി.6/510/99 തീയതി 2-11-1999 | 44 |
| 1998-99 | എൽ.എഫ്/സി.6/845/00 തീയതി 14-08-2001 | 79 |
| 1999-00 | എൽ.എഫ്/സി.3/927/03 തീയതി 13-01-2004 | 73 |
| 2000-01 | എൽ.എഫ്/സി.3/465/03 തീയതി 21-07-04 | 46 |
| 2001-02 | എൽ.എഫ്/സി.3/471/04തീ.17-09-2004 | 24 |
| 2002-03 | എൽ.എഫ്/സി.3/153/06 തീയതി 16-11-2006 | 41 |
| 2003-04 | എൽ.എഫ്/സി.4/1467/06 തീയതി 4-07-07 | 38 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്/സി.4/608/07തീയതി 1-09-2008 | 42 |
| 2005-06 | എൽ.എഫ്/സി.4/2300/07 തീയതി 16-10-08 | 30 |
| 2006-07 | എൽ.എഫ്/സി.4/554/08 തീയതി 3-12-2009 | 46 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ/സി.9/542/09 തീയതി 17-01-2011 | 36 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി.9/320/10 തീയതി 20-01-2011 | 57 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ/സി.9/1769/11 തീയതി 24-01-2012 | 32 |
| 2010-11 | എൽ.എഫ്/കെ.എൻ.ആർ/സി.11/1269/12 തീയതി 31-5-2013 | 87 |
| 2011-12 | എൽ.എഫ്/കെ.എൻ.ആർ/സി.11/1170/13 തീയതി 30-6-2014 | 74 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ/സി.11/913/14 തീയതി 21-1-2015 | 66 |
| 2013-14 | എൽ.എഫ്/കെ.എൻ.ആർ/സി.11/636/15 തീയതി 7-8-2015 | 45 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.11/2027/15 തീയതി 3-2-2016 | 43 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.16/683/15 തീയതി 22-05-2017 | 31 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.16/2010/17 തീയതി 05-01-2018 | 64 |
| 2017-18 | കെ എസ് എ/കെ എൻ ആർ/സി-17 1940/2018 തീയ്യതി 26/09/2019 | 60 |
| 2018-19 | കെ എസ് എ/കെ എൻ ആർ/സി-17/125/2020 തീയ്യതി 18-08-2020 | 53 |
| 2019-20 | കെ എസ് എ / കെ എൻ ആർ *സി-17*/686/2021 തീയ്യതി 29.12.2021 | 58 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ

ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം, കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം, കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1

## റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kannur Concurrent District Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 126702640.60 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 2426067.00 |
| 150000000 | Sale & Hire Charges | RP-5 | 25644841.00 |
| 151000000 | Receipts from Transferred Institutions | RP-6 | 1475076.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 1088658285.00 |
| 171000000 | Interest Earned | RP-9 | 2464611.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 98980978.00 |
| 350000000 | Other Liabilities | RP-36 | 469712.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 139800.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 132953.00 |
| 350000000 | Other Liabilities | RP-36 | 2060508.00 |
| 420000000 | Investments | RP-41 | 10000000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5638262.00 |
| 460000000 | Loans, Advances and Deposits | RP-47 | 17832332.00 |
| | Grand total | | 1382626065.60 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4424376.00 |
| 220000000 | Administrative Expenses | RP-12 | 3208537.00 |
| 230000000 | Operations & Maintenance | RP-13 | 6734716.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 147896324.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 176979552.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 44218130.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 7604908.00 |
| 254000000 | Expenditures of Transferred institutions and State SponsoredSchemes | RP-19 | 0.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 461795144.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 300883.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 414627.00 |
| 350000000 | Other Liabilities | RP-36 | 51004054.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2911.00 |
| 330000000 | Secured Loans | RP-32 | 5000.00 |
| 340000000 | Deposits Received | RP-34 | 97497.00 |
| 350000000 | Other Liabilities | RP-36 | 8883948.00 |
| 410000000 | Fixed Assets | RP-38 | 106567011.00 |
| 412000000 | Capital work in Progress | RP-40 | 127134005.00 |
| 420000000 | Investments | RP-41 | 20000000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2488555.00 |
| 460000000 | Loans, Advances and Deposits | RP-47 | 54373771.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 158492116.60 |
| Cash | Cash | RP-40(b) | 0.0 |

| | | |
|---|---|---|
| | Grand Total | 1382626065.60 |

2

## ഇൻകം ആന്റ് എക്സ്പൻഡിക്ചർ സ്റ്റേറ്റ്മെന്റ്

| Kannur Concurrent District Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5822622.00 |
| 140000000 | Fee & User Charges | I-4(b) | 2426067.00 |
| 150000000 | Sale & Hire Charges | I-5(b) | 25644841.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 1475076.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 1159821010.00 |
| 170000000 | Income from Investments | I-7 | 34016.00 |
| 171000000 | Interest Earned | I-8 | 2464611.00 |
| 180000000 | Other Income | I-9 | 139800.00 |
| | Total Income | | 1197828043.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 17627386.00 |
| 220000000 | Administrative Expenses | I-11(b) | 3228244.00 |
| 230000000 | Operations & Maintenance | I-12(b) | 6734716.00 |
| 240000000 | Interest & Finance Charges | I-13 | 2911.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 148296257.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 178409479.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 89191564.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 7604908.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 26571220.00 |
| 255000000 | Maintenance Projects | I-14(e) | 461795144.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 84584898.00 |
| | Total Expenditure | | 1024046727.00 |
| | Gross Surplus / Deficit of income over Expenditure | | 173781316.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -18581321.00 |
| | Net difference (Prior period Income - Prior period Expenditure) | | 192362637.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

**3**

**ബാലൻസ് ഷീറ്റ്**

Kannur Concurrent District Panchayat BALANCE SHEET
As on 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 486365328.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 1068461753.00 |
| | Total Reserve & Surplus | | 1554827081.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 168313851.60 |
| | Total Grants, Contributions for Specific Purposes | | 168313851.60 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 7298915.00 |
| 350000000 | Other Liabilities | B-9 | 11919833.00 |
| | Total Current Liabilities and Provisions | | 19218748.00 |
| | TOTAL LIABILITIES | | 1742359680.60 |
| | ASSETS | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1249163310.00 |
| 411000000 | Accumulated Depreciation | B-11 | -237128592.00 |
| 412000000 | Capital Work in Progress | B-11(a) | 300481627.00 |
| | Total Fixed Assets | | 1312516345.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10723912.00 |
| | Total Investments | | 10723912.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 45181513.00 |
| 450000000 | Cash and Bank Balance | B-17 | 158492116.60 |
| 460000000 | Loans, Advances and Deposits | B-18 | 215445794.00 |
| | Total Current Assets, Loans and Advances | | 419119423.60 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 1742359680.60 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ

ഓഡിറ്റ് കാര്യാലയം, കണ്ണൂർ.